

# വികസന രൂപരേഖ
# പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് - 2021



പൂയപ്പള്ളി ഗ്രാമപഞ്ചായത്ത്
നഗര ഗ്രാമാസൂത്രണ വകുപ്പ്

Contents    Next >>>>

# വികസന രൂപരേഖ

## പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് - 2021
## (കരട്)

പൂയപ്പള്ളി ഗ്രാമപഞ്ചായത്ത്
നഗര ഗ്രാമാസൂത്രണ വകുപ്പ്
നവംബർ 2007

**ഉള്ളടക്കം**

പേജ് നമ്പർ


ഭാഗം 1 : വികസന രൂപരേഖ - ആമുഖം - 3

ഭാഗം 2 : നിലവിലെ സ്ഥിതി വിശകലനം

**അദ്ധ്യായം – 1 – പൊതുവിവരങ്ങൾ** - 9

1.1 പൂയപ്പ ള്ളിയുടെ സ്ഥാനം - 9

1.2 സാമൂഹിക സാംസ്ക്കാരിക ചരിത്ര പശ്ചാത്തലം - 11

1.3 ഭൂപ്രകൃതി - 12

1.4 ജൈവസമ്പത്ത് - 15

**അദ്ധ്യായം – 2 – ഭൂവിനിയോഗം** - **17**

**2.1 ഭൂവിനിയോഗം–ഒരു താരതമ്യ പഠനം** - **17**

2.2 വിവിധ ഭൂവിനിയോഗങ്ങളുടെ കേന്ദ്രീകരണം - 23

2.3 വാസമേഖലയുടെ തരംതിരിവ് - 25

2.4 പ്രവർത്തന സ്വഭാവം - 25

2.5 അനുമാനം - **27**

**അദ്ധ്യായം – 3 – ജനസംഖ്യാപഠനം** - 27

3.1 ജനസംഖ്യ- വ്യതിയാനം ദശാബ്ദങ്ങളിൽ - **27**

3.2 ജനസംഖ്യ-താരതമ്യ പഠനം

3.3 ജനസംഖ്യാ വളർച്ച നിരക്ക് - **28**

3.4 ജനസാന്ദ്രത - **28**

3.5 സ്ത്രീ-പുരുഷാനുപാതം - **30**

3.6 ജനസംഖ്യാ വിതരണം - **30**

3.7 അനുമാനം - **30**

**അദ്ധ്യായം – 4 – തൊഴിൽ രംഗം** - 31

4.1 തൊഴിലാളികളുടെ എണ്ണം - **31**

4.2 തൊഴിൽ ഘടന - **32**

4.3 അനുമാനം - 34

**അദ്ധ്യായം – 5 – കൃഷിയും അനുബന്ധ മേഖലകളും** - 35

5.1 കൃഷി - മുൻകാലങ്ങളിലെ അവസ്ഥ - **36**

5.2 കൃഷി - നിലവിലെ സ്ഥിതി - **36**

5.3 അനുമാനം - 44

**അദ്ധ്യായം – 6– വ്യവസായം** - 45

6.1 പരമ്പരാഗതവ്യവസായങ്ങൾ - **46**

6.2 ചെറുകിട വ്യവസായങ്ങൾ - **47**

6.3 അനുമാനം - **48**

**അദ്ധ്യായം – 7 – മൃഗ സംരക്ഷണമേഖല** - 49

7.1 നിലവിലെ സ്ഥിതി - **51**

7.2 അനുമാനം

**അദ്ധ്യായം – 8 – നീർത്തടങ്ങൾ** - **53**

8.1 നീർത്തടങ്ങൾ - **53**

8.2 അനുമാനം - **58**

**അദ്ധ്യായം – 9 – ഗതാഗതം** - 59

9.1 റീജിയണൽ ഗതാഗത ശൃംഖല - **59**

9.2 ആഭ്യന്തര ഗതാഗത ശൃംഖല - **61**

9.3 പ്രശ്നങ്ങൾ - **62**

9.4 അനുമാനം - **62**

**അദ്ധ്യായം – 10 – വിദ്യാഭ്യാസം** - **63**

10.1 മുൻകാലങ്ങളിലെ അവസ്ഥ - **63**

10.2 വിദ്യാഭ്യാസ നിലവാരം - **63**

10.3 വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ തരവും എണ്ണവും - **64**

10.4 സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ - **65**

10.5 ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ - **66**

10.6 വിദ്യാഭ്യാസ സൗകര്യങ്ങൾ - ആസൂത്രണ സൂചികയു മായുള്ള താരതമ്യം - **67**

10.7 പ്രശ്നങ്ങൾ - **67**

10.8 അനുമാനം - 67

**അദ്ധ്യായം – 11 – ആരോഗ്യം** - 69

11.1 നിലവിലെ സ്ഥിതി - 70

11.2 ഉന്നത ആരോഗ്യ സൗകര്യങ്ങൾ - **71**

11.3 പ്രശ്നങ്ങൾ - 71

11.4 അനുമാനം - 73

**അദ്ധ്യായം – 12 – കുടിവെള്ളവും ശുചിത്വവും** - 73

12.1 നിലവിലെ സ്ഥിതി - **74**

12.2 കുടിവെള്ള പദ്ധതികൾ - **76**

12.3 മാലിന്യനിർമ്മാർജ്ജനം- നിലവിലെ സ്ഥിതി - **76**

12.4 പ്രശ്നങ്ങൾ - **76**

12.5 അനുമാനം - **76**

**അദ്ധ്യായം – 13 – വാണിജ്യവിപണന മേഖല** - 77

13.1 നിലവിലെ സ്ഥിതി - **77**

13.2 അനുമാനം - 80

**അദ്ധ്യായം – 14 – സാമൂഹ്യപിന്നോക്കാവസ്ഥ** - 81

14.1 SC/ST ഇൻഡക്സും, BPL ഇൻഡക്സും - **81**

14.2 പട്ടികജാതി /പട്ടിക വർഗ്ഗ വിഭാഗം - **81**

14.3 ബി.പി.എൽ ജനവിഭാഗം - 83

14.4 അനുമാനം - **85**

**അദ്ധ്യായം – 15 – പാർപ്പിടമേഖല** - 87

15.1 പാർപ്പിട മേഖല- നിലവിലെ സ്ഥിതി - **87**

15.2 നിലവാരം കുറഞ്ഞ അധിവാസ കേന്ദ്രങ്ങൾ - അടിസ്ഥാന വിവരങ്ങൾ - **87**

15.3 നിലവാരം കുറഞ്ഞ അധിവാസകേന്ദ്രങ്ങൾ - തരംതിരിവ് - **88**

15.4 അനുമാനം - 91

**അദ്ധ്യായം – 16 – കാവുകളും പൈതൃക പ്രാധാന്യമുള്ള പ്രദേശങ്ങളും** - 93

16.1 പ്രധാനപ്പെട്ട കാവുകൾ - **94**

16.2 അനുമാനം - **97**

ഭാഗം : 3 കണ്ടെത്തലുകളും നിഗ മനങ്ങളും

**അദ്ധ്യായം – 17 – കണ്ടെത്തലുകളും നിഗമനങ്ങളും** - 99

17.1 സംയോജിത ജില്ലാ വികസന രൂപരേഖയുടെ അടിസ്ഥാനത്തിൽ - 99

17.2 പൊതു കണ്ടെത്തലുകൾ - 99

17.3 കാർഷിക മേഖല - 100

17.4 വ്യവസായം - 100

17.5 ഗതാഗതവും വാണിജ്യവും - 100

17.6 കുടിവെള്ളവും ആരോഗ്യവും - 101

17.7 വിദ്യാഭ്യാസ മേഖല - 101

17.8 പശ്ചാത്തല മേഖല - 101

17.9 പൈതൃകം - 101

ഭാഗം 4 വികസന ലക്ഷ്യങ്ങളും സങ്കല്പവും

**അദ്ധ്യായം – 18 – വികസന ലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളും** - 103

18.1 വികസന ലക്ഷ്യങ്ങൾ - 103

18.2 വികസന ഉദ്ദേശ്യങ്ങൾ - 104

**അദ്ധ്യായം – 19 – വികസന സങ്കല്പം** - 109

19.1 സ്ഥലപര ഘടന - **109**

19.2 വികസന സങ്കല്പം - 115

**അദ്ധ്യായം – 20 – വികസന നയവും തന്ത്രങ്ങളും** - 119

20.1 പൊതുവികസന നയം - **119**

20.2 മേഖലാനയങ്ങളും തന്ത്രങ്ങളും - 119

**അദ്ധ്യായം - 21- ജനസംഖ്യയിലും തൊഴിലവസരങ്ങളിലും** പ്രതീക്ഷിക്കുന്ന മാറ്റം - 123

21.1 തൊഴിൽ ഘടനയിൽ പ്രതീക്ഷിക്കുന്ന മാറ്റം - **123**

21.2 തൊഴിൽ അവസരങ്ങൾ - 123

21.3 തൊഴിൽ പങ്കാളിത്ത നിരക്ക് - 124

21.4 ജനസംഖ്യയിൽ പ്രതീക്ഷിക്കുന്ന മാറ്റം - **125**

21.5 അനുമാനം - 126

**അദ്ധ്യായം - 22 - നിർദ്ദിഷ്ഠ ഭൂവിനിയോഗം** - 127

22.1 നിർദ്ദിഷ്ഠ ഭൂവിനിയോഗം - **131**

**ഭാഗം: 5 മേഖലാനിർദ്ദേശങ്ങൾ**

**അദ്ധ്യായം - 23 - കാർഷിക മേഖല** - 133

23.1 നെൽ കൃഷി - **133**

23.2 തെങ്ങ് കൃഷി - **136**

23.3 പച്ചക്കറി വികസനം - **140**

23.4 പശ്ചാത്തല സൗകര്യങ്ങൾ - **141**

23.5 തൊഴിൽ പ്രശ്നം - 142

23.6 യന്ത്രവത്ക്കരണം - 142

23.7 മറ്റ് നിർദ്ദേശങ്ങൾ - 145

**അദ്ധ്യായം - 24 - ജല സംരക്ഷണവും ജലസേചനവും** - 145

24.1 ജലസംരക്ഷണ നിർദ്ദേശങ്ങൾ - **147**

24.2 ജലസേചനം - 149

**അദ്ധ്യായം - 25 - മൃഗസംരക്ഷണം** - **149**

25.1 മൃഗസംരക്ഷണ മേഖലാ നിർദ്ദേശങ്ങൾ - 149

25.2 പശ്ചാത്തല സൗകര്യങ്ങൾ - **152**

**അദ്ധ്യായം - 26 - വ്യവസായം** - 155

26.1 നിർദ്ദേശങ്ങൾ - 155

**അദ്ധ്യായം - 27 – ഗതാഗതം - 156**

**അദ്ധ്യായം - 28 - കുടിവെള്ളം** - 158

28.1 നിർദ്ദേശങ്ങൾ - 158

**അദ്ധ്യായം - 29 - വിദ്യാഭ്യാസം** - 160

29.1 പ്രശ്നങ്ങൾ ഉള്ള വിദ്യാഭ്യാസ കേന്ദ്രങ്ങൾ - 160

29.2 നിർദ്ദേശങ്ങൾ - 161

**അദ്ധ്യായം – 30 – നിലവാരം കുറഞ്ഞ അധിവാസ കേന്ദ്രങ്ങൾ** – **162**

30.1 പ്രശ്നങ്ങൾ ഉള്ള നിലവാരം കുറഞ്ഞ അധിവാസ കേന്ദ്രങ്ങൾ - **162**

30.2 നിലവാരം കുറഞ്ഞ അധിവാസ കേന്ദ്രങ്ങൾ - നിർദ്ദേശങ്ങൾ - 162

**അദ്ധ്യായം – 31 – മറ്റ് പശ്ചാത്തല സൗകര്യങ്ങൾ** - 166

31.1 നിർദ്ദേശങ്ങൾ - **166**

**അദ്ധ്യായം – 32 – പൈതൃക പ്രാധാന്യമുള്ള പ്രദേശങ്ങൾ** - 170

ഭാഗം : 6 ധനകാര്യം, വികസന ഭരണം, വികസന ഘട്ടങ്ങൾ

**അദ്ധ്യായം – 33 – ധനകാര്യം, വികസന ഭരണം, വികസന ഘട്ടങ്ങൾ** – **173**

33.1 ധനകാര്യവും വികസന ഭരണവും - 173

33.2 വികസന ഘട്ടങ്ങൾ - 176

<<< previous | contents | next >>>

# വികസന രൂപരേഖ – ആമുഖം

## എ. പ്രാദേശിക വികസന രൂപരേഖയും/ സംയോജിത ജില്ലാ വികസന രൂപരേഖയും

ഒരു പ്രദേശത്തിന്റെ പ്രത്യേകതകളും വികസന പ്രശ്നങ്ങളും സാധ്യതകളും, വിവിധ വികസന മേഖലകളുടെ പ്രവർത്തന സാഹചര്യങ്ങളും വിശകലനം ചെയ്ത് ആ പ്രദേശത്തിന് യോജിച്ച വികസന കാഴ്ചപ്പാട് രൂപീകരിക്കാവുന്നതാണ്. അതിന്റെ അടിസ്ഥാനത്തിൽ ആ പ്രദേശത്തിന്റെ സമഗ്ര വികസനത്തിനുള്ള ദീർഘകാല പരിപ്രേക്ഷ്യവും തദനുസൃതമായി വിവിധ വികസന മേഖലകളിലെ വികസന നിർദ്ദേശങ്ങളും രൂപീകരിക്കുകയും ചെയ്യുന്നു. ഇപ്പറഞ്ഞ കാര്യങ്ങൾ ഉൾക്കൊള്ളുന്ന സമഗ്ര വികസന രേഖയെ ആ പ്രദേശത്തിന്റെ വികസന രൂപരേഖ എന്നു പറയുന്നു.

ഇവിടെ പ്രത്യേക പരാമർശം അർഹിക്കുന്ന ഒരു കാര്യം ഒരു പ്രദേശത്തിന്റെ വികസന രൂപരേഖ അതിനു ചുറ്റുമുള്ള ഇതര പ്രദേശങ്ങൾ, പ്രദേശമുൾക്കൊള്ളുന്ന മേഖല (region) എന്നിവയുടെ വികസന നയങ്ങളും, വികസന നിർദ്ദേശങ്ങളും ഉൾക്കൊണ്ടു കൊണ്ടു മാത്രമേ തയ്യാറാക്കാനാവൂ എന്നതാണ്.

ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ പഞ്ചായത്ത് / മുനിസിപ്പാലിറ്റി, പ്രദേശങ്ങൾ എന്നിവ ആസൂത്രണ പ്രദേശങ്ങളാണ്. പഞ്ചായത്തുകളും, മുനിസിപ്പൽ പ്രദേശങ്ങളും ഉൾക്കൊള്ളുന്ന ജില്ലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ജില്ലാ ആസൂത്രണ സമിതികളുമുണ്ട്. ഭരണ ഘടന യുടെ 243 ZD ആർട്ടിക്കിൾ പ്രകാരം ജില്ലയിലെ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും രൂപരേഖകൾ സംയോജിപ്പി ക്കുന്നതും, ജില്ലക്ക് സ്ഥലപരാസൂത്രണ സമീപനത്തോടു കൂടി കരട് വികസന രൂപരേഖ തയ്യാറാക്കുന്നതും ഡി.പി.സി.യുടെ ഉത്തരവാദിത്വമാണ്. അതുപോലെ തന്നെ പഞ്ചായത്തി രാജ് നിയമത്തിലും, മുനിസിപ്പാലിറ്റി നിയമത്തിലും ദീർഘവിക്ഷണത്തോടെ വിക സന രൂപരേഖകൾ തയ്യാറാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കൊല്ലം ജില്ലാ ആസൂത്രണ സമിതി അതിന്റെ ഭരണഘടനാപരമായ ഉത്തരവാദിത്വം ഉൾക്കൊണ്ട് ജില്ലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി സ്ഥലപരാസൂത്രണ സമീപനത്തോടെ ജില്ലയിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും പ്രാദേശിക വികസന രൂപരേഖകളും (Local Development Plan -LDP) ജില്ലയ്ക്കുവേണ്ടി സംയോജിത ജില്ലാ വികസന രൂപരേഖയും (Integrated District Development Plan-IDDP) തയ്യാറാക്കണമെന്ന് തീരുമാനിക്കുകയും സർക്കാർ അംഗീകാരത്തോടെ ജില്ലയിൽ ഇതിനുള്ള പദ്ധതിക്ക് തുടക്കം കുറിക്കുകയുമുണ്ടായി. ഈ പദ്ധതിയുടെ സാങ്കേതിക സഹായം നൽകുന്നത് നഗര – ഗ്രാമാസൂത്രണ വകുപ്പാണ്. ഒരു പൈലറ്റ് പദ്ധതി എന്ന നിലയ്ക്ക് കൊല്ലം ജില്ലയിൽ പദ്ധതി നടപ്പാക്കാനാണ് സർക്കാർ അംഗീകാരംലഭിച്ചത്.

ഇങ്ങനെ തയ്യാറാക്കിയ വികസന രൂപരേഖകൾക്കു താഴെപ്പറയുന്ന പ്രത്യേകതകളുണ്ട്.

- വികസന രൂപരേഖ പങ്കാളിത്തപരമായ സ്ഥലപരാസൂത്രണ സമീപനത്തെ അടിസ്ഥാനമാക്കി തയ്യാറാക്കുന്നു. വികസന പ്രക്രിയയിൽ ഭാഗഭാക്കാകുന്ന സാങ്കേതിക വിദഗ്ദ്ധർ, രാഷ്ട്രീയ പ്രവർത്തകർ, സർക്കാരേതര സംഘടനകൾ, സർക്കാർ വകുപ്പുകൾ, സാധാരണ വ്യക്തി കൾ, തീരുമാനം കൈക്കൊള്ളുന്ന മറ്റുള്ളവർ തുടങ്ങി എല്ലാവരും ഐ.ഡി. ഡി.പി, എൽ. ഡി.പി. രൂപീകരണ പ്രക്രിയയിൽ പങ്കാളികളായിരുന്നു.

- മറ്റു സ്ഥലപര പദ്ധതികളിൽ നിന്നു വ്യത്യസ്തമായ ഒരു സവിശേഷതയും ഐ.ഡി.ഡി.പി, എൽ.ഡി.പി. രൂപീകരണത്തിനുണ്ട്. ആസൂത്രണ രംഗത്തെ വിവിധ വികസന ഏജൻസികളുടെ മേഖലാ സംബന്ധമായ നയങ്ങളെ സ്ഥലപരമായ രൂപരേഖകളാക്കി പരിവർത്തനം ചെയ്യുന്നു എന്നതാണത്. ഒരേ സ്ഥലത്ത് വിവിധ വികസന മേഖലകളുടെ സംയോജനം ഇതിലൂടെ ഉറപ്പു വരുത്തുന്നു. (സ്ഥലം എന്നത് എൽ.ഡി.പി. യെ സംബന്ധിച്ചിടത്തോളം തദ്ദേശ സ്വയം ഭരണ സ്ഥാപനവും, ഐ.ഡി.ഡി.പി യെ സംബന്ധിച്ചിടത്തോളം ജില്ല ആകമാനവുമാണ്.) സംയോജനം നടത്തേണ്ട സ്ഥലം ഏതാണോ, അതിന്റെ സാമൂഹികവും, ഭൗതികവും, സാമ്പത്തികവുമായ വശങ്ങൾ പരിഗണിച്ചുവേണം വിവിധ മേഖലകളുടെ സംയോജനം നടത്തേണ്ടത്. ആസൂത്രണ പ്രദേശത്തെ ഏറ്റവും മൂല്യവത്തായ വിഭവമായ ഭൂമിയുടെ വിനിയോഗം അങ്ങേയറ്റം മികച്ചതും പരമാവധി അനുകൂല സ്ഥിതിയിലുള്ളതുമാണെന്ന് ഉറപ്പുവരുത്താൻ ഇതുവഴി സാധ്യമാകുന്നു.

- ഒരു പ്രദേശത്തെ വിവിധ വികസന മേഖലകളെയും, പ്രത്യേകതകളെയും വിശകലനം ചെയ്യുന്നതിന് ജനാഭിപ്രായങ്ങളും, ശേഖരിച്ച വിവരങ്ങളും ഒരേപോലെ ഉപയോഗിക്കുന്നു. മേഖലാ സംബന്ധവും സ്ഥല സംബന്ധവും (അധിവാസ കേന്ദ്രങ്ങളുടെ പഠനം ഉൾപ്പെടെ) ആയ വിശകലനങ്ങൾ സംയോജിപ്പിച്ചാണ് ജില്ലാ വികസന രൂപരേഖ തയ്യാറാക്കുന്നത്. വിവിധ സ്റ്റേക്ക് ഹോൾഡർമാരുടെ വീക്ഷണങ്ങളെ സംയോജിപ്പിച്ചാണ് വികസന പരിപ്രേക്ഷ്യങ്ങൾ രൂപപ്പെടുത്തുന്നത്. വീക്ഷണമാകട്ടെ, ആഗ്രഹങ്ങൾ മാത്രമാവാം; ശാസ്ത്രീയമായ അപഗ്രഥനത്തിന്റെ അടിസ്ഥാനത്തിലുള്ളതുമാവാം.

- ഐ.ഡി.ഡി.പി, എൽ.ഡി.പി. ഇവയുടെ രൂപീകരണം'മുകളിൽ നിന്നു താഴേക്കും', 'താഴെ നിന്നു മുകളിലേക്കും' ഉള്ള സമീപനങ്ങളെ അടിസ്ഥാനമാക്കിയാണ്. വിവര ശേഖരണം, അപഗ്രഥനം, പ്രാദേശിക നിർദ്ദേശങ്ങൾ എന്നിവ രൂപപ്പെടുന്നത് താഴെ തട്ടിലാണ്. മുകൾ തട്ടിൽ ആവിഷ്ക്കരിക്കുന്ന നയങ്ങൾക്കനുസൃതമായി ഇവ പിന്നീട് ഭേദഗതി ചെയ്യുന്നു. അതേ സമയം, താഴെ തട്ടിലെ നിർദ്ദേശങ്ങൾ കണക്കിലെടുത്താണ് മുകൾ തട്ടിൽ നയരൂപീകരണം നടത്തുന്നത്.

- ഐ.ഡി.ഡി.പി, എൽ.ഡി.പി.ഇവയുടെ രൂപീകരണത്തിൽ ആധുനിക സാങ്കേതിക വിദ്യയുടെ സഹായം പ്രയോജനപ്പെടുത്തുന്നു – Geographical Information System (GIS), Global Positioning System (GPS), Satellite imagery എന്നിവ.

കൊല്ലം ജില്ലയുടെ സംയോജിത വികസന രൂപരേഖ തയ്യാറാക്കുന്ന പ്രക്രിയ പൂർത്തിയായിക്കഴിഞ്ഞു. ഡി.പി.സി. അംഗീകരിച്ച ഈ ജില്ലാ വികസന രൂപരേഖ ജില്ലയിലെ ഓരോ പ്രദേശിക ഭരണകൂടങ്ങൾക്കുമുള്ള വികസന രൂപരേഖകൾ തയ്യാറാക്കുന്നതിന് ഒരു ചട്ടക്കൂടായി വർത്തിക്കുന്നു. പൂയപ്പള്ളിയുടെ വികസന രൂപരേഖയും ഈ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ടാണ് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ എടുത്തു പറയേണ്ട കാര്യം ജില്ലയുടെ സംയോജിത വികസന രൂപരേഖ അന്തിമമാക്കുന്നത് ജില്ലയിലെ എല്ലാ പ്രാദേശിക ഭരണകൂടങ്ങളുടെയും വികസന രൂപരേഖകൾ പരഗണിച്ചു കൊണ്ടായിരിക്കും. ഇതിൽ നിന്നും പ്രാദേശിക വികസന രൂപരേഖകൾ സമയബന്ധിതമായി തയ്യാറാക്കേണ്ടുന്നതിന്റെ പ്രാധാന്യം വ്യക്തമാണ്.

സ്ഥലപരാസൂത്രണ സമീപനത്തോടെ വികസന രൂപരേഖകൾ തയ്യാറാക്കുമ്പോൾ ഏറ്റവും പ്രാധാന്യം നൽകുന്നത് ഒരു പ്രദേശത്തിന്റെ പ്രത്യേകതകൾക്കാണ്. ഓരോ പ്രദേശത്തിനും അതിന്റെ സ്ഥാനം കൊണ്ട് ചില പ്രത്യേകതകൾ കാണാം. തീരദേശ പ്രദേശത്തിനും, മലനാടിനും വ്യത്യസ്ത സ്വഭാവമാണുള്ളത്. ഓരോ പ്രദേശത്തെ വിഭവങ്ങളും വ്യത്യസ്തമാണ്. ചിലയിടത്ത് കൃഷിസ്ഥലങ്ങളാണ് പ്രധാന പ്രകൃതിവിഭവങ്ങളെങ്കിൽ ചിലയിടത്ത് അത്യപൂർവ്വമായ ധാതുക്കളായിരിക്കും. ജനങ്ങളുടെ എണ്ണത്തിലും, അവരുടെ വിതരണത്തിലും, സാന്ദ്രതയിലും വിവിധ പ്രദേശങ്ങൾ തമ്മിൽ വ്യത്യാസമുണ്ടായിരിക്കും.

പശ്ചാത്തല മേഖലയിലെ സൗകര്യങ്ങളും അവയുടെ വിതരണവും ഓരോ പ്രദേശത്തും വ്യത്യസ്തമായിരിക്കും. ചിലയിടങ്ങളിൽ സൗകര്യങ്ങൾ ആവശ്യത്തിലധികമാണെങ്കിൽ, ചിലയിടത്തു ഇത് വളരെ അപര്യാപ്തമായിരിക്കും. ജലക്ഷാമം ഒരിടത്തെ പ്രധാന പ്രശ്നമാണെങ്കിൽ, മറ്റിടങ്ങളിൽ വെള്ളപ്പൊക്കമായിരിക്കും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്. സ്ഥലപരാസൂത്രണത്തോടെ വികസന രൂപരേഖകൾ തയ്യാറാക്കുമ്പോൾ ഈ പ്രത്യേകതകൾക്കനുസൃതമായായിരിക്കും വികസന നിർദ്ദേശങ്ങൾ കൊണ്ടുവരുന്നത്. ഈ വികസന നിർദ്ദേശങ്ങൾ ഒറ്റപ്പെട്ട വിശകലനത്തെ അടിസ്ഥാനമാക്കിയായിരിക്കില്ല രൂപപ്പെടുത്തുന്നത്, മറിച്ച് ആ പ്രദേശത്തെ സമഗ്ര വികസനത്തിനനുയോജ്യമായവികസന കാഴ്ചപ്പാട് രൂപീകരിച്ച്, അതിന്റെ അടിസ്ഥാനത്തിൽ സംയോജിപ്പിക്കേണ്ട വികസന മേഖലകളെ പ്രാദേശികമായി സംയോജിപ്പിച്ച ശേഷമായിരിക്കും.

വികസന രൂപരേഖ തയ്യാറാക്കുന്നതിന്റെ ആദ്യഘട്ടം പരിശീലന പരിപാടികളാണ്. രണ്ടാം ഘട്ടത്തിൽ സമഗ്രമായ രീതിയിലെ വിവര ശേഖരണമാണ്. ഇതിൽ ഓരോ തദ്ദേശ ഭരണ പ്രദേശത്തിന്റെയും ഭൂവിനിയോഗ സർവ്വെയും, സാമൂഹിക സാമ്പത്തിക സർവ്വെയും, മറ്റ് ദ്വതീയ വിവര ശേഖരണവും ഉൾപ്പെടുന്നു. മൂന്നാം ഘട്ടത്തിൽ ശേഖരിച്ച വിവരങ്ങളുടെ വിശകലനവും, നാലാം ഘട്ടത്തിൽ വികസന കാഴ്ചപ്പാടിന്റെ രൂപീകരണവും, വികസന നിർദ്ദേശങ്ങൾ രൂപപ്പെടുത്തലും രൂപരേഖയുടെ റിപ്പോർട്ട് തയ്യാറാക്കലുമാണ് ഉൾപ്പെട്ടിട്ടുള്ളത്.

## ബി. പ്രാദേശിക വികസന രൂപരേഖ- പൂയപ്പള്ളി

പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ വികസന രൂപരേഖ, ഗ്രാമപഞ്ചായത്തിന്റെ കാര്യക്ഷമമായ നേതൃത്വത്തിലാണ് തയ്യാറാക്കിയത്. രൂപരേഖ തയ്യാറാക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ സ്പേഷ്യൽ ഇന്റഗ്രേഷൻ കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, ചെയർമാനായും വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം വഹിക്കുന്നവരും, പൂയപ്പള്ളിയുടെ വികസന കാര്യങ്ങളിൽ ആധികാരികമായി അഭിപ്രായം പറയുവാൻ പ്രാപ്തിയുള്ളവരുമായ വ്യക്തികളെ അംഗങ്ങളാക്കിയും ആണ് സ്പേഷ്യൽ ഇന്റഗ്രേഷൻ കമ്മിറ്റി രൂപീകരിച്ചത്. ഒരു സിവിൽ എഞ്ചിനീയറിംഗ് ബിരുദധാരിയെ എഞ്ചിനീയറിംഗ് ട്രെയിനിയായി നിയമിക്കുകയും ചെയ്തു. സ്പേഷ്യൽ ഇന്റഗ്രേഷൻ കമ്മിറ്റിയുടെ ചെയർമാനും, കൺവീനറും, ജോയിന്റ് കൺവീനറും, എഞ്ചിനീയറിംഗ് ട്രെയിനിയും വിവിധ പരിശീലന പരിപാടികളിൽ സജീവമായി പങ്കെടുക്കുകയും പ്രാദേശിക വികസന രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ മനസ്സിലാക്കുകയും ചെയ്തു.

തുടർന്നു പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ വികസന രൂപരേഖ തയ്യാറാക്കുന്നതിനായി അനുവർത്തിച്ച പ്രക്രിയ സംക്ഷിപ്തമായി താഴെ നൽകിയിരിക്കുന്നു.

1. ഒരു വാർഡിനു രണ്ടു വീതം സർവ്വെ ട്രെയിനികളെ തിരഞ്ഞെടുത്ത് ഇവരുടെ സഹായത്തോടെ, ഭൂവിനിയോഗ സർവ്വെയും, സാമൂഹിക സാമ്പത്തിക സർവ്വെയും നടത്തി. ഈ രണ്ടു സർവ്വെകളും ഒരു മാസത്തെ സമയം കൊണ്ടു പൂർത്തീകരിച്ചു. ഭൂവിനിയോഗ സർവ്വെ നടത്തിയത് 1:5000 സ്കെയിലിലെ റീസർവ്വെ മാപ്പിലാണ്. ഈ മാപ്പിന്റെ പകർപ്പ് ജില്ലാ നഗര ഗ്രാമാസൂത്രണ വകുപ്പ് തയ്യാറാക്കിയതാണ്. ഭൂവിനിയോഗ സർവ്വെ മാപ്പ് സ്കാൻ ചെയ്ത് കമ്പ്യൂട്ടറിലാക്കുകയും, ജി.ഐ.എസ്സിൽ ഡിജിറ്റൈസ് ചെയ്യുകയും ചെയ്തു. ഓരോ വാർഡിൽ നിന്നും 10% വീടുകളെ തിരഞ്ഞെടുത്താണ് സാമൂഹിക സാമ്പത്തിക സർവ്വെ നടത്തിയത്. നിശ്ചിത പട്ടികയിൽ ശേഖരിച്ച വിവരങ്ങൾ, ഒരു കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹായത്തോടെ കമ്പ്യൂട്ടറിലാക്കുകയും, ഇത് ജില്ലാ നഗര-ഗ്രാമാസൂത്രണ വകുപ്പിന് കൈമാറുകയും ചെയ്തു.

2. ഇതോടൊപ്പം നിശ്ചിത ഫാറങ്ങളിൽ ദ്വിതീയ വിവരങ്ങളും ശേഖരിച്ചു. നഗര-ഗ്രാമാസൂത്രണ വകുപ്പ് നിഷ്ക്കർഷിച്ച ഫോർമാറ്റിൽ ഇവ ക്രോഡീകരിച്ച് വകുപ്പിന്റെ ജില്ലാ ഓഫീസിൽ ഏല്പിക്കുകയുണ്ടായി.

3. വാർഡടിസ്ഥാനത്തിൽ ശേഖരിച്ച വിവരങ്ങളും (സാമൂഹിക-സാമ്പത്തിക സർവ്വെ വിവരങ്ങളും, ദ്വിതീയ വിവരങ്ങളും), ഭൂവിനിയോഗ മാപ്പിൽ നിന്നും ലഭിക്കുന്ന വാർഡടിസ്ഥാനത്തിലുള്ള വിവരങ്ങളും (ഓരോ ഭൂവിനിയോഗത്തിന്റെയും വാർഡടിസ്ഥാനത്തിലെ വിസ്തീർണ്ണം മുതലായവ) ശേഖരിച്ചുകൊണ്ട് ഒരു മാസ്റ്റർ പട്ടിക കമ്പ്യൂട്ടറിൽ (Excel Format ൽ) തയ്യാറാക്കി ഇത് ഒരു വാർഡിനെ സംബന്ധിച്ച മിക്കവാറും എല്ലാ വിവരങ്ങളും നൽകുന്ന ഡാറ്റാ ബാങ്കാണ്. നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ ജില്ലാ ഓഫീസാണ് ഈ മാസ്റ്റർ പട്ടിക തയ്യാറാക്കിയത്.

4. ജി.ഐ.എസിലെ വാർഡ് മാപ്പും, വാർഡടിസ്ഥാനത്തിലെ മാസ്റ്റർ പട്ടികയും സംയോജിപ്പിക്കുകയും, വിവിധ കാര്യങ്ങളുടെ വാർഡടിസ്ഥാനത്തിലെ വിതരണം സൂചിപ്പിക്കുന്ന ചിത്രങ്ങൾ ജി.ഐ.എസിൽ തയ്യാറാക്കുകയും ചെയ്തു. ഇത് നഗര ഗ്രാമാസൂത്രണ വകുപ്പ് നടത്തുന്ന സ്ഥലപര വിശകലനത്തിന് ഉപയോഗിക്കുകയും ചെയ്തു. സ്ഥലപര വിശകലനത്തിൽ പ്രധാനമായും ഉൾപ്പെട്ടിരിക്കുന്നത്-ഭൂവിനിയോഗത്തിന്റെ വിശകലനം, ജനസംഖ്യാ പഠനം, തൊഴിൽ ഘടനയെക്കുറിച്ചുള്ള പഠനം, വാർഡടിസ്ഥാനത്തിലെ പ്രവർത്തന സ്വഭാവം, വിവിധ വികസന മേഖലകളുടെ നിലവിലെ സ്ഥിതി മുതലായവയാണ്.

5. പ്രാദേശിക വികസന രൂപരേഖ തയ്യാറാക്കുന്നതിന് ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനായി, വികസന രൂപരേഖ തയ്യാറാക്കുന്ന കാര്യവും, ഭൂവിനിയോഗ മാപ്പും പ്രത്യേക വാർഡു സഭകൾ കൂടി വിശദീകരിക്കുകയും, വാർഡടിസ്ഥാനത്തിലെയും, ഗ്രാമപഞ്ചായത്ത് പ്രദേശ അടിസ്ഥാനത്തിലുമുള്ള വികസന പ്രശ്നങ്ങളും വികസന നിർദ്ദേശങ്ങളും ക്രോഡീകരിക്കുകയും ചെയ്തു.

6. വാർഡ് സഭ നിർദ്ദേശങ്ങളുടെയും നിലവിലുള്ള വികസന രേഖകളുടെയും അടിസ്ഥാനത്തിൽ, സ്പേഷ്യൽ ഇന്റഗ്രേഷൻ കമ്മിറ്റി പ്രാദേശിക തല വിശകലന റിപ്പോർട്ട് തയ്യാറാക്കി. പ്രാദേശിക തല വിശകലന റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്തിലെ സാമ്പത്തിക അടിത്തറ, പ്രധാനപെട ജംഗ്ഷനുകൾ അവയുടെ ക്രമം. വാർഡടിസ്ഥാനത്തിലെ വികസന നിർദേശങ്ങൾ. പഞ്ചാ

7. സ്ഥലപര വിശകലനത്തിന്റെയും പ്രാദേശിക തല വിശകലനത്തിന്റെയും അടിസ്ഥാനത്തിലെ വിവിധ വികസന മേഖലകളെ സംബന്ധിച്ച പ്രശ്നങ്ങളും, സാധ്യതകളും നഗര–ഗ്രാമാസൂത്രണ വകുപ്പ് ക്രോഡീകരിച്ചു. ഓരോ വികസന മേഖലയെക്കുറിച്ചും ജില്ലാ വികസന രൂപരേഖ യ്ക്കായി നടത്തിയ വിശകലനം കൂടി പരിഗണിച്ചു കൊണ്ടാണ്, പൂയപ്പള്ളിയിലെ വിവിധ വികസന മേഖലകളെ സംബന്ധിച്ച പ്രശ്നങ്ങളും സാധ്യതകളും ക്രോഡീകരിച്ചത്.

8. വികസന മേഖലയെ സംബന്ധിച്ച പ്രധാന കണ്ടെത്തലുകൾ, സ്പേഷ്യൽ ഇന്റഗ്രേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്യുകയും ചില ഭേദഗതികൾ വരുത്തി അംഗീകരിക്കുകയും ചെയ്തു.

9. തുടർന്നു സ്പേഷ്യൽ ഇന്റഗ്രേഷൻ കമ്മിറ്റി, നഗര–ഗ്രാമാസൂത്രണ വകുപ്പിന്റെ സഹായത്തോടെ ഭാവി സാമ്പത്തിക അടിത്തറ പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് നിർണ്ണയിക്കുകയും, അവ ഗ്രാമസഭ പ്രദേശത്ത് വരുത്താവുന്ന മാറ്റങ്ങൾ ചർച്ച ചെയ്ത് വികസനലക്ഷ്യങ്ങളും ഉദ്ദേശ്യരങ്ങളും നിർണ്ണയിക്കുകയും അതിനനുസൃതമായി ഒരു വികസന കാഴ്ചപ്പാട് രൂപീക രിക്കുകയും ചെയ്തു.

10. വിവിധ മേഖലകളെ സംബന്ധിച്ച പഠനത്തിന്റെ ഭാഗമായി കാർഷികമേഖലയുടെ സാദ്ധ്യതകൾ ആരായുന്നതിനായി പഞ്ചായത്തിലെ കൃഷി ഓഫീസർ, കർഷകർ എന്നിവർ ഉൾപ്പെടുന്ന ഒരു കർമ്മസമിതി രൂപീകരിക്കുകയും, യോഗങ്ങൾ ചേർന്ന് വിശദമായ പദ്ധതികൾ രൂപീകരിക്കു കയും ചെയ്തു. മൃഗസംരക്ഷണ മേഖലയുടെ സാദ്ധ്യതകൾ വിലയിരുത്തുന്നതിനായി വെറ്റിനറി ഡോക്ടർ, ക്ഷീര കർഷകർ എന്നിവരുടെ സമിതി രൂപീകരിച്ച് യോഗങ്ങൾ ചേർന്നാണ് വിശ ദമായ പദ്ധതികൾ രൂപീകരിച്ചിട്ടുള്ളത്.

11. മുകളിൽ വിവരിച്ചപ്രകാരം രൂപീകരിച്ച വികസന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ഓരോ വികസന മേഖലയുടെയും വികസന നയം തീരുമാനിക്കുകയും, അതിനനുസൃതമായി വിക സന നിർദ്ദേശങ്ങൾ രൂപപ്പെടുത്തുകയും ചെയ്തു.

12. വികസന നിർദ്ദേശങ്ങൾ നടപ്പിൽ വരുത്താതെയുള്ള പദ്ധതികൾ ഏതൊക്കെയെന്ന് കണ്ടെ ത്തുകയും, അതിനാവശ്യമായ ഏകദേശ പദ്ധതി തുക, ഓരോ പദ്ധതിയും നടപ്പിലാക്കേണ്ട ഘട്ടം, വികസന ഏജൻസി മുതലായവ നിർണ്ണയിക്കുകയും ചെയ്തു.

13. ഇതെല്ലാം ഗ്രാമപഞ്ചായത്ത് കൗൺസിലിൽ ചർച്ച ചെയ്യുകയും അംഗീകരിക്കുകയും ചെയ്തു.

14. ഇതെല്ലാം ഉൾപ്പെടുത്തി വികസന രൂപരേഖ റിപ്പോർട്ട് തയ്യാറാക്കി.

പ്രാദേശിക വികസന രൂപരേഖകളും (LDPs) സംയോജിത ജില്ലാ വികസന രൂപരേഖയും തയ്യാറാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥലപരാസൂത്രണ സമീപന രീതിയിൽ വികസന രൂപരേഖ തയ്യാറാക്കുന്ന ജില്ലയിലെ ആദ്യത്തെ ഗ്രാമപഞ്ചായത്താണ് പൂയപ്പള്ളി ഗ്രാമപഞ്ചായത്ത്.

കേരളത്തിലെ വാസമേഖല സമ്മിശ്ര സ്വഭാവത്തോടു കൂടിയതാണ്. ഈ സമ്മിശ്ര സ്വഭാവം തന്നെ രണ്ടു തരത്തിൽ കാണപ്പെടുന്നു. വാസഗൃഹങ്ങളോടുകൂടിയ വിസ്തൃതി കുറഞ്ഞ പുരയിടങ്ങളും, പുരയിട കൃഷി ചെയ്യുന്നവയും, കൃഷിസ്ഥലങ്ങളിൽ വാസഗൃഹങ്ങളോടുകൂടിയ പുരയിടങ്ങളെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നാലായി തരംതിരിയ്ക്കാം.

1. പൂർണ്ണമായുള്ള വാസമേഖല – ഇവിടെ പ്രധാന ഉപയോഗം വാസമേഖലയ്ക്കായിരിക്കും, കൃഷി ഇവിടെ ഒരു വരുമാനമായി കാണാനൊക്കില്ല. സാധാരണഗതിയിൽ ഇവയുടെ വിസ്തൃതി 25 സെന്റിനു താഴെയായിരിക്കും.
2. കാർഷിക–വാസഗൃഹമേഖല – ഇവിടെ പുരയിടത്തിൽ കൃഷിയും ഒരു വരുമാന മാർഗ്ഗമായിരിക്കും. ഇവിടങ്ങളിലെ പുരയിടത്തിന്റെ വിസ്തൃതി 25 സെന്റിനും 50 സെന്റിനും ഇടയിലായിരിക്കും.
3. കാർഷിക പ്രവർത്തനങ്ങൾക്ക് മുൻതൂക്കമുള്ള വാസഗൃഹമേഖല– ഇവിടെ കൃഷി ഒരു പ്രധാന വരുമാന മാർഗ്ഗമാണ്, പുരയിടത്തിന്റെ വിസ്തൃതി 50 സെന്റിനും 70 സെന്റിനും ഇടയിലാണുണ്ടാവുക.
4. പൂർണ്ണതോതിലുള്ള കാർഷിക മേഖല– ഇവിടെ കൃഷിയാണ് പ്രധാന വരുമാനമാർഗ്ഗം. ഈ വരുമാനം കൊണ്ടുമാത്രം കുടുംബം പുലർത്താൻ സാധിക്കുകയും ചെയ്യും. ഈ പ്രദേശങ്ങളിലെ പുരയിടത്തിന്റെ വിസ്തൃതി 70 സെന്റിനും മുകളിലായിരിക്കും.

കേരളത്തിന്റെ പൊതുവിൽ കണ്ടുവരുന്ന വികസനരീതി രാജ്യത്തിന്റെ മറ്റുഭാഗങ്ങളിൽ നിന്നും തുലോം വ്യത്യസ്തമാണ്. ഇവിടെ നഗര പ്രദേശമെന്നും, ഗ്രാമപ്രദേശമെന്നും വേർതിരിച്ചറിയാൻ പ്രയാസമാണ്. നഗരങ്ങളുടെ തുടർച്ചയെന്നോണം ഗ്രാമപ്രദേശങ്ങളും മറിച്ചും സ്ഥിതി ചെയ്യുന്നു. തനതായ പ്രദേശങ്ങൾ കുറവാണ്. വയൽ, പ്ലാന്റേഷൻസ്, കാട്, ജലാശയങ്ങൾ എന്നിവ ഒഴികെയുള്ള സ്ഥലങ്ങളിലെല്ലാം വാസ ഗൃഹങ്ങൾ കാണപ്പെടുന്നു.

ഒരു പ്രദേശത്ത് നിലവിലുള്ളതോ, ആ പ്രദേശത്തിന്റെ നിലവിലെ ശരാശരി പുരയിട വിസ്തീർണ്ണത്തിനാനുപാതികമായി കൊണ്ടുവരാൻ സാധ്യതയുള്ളതോ ആയ പ്രവർത്തനങ്ങളാണ് ഒരു പ്രദേശത്തിന്റെ പ്രവർത്തന സ്വഭാവം നിശ്ചയിക്കുന്നത്. മേൽപ്പറഞ്ഞ രണ്ടു ഘടകങ്ങളുടെയും (നിലവിലെ പ്രവർത്തനം, നിലവിലെ ശരാശരി പുരയിട വിസ്തീർണ്ണത്തിനാനുപാതികമായി കൊണ്ടുവരാവുന്ന പ്രവർത്തനം) അടിസ്ഥാനത്തിൽ ഒരു പ്രദേശത്തിന് തഴെ പറയുന്ന നാലുതരം പ്രവർത്തന സ്വഭാവങ്ങളിൽ ഒന്ന് ഉണ്ടെന്ന് കാണാം. 1. നഗരസ്വഭാവം, 2. ഗ്രാമീണ സ്വഭാവം, 3 അർദ്ധ നഗരസ്വഭാവം, 4. അർദ്ധ ഗ്രാമീണസ്വഭാവം.

ഒരു പ്രദേശത്ത് നിലവിലുള്ളതും ഭാവിയിൽ കൊണ്ടു വരാവുന്നതുമായ പ്രവർത്തന ങ്ങൾ ആ പ്രദേശത്തെ നിലവിലെ ഭൂവിനിയോഗവുമായി ബന്ധപ്പെട്ടിരിക്കുന്നു. നിലവിൽ കൃഷി ഭൂമി കൂടുതലുള്ള (പകുതിയോ അതിൽകൂടുതലോ) പ്രദേശങ്ങളുടെ പ്രവർത്തന സ്വഭാവം ഗ്രാമീണം എന്നും വാണിജ്യം, വ്യവസായം, ആശുപത്രി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റു പൊതു ആവശ്യത്തിനുള്ള സ്ഥലങ്ങൾ മുതലായവ കൂടുതലുള്ള (പകുതിയോ അതിൽകൂടുതലോ) പ്രദേ ശങ്ങളെ നാഗരിക സ്വഭാവം കാണിക്കുന്ന പ്രദേശങ്ങളെന്നും പറയാം. ചില പ്രദേശങ്ങളിൽ ഇങ്ങനെ നഗര–ഗ്രാമ സ്വഭാവങ്ങളെ വ്യക്തമായി വേർതിരിച്ചെടുക്കുവാൻ സാധിക്കാത്ത വിധം പ്രധാന ഭൂവിനിയോഗം വാസ സ്ഥലവും കൃഷി ഭൂമിയുമായി കൂടി കലർന്ന് സമിശ്ര സ്വഭാവ ത്തോടെ (Mixed Land Use) കാണപ്പെടുന്നു. ഈ പ്രദേശങ്ങളിലെ ശരാശരി പുരയിട വിസ്തീർണ്ണം കണക്കിലെടുത്തുകൊണ്ട് ഈ പ്രദേശങ്ങളെ പൂർണ്ണതോതിലുള്ള വാസഗൃഹമേഖല, കാർഷിക –വാസഗൃഹമേഖല, കാർഷിക പ്രവർത്തനത്തിനു മുൻതൂക്കമുള്ള വാസമേഖല, പൂർണ്ണതോതി ലുള്ള കാർഷിക പ്രവർത്തനം സാധ്യമായ വാസമേഖല എന്നിങ്ങനെ തരം തിരിക്കാം. പൂർണ്ണ തോതിലുള്ള വാസമേഖലയെ നാഗരിക സ്വഭാവമുള്ള പ്രദേശമെന്നും, കാർഷിക – വാസമേഖല പ്രവർത്തനങ്ങൾക്ക് മുൻതൂക്കമുള്ള പ്രദേശത്തെ അർദ്ധനഗര സ്വഭാവമുള്ള പ്രദേശമെന്നും, കാർഷിക പ്രവർത്തനത്തിന് മുൻതൂക്കമുള്ള വാസമേഖലയെ അർദ്ധഗ്രാമീണ സ്വഭാവമുള്ള പ്രദേശമെന്നും പൂർണ്ണതോതിൽ കാർഷിക പ്രവർത്തനം സാധ്യമായ വാസമേഖലയെ ഗ്രാമീണസ്വ ഭാവമുള്ള പ്രദേശമെന്നും പറയാം. ശരാശരി പുരയിട വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വാസ സ്ഥലവും കൃഷിസ്ഥലവും കൂടികലർന്ന് കാണുന്ന പ്രദേശത്തെ ഏത് തരത്തിൽ പെടുത്താം എന്ന് പട്ടികയി (2.3) ൽ കാണിച്ചിരിക്കുന്നു.

*പട്ടിക 2.3 ശരാശരി പുരയിട വിസ്തീർണ്ണ അടിസ്ഥാനത്തിൽ വാസമേഖലകളുടെ തരംതിരിവ്*

| വാസമേഖലയിലെ ശരാശരി പുരയിട വിസ്തീർണ്ണം | വാസമേഖലയിലെ തരംതിരിവ് | പ്രവർത്തന സ്വഭാവം |
|---|---|---|
| 25 ന് താഴെ | പൂർണ്ണതോതിലുള്ള വാസമേഖല | നഗര സ്വഭാവം |
| 25 – 50 സെന്റ് | കാർഷിക വാസമേഖല | അർദ്ധ നഗരസ്വഭാവം |
| 50 – 70 സെന്റ് | കാർഷിക പ്രവർത്തനത്തിന് മുൻതൂക്കമുള്ള വാസമേഖല | അർദ്ധ ഗ്രാമീണ സ്വഭാവം |
| 70 സെന്റിന് മുകളിൽ | പൂർണ്ണതോതിൽ കാർഷിക പ്രവർത്തനം സാധ്യമായ വാസ മേഖല | ഗ്രാമീണ സ്വഭാവം |

ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപന പ്രദേശത്തിന്റെയോ, ഒരു വാർഡിന്റെയോ പ്രവർത്തന സ്വഭാവം നിശ്ചയിക്കുന്നതിനായി അവിടുത്തെ മൊത്തം ഭൂവിനിയോഗത്തെ മൂന്നായി തരംതിരിക്കുക – പൂർണ്ണമായും നഗര സ്വഭാവം കാണിക്കുന്ന പ്രദേശങ്ങൾ, പൂർണ്ണമായും ഗ്രാമീണ സ്വഭാവം കാണിക്കുന്ന പ്രദേശങ്ങൾ, സമിശ്ര സ്വഭാവം കാണിക്കുന്ന വാസമേഖല. സമിശ്ര സ്വഭാവം കാണിക്കുന്ന വാസമേഖലയെ പട്ടിക ...... പ്രകാരം തരംതിരിക്കുകയും, അത് നഗര സ്വഭാവമാണെങ്കിൽ പൂർണ്ണ നഗര സ്വഭാവം കാണിക്കുന്ന പ്രദേശത്തിന്റെ വിസ്തൃതിയോട് കൂട്ടുകയും, അങ്ങനെ ലഭിക്കുന്ന വിസ്തീർണ്ണം 50% കൂടുതലാണെങ്കിൽ ആ പ്രദേശത്തിന്റെ മൊത്തത്തിലെ പ്രവർത്തന സ്വഭാവം നഗര സ്വഭാവം എന്ന് തിരിക്കുകയും ചെയ്യാം. മറിച്ച് സമിശ്ര സ്വഭാവം കാണിക്കുന്ന വാസ മേഖലയുടെ പ്രവർത്തന സ്വഭാവം ഗ്രാമീണ സ്വഭാവമാണെങ്കിൽ പൂർണ്ണ തോതിലെ ഗ്രാമീണ സ്വഭാവം കാണിക്കുന്ന പ്രദേശത്തിന്റെ വിസ്തൃതിയോട് കൂട്ടുകുയും അങ്ങനെ ലഭിക്കുന്ന വിസ്തീർണ്ണം 50% കൂടുതലാണെങ്കിൽ ആ പ്രദേശത്തിന്റെ മൊത്തത്തിലെ പ്രവർത്തന സ്വഭാവം ഗ്രാമീണ സ്വഭാവം എന്ന് തിരിക്കുകയും ചെയ്യാം. സമിശ്ര സ്വഭാവം കാണിക്കുന്ന വാസമേഖലയുടെ വിസ്തീർണ്ണം 50% കൂടുതലാണെങ്കിൽ ഈ സമിശ്ര സ്വഭാവം കാണിക്കുന്ന വാസമേഖലയുടെ സ്വഭാവം തന്നെയായിരിക്കും ആ പ്രദേശത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തന സ്വഭാവം.

<<< previous | contents | next >>>

# അദ്ധ്യായം 1

# പൊതുവിവരങ്ങൾ

*ഈ അദ്ധ്യായത്തിൽ പൂയപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ ജില്ലയിലെ സ്ഥാനം, ചരിത്രം, ജൈവ സമ്പത്ത് എന്നിങ്ങനെയുള്ള പൊതുവിവരങ്ങൾ വ്യക്തമാക്കുന്നു.*

## 1. പൊതുവിവരങ്ങൾ

### 1.1 പൂയപ്പള്ളിയുടെ സ്ഥാനം

കൊല്ലം ജില്ലയിലെ 71 ഗ്രാമ പഞ്ചായത്തുകളിൽ ഒന്നാണ് പൂയപ്പള്ളി ഗ്രാമപഞ്ചായത്ത്. ചിത്രം 1.1 ൽ കൊല്ലം ജില്ലയിലുള്ള പൂയപ്പള്ളിയുടെ സ്ഥാനം കാണിച്ചിരിക്കുന്നു. കൊട്ടാരക്കര ബ്ലോക്കു പഞ്ചായത്തിലെ ആറു ഗ്രാമ പഞ്ചായത്തുകളിലൊന്നും, പൂയപ്പള്ളി വില്ലേജിൽപ്പെടുന്നതുമാണ് ഈ ഗ്രാമ പഞ്ചായത്ത്. കൊല്ലം ജില്ലയിലെ ഒന്നാം ക്രമത്തിൽപ്പെട്ട കൊല്ലം കോർപ്പറേനിൽ നിന്നും, രണ്ടാം ക്രമത്തിൽ പെടുന്ന കൊട്ടാരക്കര, അഞ്ചൽ, ചാത്തന്നൂർ എന്നിവിടങ്ങളിൽ നിന്നുമുള്ള ദൂരം പട്ടിക 1.1 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 1.1 കൊല്ലം ജില്ലയിൽ പൂയപ്പള്ളിയുടെ സ്ഥാനം*

*പട്ടിക 1.1 പ്രധാന കേന്ദ്രങ്ങളിൽ നിന്നും പൂയപ്പള്ളിയിലേക്കുള്ള ദൂരം*

| ക്രമ നം. | കേന്ദ്രം | ദൂരം (കി.മീ.) |
|---|---|---|
| 1 | കൊല്ലം കോർപ്പറേഷൻ | 25 |
| 2 | കൊട്ടാരക്കര | 12 |
| 3 | അഞ്ചൽ | 20 |
| 4 | ചാത്തന്നൂർ | 15 |

കൊട്ടാരക്കര ബ്ലോക്കിലെ മറ്റു പഞ്ചായത്തുകൾ ചിത്രം 1.2 ൽ കാണിച്ചിരിക്കുന്നു.

നിലവിലെ അതിർത്തിയോടു കൂടി ഈ പഞ്ചായത്ത് നിലവിൽ വന്നത് 1953 ആഗസ്റ്റ് 15–ാം തീയതിയാണ്. 12 വാർഡുകളുള്ള പൂയപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ വിസ്തീർണ്ണം 22.28 ച. കി.മീ ഉും, 2001 സെൻസസ് പ്രകാരം ജനസംഖ്യ 23924 ഉം ആണ്.




*ചിത്രം 1.2കൊട്ടാരക്കര ബ്ലോക്കിലെ ഗ്രാമ പഞ്ചായത്തുകൾ*

കൊല്ലം ജില്ലയുടെ തെക്കു പടിഞ്ഞാറായി ഉത്തര അക്ഷാംശം $8^{0}51^{0}10^{0}$ നും, $8^{0}55'30''$ നും ഇടയ്ക്കും പൂർവ്വ രേഖാംശം $76^{0}44'20''$നും $76'48''$നും ഇടയ്ക്കും സ്ഥിതി ചെയ്യുന്നു. അതിരുകളായി വടക്ക് വെളിയം, കരീപ്ര ഗ്രാമ പഞ്ചായത്തുകളും, കിഴക്ക് ഇളമാട്, വെളിനല്ലൂർ പഞ്ചായത്തുകളും. തെക്ക് കല്ലുവാതുക്കൽ പഞ്ചായത്തും, പടിഞ്ഞാറ് ആദിച്ചനല്ലൂർ, നെടുമ്പന പഞ്ചായത്തുകളുമാണുള്ളത്. തെക്കും, പടിഞ്ഞാറും അതിരു ചേർന്ന് 5.4 കി.മീ. നീളത്തിൽ ഇത്തിക്കരയാർ ഒഴുകുന്നു.




*ചിത്രം 1.3 പൂയപ്പള്ളിയുടെ അതിർത്തി പഞ്ചായത്തുകൾ*

പൂയപ്പള്ളിയുടെ അതിർത്തി പഞ്ചായത്തുകൾ ചിത്രം 1.3 ൽ കാണിച്ചിരിക്കുന്നു. കൊല്ലം –തിരുവനന്തപുരം ദേശീയ പാതയിൽ ഇത്തിക്കര നിന്നും ഏകദേശം 10 കി.മീ. യാത്രചെയ്താൽ പൂയപ്പള്ളിയിലെത്താം. ഈ ഗ്രാമ പഞ്ചായത്തിനു ചുറ്റുമുള്ള വികസിത കേന്ദ്രങ്ങൾ, കൊട്ടാരക്കര, കണ്ണനല്ലൂർ, ഓയൂർ, ആയൂർ, കൊട്ടിയം എന്നിവയാണ്. ഇവ ചിത്രം 1.4 ൽ കാണിച്ചിരിക്കുന്നു. പൂയപ്പള്ളിയിൽ നിന്നും ഈ സ്ഥലങ്ങളിലേക്കുള്ള ദൂരം താഴെ കാണിച്ചിരിക്കുന്നു.

| | |
|---|---|
| കൊട്ടാരക്കര | – 12 കി.മീ |
| ആയൂർ | – 12 കി.മീ |
| ഓയൂർ | – 0.5 കി.മീ |
| കൊട്ടിയം | – 12 കി.മീ |
| കണ്ണനല്ലൂർ | – 10.5 കി.മീ |



*ചിത്രം 1.4 പൂയപ്പള്ളിക്കു ചുറ്റുമുള്ള വികസിത കേന്ദ്രങ്ങൾ*

## 1.2 സാമൂഹിക സാംസ്ക്കാരിക ചരിത്ര പശ്ചാത്തലം

കേരളത്തിന്റെ തെക്കൻ പ്രദേശങ്ങളായ കൊട്ടാരക്കര, ചിറയൻകീഴ് താലൂക്കുകളിൽ ഒരു കാലത്ത് ബുദ്ധമതം പ്രചാരത്തിലിരുന്നതായി കേരള വിജ്ഞാന കോശത്തിലും, ശ്രീമാൻ ഇളം കുളം കുഞ്ഞൻ പിള്ളയുടെ 'അന്നത്തെ കേരളം', 'സംസ്ക്കാരത്തിന്റെ നാഴിക കല്ലുകൾ' എന്നീ ഗ്രന്ഥങ്ങളിലും പ്രതിപാദിച്ചു കാണുന്നു. ഈ പ്രദേശത്തെ മിക്ക ക്ഷേത്രങ്ങളിലും ബുദ്ധമതം പ്രചാരത്തിലിരുന്ന കാലത്തെ പ്രത്യേകതയായ എടുപ്പുകുതിരക്കെട്ട് ഉണ്ടായിരുന്നു. പള്ളി എന്ന പദത്തിന് ബുദ്ധമത വിഹാരം എന്നാണർത്ഥം, എഴുത്തുകളരി, പള്ളിക്കൂടം എന്നീ പേരുകൾ ബുദ്ധമതവുമായി ബന്ധപ്പെട്ട് വന്ന പേരുകളാവണം. പൂയംനക്ഷത്ര ദിവസങ്ങളിൽ ബുദ്ധമതാനുയായികൾ ആളുകളെകൂട്ടി വിദ്യ അഭ്യസിച്ചിരുന്നുവെന്നും അതിൽ നിന്നാണ് പൂയപ്പള്ളി എന്ന പേര് ഈ പ്രദേശത്തിന് ലഭിച്ചതെന്നും പഴമക്കാർ പറയുന്നു. മരുതം എന്ന പദത്തിന് നിരന്ന കൃഷിസ്ഥലം എന്നാണർത്ഥം. ഈ നിരന്ന കൃഷിസ്ഥലത്ത് ബുദ്ധമത വിഹാരങ്ങളോ പള്ളിക്കൂടങ്ങളോ നിലനിന്നിരുന്നതിന്റെ അടിസ്ഥാനത്തിലായിരിക്കണം മരുതമൺപള്ളി എന്ന പേര് വന്നിട്ടുള്ളത്. ഈ പഞ്ചായത്തിലെ നിരന്ന പ്രദേശം മരുതമൺപള്ളിയാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

ഓയൂരിന് സമീപമുള്ള ചുങ്കത്തറ തെക്കേയതിർത്തിയായും ഓടനാവട്ടത്തിനു വടക്കുള്ള ചുങ്കത്തറ വടക്കേയതിർത്തിയായും വെളിയം എന്നൊരു നാട്ടുരാജ്യം നിലനിന്നിരുന്നു. ഇവിടം ഭരിച്ചിരുന്ന നാടുവാഴിയുടെ പേര് 'വെളിയൻ' എന്നായിരുന്നുവെന്ന് ശ്രീമാൻ ഇളംകുളം കുഞ്ഞൻപിള്ള രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പേരിൽ നിന്നാണ് 'വെളിയം'എന്ന സ്ഥലപ്പേരുണ്ടായത്. പൂയപ്പള്ളി ഈ വെളിയം നാട്ടുരാജ്യത്തിൽ ഉൾപ്പെട്ടിരുന്നു.

പൂയപ്പള്ളി പഞ്ചായത്തിലെ മരുതമൺപള്ളിയിലുള്ള മാക്രിയില്ലാക്കുളം ഐതിഹ്യത്തിന്റെ പട്ടികയിൽപ്പെടുന്നതാണ്. ഈ കുളത്തിൽ മാക്രികൾ (തവള) ജീവിക്കുന്നില്ല.

### സ്വാതന്ത്ര്യ പ്രക്ഷോഭം

ദേശീയ സ്വാതന്ത്ര്യ സമരത്തിലും ഉത്തരവാദ ഭരണ പ്രക്ഷോഭണത്തിലും ജന്മിത്വത്തിനെതിരായ സമരത്തിലും ഈ പഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾ അവരുടേതായ സജീവമായ പങ്ക് വഹിച്ചിട്ടുണ്ട്. പൂയപ്പള്ളി തോട്ടത്തിൽ വൈദ്യരുടെ മകൻ കുഞ്ഞുകുഞ്ഞ് എന്ന് വിളിച്ചിരുന്ന ഇടിക്കുള എന്ന ആളുടെ നേതൃത്വത്തിൽ പൂയപ്പള്ളിയിൽ നിന്നും പന്ത്രണ്ട് പേർ തിരുവനന്തപുരത്ത് അക്കാമ്മ ചെറിയാന്റെ നേതൃത്വത്തിൽ നടന്ന സ്വാതന്ത്ര്യ സമര പ്രക്ഷോഭണത്തിൽ പങ്കെടുത്തിരുന്നു. അതിൽ അദ്ദേഹം പ്രക്ഷോഭത്തിനിടക്ക് കുതിര പട്ടാളത്തിന്റെ ചവിട്ടേറ്റ് രോഗം ബാധിച്ചു മരിക്കുകയും ചെയ്തതായി വികസന രേഖയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ജന്മിത്വത്തിനെതിരെ ഈ പഞ്ചായത്തിൽ നടന്ന സമരം ശ്രദ്ധേയമാണ്. ഈ പഞ്ചായത്തിലെ കൊട്ടറ, മരുതമൺപള്ളി എന്നീ പ്രദേശങ്ങൾ തിരുവിതാംകൂറിലെ ഒന്നാമത്തെ ജന്മിയായിരുന്ന അകവൂർമന നമ്പൂതിരിയുടെ തനത് വകയായിരിന്നു. അകവൂർ മനക്കാർക്ക് അന്നത്തെ രാജാവ് കരമൊഴിയായി നൽകിയ 600 ദേശവഴികളിൽപ്പെട്ട 2 ദേശവഴികളായിരുന്നു കൊട്ടറയും

മരുതമൺപള്ളിയും. ഈ പ്രദേശത്തെ ഭൂമി കുടിയാൻമാരെന്ന നിലയിൽ കൃഷിക്കാർ കൈവശം വയ്ക്കുകയും അകവൂർ മനയ്ക്ക് കരം കൊടുക്കുകയും ചെയ്ത് വരികയായിരുന്നു. യഥാർത്ഥ കൈവശക്കാരായ കുടിയാൻമാരുടെ അദ്ധ്വാനഫലം പാട്ടവും വാരവുമായി ചൂഷണം ചെയ്യപ്പെട്ടിരുന്നു. ഇതിനെതിരായി സ്വാതന്ത്ര്യ ലബ്ധിക്ക് മുമ്പ് തന്നെ ഈ പഞ്ചായത്തിൽ കുടിയാൻ പ്രക്ഷോഭം ആരംഭിച്ചിരുന്നു. ഈ പ്രക്ഷോഭത്തിന് നേതൃത്വം നൽകിയിരുന്നത് 'കർഷകൻ' എന്ന അപരനാമധേയത്തിൽ പിൽക്കാലത്തറിയപ്പെട്ട മരുതമൺപള്ളി ആഫീസ് പുത്തൻ വീട്ടിൽ താമസിച്ചിരുന്ന വെളിയം ശ്രീ.ജി.കൃഷ്ണപിള്ള ആയിരുന്നു. ജന്മിത്വത്തിനെതിരായി കൊട്ടറ മരുതമൺപള്ളി പ്രദേശങ്ങളിൽ ശ്രീമാൻ വെളിയം കൃഷ്ണപിള്ളയുടെ നേതൃത്വത്തിൽ പലതവണ ജാഥകളും പ്രകടനങ്ങളും നടത്തിയിട്ടുണ്ട്. ഈ പഞ്ചായത്തിലെ ആദ്യ പ്രസിഡന്റായ ശ്രീ.പി.ജനാർദ്ദനൻ ശ്രീ.കൃഷ്ണപിള്ളക്ക് സഹായിയായി മുൻപന്തിയിലുണ്ടായിരുന്നു. കുടിയാൻമാരുടെ അവകാശ പോരാട്ടങ്ങൾക്ക് നേതൃത്വം കൊടുക്കാൻ ശ്രീ.ജി.കൃഷ്ണപിള്ളയുടെ നേതൃത്വത്തിൽ 'കുടിയാൻ' എന്ന പേരിൽ ഒരു ദ്വൈമാസിക പ്രസിദ്ധീകരിച്ചിരുന്നു. പിന്നീടത് 'കർഷകൻ' എന്ന പേരിൽ മാസികയായി പ്രസിദ്ധീകരിച്ചു.

## 1.3 ഭൂപ്രകൃതി

പൂയപ്പള്ളിയുടെ ഭൂരിഭാഗം പ്രദേശങ്ങളും ഇപ്പോഴും ഗ്രാമത്തിന്റേതായ മനോഹാരിത നിലനിർത്തുന്നു. വയലുകളുടെ ഒരു നല്ല തുടർച്ചയും അതിനോടു ചേർന്ന് ഒഴുകുന്ന തോടുകളും, ചിറകളും, താഴ്വരകളും കുന്നിൻ പ്രദേശങ്ങളും ഈ ഗ്രാമഭംഗിക്കു മാറ്റുകൂട്ടുന്നു. ക്ഷേത്രങ്ങളോടു ചേർന്നുള്ള കാവുകളും, പൂയപ്പള്ളിയുടെ അരികുചേർന്നൊഴുകുന്ന ഇത്തിക്കരയാറും ഗ്രാമാന്തരീക്ഷത്തിന് സ്വച്ഛത വർദ്ധിപ്പിക്കുന്നു. ഈ പ്രദേശത്തിന്റെ കോണ്ടൂർ മാപ്പനുസരിച്ച് പൂയപ്പള്ളിയുടെ ചരിവ് .01% നും 50% നും ഇടയിലാണ്. ഇവിടുത്തെ 83% പ്രദേശങ്ങളുടെയും ഉയരം സമുദ്രനിരപ്പിൽ നിന്ന് 60 മീറ്ററിലും താഴെയാണ്. പഞ്ചായത്തിലെ ഭൂമിയുടെ ചരിവ് പ്രകാരം ഏറ്റവും ഉയരം കൂടിയ പ്രദേശങ്ങളും, കോണ്ടൂർമാപ്പും ചിത്രം 1.5 ലും 1.6 ലുമായി കാണിച്ചിരിക്കുന്നു.




*അവലംബം – ഐ.ഡി.ഡി.പി–എൽ.ഡി.പി പദ്ധതിക്കായി തയ്യാർ ചെയ്ത ഭൂപ്രകൃതി രേഖപ്പെടുത്തിയ മാപ്പ്*

*ചിത്രം 1.5 ഭൂമിയുടെ ചരിവ്*



*അവലംബം - ഐ.ഡി.ഡി.പി-എൽ.ഡി.പി പദ്ധതിക്കായി തയ്യാർ ചെയ്ത ഭൂപ്രകൃതി രേഖപ്പെടുത്തിയ മാപ്പ്*

*ചിത്രം 1.6 കോണ്ടൂർ മാപ്പ്- പൂയപ്പള്ളി*

ഭൂപ്രകൃതിയനുസരിച്ച് പൂയപ്പള്ളിയെ നാലായി തരംതിരിക്കാം.

1. താഴ്‌വര 2. ഇടത്തരം ചരിവുകൾ 3. ചരിവുകൾ 4. കുന്നിൻപുറങ്ങൾ

1. താഴ്‌വര

താഴ്‌വര ഭാഗത്തായി നിലങ്ങൾ സ്ഥിതി ചെയ്യുന്നു. പൊതുവിൽ പഞ്ചായത്തിന്റെ തെക്ക് കിഴക്കൻ ഭാഗം ഉയർന്നതും, വടക്ക് പടിഞ്ഞാറ് ഭാഗം താഴ്ന്നതുമാണ്. താഴ്‌വര പ്രദേശത്തിന്റെ 80% ഭാഗം നെൽകൃഷിയാണ്. ഇവിടെ ഫലഭൂയിഷ്ടമായ ചെളിമണ്ണാണ്. ഇതിൽ 25% ഭാഗങ്ങൾ മണൽ കൂടുതലുള്ള ചെളിപ്രദേശമാണ്.

2. ഇടത്തരം ചരിവുകൾ

ഇടത്തരം ചരിവുകളിൽ പ്രധാനമായും മരുതമൺപള്ളി മുതൽ കിഴക്കോട്ട് കോഴിക്കോട് വരെയും, 2-ാം വാർഡിലെ ക്ഷേത്രക്കര മുതൽ വടക്കോട്ട് ഹരിജൻ കൈത്തറി സംഘം വരെയും, കൊട്ടറയുടെ കിഴക്കു ഭാഗം മുതൽ പൂയപ്പള്ളി ജംഗ്ഷന്റെ പടിഞ്ഞാറ് ഭാഗം വരെയും, വിസ്തൃതമായ സമതല പ്രദേശങ്ങളാണ്. ഇടത്തരം ചരിവു ഭാഗങ്ങൾ മണലും, ചെളിയും, ചരൽമണ്ണും കലർന്നതാണ്. മണ്ണിന്റെ ഈ സ്വഭാവം മൂലം ഫലഭൂയിഷ്ടി താരതമ്യേന കൂടുതലാണ്. പൊതുവേ സമ്മിശ്രകൃഷിയാണിവിടങ്ങളിൽ ചെയ്തുവരുന്നത്.

3. ചരിവുകൾ

ചരിവു പ്രദേശങ്ങളിൽ പൊതുവേ ചരൽകലർന്ന മണ്ണാണ്. മണ്ണൊലിപ്പും, നീർവാർച്ചയും മൂലം കൃഷിഭൂമിയുടെ ഫലഭൂയിഷ്ടി നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. മുൻകാലങ്ങളിൽ പറങ്കിമാവ്, മരച്ചീനി എന്നിവ കൃഷി ചെയ്തിരുന്ന ഇവിടങ്ങളിൽ ഇപ്പോൾ റബ്ബർ കൃഷി വ്യാപകമായിരിക്കുന്നു.

4. കുന്നിൻ പ്രദേശങ്ങൾ

പഞ്ചായത്തിന്റെ കിഴക്കു ഭാഗത്തായി 131 മീറ്റർ ഉയരത്തിലുള്ള ആയിരവല്ലിക്കുന്നും, തെക്കുഭാഗത്തായി 116 മീറ്റർ ഉയരത്തിലുള്ള മുടിയൂർകോണം കുന്നുമാണ് ഈ പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശങ്ങൾ. പൊതുവേ ഇവിടങ്ങളിൽ റബ്ബർ കൃഷിയാണുള്ളത്. വീടുകളോട് ചേർന്ന് തെങ്ങ്, മരച്ചീനി എന്നിവയും കൃഷി ചെയ്യുന്നു.

## 1.4 മൺതരങ്ങൾ

പൂയപ്പള്ളി പഞ്ചായത്തിലെ ഉപരിതല മൺതരങ്ങളുടെ ഇനവും വിസ്തൃതിയും താഴെ കൊടുക്കുന്നു.

| ക്രമ നം. | മൺതരങ്ങൾ | ഹെക്ടർ |
|---|---|---|
| 1 | കരിമണ്ണ് | 320 |
| 2 | ചരൽമണ്ണ് | 148 |
| 3 | പശിമരാശിമണ്ണ് | 1090 |
| 4 | ചെളിമണ്ണ് | 770 |

ഏറ്റവും ഉയർന്ന കുന്നിൻ പ്രദേശങ്ങൾ വളക്കൂറുള്ള കരിമൺ പ്രദേശങ്ങളാണ്. ഈ ഭാഗങ്ങളിൽ പ്രധാനമായും റബ്ബർ കൃഷിയാണ്. റബ്ബറിന്റെ ശാസ്ത്രീയമായ പരിചരണം മൂലം മണ്ണൊലിപ്പ് തടയുകയും മണ്ണിന്റെ ഫലപുഷ്ടി നിലനിർത്തുകയും ചെയ്യുന്നു. കുന്നിൻ പ്രദേശങ്ങളിൽ മനുഷ്യ വാസമുള്ളിടത്ത്, വീടുകളുടെ സമീപ ഭാഗങ്ങളിൽ, തെങ്ങ്, മരച്ചീനി, വാഴ, കുരുമുളക്, ചേന, കാച്ചിൽ, ചേമ്പ്, ഇഞ്ചി, മഞ്ഞൾ തുടങ്ങിയവ കൃഷി ചെയ്യുന്നു.

ചരിവു പ്രദേശങ്ങളിൽ പൊതുവേ ചരൽ കലർന്ന മണ്ണാണ്. മണ്ണൊലിപ്പും നീർവാർച്ചയും മൂലം ഫലഭൂയിഷ്ടി നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണ്. മുൻകാലങ്ങളിൽ പറങ്കിമാവ്, മരച്ചീനി, പയറുവർഗ്ഗങ്ങൾ എന്നിവ കൃഷി ചെയ്തിരുന്ന ഈ ഭാഗങ്ങളിൽ ഇപ്പോൾ റബ്ബർ കൃഷി വ്യാപകമായി വന്നിട്ടുണ്ട്. ഈ ഭാഗങ്ങളിൽ റബ്ബർകൃഷി ഇല്ലാത്ത ഇടങ്ങളിൽ മണ്ണൊലിപ്പും, നീർവാർച്ചയും തടയുകയും മണ്ണിനെ കൃഷിക്ക് ഉപയുക്തമാക്കുകയും ചെയ്യേണ്ടതാണ്. ഇത്തരം ഇടങ്ങളിൽ ക്രമാതീതമായി മണ്ണൊലിപ്പു സംഭവിച്ചതുമൂലം പല സ്ഥലങ്ങളിലും പാറകൾ തെളിഞ്ഞ് വരുകയും, കിണറുകളിലെ ജലനിരപ്പ് വളരെ താഴ്ന്ന് വേനൽക്കാലത്ത് വെള്ളം തീരെ ഇല്ലാതെ വരികയും ചെയ്യുന്നുണ്ട്.

ഇടത്തരം ചരിവുഭാഗങ്ങൾ മണലും ചെളിയും ചരൽമണ്ണും കലർന്നതാണ്. മണ്ണിന്റെ ഈ സ്വഭാവം മൂലം ഫലഭൂയിഷ്ടി താരതമ്യേന കൂടുതലാണ്. ഈ ഭാഗങ്ങളിൽ പൊതുവേ സമ്മിശ്ര കൃഷിയാണ്. പ്രധാനമായും തെങ്ങുകൃഷിയും കൂടാതെ വാഴ, കമുക്, കുരുമുളക് എന്നിവയും കൃഷി ചെയ്തുവരുന്നു. ആൾപാർപ്പുള്ള ഇടങ്ങളിൽ പ്ലാവ്, മാവ്, പുളി തുടങ്ങിയ ഫലവൃക്ഷങ്ങളും പ്രധാനമായി കണ്ടുവരുന്നു. ഈ ഭാഗങ്ങളിലെ ജലവിതാനം ഉയർന്നതാണ്. കിണറുകളിൽ വെള്ളം വറ്റാറില്ല. ഇടത്തരം ചരിവുഭാഗങ്ങളിൽ പ്രധാനമായും മരുതമൺപള്ളി മുതൽ കിഴക്കോട്ട് കോഴിക്കോട് വരെയും രണ്ടാം വാർഡിലെ ക്ഷേത്രക്കര മുതൽ വടക്കോട്ട് ഹരിജൻ കൈത്തറി സംഘം വരെയും, കൊട്ടറയുടെ കിഴക്കുഭാഗം മുതൽ കിഴക്കോട്ട് പൂയപ്പള്ളി ജംഗ്ഷന്റെ പടിഞ്ഞാറുഭാഗം വരെയും വിസ്തൃതമായ സമതല പ്രദേശങ്ങളാണ്.

താഴ്വര പ്രദേശങ്ങളുടെ 80% നെൽകൃഷിയാണ്. ഇവിടെ ഫലഭൂയിഷ്ടി കൂടുതലുള്ള ചെളിമണ്ണാണ്. ഇതിൽ 25% ഭാഗങ്ങൾ മണൽ കൂടുതലുള്ള ചെളി പ്രദേശമാണ്. നെൽകൃഷിക്ക് ഉപയുക്തമല്ലാത്ത ഭാഗങ്ങളിൽ തെങ്ങും, വാഴയും, പച്ചക്കറിയും കൃഷി ചെയ്തു വരുന്നു. നെൽ കൃഷിക്ക് ഉപയുക്തമായ സ്ഥലങ്ങളിൽ തന്നെ നെൽകൃഷി ലാഭകരമല്ലാത്തതിനാൽ ഏത്തവാഴ, മരച്ചീനി, ചേമ്പ്, ഇഞ്ചി തുടങ്ങിയ കൃഷികൾ ചെയ്യാൻ തുടങ്ങിയിട്ടുണ്ട്. ജലലഭ്യത കുറഞ്ഞുവരുന്നതുമൂലം ഈ ഭാഗങ്ങളിലെ മണ്ണിന്റെ ഫലഭൂയിഷ്ടിയും കുറഞ്ഞു വരുന്നുണ്ട്.

### 1.5 കാലാവസ്ഥ

ഈ പഞ്ചായത്ത് പ്രദേശം ഈർപ്പാംശമുള്ള സമശീതോഷ്ണ മേഖലയിൽപ്പെടുന്നു. കാഠിന്യമുള്ള വേനൽക്കാലവും, സീസണലായുള്ള മഴക്കാലവും ആണുള്ളത്. ജനുവരി മാസത്തിൽ ഊഷ്മാവ് $19^{0}$ വരെ താഴുകയും മാർച്ച മാസത്തിൽ $36^{0}$ വരെ ഉയരുകയും ചെയ്യുന്നുണ്ട്. ശരാശരി ലഭിക്കുന്ന മഴ 2554 മി.മീറ്റർ ആണ്. ജൂൺ–ജൂലൈ മാസങ്ങളിൽ പടിഞ്ഞാറ് നിന്നും കിഴക്കോട്ടും, ഒക്ടോബർ–നവംബർ മാസങ്ങളിൽ കിഴക്കു നിന്ന് പടിഞ്ഞാറോട്ടും ശക്തിയായി കാറ്റടിക്കുന്നു. നവംബർ–ഡിസംബർ മാസങ്ങളിൽ ആരുവാമൊഴി ചുരം കടന്നുവരുന്ന ശക്തമായ വരണ്ടകാറ്റ് ഈ പ്രദേശങ്ങളിൽ അടിക്കുന്നു. ഇതിന് വൃശ്ചികക്കാറ്റ് എന്നാണ് പറയുന്നത്. വൃക്ഷലതാദികൾ പൂവിടുന്നതിനും കൂടുതൽ ഫലങ്ങൾ ലഭിക്കുന്നതിനും സഹായകമാവുന്ന ഈ കാറ്റ് മനുഷ്യരെ സംബന്ധിച്ചിടത്തോളം അസഹ്യമാണ്.

### 1.6 ജൈവസമ്പത്ത്

പൂയപ്പള്ളി പഞ്ചായത്തിന്റെ ജൈവസമ്പത്ത് പ്രധാനമായും സസ്യങ്ങളും, കുളങ്ങളും, ചിറകളും കാവുകളും ഉൾപ്പെടുന്നതാണ്. സസ്യസമ്പത്ത് പ്രധാനമായും, തെങ്ങ്, കമുക്, കശുമാവ്, റബ്ബർ എന്നിവയാണ്.

അപൂർവ്വ സസ്യങ്ങളുടെ കൂട്ടത്തിൽ ചമത, ചുവന്ന കൊടുവേലി, അടപൊതിയൻ, തിപ്പലി, വാതംകൊല്ലി എന്നിവ ചിലയിടങ്ങളിൽ കാണുന്നു.

പ്രധാന ക്ഷേത്രങ്ങളോടു ചേർന്ന് കാവുകളും കുളങ്ങളും കാണപ്പെടുന്നു. ധാരാളം വിസ്തൃതിയുള്ള കാവുകളിൽ ഏറ്റവും പ്രധാനം കുളത്തൂർക്കാവാണ്. ധാരാളം വൻമരങ്ങളും, ജീവജാലങ്ങളും ചേർന്ന ഒരു ആവാസവ്യവസ്ഥ തന്നെയിവിടെയുണ്ട്. മരങ്ങളിൽ കാണപ്പെടുന്ന നൂറുകണക്കിന് വവ്വാലുകൾ കൗതുകകരമായ കാഴ്ചയാണ്.

<<< previous | contents | next >>>

# അദ്ധ്യായം 2

# ഭൂവിനിയോഗം

*പൂയപ്പള്ളി ഗ്രാമ പഞ്ചായത്തിൽ 2007 ൽ നടത്തിയ ഭൂവിനിയോഗ സർവ്വേയുടെ അടിസ്ഥാനത്തിൽ ഇവിടത്തെ വിവിധ ഭൂവിനിയോഗങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇങ്ങനെ തയ്യാറാക്കിയ ഭൂവിനിയോഗ മാപ്പിന്റെ അടിസ്ഥാനത്തിലുള്ള വിശകലനങ്ങളും കണ്ടെത്തലുകളുമാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്.*

## 2.1 ഭൂവിനിയോഗം ഒരു താരതമ്യ പഠനം

പൂയപ്പള്ളി പഞ്ചായത്തിന്റെ ഭൂവിനിയോഗത്തെ സമീപ പഞ്ചായത്തുകളുടെയും, കൊട്ടാരക്കര ബ്ലോക്കിന്റെയും ഭൂവിനിയോഗവുമായി ചിത്രം 2.1 ലും ചിത്രം 2.2 ലുമായി താരതമ്യം ചെയ്തിരിക്കുന്നു.

132 ച.കി.മീ. വിസ്തൃതിയുള്ള കൊട്ടാരക്കര ബ്ലോക്കിലെ ആറു പഞ്ചായത്തുകളിൽ പൂയപ്പള്ളി പഞ്ചായത്തിന്റെ വിസ്തീർണ്ണം 22.28 ചതുരശ്ര കി.മീ ആണ്. കൊട്ടാരക്കര ബ്ലോക്കിൽ ഭൂവിനിയോഗത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്നത് കാർഷിക മേഖലയാണ് (52%).




*ചിത്രം 2.1 കൊട്ടാരക്കര ബ്ലോക്കിന്റെ ഭൂവിനിയോഗ മാപ്പ്*

കൊട്ടാരക്കര ബ്ലോക്കിന്റെ ഒരു ഭൂവിനിയോഗ മാപ്പ് ചിത്രം 2.1 ലും താരതമ്യം പട്ടിക 2.1 ലും പട്ടിക 2.2 ലുമായി കാണിച്ചിരിക്കുന്നു. ഇതിൽ നിന്നും വ്യക്തമാകുന്നത്, ബ്ലോക്കിൽ എന്ന പോലെ തന്നെ പൂയപ്പള്ളി ഗ്രാമ പഞ്ചായത്തും കാർഷിക പ്രധാനമാണെന്നാണ്.

*പട്ടിക 2.1 കൊട്ടാരക്കര ബ്ലോക്കിലെ പഞ്ചായത്തുകളുടെ ഭൂവിസ്തൃതിയുടെ താരതമ്യം*

| ഗ്രാമ പഞ്ചായത്ത് | എഴുകോൺ | കരീപ്ര | കൊട്ടാരക്കര | നെടുവത്തൂർ | പൂയപ്പള്ളി | വെളിയം |
|---|---|---|---|---|---|---|
| വാസമേഖല | 8.39 | 14.74 | 6.96 | 7.06 | 9.05 | 8.07 |
| വാസമേഖല ശതമാനം | 53.86 | 63.36 | 39.65 | 30.51 | 40.87 | 26.76 |
| വാണിജ്യമേഖല | 0.14 | 0.06 | 0.28 | 0.17 | 0.03 | 0.09 |
| വാണിജ്യമേഖല ശതമാനം | 0.91 | 0.27 | 1.62 | 0.74 | 0.13 | 0.31 |
| വ്യവസായ മേഖല | 0.08 | 0.10 | 0.04 | 0.15 | 0.07 | 0.06 |
| വ്യവസായമേഖല ശതമാനം | 0.51 | 0.42 | 0.22 | 0.67 | 0.32 | 0.2 |
| പബ്ലിക് & സെമി പബ്ലിക് | 0.58 | 0.68 | 1.53 | 0.41 | 0.14 | 0.20 |
| പബ്ലിക് & സെമി പബ്ലിക് ശതമാനം | 3.73 | 2.93 | 8.7 | 1.77 | 0.62 | 0.67 |
| കാർഷിക മേഖല | 5.77 | 7.12 | 8.03 | 14.82 | 12.13 | 20.42 |
| കാർഷിക മേഖല ശതമാനം | 37.06 | 30.6 | 45.72 | 64.01 | 54.77 | 67.69 |
| ഗതാഗത മേഖല | 0.39 | 0.23 | 0.40 | 0.41 | 0.29 | 0.28 |
| ഗതാഗത മേഖല ശതമാനം | 2.52 | 1 | 2.28 | 1.77 | 1.31 | 0.94 |
| ജലാശയ മേഖല | 0.03 | 0.18 | 0.1 | 0.02 | 0.18 | 0.23 |
| ജലാശയമേഖല ശതമാനം | 0.16 | 0.76 | 0.56 | 0.08 | 0.83 | 0.77 |

പൂയപ്പള്ളി ഗ്രാമ പഞ്ചായത്തും, സമീപ പഞ്ചായത്തുകളായ ആദിച്ചനല്ലൂർ, നെടുമ്പന, ചാത്തന്നൂർ, കല്ലുവാതുക്കൽ, വെളിയം, കരീപ്ര, ഇളമാട്, വെളിനല്ലൂർ എന്നിവയും ചേർത്തുള്ള പ്രദേശത്തിന്റെ ഭൂവിനിയോഗ മാപ്പ് ചിത്രം 2.2 ലും താരതമ്യം പട്ടിക 2.1 ലും പട്ടിക 2.2 ലും കാണിച്ചിരിക്കുന്നു.




*ചിത്രം 2.2 പൂയപ്പള്ളിയുടെയും സമീപ പഞ്ചായത്തുകളുടെയും ഭൂവിനിയോഗ മാപ്പ്*

*പട്ടിക 2.2പൂയപ്പള്ളിയിലെയും സമീപപഞ്ചായത്തുകളുടെയും ഭൂവിസ്തൃതിയുടെ താരതമ്യം*

| ഗ്രാമ പഞ്ചായത്ത് | ആദിച്ചനല്ലൂർ | ചാത്തന്നൂർ | ഇളമാട് | കല്ലുവാതുക്കൽ | കരീപ്ര | നെടുമ്പന | പൂയപ്പള്ളി | വെളിനല്ലൂർ | വെളിയം |
|---|---|---|---|---|---|---|---|---|---|
| വാസമേഖല | 9.37 | 19.24 | 4.27 | 19.34 | 14.74 | 17.31 | 9.05 | 7.94 | 8.07 |
| വാസമേഖല ശതമാനം | 42.11 | 57.17 | 14.14 | 52.56 | 63.26 | 68.73 | 40.87 | 29.97 | 26.76 |
| വാണിജ്യമേഖല | 0.13 | 0.16 | 0.02 | 0.20 | 0.06 | 0.05 | 0.03 | 0.17 | 0.09 |
| വാണിജ്യമേഖല ശതമാനം | 0.59 | 0.48 | 0.07 | 0.54 | 0.27 | 0.18 | 0.13 | 0.64 | 0.31 |
| വ്യവസായ മേഖല | 0.21 | 0.33 | 0.06 | 0.21 | 0.10 | 0.11 | 0.07 | 0.05 | 0.06 |
| വ്യവസായമേഖല ശതമാനം | 0.94 | 0.98 | 0.2 | 0.58 | 0.42 | 0.42 | 0.32 | 0.2 | 0.2 |
| പബ്ലിക് & സെമി പബ്ലിക് | 0.46 | 0.64 | 0.16 | 0.37 | 0.68 | 0.20 | 0.14 | 0.20 | 0.20 |
| പബ്ലിക് & സെമി പബ്ലിക് ശതമാനം | 2.06 | 1.9 | 0.54 | 1.01 | 2.93 | 0.79 | 0.62 | 0.77 | 0.67 |
| കാർഷിക മേഖല | 9.77 | 11.46 | 24.41 | 15.56 | 7.12 | 5.86 | 12.13 | 17.21 | 20.42 |
| കാർഷിക മേഖല ശതമാനം | 43.92 | 34.06 | 80.84 | 42.29 | 30.6 | 23.26 | 54.77 | 65 | 67.69 |
| ഗതാഗത മേഖല | 0.31 | 0.50 | 0.37 | 0.68 | 0.23 | 0.45 | 0.29 | 0.31 | 0.28 |
| ഗതാഗത മേഖല ശതമാനം | 1.38 | 1.49 | 1.24 | 1.85 | 1 | 1.79 | 0.31 | 1.16 | 0.94 |
| ജലാശയ മേഖല | 1.46 | 1.13 | 0.11 | 0.35 | 0.18 | 1.13 | 0.18 | 0.33 | 0.23 |
| ജലാശയമേഖല ശതമാനം | 6.57 | 3.36 | 0.38 | 0.96 | 0.76 | 4.47 | 0.83 | 1.24 | 0.77 |

ദേശീയപാതയോടു ചേർന്നു കിടക്കുന്ന പഞ്ചായത്തുകളിൽ കാണുന്ന നെൽ കൃഷിയുടെ ഒരു തുടർച്ചയും (ഉദാഹരണത്തിന് ആദിച്ചനല്ലൂർ പഞ്ചായത്തിൽ നിന്നുള്ള വയലുകളുടെ ഒരു തുടർച്ച ചിത്രത്തിൽ കാണാനൊക്കും), കിഴക്കൻ മേഖലകളിലെ റബ്ബർകൃഷിയുടെ ഒരു തുടക്കവും പൂയപ്പള്ളിയിൽ കാണാം. വാസമേഖലയ്ക്കു പ്രാധാന്യമുള്ള ആദിച്ചനല്ലൂർ തുടങ്ങിയ പഞ്ചായത്തുകളിലേതിൽ നിന്നു വ്യത്യസ്തമായി പൂയപ്പള്ളിയിൽ കാർഷിക മേഖലയാണ് ഭൂവിനിയോഗത്തിൽ മുന്നിൽ നിൽക്കുന്നത്. ഈ പഞ്ചായത്തുകളിലെ വാസമേഖലയുടെ വിസ്തൃതി, കൃഷിമേഖലയുടെ വിസ്തൃതി ഇവ താരതമ്യം ചെയ്തിരിക്കുന്നത് ചിത്രം 2.3 ലും പട്ടിക 2.3 ലും പട്ടിക 2.4 ലുമായി കാണിച്ചിരിക്കുന്നു.







*ചിത്രം 2.3 പൂയപ്പള്ളിയിലെയും സമീപ പഞ്ചായത്തുകളിലെയും കൃഷി /വാസമേഖലകളുടെ വിസ്തൃതി താരതമ്യം*

| പഞ്ചായത്ത് | വാസമേഖല (വിസ്തൃതി) | വാസമേഖല (ശതമാനം) |
|---|---|---|
| ആദിച്ചനല്ലൂർ | 9.37 | 42.11 |
| ചാത്തന്നൂർ | 19.24 | 57.17 |
| ഇളമാട് | 4.27 | 14.14 |
| കല്ലുവാതുക്കൽ | 19.34 | 52.56 |
| കരീപ്ര | 14.74 | 63.36 |
| നെടുമ്പന | 17.31 | 68.73 |
| **പൂയപ്പള്ളി** | **9.05** | **40.87** |
| വെളിനല്ലൂർ | 7.94 | 29.97 |
| വെളിയം | 8.07 | 26.76 |

*പട്ടിക 2.3 പൂയപ്പള്ളിയിലെയും സമീപപഞ്ചായത്തുകളുടെയും വാസമേഖലയുടെ താരതമ്യം (ശതമാനം)*

| പഞ്ചായത്ത് | കാർഷിക മേഖല (വിസ്തൃതി) | കാർഷിക മേഖല (ശതമാനം) |
|---|---|---|
| ആദിച്ചനല്ലൂർ | 9.77 | 43.92 |
| ചാത്തന്നൂർ | 11.46 | 34.06 |
| ഇളമാട് | 24.41 | 80.84 |
| കല്ലുവാതുക്കൽ | 15.56 | 42.29 |
| കരീപ്ര | 7.12 | 30.60 |
| നെടുമ്പന | 5.86 | 23.26 |
| **പൂയപ്പള്ളി** | **12.13** | **54.77** |
| വെളിനല്ലൂർ | 17.21 | 65.00 |
| വെളിയം | 20.42 | 67.69 |

*പട്ടിക 2.4 പൂയപ്പള്ളിയിലെയും സമീപപഞ്ചായത്തുകളുടെയും കാർഷിക മേഖലയുടെ താരതമ്യം (ശതമാനം)*

കൊല്ലം ജില്ലയുടെ ഭൂവിനിയോഗ രീതി പരിശോധിച്ചാൽ ജില്ലയിൽ 33% പ്രദേശങ്ങളാണ് കൃഷിയ്ക്കായി ഉപയോഗപ്പെടുത്തിയിട്ടുള്ളതെന്ന് കാണാം. കാർഷിക മേഖലയുടെ കേന്ദ്രീകരണം കണക്കാക്കുമ്പോൾ പൂയപ്പള്ളി പഞ്ചായത്തിന്റെ കേന്ദ്രീകരണ സൂചകം ഒന്നിൽ കൂടുതലാണ്. ഇതിൽ തന്നെ കാർഷികപ്രധാനമായ പഞ്ചായത്തുകളുടെ ഒരു കൂട്ടത്തിലാണ് പൂയപ്പള്ളി ഉൾപ്പെട്ടിട്ടുള്ളതെന്ന് ചിത്രം 2.4 ൽ നിന്നും മനസ്സിലാക്കാം.




*ചിത്രം 2.4 കൊല്ലം ജില്ല– ഭൂവിനിയോഗ മാപ്പ്*

12 വാർഡുകളിലായി 22.28 ച.കി.മീറ്ററിൽ വ്യാപിച്ചു കിടക്കുന്ന പൂയപ്പള്ളി പഞ്ചായത്തിന്റെ ഭൂവിനിയോഗ മാപ്പ് ചിത്രത്തിൽ കാണിച്ചിരിക്കുന്നു (ചിത്രം 2.5).




*ചിത്രം 2.5 ഭൂവിനിയോഗ മാപ്പ്– പൂയപ്പള്ളി ഗ്രാമ പഞ്ചായത്ത്*

പൂയപ്പള്ളിയുടെ വിവിധ മേഖലകളിലെ ഭൂവിനിയോഗത്തിന്റെ ശതമാനം പട്ടിക 2.5 ലും ചിത്രം 2.6 ലുമായി കാണിച്ചിരിക്കുന്നു.

*പട്ടിക 2.5 വിവിധ മേഖലകളിലെ ഭൂവിനിയോഗം (ചതുരശ്ര കിലോമീറ്ററിൽ)*

| ഭൂവിനിയോഗം | വാസ മേഖല | വാണിജ്യ മേഖല | വ്യവസായ മേഖല | പബ്ലിക് & സെമിപബ്ലിക് | കാർഷിക മേഖല | ജലാശയം | തരിശ് മേഖല | ഗതാഗത മേഖല | ആകെ |
|---|---|---|---|---|---|---|---|---|---|
| വിസ്തീർണ്ണം (ച.കി.മി) | 9.16 | 0.03 | 0.07 | 0.14 | 12.27 | 0.19 | 0.26 | 0.29 | 22.28 |
| ഭൂവിനിയോഗം ശതമാനം | 40.85 | 0.14 | 0.32 | 0.62 | 54.73 | 0.86 | 0.11 | 0.14 | |




*ചിത്രം 2.6 വിവിധ മേഖലകളിലെ ഭൂവിനിയോഗം (ശതമാനത്തിൽ)*

പൂയപ്പള്ളി പഞ്ചായത്തിലെ 55% ത്തോളം ഭൂപ്രദേശങ്ങളും കൃഷിയ്ക്കു വേണ്ടിയാണ് ഉപയോഗിക്കപ്പെടുന്നത്. ഏതാണ്ട് 41% ത്തോളം ഭൂമി വാസ ആവശ്യത്തിനായി വിനിയോഗിച്ചിരിക്കുന്നു. വാണിജ്യം, വ്യവസായം തുടങ്ങിയ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്ന ഭൂവിസ്തീർണ്ണത്തിന്റെ ശതമാനം പരിശോധിച്ചാൽ ഇവയ്ക്കൊന്നും പ്രത്യേക പ്രാധാന്യം ഇവിടെയില്ലെന്നു മനസ്സിലാക്കാം.

പൂയപ്പള്ളിയുടെ വാർഡുതല ഭൂവിനിയോഗം പട്ടിക 2.6 ൽ കൊടുത്തിരിക്കുന്നു.

*പട്ടിക 2.6 വാർഡുതല ഭൂവിനിയോഗം ചതുരശ്ര കിലോമീറ്ററിൽ*

| വാർഡ് നം. | വാസ മേഖല | വാണിജ്യ മേഖല | വ്യവസായ മേഖല | പബ്ലിക് & സെമിപബ്ലിക് | കാർഷിക മേഖല | തുറസ്സായ സ്ഥലങ്ങൾ | ഗതാഗത മേഖല | ജലാശയം | തരിശ് മേഖല |
|---|---|---|---|---|---|---|---|---|---|
| 1 | 0.647 | 0.003 | 0.042 | 0.020 | 1.168 | 0.020 | 0.020 | 0.049 | 0.043 |
| 2 | 0.552 | 0.004 | 0.007 | 0.003 | 1.217 | 0.002 | 0.028 | 0.000 | 0.000 |
| 3 | 0.967 | 0.008 | 0.008 | 0.028 | 0.420 | 0.003 | 0.038 | 0.003 | 0.000 |
| 4 | 0.067 | 0.000 | 0.000 | 0.001 | 1.536 | 0.009 | 0.031 | 0.001 | 0.003 |
| 5 | 0.137 | 0.000 | 0.000 | 0.019 | 1.342 | 0.000 | 0.021 | 0.000 | 0.012 |
| 6 | 0.566 | 0.000 | 0.013 | 0.018 | 1.076 | 0.002 | 0.017 | 0.000 | 0.000 |
| 7 | 1.336 | 0.001 | 0.001 | 0.004 | 0.957 | 0.120 | 0.009 | 0.001 | 0.000 |
| 8 | 1.063 | 0.003 | 0.000 | 0.005 | 0.407 | 0.000 | 0.023 | 0.008 | 0.045 |
| 9 | 0.770 | 0.004 | 0.001 | 0.008 | 2.186 | 0.000 | 0.064 | 0.127 | 0.000 |
| 10 | 0.905 | 0.003 | 0.000 | 0.011 | 0.380 | 0.002 | 0.019 | 0.002 | 0.000 |
| 11 | 1.266 | 0.000 | 0.007 | 0.010 | 0.745 | 0.002 | 0.000 | 0.001 | 0.000 |
| 12 | 0.885 | 0.004 | 0.012 | 0.014 | 0.842 | 0.000 | 0.026 | 0.002 | 0.000 |




പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും കൃഷിയ്ക്ക് തന്നെയാണ് മുൻതൂക്കം. ഏറ്റവും കൂടുതൽ കൃഷിയുള്ള വാർഡുകൾ കൊട്ടറ, തച്ചക്കോട്, പൂയപ്പള്ളി ഈസ്റ്റ്, മൈലോട്, ചെങ്കുളം എന്നീ വാർഡുകളിലാണ്. ചിത്രം 2.7 ൽ ഓരോ വാർഡിലെയും വിവിധ ഭൂവിനിയോഗങ്ങളുടെ വിതരണം സൂചിപ്പിക്കുന്നു.

*ചിത്രം 2.7 ഭൂവിനിയോഗത്തിന്റെ വാർഡുതല വ്യതിയാനം*

## 2.2 വിവിധ ഭൂവിനിയോഗങ്ങളുടെ കേന്ദ്രീകരണം

വിവിധ ഭൂവിനിയോഗങ്ങളുടെ കേന്ദ്രീകരണം കണക്കാക്കുന്നത് അതാത് ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണ സൂചകത്തിന്റെ (concentration index) താരതമ്യത്തിലൂടെയാണ്. ഒരു ഭൂവിനിയോഗത്തിന്റെ ഒരു വാർഡിലെ കേന്ദ്രീകരണ സൂചകം =

$$\frac{\text{ഒരു വാർഡിലെ പ്രസ്തുത ഭൂവിനിയോഗത്തിന്റെ ശതമാനം}}{\text{ഗ്രാമ പഞ്ചായത്തിന്റെ അതേ ഭൂവിനിയോഗത്തിന്റെ ശതമാനം}}$$

കേന്ദ്രീകരണ സൂചകം ഒന്നോ, ഒന്നിൽ കുറവോ, ഒന്നിൽ കൂടുതലോ ആകാം. ഒന്നിൽ കുറവ് സൂചിപ്പിക്കുന്നത്, ആ വാർഡിൽ പ്രസ്തുത ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണം ഇല്ലെന്നാണ്. ഒന്നോ ഒന്നിൽ കൂടുതലോ സൂചിപ്പിക്കുന്നത് കേന്ദ്രീകരണം ഉണ്ടെന്നാണ്. ഇതുപ്രകാരം പൂയപ്പള്ളി പഞ്ചായത്തിൽ ഏറ്റവും കൂടുതലായി കൃഷി കേന്ദ്രീകരിച്ചിരിക്കുന്നതെവിടെയാണെന്ന് ചിത്രം 2.8 ൽ കാണിച്ചിരിക്കുന്നു. ചിത്രത്തിൽ നിന്നും കൃഷിയുടെ ഒരു കേന്ദ്രീകരണം കാണപ്പെടുന്നത് കൊട്ടറ, തച്ചക്കോട്, പൂയപ്പള്ളി ഈസ്റ്റ്, മൈലോട്, ചെങ്കുളം എന്നീ വാർഡുകളിലാണ് എന്ന് വ്യക്തമാകുന്നു.

പൂയപ്പള്ളി പഞ്ചായത്തിൽ മറ്റുള്ള മേഖലകൾക്ക് വ്യക്തമായ ഒരു കേന്ദ്രീകരണം കാണാൻ സാധിക്കുന്നില്ല.




*ചിത്രം 2.8 കൃഷി കേന്ദ്രീകൃത മേഖല*

## 2.3 വാസമേഖലയുടെ തരംതിരിവ്

അനുബന്ധം 1 പ്രകാരം പൂയപ്പള്ളിയിൽ 41% വരുന്ന വാസമേഖലയെ ഇത്തരത്തിൽ തരംതിരിക്കുമ്പോൾ 29% സ്ഥലങ്ങളും കൃഷിയ്ക്കനുയോജ്യമായ വിസ്തൃതിയുള്ള പുരയിടങ്ങളോടുകൂടിയ കാർഷിക വാസമേഖലയിൽ പെടുന്നവയാണെന്ന് കാണാം. അതായത് ഇവിടങ്ങളിലെ പുരയിടങ്ങളുടെ വിസ്തൃതി 50 സെന്റിനും മുകളിലാണ്. ബാക്കിയുള്ള 12% പ്രദേശങ്ങൾ മാത്രമാണ് പൂർണ്ണ അർത്ഥത്തിൽ വാസമേഖലയായി പറയാവുന്നത്. ഈ പ്രദേശങ്ങളിൽ പുരയിടങ്ങളുടെ വിസ്തൃതി 25 സെന്റിലും താഴെയായിരിക്കും.

വാസ മേഖലയെ ഇങ്ങനെ തരംതിരിച്ചതിനു ശേഷമുള്ളഞ്ചായത്തിന്റെ ഭൂവിനിയോഗം പട്ടിക 2.7 ൽ കാണിച്ചിരിക്കുന്നു.

*പട്ടിക 2.7 വാസമേഖലയുടെ തരംതിരിവിന് ശേഷമുള്ള ഭൂവിനിയോഗം*

| ഭൂവിനിയോഗം | നിലവിലെ വാസ മേഖല | പബ്ലിക് & സെമിപബ്ലിക് | കാർഷിക മേഖല | ജലാശയം | തരിശ് മേഖല | ഗതാഗത മേഖല | കൃഷിക്ക് സാധ്യതയുള്ള വാസമേഖലയിലെ പ്രദേശം |
|---|---|---|---|---|---|---|---|
| വിസ്തീർണ്ണം (ശതമാനം) | 12 | 1 | 55 | 1 | 1 | 1 | 29 |




*ചിത്രം 2.9 വാസമേഖലയുടെ തരംതിരിവിന് ശേഷമുള്ള ഭൂവിനിയോഗം*



*ചിത്രം 2.10 വാസമേഖലയുടെ തരംതിരിവ് വ്യക്തമാക്കുന്ന ഭൂവിനിയോഗ മാപ്പ്*

ചിത്രം 2.10 ൽ വാസമേഖലയുടെ തരംതിരിവ് കൂടി വ്യക്തമാക്കുന്ന ഭൂവിനിയോഗ മാപ്പ് കാണിച്ചിരിക്കുന്നു. പൂയപ്പള്ളി പഞ്ചായത്തിലെ വാസമേഖലയുടെ ഭൂരിഭാഗവും പുരയിടകൃഷിയ്ക്കനുയോജ്യമാണെന്ന് ഭൂവിനിയോഗ മാപ്പ് പരിശോധിച്ചാൽ മനസ്സിലാക്കാം.

## 2.4 പ്രവർത്തന സ്വഭാവം (Functional Character)

കൊല്ലം ജില്ലയുടെ പശ്ചാത്തലത്തിൽ പൂയപ്പള്ളിയെ വിശകലനം ചെയ്യുമ്പോൾ കാർഷിക പ്രവർത്തനങ്ങൾക്കു മുൻതൂക്കമുള്ള കാർഷിക വികസന മേഖലയിലാണ് പൂയപ്പള്ളിയെ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് കാണാം. ജില്ലയിലെ പഞ്ചായത്തുകളിൽ കാർഷിക പ്രവർത്തനങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് പൂയപ്പള്ളി. ചിത്രം 2.11 കാണുക.




*ചിത്രം 2.11 പ്രവർത്തന സ്വഭാവം – കൊല്ലം ജില്ല*

ഇതു സൂചിപ്പിക്കുന്നത് പൂയപ്പള്ളി പഞ്ചായത്തിൽ പുരയിടങ്ങളുടെ വിസ്തൃതി പൊതുവെ 70 സെന്റിനും മുകളിലാണെന്നാണ്. പൂയപ്പള്ളിയുടെ വാർഡുതലത്തിലുള്ള ഒരു വിശകലനത്തിൽ നിന്നും വ്യക്തമാകുന്നത് (ചിത്രം 2.12) പഞ്ചായത്തിലെ പൂയപ്പള്ളി ടൗൺ, പയ്യക്കോട്, മരുതമൺപള്ളി, നാൽക്കവല എന്നീ വാർഡുകൾ മാത്രം ഒരു അർദ്ധ ഗ്രാമീണ സ്വഭാവം കാണിയ്ക്കുന്നു എന്നാണ്. കൊട്ടറി, തച്ചക്കോട്, പൂയപ്പള്ളി ഈസ്റ്റ്, മൈലോട്, വേങ്കോട്, കോഴിക്കോട്, ചെങ്കുളം, പുന്നക്കോട് എന്നീ വാർഡുകൾ തികച്ചും ഗ്രാമീണ സ്വഭാവം തന്നെയാണ് കാണിക്കുന്നത്.




*ചിത്രം 2.12 വാർഡുകളുടെ പ്രവർത്തന സ്വഭാവം – പൂയപ്പള്ളി*

## 2.5 അനുമാനം

*ഭൂവിനിയോഗം വിശകലനം ചെയ്യുമ്പോൾ പൂയപ്പള്ളി ഒരു കാർഷിക പ്രധാനമായ പഞ്ചായത്താണ് എന്ന് മനസ്സിലാക്കാം. മറ്റൊരു മേഖലയ്ക്കും പഞ്ചായത്തിൽ കാര്യമായ മുൻതൂക്കം കാണുന്നില്ല.*

# അദ്ധ്യായം 3

# ജനസംഖ്യാ പഠനം

*പൂയപ്പള്ളി പഞ്ചായത്തിന്റെ ജനസംഖ്യ, ജനസാന്ദ്രത, ജനസംഖ്യാ വളർച്ചാ നിരക്ക്, ജന സംഖ്യാ വിതരണം തുടങ്ങിയവയേക്കുറിച്ചുള്ള വിശകലനങ്ങളാണ് ഈ അദ്ധ്യായത്തിൽ പ്രതി പാദിച്ചിരിക്കുന്നത്.*

പൂയപ്പള്ളി പഞ്ചായത്തിന്റെ ജനസംഖ്യ 2001 ലെ സെൻസസ് പ്രകാരം 23,924 ആണ്. ഇത് കൊല്ലം ജില്ലയുടെ മൊത്തം ജനസംഖ്യയുടെ 0.92% മാണ്. ഇതിൽ 12,525 സ്ത്രീകളും, 11,399 പുരുഷന്മാരും ഉണ്ട്. കഴിഞ്ഞ വിവിധ സെൻസസ് കാലങ്ങളിൽ പഞ്ചായത്തിന്റെ ജനസംഖ്യ ചിത്രം 3.1 ൽ കാണിച്ചിരിക്കുന്നു.




| വർഷം | ജനസംഖ്യ | ജനസംഖ്യ വളർച്ചാ നിരക്ക് |
|---|---|---|
| 1971 | 17886 | |
| 1981 | 20280 | 13.38 |
| 1991 | 21807 | 7.53 |
| 2001 | 23924 | 9.71 |

*ചിത്രം 3.1 ജനസംഖ്യാ വ്യതിയാനവും വളർച്ചാ നിരക്കും –ദശാബ്ദങ്ങളിൽ*

പൂയപ്പള്ളി ഉൾപ്പെടുന്ന കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിലെ ഗ്രാമ പഞ്ചായത്തുക ളുടെ ഒരു താരതമ്യ പഠനത്തിൽ നിന്നും മനസ്സിലാകുന്നത് പൂയപ്പള്ളി പഞ്ചായത്തിന്റെ ജന സംഖ്യ കൊട്ടാരക്കര ബ്ലോക്കിന്റെ ജനസംഖ്യയുടെ 14% മാത്രമാണെന്നാണ്. കൊട്ടാരക്കര ബ്ലോക്കിലെ 6 പഞ്ചായത്തുകളിൽ ഏറ്റവും കൂടിയ ജനസംഖ്യ വെളിയം ഗ്രാമ പഞ്ചായത്തിലും ഏറ്റവും കുറവ് ജനസംഖ്യ പൂയപ്പള്ളി ഗ്രാമ പഞ്ചായത്തിലുമാണ്. സമീപ പഞ്ചായത്തുകളു മായി താരതമ്യപ്പെടുത്തുമ്പോഴും, താരതമ്യേന കുറവ് ജനസംഖ്യയുള്ള ഒരു പഞ്ചായത്താണ് പൂയപ്പള്ളി. ഇത് ചിത്രം 3.2 ൽ കാണിച്ചിരിക്കുന്നു




| പഞ്ചായത്ത് | ജനസംഖ്യ |
|---|---|
| കരീപ്ര | 28888 |
| നെടുമ്പന | 47488 |
| വെളിയം | 31789 |
| ആദിച്ചനല്ലൂർ | 32906 |
| ചാത്തന്നൂർ | 51679 |
| വെളിനല്ലൂർ | 27065 |
| കല്ലുവാതുക്കൽ | 47940 |
| ഇളമാട് | 26382 |
| **പൂയപ്പള്ളി** | **23924** |

*ചിത്രം 3.2 പൂയപ്പള്ളിയുടെ സമീപ പഞ്ചായത്തുകളുമായുള്ള ജനസംഖ്യാ താരതമ്യം*

## 3.1 ജനസംഖ്യാ വളർച്ചാ നിരക്ക്

പൂയപ്പള്ളി പഞ്ചായത്തിന്റെ ജനസംഖ്യാ വളർച്ചാ നിരക്ക് 91–2001 കാലയളവിൽ 9.71% ആണ്. ഇത് ജില്ലയുടെ വളർച്ചാ നിരക്കായ 7.38% നേക്കാളും, ബ്ലോക്കിന്റെ വളർച്ചാ നിരക്കായ 8.27% നേക്കാളും അധികമാണ്. കഴിഞ്ഞ കാലങ്ങളിലേതുമായി താരതമ്യം ചെയ്യുന്ന പക്ഷം ഇത് 1971–81 കാലയളവിൽ 13.73 ശതമാനവും, 1981–91 കാലയളവിൽ 7.53 ശതമാനവും ആയിരുന്നതായി കാണാം. ചിത്രം 3.3 കാണുക.




*ചിത്രം 3.3 ജനസംഖ്യാ വളർച്ചാ നിരക്ക്- പൂയപ്പള്ളി, ബ്ലോക്ക്, ജില്ല*

സമീപ പഞ്ചായത്തുകളുമായി താരതമ്യ പഠനം നടത്തുമ്പോൾ പൂയപ്പള്ളിയുടെ ജനസംഖ്യാ വളർച്ചാ നിരക്ക് കൂടുതലായി കാണാം. പഞ്ചായത്തിന്റെ പുറത്തേയ്ക്കുള്ള കുടിയേറ്റം കുറവാണെന്നാണ് (4.75% വീടുകളിൽ നിന്നുമാത്രമാണ് ഒരാളെങ്കിലും പുറമേയ്ക്കു കുടിയേറിയിട്ടുള്ളത്) പഞ്ചായത്തിൽ നടത്തിയ സാമൂഹിക–സാമ്പത്തിക സർവ്വേയിൽ നിന്ന് മനസ്സിലാകുന്നത്. പഞ്ചായത്തിലേക്കുള്ള കുടിയേറ്റം ഏകദേശം 1 ശതമാനം ആണ്.

## 3.2 ജനസാന്ദ്രത

പൂയപ്പള്ളി പഞ്ചായത്തിന്റെ ജനസാന്ദ്രത 1081 (PPsq km) ആണ്. ഇത് കൊല്ലം ജില്ലയുമായി താരതമ്യപ്പെടുത്തുമ്പോൾ കുറവാണ്. സമീപ പഞ്ചായത്തുകളുമായി താരതമ്യപ്പെടുത്തുമ്പോൾ നാഷണൽ ഹൈവേയോട് ചേർന്നു കിടക്കുന്ന പഞ്ചായത്തുകളായ ആദിച്ചനല്ലൂർ തുടങ്ങിയവയേക്കാൾ കുറവും, കിഴക്കു ഭാഗത്തുള്ള പഞ്ചായത്തുകളായ ഇളമാട് തുടങ്ങിയവയേക്കാൾ നേരിയതോതിൽ കൂടുതലുമാണെന്നു കാണാം. ജനസാന്ദ്രതയുടെ ഒരു താരതമ്യ പഠനം ചിത്രം 3.4 ൽ കാണിച്ചിരിക്കുന്നു.




| പഞ്ചായത്ത് | ജന സാന്ദ്രത |
|---|---|
| നെടുമ്പന | 1885 |
| ചാത്തന്നൂർ | 1536 |
| ആദിച്ചനല്ലൂർ | 1480 |
| കല്ലുവാതുക്കൽ | 1303 |
| കരീപ്ര | 1241 |
| **പൂയപ്പള്ളി** | **1081** |
| വെളിയം | 1054 |
| വെളിനല്ലൂർ | 1022 |
| ഇളമാട് | 873 |

*ചിത്രം 3.4 ജനസാന്ദ്രത–പൂയപ്പള്ളിയും സമീപ പഞ്ചായത്തുകളും*

കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ ജനസാന്ദ്രത 1320 (PPsq km) ആണ്. ബ്ലോക്കിലെ വിവിധ പഞ്ചായത്തുകളിലെ ജനസാന്ദ്രതയുടെ വിതരണം ചിത്രം 3.5 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 3.5 കൊട്ടാരക്കര ബ്ലോക്കിലെ വിവിധ പഞ്ചായത്തുകളിലെ ജനസാന്ദ്രതാ വിതരണം*

പഞ്ചായത്തിന്റെ വാർഡടിസ്ഥാനത്തിലുള്ള ജനസാന്ദ്രത പരിശോധിച്ചാൽ പ്രധാന റോഡുകളോടു ചേർന്നുള്ള പൂയപ്പള്ളി ടൗൺ, മരുതമൺപള്ളി വാർഡുകളിലാണ് ജനങ്ങൾ കൂടുതലായി തിങ്ങിപ്പാർക്കുന്നതെന്നാണ്. പഞ്ചായത്ത് അതിർത്തിക്കു സമീപമുള്ള പ്രദേശങ്ങളിൽ പൊതുവേ ജനസാന്ദ്രത കുറവായാണ് കാണുന്നത്. ജനസാന്ദ്രത ഏറ്റവും കൂടിയിരിക്കുന്നത് മരുതമൺപള്ളി വാർഡിലും ഏറ്റവും കുറവ് ചെങ്കുളം വാർഡിലുമാണ്. പഞ്ചായത്തിന്റെ വാർഡടിസ്ഥാനത്തിലുള്ള ജനസാന്ദ്രതാ വ്യതിയാനം ചിത്രത്തിൽ (ചിത്രം 3.6) കാണിച്ചിരിക്കുന്നു.




| വാർഡ് നം. | ജന സാന്ദ്രത |
|---|---|
| 1 | 1099 |
| 2 | 1144 |
| 3 | 1502 |
| 4 | 1138 |
| 5 | 1110 |
| 6 | 1067 |
| 7 | 884 |
| 8 | 1215 |
| 9 | 702 |
| 10 | 1461 |
| 11 | 1013 |
| 12 | 1022 |

*ചിത്രം 3.6 വാർഡടിസ്ഥാനത്തിലുള്ള ജനസാന്ദ്രതാ വ്യതിയാനം*

## 3.3 സ്ത്രീ–പുരുഷ അനുപാതം

2001–ലെ സെൻസസ് പ്രകാരം പൂയപ്പള്ളി ഗ്രാമ പഞ്ചായത്തിലെ സ്ത്രീ–പുരുഷ അനുപാതം 1099 ആണ് (കൊല്ലം ജില്ലയുടേത് 1069). പൂയപ്പള്ളി പഞ്ചായത്തും സമീപ പഞ്ചായത്തുകളുമായുള്ള താരതമ്യം പട്ടിക 3.1 ൽ കാണിച്ചിരിക്കുന്നു.

*പട്ടിക 3.1 പൂയപ്പള്ളിയും മറ്റു ഗ്രാമ പഞ്ചായത്തുകളുമായുള്ള സ്ത്രീ–പുരുഷാനുപാതം താരതമ്യം*

| ക്രമ നം. | ഗ്രാമപഞ്ചായത്ത് | സ്ത്രീപുരുഷാനുപാതം |
|---|---|---|
| 1 | ആദിച്ചനല്ലൂർ | 1132 |
| 2 | ചാത്തന്നൂർ | 1105 |
| 3 | ഇളമാട് | 1099 |
| 4 | കല്ലുവാതുക്കൽ | 1095 |
| 5 | നെടുമ്പന | 1045 |
| 6 | **പൂയപ്പള്ളി** | **1099** |
| 7 | വെളിനല്ലൂർ | 1075 |
| 8 | വെളിയം | 1075 |
| 9 | കരീപ്ര | 1091 |

ആറു വയസ്സിനു താഴെയുള്ള കുട്ടികളുടെ സ്ത്രീ–പുരുഷ അനുപാതം 1037 ആണ്.

## 3.4 ജനസംഖ്യാ വിതരണം

പൂയപ്പള്ളി പഞ്ചായത്തിന്റെ നിലവിലെ ജനസംഖ്യ 23,924 ആണ്. ജനസംഖ്യയുടെ വാർഡുതല വിന്യാസം ചിത്രത്തിൽ കാണിച്ചിരിക്കുന്നു (ചിത്രം 3.8).

ചിത്രത്തിൽ നിന്നു വ്യക്തമാകുന്നത്, ജനങ്ങൾ കൂടുതലായി വസിക്കുന്നത് രണ്ടു പ്രധാന റോഡിനിരുവശവുമാണെന്നതാണ്. പൂയപ്പള്ളി ടൗൺ, വെങ്കോട്, പയ്യക്കോട്, മരുതമൺപള്ളി എന്നീ വാർഡുകളിലാണ് ഏറ്റവും കൂടുതൽ ജനങ്ങൾ വസിക്കുന്നത്.




*ചിത്രം 3.7 പൂയപ്പള്ളിയുടെ ജനസംഖ്യാ വിതരണം– വാർഡ് തലത്തിൽ*

## 3.5 അനുമാനം

*സമീപ പഞ്ചായത്തുകളേയും, ബ്ലോക്കിലെ മറ്റ് പഞ്ചായത്തുകളെയും കണക്കിലെടുക്കുമ്പോൾ താരതമ്യേന ജനസാന്ദ്രത കുറഞ്ഞ ഒരു പഞ്ചായത്താണ് പൂയപ്പള്ളി എന്നു കാണാം. എന്നാൽ ജില്ലയേക്കാളും, ബ്ലോക്കിനേക്കാളും ജനസംഖ്യാ വളർച്ചാനിരക്ക് ഇവിടെ കൂടുതലാണെന്നതും ശ്രദ്ധിക്കപ്പെടേണ്ട വസ്തുതയാണ്.*

# അദ്ധ്യായം 4

# തൊഴിൽ രംഗം

*പൂയപ്പള്ളി പഞ്ചായത്തിലെ തൊഴിൽ മേഖലയെക്കുറിച്ചും, തൊഴിൽ ഘടനയേക്കുറിച്ചും, കാലാകാലങ്ങളിൽ ഇവയിൽ വന്നിട്ടുള്ള മാറ്റങ്ങളേക്കുറിച്ചുമാണ് ഈ അദ്ധ്യായത്തിൽ വിവരിക്കുന്നത്.*

## 4.1 തൊഴിലാളികളുടെ എണ്ണം

2001 ലെ സെൻസസ് പ്രകാരം, പൂയപ്പള്ളി പഞ്ചായത്തിലെ തൊഴിലെടുക്കുന്നവരുടെ എണ്ണം 8382 ആണ്. ഇത് പൂയപ്പള്ളിയുടെ മൊത്തം ജനസംഖ്യയുടെ 35.04 ശതമാനമാണ്. അതായത് പൂയപ്പള്ളി പഞ്ചായത്തിന്റെ തൊഴിൽ പങ്കാളിത്ത നിരക്ക് 35.04 ശതമാനമാണ് (ചിത്രം 4.1). ജില്ലയുടെ തൊഴിൽ പങ്കാളിത്ത നിരക്കായ 33% ശതമാനത്തിനേക്കാൾ മെച്ചപ്പെട്ടതാണിവിടുത്തെ സ്ഥിതി.




*ചിത്രം 4.1 തൊഴിൽ പങ്കാളിത്ത നിരക്ക് – പൂയപ്പള്ളി*

കാലക്രമത്തിലുള്ള, പൂയപ്പള്ളിയുടെ തൊഴിൽ പങ്കാളിത്ത നിരക്കിന്റെ വ്യതിയാനം ചിത്രത്തിൽ കാണിച്ചിരിക്കുന്നു.




*ചിത്രം 4.2 തൊഴിൽ പങ്കാളിത്ത നിരക്ക് – വ്യതിയാനം*

മെച്ചപ്പെട്ട തൊഴിൽ പങ്കാളിത്ത നിരക്ക് സൂചിപ്പിക്കുന്നത് സാമാന്യം ഭേദപ്പെട്ട സാമ്പത്തിക അടിത്തറ ഇവിടെയുണ്ടെന്നാണ്. തൊഴിൽ പങ്കാളിത്ത നിരക്കിന്റെ കാലക്രമത്തിലുള്ള വ്യതിയാനം പരിശോധിക്കുമ്പോൾ (ചിത്രം 4.2) തൊഴിലാളികളുടെ വർദ്ധനവ് ഉണ്ടാകുന്നുണ്ടെങ്കിലും, ജനസംഖ്യാ വർദ്ധനവിനനുസരിച്ച് (ചിത്രം 4.3) തൊഴിൽ പങ്കാളിത്തം വർദ്ധിക്കുന്നില്ലെന്ന് കാണാം.




*ചിത്രം 4.3 തൊഴിലാളികളുടെ വർദ്ധനവ്- പൂയപ്പള്ളി*

പൂയപ്പള്ളി പഞ്ചായത്തിന്റെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 22 ശതമാനമാണ്. ജില്ലയുടെതുമായി താരതമ്യം ചെയ്യുമ്പോൾ ഇതു കുറവായാണ് കാണുന്നത്. പഞ്ചായത്തിലെ തൊഴിൽ സേനയിൽ 5670 പുരുഷന്മാരും 2715 സ്ത്രീകളുമാണുള്ളത്.

## 4.2 തൊഴിൽഘടന

മൊത്തം തൊഴിലാളികളിൽ വിവിധ തൊഴിലെടുക്കുന്നവരുടെ എണ്ണമാണ് തൊഴിൽ ഘടന എന്നത് കൊണ്ടുദ്ദേശിക്കുന്നത്. തൊഴിലെടുക്കുന്നവരെ മാർജിനൽ വർക്കേഴ്സ്, മെയിൻ വർക്കേഴ്സ് എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട് (സെൻസസ് പ്രകാരം). ഒരു വർഷം 180 ദിവസത്തിൽ താഴെ തൊഴിൽ ലഭിക്കുന്നവരെയാണ് നാമമാത്ര തൊഴിലാളികളായി (മാർജിനൽ വർക്കേഴ്സ്) ഉൾപ്പെടുത്തിയിരിക്കുന്നത്. പൂയപ്പള്ളി പഞ്ചായത്തിൽ മൊത്തം 8385 (35.04%) തൊഴിലാളികളുള്ളതിൽ 6338 (75%) മെയിൻ വർക്കേഴ്സും 2047 (25%) മാർജിനൽ വർക്കേഴ്സുമാണുള്ളത് (ചിത്രം 4.4).




| തൊഴിലാളികളുടെ തരം | എണ്ണം |
|---|---|
| മെയിൻ വർക്കേഴ്സ് | 6338 |
| മാർജിനൽ വർക്കേഴ്സ് | 2047 |

*ചിത്രം 4.4 മെയിൻ-മാർജിനൽ വർക്കേഴ്സ്*

മെയിൻ വർക്കേഴ്സിനെ തന്നെ നാലായി തരം തിരിച്ചിരിക്കുന്നു. 1. കർഷകർ, 2. കർഷകതൊഴിലാളികൾ, 3. കുടിൽ വ്യവസായ തൊഴിലാളികൾ, 4. മറ്റുള്ള തൊഴിലാളികൾ. ഇവരുടെ എണ്ണവും ശതമാനവും താഴെ ചിത്രത്തിൽ കാണിച്ചിരിക്കുന്നു (ചിത്രം 4.5).




| തൊഴിലാളികളുടെ തരം | എണ്ണം |
|---|---|
| കർഷകർ | 1341 |
| കർഷക തൊഴിലാളികൾ | 1700 |
| കുടിൽ വ്യവസായ തൊഴിലാളികൾ | 181 |
| മറ്റുള്ള തൊഴിലാളികൾ | 5163 |

*ചിത്രം 4.5 മെയിൻ വർക്കേഴ്സിന്റെ തരംതിരിവ്*

ഈ കണക്കുകൾ സൂചിപ്പിക്കുന്നത് മൊത്തം തൊഴിലാളികളിൽ 36% പേർ കാർഷിക മേഖലയിൽ പ്രവർത്തിക്കുന്നു എന്നാണ്. ജില്ലയിൽ ഇത് 21.51% ആണ്. കർഷകരുടെയും കർഷകതൊഴിലാളികളുടെയും താരതമ്യേന കൂടിയ എണ്ണം കാർഷിക മേഖലയുടെ ശക്തമായ സാന്നിദ്ധ്യമാണ് സൂചിപ്പിക്കുന്നത്. നേരിട്ടുള്ള വിവരശേഖരണത്തിൽ നിന്നും മനസ്സിലാകുന്നത് കശുവണ്ടി വ്യവസായങ്ങളിലും (5375), കൈത്തറി മേഖലയിലും (25ലധികം), പാറ ഖനന തൊഴിൽ (100) മേഖലയിലും ഗണ്യമായ എണ്ണം ആൾക്കാർ പണിയെടുക്കുന്നു എന്നാണ്.

പൂയപ്പള്ളി പഞ്ചായത്തിലെ തൊഴിലാളികളുടെ ഒരു വാർഡുതല വിതരണം പരിശോധിച്ചാൽ (ചിത്രം 4.6) കർഷകരും, കൃഷിതൊഴിലാളികളും എല്ലാ വാർഡുകളിലുമുണ്ടെന്ന് മനസ്സിലാക്കാം.




| വാർഡ് നം | കർഷകർ | കർഷക തൊഴിലാളികൾ | കുടിൽ വ്യവസായ തൊഴിലാളികൾ | മറ്റുള്ള തൊഴിലാളികൾ |
|---|---|---|---|---|
| 1 | 15.49 | 32.02 | 3.94 | 48.54 |
| 2 | 23.73 | 18.78 | 7.07 | 50.42 |
| 3 | 9.93 | 15.5 | 1.46 | 73.11 |
| 4 | 16.61 | 22.09 | 0 | 61.3 |
| 5 | 19.69 | 10.99 | 2.14 | 67.18 |
| 6 | 5.54 | 28.3 | 2.1 | 64.05 |
| 7 | 13.34 | 24.82 | 0.14 | 61.69 |
| 8 | 21.44 | 9.98 | 0.21 | 68.37 |
| 9 | 19.55 | 20.48 | 0.26 | 59.71 |
| 10 | 11.56 | 27.93 | 0.16 | 60.35 |
| 11 | 19.88 | 11.66 | 2.69 | 65.77 |
| 12 | 11.45 | 13.55 | 2.1 | 72.9 |

*ചിത്രം 4.6 തൊഴിലാളികളുടെ വാർഡുതല വിതരണം*

എങ്കിലും കർഷകരുടെ ഒരു കേന്ദ്രീകരണം കാണുന്നത് പൂയപ്പള്ളി ടൗൺ, മൈലോട്, പുന്നക്കോട്, ചെങ്കുളം, പയ്യക്കോട് എന്നീ വാർഡുകളിലും കാർഷിക തൊഴിലാളികൾ കൊട്ടറ, പൂയപ്പള്ളി ഈസ്റ്റ്, വെങ്കോട്, മരുതമൺപള്ളി, കോഴിക്കോട്, എന്നീ വാർഡുകളിലുമാണ് എന്നു കാണാം.

കർഷകരുടെയും കാർഷിക തൊഴിലാളികളുടെയും വാർഡുതല കേന്ദ്രീകരണം ചിത്രം 4.7 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 4.7 കർഷകരുടെയും കർഷക തൊഴിലാളികളുടെയും കേന്ദ്രീകരണം*

കുടിൽ വ്യവസായ തൊഴിലാളികളുടെ വിതരണം പരിശോധിച്ചാൽ കൊട്ടറ, തച്ചക്കോട് വാർഡുകളിലായാണെന്നു കാണാം. കുടിൽ വ്യവസായ തൊഴിലാളികൾ പൂയപ്പള്ളി പഞ്ചായത്തിൽ ഏകദേശം 2% (157) പേരാണുള്ളത്.

പൂയപ്പള്ളിയുടെ തൊഴിൽഘടനയും, തൊഴിൽ പങ്കാളിത്ത നിരക്കും സൂചിപ്പിക്കുന്നത് പഞ്ചായത്തിലെ തൊഴിൽ പങ്കാളിത്ത നിരക്ക് താരതമ്യേന കൂടുതലാണെന്നും, കാർഷിക മേഖലയ്ക്കു മുൻതൂക്കമുണ്ടെന്നുമാണ്.

## 4.3 അനുമാനം

*പൂയപ്പള്ളി പഞ്ചായത്തിന്റെ തൊഴിൽ പങ്കാളിത്ത നിരക്ക് ഉയർന്നതാണെന്നും, പഞ്ചായത്തിലെ കാർഷിക മേഖല ഒരു മികച്ച സാമ്പത്തിക അടിത്തറയെ പ്രദാനം ചെയ്യുന്നുണ്ടെന്നും, 36% തൊഴിലാളികൾ കൃഷിക്കാരോ കർഷകത്തൊഴിലാളികളോ ആണ് എന്നും മേൽ വിവരിച്ച സംഗതികളിൽ നിന്നും വ്യക്തമാകുന്നുണ്ട്.*

<<< previous | contents | next >>>

# അദ്ധ്യായം 5

# കൃഷിയും അനുബന്ധ മേഖലകളും

*കൊല്ലം ജില്ലയിലെ കൃഷിയ്ക്കു പ്രാധാന്യമുള്ള ഒരു മേഖലയിലാണ് പൂയപ്പള്ളി പഞ്ചായത്തിന്റെ സ്ഥാനം. കാർഷിക പ്രധാനമെന്നു കണ്ട പൂയപ്പള്ളി ഗ്രാമപഞ്ചായത്തിലെ കൃഷി-കൃഷി അനുബന്ധ മേഖലകളിലെ, പ്രവർത്തനങ്ങളേക്കുറിച്ചുള്ള വിശകലനങ്ങളാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.*

ഈ പഞ്ചായത്ത് ഉൾപ്പെടുന്ന കൊട്ടാരക്കര ബ്ലോക്കിന്റെ ഭൂവിനിയോഗം പരിശോധിച്ചാൽ കൃഷിഭൂമിയുടെ വിസ്തൃതി ആകെ ഭൂഭാഗത്തിന്റെ 52% എന്നു കാണാം. ബ്ലോക്കിലെ ഇതര പഞ്ചായത്തുകളുമായി താരതമ്യം ചെയ്യുമ്പോൾ പൂയപ്പള്ളിയ്ക്ക് ആനുപാതികമായി കൂടുതൽ കൃഷി ഭൂമി ഉണ്ട് എന്നു കാണാം. സമീപ പഞ്ചായത്തുകളുമായി താരതമ്യം ചെയ്യുമ്പോഴും പൂയപ്പള്ളി കാർഷിക പ്രധാന പ്രദേശമാണെന്ന് കാണാം (ചിത്രം 5.1). ഭൂവിനിയോഗ പഠനത്തിൽ കണ്ടതുപോലെ പൂയപ്പള്ളിയുടെ ഭൂവിനിയോഗത്തിൽ 55% കൃഷിയ്ക്കാണുപയോഗിക്കുന്നത്.




| പഞ്ചായത്ത് | കാർഷിക മേഖല (വിസ്തൃതി) |
|---|---|
| എഴുകോൺ | 37.06 |
| കരീപ്ര | 30.6 |
| കൊട്ടാരക്കര | 45.73 |
| നെടുവത്തൂർ | 64.02 |
| പൂയപ്പള്ളി | 54.79 |
| വെളിയം | 67.68 |

*ചിത്രം 5.1 കൃഷിഭൂമിയുടെ ശതമാനം- കൊട്ടാരക്കര ബ്ലോക്കിലെ പഞ്ചായത്തുകൾ*

കാർഷിക പ്രധാനമായ ഈ പഞ്ചായത്തിൽ കൃഷിയെ ആശ്രയിച്ചു ജീവിക്കുന്ന നിരവധി കുടുംബങ്ങളുണ്ട്. ഏകദേശം 36%ത്തോളം തൊഴിലാളികളും കൃഷിയുമായി ബന്ധപ്പെട്ടവരാണ്. കൊട്ടാരക്കര ബ്ലോക്കിലെ മറ്റു പഞ്ചായത്തുകളുമായി താരതമ്യം ചെയ്യുമ്പോൾ ഇത് ഏറ്റവും കൂടുതലാണ് (ചിത്രം 5.2).

**കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവർ - കൊട്ടാരക്കര ബ്ലോക്ക്**




| പഞ്ചായത്ത് | കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവർ (ശതമാനം) |
|---|---|
| എഴുകോൺ | 23.58 |
| കരീപ്ര | 23.75 |
| കൊട്ടാരക്കര | 23.84 |
| നെടുവത്തൂർ | 32.92 |
| പൂയപ്പള്ളി | 36.27 |
| വെളിയം | 31.65 |

*ചിത്രം 5.2 കർഷക തൊഴിലാളികളുടെ ശതമാനം- കൊട്ടാരക്കര ബ്ലോക്കിലെ പഞ്ചായത്തുകൾ*

കേരളത്തിന്റെ പൊതുവേയുള്ള കാലാവസ്ഥയിൽ ലഭിക്കുന്ന മഴ, ഇത്തിക്കര ആറ്, കെ. ഐ.പി.കനാൽ, പൂയപ്പള്ളിയിൽ നിലവിലുള്ള തലക്കുളങ്ങൾ എന്നിവയെയാണ് ജലസേചനത്തിനായി കർഷകർ ആശ്രയിക്കുന്നത്.

## 5.1 കൃഷി- മുൻകാലങ്ങളിലെ സ്ഥിതി

സംസ്ഥാനത്തിലെ മറ്റു പ്രദേശങ്ങളിലെന്ന പോലെ ഇവിടെയും ജന്മി കുടിയാൻ വ്യവസ്ഥ നിലനിന്നിരുന്നു. കുടിയാൻമാർ ദീർഘകാലം നടത്തിയ സമരത്തിന്റെ ഫലമായി 1957-ലെ കേരളാ ഗവൺമെന്റ് ഭൂപരിഷ്ക്കരണ നിയമവും ജന്മിക്കരം നിരോധന ബില്ലും പാസാക്കി നടപ്പാക്കിയതിന്റെ ഫലമായിട്ടാണ് കുടിയായ്മ വ്യവസ്ഥ അവസാനിച്ചതും, കൃഷിക്കാർക്ക് കൈവശ ഭൂമിയിൽ സ്ഥിരാവകാശം ലഭിച്ചതും.

കാർഷിക മേഖലയിൽ പൂയപ്പള്ളി പഞ്ചായത്തിൽ നെൽകൃഷിക്ക് പുറമേ നാളികേരവും, കശുവണ്ടിയുമാണ് വ്യാപകമായി കൃഷി ചെയ്തിരുന്നത്. ഇന്ന് കാണുന്ന റബ്ബർ തോട്ടങ്ങൾ ഭൂരിഭാഗവും കശുവണ്ടി തോട്ടങ്ങളായിരുന്നു. പഞ്ചവത്സര പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയപ്പോൾ കാർഷികാഭിവൃദ്ധിക്ക് പ്രാമുഖ്യം നൽകിയിരുന്നു. എങ്കിലും ഈ രംഗത്ത് ശ്രദ്ധേയമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതി നടത്തിപ്പിലെ പാളിച്ചകൾ, കൃഷിക്കാർക്ക് നേരിട്ട് പങ്കാളിത്തം ലഭിക്കാതിരുന്നത് തുടങ്ങി പല ഘടകങ്ങളും ഇതിന് കാരണമായിരുന്നു. ഉൽപന്നങ്ങൾ വിറ്റഴിക്കാനുള്ള സൗകര്യക്കുറവ്, ന്യായവില ലഭിക്കാത്തത്, കർഷകത്തൊഴിലാളികളെ കിട്ടാനുള്ള വൈഷമ്യം എന്നിവ പ്രധാന പ്രശ്നങ്ങളായിരുന്നു.

## 5.2 കൃഷി നിലവിലെ അവസ്ഥ

പൂയപ്പള്ളി പഞ്ചായത്തിൽ പ്രധാനമായും കൃഷി ചെയ്യപ്പെടുന്ന കാർഷിക വിളകൾ നെല്ല്, തെങ്ങ്, റബ്ബർ, മരച്ചീനി, വാഴ എന്നിവയാണ്. പുരയിടകൃഷിയായി കാണപ്പെടുന്നത് ഉൾപ്പെടെ 36% ത്തോളം പ്രദേശങ്ങളിൽ കൃഷി ചെയ്യപ്പെടുന്ന നാളികേരം ആണ് പ്രധാന വിള. 34% കൃഷി ചെയ്യപ്പെടുന്ന റബ്ബറും, 16 ശതമാനത്തോളം വരുന്ന നെൽകൃഷിയും, 10 ശതമാനത്തോളം വരുന്ന മരച്ചീനി കൃഷിയും 4 ശതമാനത്തോളം വരുന്ന മറ്റു വിളകളുമാണ് ഇവിടുത്തെ കാർഷികമേഖലയിൽ പ്രധാനമായും ഉള്ളത് (ചിത്രം 5.3, പട്ടിക 5.1, പട്ടിക 5.2)




*ചിത്രം 5.3 പ്രധാന വിളകൾ*

*പട്ടിക 5.1 വിളകൾ-വിസ്തൃതി*

| കൃഷി | വിസ്തൃതി (ശതമാനം) |
|---|---|
| നെല്ല് | 16 |
| നാളികേരം | 36 |
| റബ്ബർ | 34 |
| മരച്ചീനി | 10 |
| മറ്റ് വിളകൾ | 4 |

*പട്ടിക 5.2 വിളകൾ-ഉദ്പാദനം, ഉദ്പാദന ക്ഷമത*

| കൃഷി | വിസ്തീർണ്ണം (ഹെക്ടർ) | ഉത്പാദനം (ടൺ) | ഉത്പാദന ക്ഷമത |
|---|---|---|---|
| നെല്ല് | 210 | 483 | 2300 |
| നാളികേരം | 780 | 7332 | 9400 |
| റബ്ബർ | 200 | 240 | 1200 |
| മരച്ചീനി | 190 | 2565 | 13500 |

### 5.2.1 നെൽകൃഷി

കൊല്ലം ജില്ലയിൽ തന്നെ വ്യാപകമായി നെൽകൃഷി ചെയ്യപ്പെടുന്ന നിരവധി പഞ്ചായത്തുകളിലൊന്നാണ് പൂയപ്പള്ളി. ജില്ലയിലെ പഞ്ചായത്തുകളിൽ നെല്ലുല്പാദനത്തിൽ മുമ്പിൽ നിൽക്കുന്ന ആദ്യത്തെ 25 പഞ്ചായത്തുകളിൽ പെടുന്നു പൂയപ്പള്ളി. ജില്ലയുടെ നെല്ലുത്പാദനത്തിന്റെ ഏകദേശം 2.6% (784 മെ ടൺ) ഇവിടെനിന്നാണ് (ചിത്രം 5.4). നെൽകൃഷിയുടെ വിസ്തൃതിയുടെ കണക്കിൽ ആദ്യത്തെ 17 പഞ്ചായത്തുകളിൽ ഒന്നാണ് പൂയപ്പള്ളി. ജില്ലയിൽ ആകെ കൃഷി ചെയ്യപ്പെടുന്നതിന്റെ 2.2% (210 ഹെക്ടർ) നെൽകൃഷി പൂയപ്പള്ളിയിലാണുള്ളത്.




*ചിത്രം 5.4 നെൽകൃഷി– പഞ്ചായത്തുതല വിതരണം*

സമീപ പ്രദേശങ്ങളിലെ നെൽകൃഷിയുമായി താരതമ്യം ചെയ്യുമ്പോൾ കരീപ്ര, നെടുമ്പന, കല്ലുവാതുക്കൽ, വെളിയം എന്നിവയ്ക്കു താഴെയാണ് പൂയപ്പള്ളിയുടെ സ്ഥാനം. കൊല്ലം ജില്ലയിലെ നെൽകൃഷിയുടെ 24 ശതമാനവും പൂയപ്പള്ളിയിലും സമീപ പഞ്ചായത്തുകളിലുമായാണ്. ആദിച്ചനല്ലൂർ, ചാത്തന്നൂർ തുടങ്ങിയ പഞ്ചായത്തുകളിൽ നിന്നുള്ള വയലുകളുടെ നല്ലൊരു തുടർച്ച ഇവിടെ കാണാവുന്നതാണ്. പൂയപ്പള്ളിയിലും സമീപ പഞ്ചായത്തുകളിലുമുള്ള വയലുകളുടെ ഒരു തുടർച്ചയാണ് ചിത്രം 5.5 ൽ കാണിച്ചിരിക്കുന്നത്. ഈ പഞ്ചായത്തുകളെല്ലാം ചേർന്ന് 2292 ഹെക്ടർ ഭൂമിയിൽ നെൽകൃഷി ചെയ്യുന്നുണ്ട്. കരീപ്ര പഞ്ചായത്തിലാണ് ഏറ്റവും അധികം നെൽകൃഷി കാണപ്പെടുന്നത് (960 ഹെക്ടർ) സമീപ പഞ്ചായത്തുകളുടെ നെൽകൃഷിയുടെ വിസ്തൃതി പട്ടിക 5.3 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 5.5 നെൽവയലുകൾ– പൂയപ്പള്ളിയും സമീപ പഞ്ചായത്തുകളും*

*പട്ടിക 5.3 – നെൽകൃഷി ഭൂമിയുടെ വിസ്തൃതി – പൂയപ്പള്ളിയും സമീപ പഞ്ചായത്തുകളും*

| ഗ്രാമപഞ്ചായത്ത് | ഏരിയ (ഹെക്ടർ) |
|---|---|
| ആദിച്ചനല്ലൂർ | 68 |
| വെളിനല്ലൂർ | 165 |
| ഇളമാട് | 180 |
| ചാത്തന്നൂർ | 180 |
| **പൂയപ്പള്ളി** | **210** |
| വെളിയം | 229 |
| കല്ലുവാതുക്കൽ | 400 |
| നെടുമ്പന | 400 |
| കരീപ്ര | 460 |
| | 2292 |

പൂയപ്പള്ളിയിലെ 13 ഏലാകളിലും ഇരുപ്പു കൃഷിയാണ് നിലനിന്നുപോരുന്നത്. പഞ്ചായത്തിന്റെ മൊത്തം വിസ്തൃതി 2228 ഹെക്ടർ ആണ്. അതിൽ ഏകദേശം 2000 ഹെക്ടർ കൃഷിഭൂമിയാണ്, ഇതിൽ 13 ഏലാകളിലായി ഏകദേശം 300 ഹെക്ടർ നിലങ്ങളുണ്ട്. ഇതിൽ 210 ഹെക്ടർ സ്ഥലത്താണ് നെൽകൃഷി ചെയ്യുന്നത്. ബാക്കി കൃഷിസ്ഥലം തരിശിട്ടിരിക്കുകയോ മറ്റ് കൃഷികൾക്കായി നികത്തുകയോ ചെയ്തിരിക്കുന്നു. പഞ്ചായത്തിൽ ഏകദേശം 900 നെൽകർഷകർ ഉണ്ടെന്ന് അനുമാനിക്കുന്നു. ശരാശരി വിസ്തീർണ്ണം 50 സെന്റിൽ കുറവാണ്. ഏകദേശം 100 ഹെക്ടർ സ്ഥലത്ത് മെയ്–ജൂൺ സമയത്ത് ആദ്യകൃഷി ചെയ്യുന്നു. ഒരുവിധം എല്ലാ കർഷകരും രണ്ടാം വിളയും കൃഷി ചെയ്യുന്നു (Sep-Oct) പക്ഷേ മൂന്നാംകൃഷി ആരും ചെയ്യുന്നില്ല. പഴയകാലത്തെ, വയലുകളുടെ തലക്കുളങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും അതൊന്നും ഇപ്പോൾ ഉപയോഗിക്കപ്പെടുന്നില്ല. കെ.ഐ.പി. കനാലുകളും മഴയും ആണ് ജലദൗർലഭ്യം ഒരു പരിധിവരെ നീക്കുന്നത്. നിലവിൽ ആകെയുള്ള ഉത്പാദനം പ്രതിവർഷം 483 ടൺ ആണ്. നെൽകൃഷി പൊതുവിൽ പഞ്ചായത്തിൽ എല്ലായിടത്തും ഉണ്ടെങ്കിലും ഒരു കേന്ദ്രീകരണം കാണുന്നത് പഞ്ചായത്തിന്റെ മധ്യഭാഗത്തായിട്ടാണ് ഇത് ചിത്രം 5.6 ൽ നിന്നും മനസ്സിലാക്കാവുന്നതാണ്.




| ഏലായുടെ പേര് | വിസ്തൃതി | കൃഷിക്കാരുടെ എണ്ണം |
|---|---|---|
| ചേക്കോട് | 20 | 76 |
| കൊട്ടറ | 15 | 75 |
| ചെമ്പകശ്ശേരി | 14 | 36 |
| ഇളവൻകോണം | 14 | 44 |
| നെല്ലിപ്പറമ്പ് | 14 | 60 |
| കള്ളിക്കോണം | 27 | 88 |
| കോഴിക്കോട് | 10 | 34 |
| മത്തിയോട് | 12 | 48 |
| പറേ ാട് | 10 | 47 |
| ചെങ്കുളം | 16 | 73 |
| പുന്നക്കോട് | 10 | 48 |
| മാടവന | 14 | 60 |
| മരുതമൺപള്ളി | 34 | 100 |

*ചിത്രം 5.6 പൂയപ്പള്ളിയിലെ വയലുകൾ*

പൂയപ്പള്ളി പഞ്ചായത്തിലെ നെല്ലിന്റെ ഉദ്പാദനക്ഷമത നിലവിൽ 2300 കി.ഗ്രാം/ ഹെക്ടർ ആണ്. കൃഷിചെയ്യപ്പെടുന്ന ഭൂമിയുമായി തട്ടിച്ചുനോക്കുമ്പോൾ ഉദ്പാദനം കുറവായാണ് കാണപ്പെടുന്നത്.



*ചെങ്കുളം ഏലാ*



*ചേക്കോട് ഏലാ*

പഞ്ചായത്തിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ചില കൃഷിയിടങ്ങളിൽ വിജയകരമായി ബസുമതി നെൽകൃഷി ചെയ്തിട്ടുണ്ട്. നെല്ലുകുത്തി അരിയാക്കുന്നതിനുള്ള മില്ലിന്റെ അഭാവം കൊണ്ട് ഇത് വ്യാപകമാകുന്നില്ല. നിലങ്ങൾ കുഴിച്ച് മണ്ണെടുക്കുന്നത് മൂലവും നികത്തി കര ഭൂമിയാക്കുകയും, മറ്റ് കരകൃഷികൾ ചെയ്യുന്നത് മൂലവും നെൽകൃഷിയുടെ വിസ്തൃതി കുറഞ്ഞു വരുന്നു. പൂയപ്പള്ളി പഞ്ചായത്തിൽ കൃഷി മുഖ്യതൊഴിലായി സ്വീകരിച്ചിട്ടുള്ള അനേകം കുടുംബങ്ങളുണ്ട്. കൃഷി ലാഭകരമല്ലാത്തതിനാൽ കൃഷിക്കാർ പൊതുവേ അതിൽ നിന്നും അകന്ന് പൊയ്ക്കൊണ്ടിരിക്കുന്നു. കൃഷിക്കാർ നേരിടുന്ന പ്രധാന പ്രശ്നം വേണ്ടത്ര കർഷക തൊഴിലാളികളെ കിട്ടാനില്ല എന്നതാണ്. മാത്രമല്ല ലഭ്യമായ തൊഴിലാളികൾ കൂലി കൂട്ടിയിരിക്കുകയാണ്. കൂടുതൽ കൂലി കൊടുത്ത് കൃഷിചെയ്യിച്ചാൽ പോലും ഉത്പാദനക്ഷമതയുടെ കുറവ് മൂലം നെൽകൃഷി നഷ്ടകരമായ അവസ്ഥയിലാണ്. ഇതുകാരണം പലനെൽകൃഷിക്കാരും നെൽകൃഷി ചെയ്യാതെ വയൽ മണ്ണിട്ടു നികത്തി വാഴ, ചേന, മരച്ചീനി എന്നിവ കൃഷി ചെയ്തുകൊണ്ടിരിക്കുകയാണ്.

## 5.3 തെങ്ങ്

ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട കൃഷികളിൽ രണ്ടാം സ്ഥാനം തെങ്ങുകൃഷിയ്ക്കാണ്. കൊല്ലം ജില്ലയിൽ തന്നെ നാളീകേരകൃഷി ചെയ്യുന്ന പഞ്ചായത്തുകളിൽ ഒരു പ്രധാന സ്ഥാനം പൂയപ്പള്ളിക്കുണ്ട്. തെങ്ങുകൃഷിയുടെ വിസ്തൃതിയുടെ കാര്യത്തിൽ ആദ്യത്തെ 30 പഞ്ചായത്തുകളിൽ ഒന്നു മാത്രമാണ് പൂയപ്പള്ളി എങ്കിലും ഉല്പാദനത്തിന്റെ കാര്യത്തിൽ ഏഴാം സ്ഥാനം പൂയപ്പള്ളിക്കാണ്. നാളീകേര ഉത്പാദനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ പഞ്ചായത്തുക ... ചിത്രം 5.7 ൽ ...




*ചിത്രം 5.7 തേങ്ങ ഉല്പാദനം വിവിധ പഞ്ചായത്തുകളിൽ- കൊല്ലം ജില്ല*

ജില്ലയിലെ മൊത്തം തെങ്ങുകൃഷിയുടെ വിസ്തീർണ്ണത്തിന്റെ ഏകദേശം 1.5% (780 ഹെക്ടർ) തെങ്ങുകൃഷി പൂയപ്പള്ളിയിലാണ്, മൊത്തം ഉല്പാദനത്തിന്റെ 1.07% (7332 ടൺ) പഞ്ചായത്തിന്റെ സംഭാവനയാണ്.

സമീപ പഞ്ചായത്തുകളിലെ തെങ്ങുകൃഷിയുടെ വിശദാംശങ്ങളാണ് താഴെ പട്ടികപ്പെടുത്തിയിരിക്കുന്നത് (പട്ടിക 5.4). സമീപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അപേക്ഷിച്ച് പൂയപ്പള്ളി നാളീകേരം ഉല്പാദനക്ഷമതയിൽ മുൻപന്തിയിൽ നിൽക്കുന്നു. ഉദ്പാദനക്ഷമത 9400 കിഗ്രാം/ഹെക്ടർ ആണ്. തെങ്ങ് കൃഷി പ്രധാനമായും വീടിനോട് ചേർന്നുള്ള പുരയിടങ്ങളിലാണ് കാണപ്പെടുന്നത്. തെങ്ങിൻ തോപ്പുകൾ കുറവാണ്.

*പട്ടിക 5.4 കൃഷിഭൂമിയുടെ വിസ്തൃതി– തെങ്ങ്, പൂയപ്പള്ളിയും സമീപ പഞ്ചായത്തുകളും*

| ഗ്രാമപഞ്ചായത്ത് | ഏരിയ (ഹെക്ടർ) | ഉത്പാദനം (ടൺ) | ഉത്പാദനക്ഷമത |
|---|---|---|---|
| കരീപ്ര | 1520 | 5320 | 3500 |
| നെടുമ്പന | 1600 | 8830 | 5520 |
| വെളിയം | 1050 | 3670 | 3500 |
| ആദിച്ചനല്ലൂർ | 1284 | 6420 | 5000 |
| ചാത്തന്നൂർ | 2010 | 1202 | 5985 |
| വെളിനല്ലൂർ | 500 | 2180 | 4375 |
| കല്ലുവാതുക്കൽ | 1105 | 6090 | 5520 |
| ഇളമാട് | 500 | 2475 | 4950 |
| പൂയപ്പള്ളി | 780 | 7332 | 9400 |

പൂയപ്പള്ളി പഞ്ചായത്തിൽ പുരയിടങ്ങളോടു ചേർന്നും, അല്ലാതെയും ഉള്ള നാളികേര കൃഷിഭൂമിയുടെ ഒരു വിതരണമാണ് ചിത്രം 5.8 ൽ കാണിച്ചിരിക്കുന്നു. പുരയിട കൃഷിയല്ലാതെ വ്യാപകമായി തെങ്ങുകൃഷി കാണപ്പെടുന്നത് കൊട്ടറ, പൂയപ്പള്ളി ഈസ്റ്റ്, മൈലോട് വാർഡുകളിലാണ്.





*തെങ്ങ്കൃഷി– പൂയപ്പള്ളി*



*ചിത്രം 5.8 തെങ്ങ്കൃഷിഭൂമി– പൂയപ്പള്ളി*

നിലവിൽ തെങ്ങ് കൃഷി ഗുരുതരമായ പ്രശ്നങ്ങളെ അഭിമുഖീകരിക്കുകയാണ്. തെങ്ങിനെ ബാധിച്ചിരിക്കുന്ന മണ്ഡരി രോഗം തന്നെയാണ് പ്രധാന പ്രശ്നം. തെങ്ങ് രോഗം ഉത്കണ്ഠാജനകമാം വിധം വ്യാപകമാണ്. അതിനാൽ രോഗം ബാധിച്ച പല തെങ്ങുകളും മുറിച്ചു മാറ്റുന്ന സ്ഥിതിയിലാണ്. ഇത് ഉത്പാദനത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. കാറ്റു വീഴ്ച്ചയും തെങ്ങ് കൃഷിയെ ബാധിക്കുന്ന പ്രധാന രോഗമാണ്. തെങ്ങ് രോഗങ്ങൾ, പ്രധാനമായും മണ്ഡരി ഫലപ്രദമായി തടയാനുള്ള നടപടികൾ സ്വീകരിച്ചാൽ മാത്രമേ ഉത്പാദനക്ഷമത വർദ്ധിപ്പിക്കാനാകൂ.

## 5.4 റബ്ബർ

കിഴക്കൻ മേഖലകളിൽ വളരെ വ്യാപകമായുള്ള റബ്ബർ കൃഷിയുടെ പടിഞ്ഞാറോട്ടുള്ള വ്യാപനത്തിന്റെ തുടക്കമാണ് പൂയപ്പള്ളിയിലുള്ളത്. ജില്ലയുടെ മൊത്തം റബ്ബർ കൃഷിയുടെ 12% ശതമാനമാണിവിടുള്ളത്. ചിത്രം 5.9 ൽ റബ്ബറിന്റെ ജില്ലയിലെ കേന്ദ്രീകരണം കാണിച്ചിരിക്കുന്നു.




*ചിത്രം 5.9 റബ്ബർ പഞ്ചായത്തുതല വിതരണം*

ലഭ്യമായ കണക്കുകൾ പ്രകാരം 200 ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷിയാണ്. ഉത്പാദനം 240 ടൺ ആണ്. ഇപ്പോഴത്തെ സ്ഥിതി അനുസരിച്ച് റബ്ബർ കൃഷി എത്താത്ത ഒരു ഭാഗവും പഞ്ചായത്തിൽ ഇല്ല. എങ്കിലും ഒരു കേന്ദ്രീകരണം കാണുന്നത് പഞ്ചായത്തിന്റെ അതിരുകളോട് ചേർന്ന താഴ്വരകളിലും, കുന്നിൻ ചരുവുകളിലുമാണ്. റബ്ബറിന്റെ കേന്ദ്രീകരണം ചിത്രം 5.10 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 5.10 റബ്ബർ കൃഷിഭൂമിയുടെ വിതരണം– പഞ്ചായത്ത്*

ഇപ്പാൾ റബ്ബറിന്റെ ഉത്പാദനവും ഉത്പാദനക്ഷമതയും വളരെ മെച്ചപ്പെട്ട സ്ഥിതിയിലാണു ള്ളത്. വീടിനോട് ചേർന്ന് നിൽക്കുന്ന പുരയിടങ്ങളിൽ പോലും തെങ്ങും മറ്റു കൃഷികളും മാറ്റി റബ്ബർ നട്ടുവളർത്താനുള്ള പ്രവണത വ്യാപിച്ചു വരുന്നു. നിലവിൽ പൂയപ്പള്ളി പഞ്ചായത്തിൽ കോഴിക്കോട് വാർഡിൽ ഒരു റബ്ബർ സംഭരണ സംസ്ക്കരണ സഹകരണ സംഘം പ്രവർത്തിക്കു ന്നുണ്ട്. വീടുകളിൽ നിന്നും റബ്ബർ പാൽ ശേഖരിച്ച് സംസ്ക്കരിച്ച് വിപണനം നടത്തുകയാണ് സംഘത്തിന്റെ ലക്ഷ്യം. ഇതുകൂടാതെ ചെറുകിട കച്ചവടക്കാരും റബ്ബർ ഷീറ്റുകൾ സംഭരിച്ച് വിപ ണനം നടത്തുന്നു. റബ്ബറിന് വില കൂടിയതും ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ ബുദ്ധിമുട്ടില്ലാത്തതും കാരണം കൂടുതൽ പേരും റബ്ബർ കൃഷിയോട് ആഭിമുഖ്യം പുലർത്തുന്നു. പൂയപ്പള്ളി പഞ്ചായ ത്തിൽ റബ്ബർ കൃഷിയുടെ ഒരു കേന്ദ്രീകരണം കാണപ്പെടുന്നത് കൊട്ടറ, തച്ചക്കോട്, പൂയപ്പള്ളി ഈസ്റ്റ്, മൈലോട്, ചെങ്കുളം വാർഡുകളിലാണ്. പഞ്ചായത്തിന്റെ കിഴക്ക് അതിരുകളോടു ചേർന്നുള്ള വാർഡുകളിലെ ചരിവുള്ള ഭൂപ്രകൃതി റബ്ബർ കൃഷിക്ക് എന്തുകൊണ്ടും അനുയോജ്യമാ ണ്.



*റബ്ബർകൃഷി- പൂയപ്പള്ളി*



## 5.5 മരച്ചീനി

ജില്ലയിലെ പഞ്ചായത്തുകളിൽ മരച്ചീനി കൃഷിയുടെ വിസ്തൃതിയിലും ഉല്പാദനത്തിലും പൂയപ്പള്ളി പഞ്ചായത്തിന് പതിനഞ്ചാം സ്ഥാനമാണുള്ളത്. പഞ്ചായത്തിലെ ഏകദേശം 10% ത്തോളം പ്രദേശത്ത് വ്യാപിച്ചിരിക്കുന്ന മരച്ചീനി കൃഷി, കൊല്ലം ജില്ലയുടെ മരച്ചീനി കൃഷി യുടെ 2.4% ഉം, മൊത്തം ഉത്പാദനത്തിന്റെ 1.9 ശതമാനവും വരുന്നുണ്ട്. പൂയപ്പള്ളി പഞ്ചായ ത്തിൽ 2565 ടൺ ഉത്പാദനത്തോടെ 190 ഹെക്ടറിൽ മരച്ചീനി കൃഷി ചെയ്തുവരുന്നു. ഈ കൃഷിയും വീടിനോട് ചേർന്ന പുരയിടങ്ങളിലാണ് ധാരാളമായി കണ്ടുവരുന്നത്. കൊല്ലം ജില്ല യിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലെ മരച്ചീനി കൃഷിയുടെ താരതമ്യം ചിത്രം 5.11 ൽ കാണി ച്ചിരിക്കുന്നു.




*ചിത്രം 5.11 മരച്ചീനി കൃഷി – പഞ്ചായത്തുതല വിതരണം*

## 5.6 മറ്റുകൃഷികൾ

മറ്റു പ്രധാനപ്പെട്ട കൃഷികൾ വാഴ, കുരുമുളക്, മരച്ചീനി, കശുമാവ്, പച്ചക്കറികൃഷി, പയർവർഗ്ഗങ്ങൾ, വെറ്റില കൃഷി എന്നിവയാണ്.

വാഴ : വീട്ടു പുരയിടങ്ങളിൽ വാഴകൃഷി വ്യാപകമായി കണ്ടുവരുന്നു. പഞ്ചായത്തിലെ താഴ്‌വാര പ്രദേശങ്ങളിൽ നെൽകൃഷിക്കുപയുക്തമല്ലാത്ത ഭൂമിയിൽ വ്യാപകമായി വാഴകൃഷി ചെയ്യുന്നുണ്ട്. നെൽവയലുകൾ മണ്ണിട്ടു നികത്തിയും വാഴ കൃഷി ചെയ്യുന്നുണ്ട്. വാഴകൃഷിക്ക് മണ്ടയടപ്പു രോഗം കണ്ടുവരുന്നു. വാഴകൃഷിക്ക് അനുയോജ്യമായ മുഴുവൻ പ്രദേശങ്ങളിലും കൃഷി വ്യാപിപ്പിക്കാവുന്നതാണ്. കൊല്ലം ജില്ലയിലെ വാഴകൃഷിയുടെ ഒരു വിതരണമാഞ്ചിത്ര ത്തിൽ കാണിച്ചിരിക്കുന്നത്. പൂയപ്പള്ളി പഞ്ചായത്തിൽ വാഴകൃഷി കൊല്ലം ജില്ലയുടെ വാഴ കൃഷി വിസ്തൃതിയുടെ 0.89% മാത്രമാണുള്ളത്. പഞ്ചായത്തിൽ ഉല്പാദനം ജില്ലയുടെ ഉല്പാദ നത്തിന്റെ 0.77% മാത്രമാണ്.

പഞ്ചായത്തിൽ വളരെ കുറച്ചു സ്ഥലങ്ങളിൽ മാത്രമാണ് കുരുമുളക് കൃഷി ചെയ്തു വരു ന്നത്. ഏറ്റവും കൂടുതൽ വികസിപ്പിക്കാവുന്ന ഒന്നാണ് കുരുമുളക് കൃഷി. കുറഞ്ഞ അദ്ധ്വാന ത്തിലും കുറഞ്ഞ ചിലവിലും കൂടുതൽ ആദായം ഉണ്ടാക്കാൻ കഴിയും. കൃഷി ഭവനുകളിൽ നിന്നും അത്യുൽപ്പാദന ശേഷിയുള്ള തൈകൾ വിതരണം ചെയ്യാവുന്നതാണ്.

കശുമാവ് കൃഷി ഒരു കാലത്ത് പഞ്ചായത്തിന്റെ ഏതാണ്ട് എല്ലാ ഭാഗത്തും ഉണ്ടായിരു ന്നു. റബ്ബർ കൂടുതൽ ആദായകരമായപ്പോൾ കശുമാവ് തോട്ടങ്ങൾ റബ്ബറിന് വഴിമാറി. ഇന്ന് ഏക ദേശം 10 ഹെക്ടർ സ്ഥലത്ത് മാത്രമാണ് കശുമാവ് ഉള്ളത്. പണ്ട് ഒരു കശുമാവെങ്കിലും ഇല്ലാത്ത വീട്ടുപുരയിടങ്ങൾ കുറവായിരുന്നു. ഇന്ന് പുരയിടങ്ങളൊക്കെ റബ്ബർ കൃഷി കയ്യടക്കി. പഞ്ചാ യത്തിൽ 11 കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പലകുടുംബങ്ങളിലേയും സ്ത്രീകളുടെ പ്രധാന വരുമാന മാർഗ്ഗം കശുവണ്ടി ഫാക്ടറികളാണ്. വിദേശങ്ങളിൽ നിന്നും ഇറക്കുമതി ചെയ്ത കശുവണ്ടിയാണ് ഇവിടങ്ങളിൽ സംസ്ക്കരിക്കുന്ന ത്. പഞ്ചായത്തിൽ കശുവണ്ടി കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടികളെടുക്കുന്നതിൽ കൂടി ആവശ്യമായ അസംസ്കൃത വസ്തു ഇവിടെത്തന്നെ ഉത്പാദിപ്പിക്കാവുന്നതാണ്.

പൂയപ്പള്ളി പഞ്ചായത്തിൽ നിലവിൽ വീട്ടുവളപ്പിൽ ചെയ്യുന്ന പച്ചക്കറി കൃഷിക്കു പുറ മേ, ഇരുപ്പു നിലങ്ങളിൽ മൂന്നാംവിള എന്ന രീതിയിൽ പച്ചക്കറി കൃഷി ചെയ്യുന്നുണ്ട്. നല്ല രീതി യിൽ കൃഷി നടക്കുന്നത് മൈലോട്, മരുതമൺപള്ളി, തച്ചക്കോട് എന്നിവിടങ്ങളിലാണ്.




*പച്ചക്കറികൃഷി– പൂയപ്പള്ളി*

പഞ്ചായത്തിൽ ഒരു കൃഷിഭവനും അനുബന്ധ സംവിധാനങ്ങളും ഉണ്ട്. പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലെ ജനങ്ങൾക്കും ഉപയോഗിക്കത്തക്ക രീതിയിൽ സൗകര്യപ്രദമായ സ്ഥാന ത്തല്ല ഇപ്പോൾ കൃഷിഭവന്റെ സ്ഥാനം. മരുതമൺപള്ളി വാർഡിലാണിതു സ്ഥിതി ചെയ്യുന്നത്. പഞ്ചായത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന പച്ചക്കറി വിളകൾ വിപണനം ചെയ്യുന്നതിനോ മറ്റു മൂല്യ വർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റുന്നതിനോ ഉള്ള സൗകര്യങ്ങൾ അപര്യാപ്തമാണ്. പൊതുവിൽ വിപണന സൗകര്യങ്ങൾക്കായി വെളിയം മാർക്കറ്റിനെയാണ് ഉപയോഗപ്പെടുത്തുന്നത്.

പ്രശ്നങ്ങൾ

1. തൊഴിലാളികളുടെ ലഭ്യതക്കുറവാണ് കൃഷിക്കാർ നേരിടുന്ന പ്രധാന പ്രശ്നം. ഞാറ് നടീൽ, കൊയ്ത്ത്, മെതി എന്നിവയ്ക്ക് തൊഴിലാളികളെ ലഭിക്കാനില്ല. ലഭ്യമായവർ കൂലി ഇരട്ടി യായി വർദ്ധിപ്പിച്ചിരിക്കുന്നു.
2. കീടബാധ മറ്റൊരു പ്രധാന പ്രശ്നമാണ്. കൃഷി ആഫീസുകളിൽ നിന്ന് ഇതിനെതിരെ ഫല പ്രദമായ ഇടപെടീലുകൾ ഉണ്ടാകുന്നില്ല.
3. ആവശ്യമായ യന്ത്രോപകരണങ്ങൾ ഉപയോഗത്തിൽ കൊണ്ടുവന്നിട്ടില്ല. നിലവിൽ നിലം ഉഴുത് മറിക്കുന്നതിനുള്ള ട്രാക്ടറും, പവർടില്ലറും മാത്രമേ പല ഏലാകളിലും ഉപയോഗിക്കുന്നുള്ളൂ.
4. കാർഷികോൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിനും, വിപണനം ചെയ്യുന്നതിനുമുള്ള സൗകര്യങ്ങളും ലഭ്യമല്ല.
5. ഉൽപ്പന്ന സംസ്ക്കരണത്തിനുള്ള സംവിധാനങ്ങളില്ല.

സാധ്യതകൾ

1. കാർഷിക മേഖലയിലെ നിലവിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താവുന്ന ഒരു സാധ്യതയാണ്.
2. കെ.ഐ.പി. കനാലുകളുടെയും ഇത്തിക്കര ആറിന്റെയും സാന്നിദ്ധ്യം ജലസേചന സൗകര്യ ങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഉതകുന്ന സാധ്യതയാണ്.

#### 5.2.2 ജലസേചനം

പഞ്ചായത്തിലെ നെൽകൃഷി പൊതുവിലുള്ള മഴയെ ആശ്രയിച്ചാണ് നടക്കുന്നത്. പണ്ടു ണ്ടായിരുന്ന തലക്കുളങ്ങളുടെ സംവിധാനം ഇപ്പോൾ ഉപയോഗിക്കപ്പെടുന്നില്ല. ജലസേചന സൗകര്യത്തിനായി കെ.ഐ.പി. കനാലുകളുടെ നല്ലൊരു ശൃംഖല തന്നെയുണ്ടെങ്കിലും എല്ലാ ഏലാകൾക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല. രണ്ട് സീസൺ മാത്രമാണ് ഇതുകൊണ്ട് ഫലം ലഭിക്കുന്നത്. വരൾച്ച രൂക്ഷമാകുന്ന സാഹചര്യങ്ങളിൽ ജലസേചന സൗകര്യങ്ങൾ ഏർപ്പെ ടുത്തേണ്ടത് അത്യാവശ്യമാണ്.

#### 5.2.3 വിപണന സൗകര്യങ്ങൾ

കാർഷിക മേഖലയുടെ പുരോഗതിക്ക് ഉത്പന്നങ്ങൾ വിറ്റഴിക്കാനുള്ള സൗകര്യങ്ങൾ പ്രാധാ ന്യമർഹിക്കുന്നു. ഇവിടെ അങ്ങനെയുള്ള സൗകര്യങ്ങൾ ഇല്ല എന്നു തന്നെ പറയാം. പൊതു വിൽ വിപണന സൗകര്യങ്ങൾക്കായി വെളിയം വിപണിയെയാണ് ആശ്രയിക്കുന്നത്.

### 5.3 അനുമാനം

*പൂയപ്പള്ളി പഞ്ചായത്തിൽ സാമാന്യം നല്ല രീതിയിൽ നെൽകൃഷി, നാളികേരകൃഷി, റബ്ബർ കൃഷി എന്നിവ നടക്കുന്നുണ്ടെങ്കിലും, ഉത്പാദനക്ഷമത വളരെയേറെ മെച്ചപ്പെടുത്തേണ്ടതുണ്ട്. നില വിലെ സംവിധാനങ്ങൾ ഉചിതമായി ഉപയോഗിച്ച് സ്ഥിതി മെച്ചപ്പെടുത്താവുന്നതായിട്ടാണ് കാണു ന്നത്.*

# അദ്ധ്യായം 6

# വ്യവസായം

*ഈ അദ്ധ്യായത്തിൽ പൂയപ്പള്ളി പഞ്ചായത്തിന്റെ വ്യവസായ മേഖലയെക്കുറിച്ചുള്ള പഠനങ്ങളാണുൾപ്പെടുത്തിയിട്ടുള്ളത്. ഒരു കാലഘട്ടത്തിൽ കശുവണ്ടി വ്യവസായം സജീവമായിരുന്ന പൂയപ്പള്ളിയിൽ, ഈ വ്യവസായത്തിന്റെ ഇന്നത്തെ സ്ഥിതി തികച്ചും വ്യത്യസ്തമാണ്. നാമമാത്രമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും പല യൂണിറ്റുകളും ശോച്യാവസ്ഥയിലാണുള്ളത്.*

വ്യാവസായിക രംഗത്ത് പഞ്ചായത്ത് പൊതുവെ പിന്നോക്കാവസ്ഥയിലാണ്. വൻകിട വ്യവസായങ്ങളൊന്നും തന്നെ പഞ്ചായത്തിലില്ല. പരമ്പരാഗത വ്യവസായങ്ങളും ചെറുകിട വ്യവസായങ്ങളുമാണിവിടെ സജീവം. പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയിൽ 1% മാത്രമേ വ്യവസായ മേഖലയിൽപ്പെടുന്നുള്ളൂ. വ്യവസായത്തിന്റെ ഒരു കേന്ദ്രീകരണം കാണപ്പെടുന്നത് 1, 6, 12 എന്നീ വാർഡുകളിലാണ് (ചിത്രം 6.1 കാണുക)




*ചിത്രം 6.1 വ്യവസായ മേഖലയുടെ കേന്ദ്രീകരണം*

ജില്ലാ പഞ്ചായത്തിന്റെ പദ്ധതി എന്ന നിലയിൽ ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് നാല്ക്കവല വാർഡിൽ ഏകദേശം 40 സെന്റ് വിസ്തൃതിയുള്ള സ്ഥലത്ത് പ്രവർത്തന സജ്ജമായതാണ് എടുത്തു പറയത്തക്ക ഒരു വ്യവസായ സംരംഭം.



*ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് - പൂയപ്പള്ളി*

മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ നിലവിൽ പ്രവർത്തനങ്ങളൊന്നും ആരംഭിച്ചിട്ടില്ല. ഏകദേശം 10 യൂണിറ്റുകൾ പ്രവർത്തിക്കുന്നതിനുള്ള സൗകര്യങ്ങളാണിവിടെ ഒരുക്കിയിരിക്കുന്നത്. പാർക്കിംഗ് സൗകര്യവും, ഇലക്ട്രിസിറ്റി, ജലലഭ്യത എന്നിവ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഉറപ്പു വരുത്തിയിട്ടുണ്ട്.

## 6.1 പരമ്പരാഗത വ്യവസായങ്ങൾ

പഞ്ചായത്തിന്റെ പരമ്പരാഗത വ്യവസായങ്ങൾ എന്നു പറയാവുന്നത് കശുവണ്ടി ഫാക്ടറികളും, കൈത്തറി യൂണിറ്റുകളുമാണ്.

കശുവണ്ടി ഫാക്ടറികൾ ആകെ 11 എണ്ണമുണ്ടെങ്കിലും 7 എണ്ണത്തിലേ യഥാർത്ഥത്തിൽ പ്രവർത്തനങ്ങൾ നടക്കുന്നുള്ളൂ. ഏകദേശം 5375 തൊഴിലാളികൾ ഇവിടങ്ങളിലായി ജോലി ചെയ്യുന്നു. ഇതിൽ ഏറിയ പങ്കും സ്ത്രീകളാണ്. ഭൂരിപക്ഷം തൊഴിലാളികളും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരാണ്. കശുവണ്ടി സുഗമമായി ലഭ്യമല്ലാത്തതിനാൽ ഇവയുടെ പ്രവർത്തനം സീസണലായി ചുരുങ്ങിയിരിക്കുകയാണിപ്പോൾ. പലയിടങ്ങളിലും വിദേശത്തു നിന്നും കശുവണ്ടി ഇറക്കുമതി ചെയ്യുന്ന സ്ഥിതിയാണ്.



*കശുവണ്ടി ഫാക്ടറി*

രണ്ടു കൈത്തറി യൂണിറ്റുകൾ ഇവിടെ സജീവമായി രംഗത്തുണ്ട്. ഇവ ദേശാഭിമാനി സഹകരണസംഘം, ഹരിജൻ സഹകരണ സംഘം എന്നിവയാണ്. കൊട്ടറ വാർഡിലാണിവ പ്രവർത്തിക്കുന്നത്. ഏകദേശം 25 പേർ രണ്ടു കേന്ദ്രങ്ങളിലുമായി ജോലി ചെയ്യുന്നുണ്ട്.



*കൈത്തറി വ്യവസായം*

## 6.2 ചെറുകിട വ്യവസായങ്ങൾ

ചെറുകിട വ്യവസായങ്ങളിൽ പ്രധാനം സിമന്റ് അധിഷ്ഠിത ഹോളോ ബ്രിക്സ് യൂണിറ്റുകളാണ്. ഇത്തരത്തിലുള്ള ഏകദേശം 5 ഓളം യൂണിറ്റുകൾ ഇവിടെയുണ്ട്.



*ഹോളോ ബ്രിക്സ് യൂണിറ്റ്*

റബ്ബർ അധിഷ്ഠിതമായി ഒരു റബ്ബർ സഹകരണ സംഘം കോഴിക്കോട് വാർഡിൽ പ്രവർത്തിക്കുന്നുണ്ട്.

എടുത്തു പറയത്തക്ക മറ്റൊരു സംരംഭമായ കൃഷ്ണ തുളസി കഫ് സിറപ്പ് നിർമ്മാണ യൂണിറ്റ് മംഗലംമുക്ക് ജംഗ്ഷനിൽ എംവിഎം കഫ് സിറപ്പ് എന്ന പേരിൽ പ്രവർത്തിക്കുന്നു. നിലവിൽ ഇതിനാവശ്യമായ അസംസ്കൃത വസ്തുക്കളെല്ലാം തന്നെ തമിഴ്നാട്ടിൽ നിന്നാണ് എത്തിക്കുന്നത്. മറ്റൊരു പ്രവർത്തന രംഗം പാറ ഖനനമാണ്. ഉയർന്ന പ്രദേശങ്ങളായ ആയിരവല്ലി കുന്നിനേയും മറ്റും അടിസ്ഥാനമാക്കിയാണിവ പ്രവർത്തിക്കുന്നത്. ചെറുതും വലുതുമായി നിരവധി യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും 5 എണ്ണം മാത്രമാണ് ആവശ്യമായ ലൈസൻസോടെ പ്രവർത്തിക്കുന്നത്. ഏകദേശം 100 ഓളം തൊഴിലാളികൾ ഇവിടെ പണിയെടുക്കുന്നുണ്ട്. വളരെ നാളുകളായി ഈ പ്രവർത്തനം ഇവിടെ നിലനിന്നുപോരുന്നുണ്ട്. 1984 ൽ തുടങ്ങിയ അമ്പലക്കര ക്വാറിയാണ് ഇതിൽ പ്രധാനം.



*പാറ ഖനനം*

### പ്രശ്നങ്ങൾ

1. കാർഷിക മേഖലയ്ക്കൂന്നൽ നൽകുന്ന പഞ്ചായത്താണെങ്കിലും കാർഷികാധിഷിഠിത വ വ്യവസായങ്ങൾ കുറവാണ്
2. പരമ്പരാഗത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല
3. പുതിയ തലമുറ പരമ്പരാഗത തൊഴിലിനോട് വൈമുഖ്യം കാണിക്കുന്നു.
4. വൻകിട വ്യവസായങ്ങൾ ഒന്നും തന്നെയില്ല
5. വ്യവസായ സംരംഭകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശം കിട്ടുന്നില്ല
6. നെല്ല് ഒരു പ്രധാന ഉത്പന്നമാണെങ്കിലും അത് അരിയാക്കുന്നതിനോ വിപണനം ചെയ്യുന്നതിനോ ഉള്ള ഒരു യൂണിറ്റും ഇവിടെ പ്രവർത്തിക്കുന്നില്ല.
6. വ്യവസായം ആരംഭിക്കുന്നതിനാവശ്യമായ സർക്കാർ നടപടിക്രമങ്ങളിലെ നൂലാമാലകൾ

## സാധ്യതകൾ

1. കാർഷിക അനുബന്ധ വികസന മേഖലകളിൽ അധിഷ്ഠിതമായ വ്യവസായങ്ങൾക്കനുയോജ്യമായ സാധ്യത ഇവിടെയുണ്ട്.
2. പ്രവർത്തനസജ്ജമായ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വ്യവസായ മേഖലയിലെ മറ്റൊരു സാധ്യതയാണ്.

## 6.3 അനുമാനം

*പൂയപ്പള്ളി പഞ്ചായത്തിൽ കാര്യമായ വ്യവസായ സംരംഭങ്ങളൊന്നും തന്നെയില്ല. പരമ്പരാഗത വ്യവസായങ്ങളുടെയും, മറ്റു ചെറുകിയ വ്യവസായങ്ങളുടെയും ഇന്നത്തെ സ്ഥിതി ശോചനീയമാണ്. പ്രവർത്തന സജ്ജമായിരുന്നിട്ടും, മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സംരംഭകരെതേടി അടഞ്ഞു കിടക്കുന്ന വസ്തുതയും ശ്രദ്ധിക്കപ്പെടേണ്ടതാണ്. ധാരാളമായുള്ള കരിങ്കൽ നിക്ഷേപങ്ങൾ സാമ്പത്തിക മേഖലയെ പുഷ്ടിപ്പെടുത്തുന്ന രീതിയിൽ ഉചിതമായി ഉപയോഗിക്കപ്പെടുന്നില്ല.*

<<< previous | contents | next >>>

# അദ്ധ്യായം 7

# മൃഗസംരക്ഷണ മേഖല

*ഇന്നത്തെ സാഹചര്യത്തിൽ ഏറ്റവും സാധ്യതയേറിയതായ ഒരു മേഖലയാണിതെങ്കിലും ഈ പഞ്ചായത്തിൽ ഈ മേഖല അത്രക്കണ്ട് വളർച്ച നേടിയിട്ടില്ല. പൂയപ്പള്ളിയിലെ മൃഗസംരക്ഷണ മേഖലയിലെ നിലവിലെ സ്ഥിതി വിശകലനം ചെയ്യുകയാണ് ഈ അദ്ധ്യായത്തിൽ.*

## 7.1 നിലവിലെ സ്ഥിതി

കാർഷിക മേഖല പോലെതന്നെ, പൂയപ്പള്ളി പഞ്ചായത്തിന്റെ സാമ്പത്തിക നില ഉയർത്താൻ ഉതകുന്ന ഒരു മേഖലയാണ് മൃഗസംരക്ഷണ മേഖല. കാർഷിക മേഖലയ്ക്കു പ്രാധാന്യമുള്ള പ്രദേശങ്ങളിൽ ഒരനുബന്ധ മേഖല എന്നനിലയ്ക്കു മൃഗസംരക്ഷണ മേഖലയ്ക്കും സാധ്യതയുണ്ടാകും. പൂയപ്പള്ളി പഞ്ചായത്തും ഇതിൽ നിന്ന് വ്യത്യസ്തമല്ല. പൂയപ്പള്ളിയിലുള്ള കൃഷി ഭൂമി കൂടുതലും, ഏകദേശ സ്ഥലവിസ്തീർണ്ണം 70 സെന്റിൽ അധികമുള്ളവയാണ് എന്നുള്ളതും മറ്റും ഇവിടെ മൃഗസംരക്ഷണ മേഖലയ്ക്കുള്ള സാധ്യതയാണ് കാണിക്കുന്നത്.

കൊല്ലം ജില്ലയുടെ സംയോജിത ജില്ലാ വികസന രൂപരേഖയിൽ പറഞ്ഞിരിക്കുന്ന പ്രകാരം പൂയപ്പള്ളി പഞ്ചായത്തിൽ ചെറിയ രീതിയിലുള്ള പാലുൽപാദനവും അനുബന്ധ പ്രവർത്തനങ്ങളും ഉണ്ടെന്നാണ് വിലയിരുത്തിയിരിക്കുന്നത്. പാൽ സംഭരണ, വിതരണ കേന്ദ്രങ്ങൾ ഈ പഞ്ചായത്തിൽ സജീവമായി പ്രവർത്തിക്കുന്നു. കൊല്ലം ജില്ലയിലെ പഞ്ചായത്തടിസ്ഥാനത്തിലുള്ള പാലുല്പാദനത്തിന്റെ വിതരണമാണ് ചിത്രം 7.1 ൽ കാണിച്ചിരിക്കുന്നത്.




*ചിത്രം 7.1 പാലുല്പാദനം – കൊല്ലം ജില്ല*

പഞ്ചായത്തിൽ പാൽ സംഭരിച്ച് വിതരണം ചെയ്യുന്നതിനായി കൊട്ടറ, മരുതമൺപള്ളി, മൈലോട് എന്നിവിടങ്ങളിലായി 3 പാൽ സൊസൈറ്റികൾ പ്രവർത്തിക്കുന്നു. ഇതിൽ കൊട്ടറ പാൽ സൊസൈറ്റി സ്വന്തം കെട്ടിടം പണികഴിപ്പിച്ച് നല്ല നിലയിൽ പ്രവർത്തിക്കുന്നു. ഈ സൊസൈറ്റികൾ വഴി പ്രതിമാസം 30,000–45,000 ലിറ്റർ പാൽ സംഭരിക്കുന്നു. പഞ്ചായത്തിലെ

മൊത്തം പാലുൽപ്പാദനം പ്രതിവർഷം 24,60,000 ലിറ്റർ ആണ്. മൊത്തം ഉല്പാദനത്തിന്റെ 40-50% ആണ് പാൽ സൊസൈറ്റികൾ വഴി സംഭരിക്കുന്നത്. ബാക്കി വീടുകളിൽ വിതരണം നടത്തുക യാണ്. ഈ സൊസൈറ്റികളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും പരിശോധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി കൊട്ടാരക്കരയിൽ ഒരു ക്ഷീര വികസന ആഫീസ് പ്രവർത്തിക്കുന്നു. കന്നുകാലി കൃഷി ആദായകരമാക്കുന്നതിനും സമയാസമയം ചികിത്സയും കൃത്രിമബീജ സങ്കലനവും നടത്തുന്നതിനും മറ്റുമായി മരുതമൺപള്ളിയിൽ ഒരു മൃഗാശുപത്രി പ്രവർത്തിച്ചു വരുന്നു. മൃഗാശുപത്രിയിൽ ഒരു വെറ്റിനറി സർജൻ ഒരു ലൈവ്സ്റ്റോക്ക് ഇൻസ്പെ ക്ടർ, ഒരു അറ്റന്റർ ഒരു പാർട്ട് ടൈം സ്വീപ്പർ എന്നിവർ പ്രവർത്തിക്കുന്നു. 2003 ലെ കന്നുകാലി സെൻസസ് പ്രകാരം പഞ്ചായത്തിലെ വളർത്തു മൃഗങ്ങളെ സംബന്ധിച്ച സ്ഥിതിവിവര കണക്ക് പട്ടിക 7.1 ൽ ചേർക്കുന്നു.

*പട്ടിക-7.1 – കന്നുകാലി സെൻസസ്*

| | | | |
|---|---|---|---|
| പശു –1883 | ആട് –1168 | പട്ടി –1841 | താറാവ്-234 |
| എരുമ –13 | കോഴി –6370 | പൂച്ച –226 | മുയൽ –25 |

ആട് വളർത്തൽ രംഗത്ത് ഇപ്പോൾ കോഴിക്കോട് വാർഡിലെ തച്ചോണത്ത് ണ്ട് ആട് ഫാമു കൾ പ്രവർത്തിക്കുന്നു. സങ്കര ഇനത്തിൽപ്പെട്ട ആടുകളെ ഈ ഫാമുകളിൽ ഇറച്ചിക്ക് വേണ്ടി വളർത്തുന്നു. ഈ ഫാമുകളുടെ പ്രവർത്തനം ലാഭകരമാണ്. മുട്ടക്കോഴി വളർത്തൽ വീടുകളിൽ മാത്രമായി ചുരുങ്ങിയിരിക്കുന്നു. പോൾട്രി ഫാമുകൾ ഒന്നും പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

മൃഗസംരക്ഷണ മേഖലയിലെ ഉല്പന്നങ്ങളുടെ ഉപയോഗത്തിന്റെ ഏകദേശ കണക്ക് ദേശീയ സാമ്പിൾ സർവ്വേ ഓർഗനൈസേഷൻ കേരളത്തിലെ നഗര പ്രദേശങ്ങളിൽ നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ. കണക്കിലാക്കിയിട്ടുള്ളത് പട്ടിക (2.) ൽ നൽകിയിരിക്കുന്നു.

*പട്ടിക-7.2 – മൃഗസംരക്ഷണ മേഖലയിലെ ഉല്പന്നങ്ങളുടെ ഉപയോഗം*

| തരം | ഒരു മാസത്തെ ഉപയോഗം |
|---|---|
| പാലും പാലുല്പന്നങ്ങളും | 73950 ലിറ്റർ |
| മുട്ട | 119620 എണ്ണം |
| ഇറച്ചി | 5981 കിലോ |
| പച്ചക്കറി | 62896 കിലോ |

പാലിനും പാലുൽപന്നങ്ങൾക്കും, മുട്ടയ്ക്കും, ഇറച്ചിയ്ക്കും ആവശ്യക്കാർ ഏറെയുള്ളതി നാൽ അവയ്ക്ക് നല്ല രീതിയിൽ വില ലഭ്യമാകുകയും ചെയ്യുന്നു. (മുട്ടയ്ക്ക് 2 മുതൽ 3 രൂപ വരെ വിലയും, മാട്ടിറച്ചിയ്ക്ക് കിലോയ്ക്ക് 100 രൂപയും, കോഴിയിറച്ചിയ്ക്ക് കിലോയ്ക്ക് 50 രൂപയും, ആട്ടിറച്ചിയ്ക്ക് 180 രൂപയും മാർക്കറ്റിൽ വിലയുണ്ട്).

കാർഷിക മേഖല പോലെതന്നെ മൃഗസംരക്ഷണ മേഖലയും പലവിധ പ്രശ്നങ്ങളെ നേരിടുന്നു. ഒരു തൊഴിൽ എന്ന നിലയിൽ അത്യല്പ്പാദന ശേഷിയുള്ള കറവപ്പശുക്കളെ സംരക്ഷിച്ച് ഉപജീവനം നയിക്കുന്ന കുറേപ്പേർ പൂയപ്പള്ളിയിലുണ്ട്.



പഞ്ചായത്ത് മാർക്കറ്റിൽ മീറ്റ് സ്റ്റാൾ പ്രവർത്തിക്കുന്നു. ഇതല്ലാതെ അനധികൃതമായ കശാപ്പ് ധാരാളം നടക്കുന്നു. മാംസോല്പാദന വിപണന രംഗത്ത് ശാസ്ത്രീയമായ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടത് അത്യാവശ്യമാണ്.

### പ്രധാന പ്രശ്നങ്ങൾ

1. ഗുണനിലവാരമുള്ള തീറ്റയുടെ ദൗർലഭ്യവും വിലകൂടുതലും
2. തീറ്റപ്പുൽകൃഷിയുടെ അഭാവം
3. കൂടുതൽ സബ്സെന്ററുകളുടെ അഭാവം
4. അശാസ്ത്രീയമായ മാംസോൽപ്പാദന സംസ്ക്കരണ വിപണന രീതികൾ
5. ഉൽപ്പാദകന് കിട്ടുന്ന പാൽവില ഉല്പ്പാദന ചെലവിന് അനുസൃതമല്ല.

### പ്രധാന സാധ്യതകൾ

1. മൃഗസംരക്ഷണ പരിപാലനത്തിനുതകുന്ന രീതിയിലുള്ള ഏകദേശ പുരയിട വിസ്തീർണ്ണം ഈ മേഖലയുടെ വികസനത്തിന് ഉപയുക്തമായ ഒരു സാധ്യതയാണ്.

### 7.2 അനുമാനം

*പൂയപ്പള്ളിയുടെ ഭൂവിനിയോഗത്തിൽ നിന്നും ഇവിടുത്തെ ശരാശരി സ്ഥലവിസ്തീർണ്ണം മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾക്കനുയോജ്യമാണെന്ന് കണ്ടിട്ടുണ്ടെങ്കിലും ഈ സാധ്യത ശരിയായ അളവിൽ ഉപയോഗപ്പെടത്തുന്നില്ല. അതത്ര ഉപയോഗപ്പെടുത്തുന്നില്ല എന്നാണീ വിശകലനത്തിൽ നിന്നും മനസ്സിലാകുന്നത്. ആയതിനാൽ ഈ മേഖലയുടെ വികസന സാധ്യതകൾ ഉപയുക്തമാക്കിക്കൊണ്ട് മേഖലയെ മുന്നോട്ടു കൊണ്ടുവരാവുന്നതാണ്.*

<<< previous | contents | next >>>

# അദ്ധ്യായം 8

# നീർത്തടങ്ങളും ജലാശയങ്ങളും

*ചെറുതോ വലുതോ ആയ ഏത് നീർച്ചാലിലേക്കും വെള്ളം ഒഴുകി എത്തുന്ന ഒരു ഭൂഭാഗം അതിനു ചുറ്റുമായി ഉണ്ടാകും. നീർച്ചാലിനോട് ചേർന്ന് കിടക്കുന്ന ചരിവുള്ള പ്രദേശങ്ങൾ, പാടശേഖരങ്ങൾ എന്നിവ ചേർന്നതായിരിക്കും ഈ ഭൂഭാഗം അഥവാ നീർത്തടം. പൂയപ്പള്ളി പഞ്ചായത്തിൽ ഉള്ള 4 ചെറു നീർത്തടങ്ങളെക്കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്.*

## 8.1 നീർത്തടങ്ങൾ

കൊട്ടാരക്കര ബ്ലോക്കിൽ ആകെയുള്ള 26 ചെറു നീർത്തടങ്ങളിൽ 4 എണ്ണമാണ് പൂയ പ്പള്ളി പഞ്ചായത്തിലുള്ളത്. കൊല്ലം ജില്ലയുടെ ടോപ്പോ ഷീറ്റിനെ അധികരിച്ച് കോണ്ടൂർ രേഖ കളുടെ അടിസ്ഥാനത്തിൽ വരച്ചെടുത്തതാണ് പൂയപ്പള്ളിയിലെ ചെറു നീർത്തടങ്ങൾ.

### 8.1.1 പഞ്ചായത്തിലെ പ്രധാന നീർത്തടങ്ങൾ

പഞ്ചായത്തിലെ പ്രധാനപ്പെട്ട 4 ചെറു നീർത്തടങ്ങളുടെ വിന്യാസം ചിത്രം 8.1 ൽ കാണി ച്ചിരിക്കുന്നു. ഇവയുടെ വിശദാംശങ്ങൾ പടിക 8.1 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 8.1 പഞ്ചായത്തിലെ പ്രധാന നീർത്തടങ്ങൾ*

*പട്ടിക 8.1 പഞ്ചായത്തിലെ പ്രധാന നീർത്തടങ്ങൾ*

| ക്രമ നം. | നീർത്തടങ്ങൾ | വിസ്തീർണ്ണം (ഹെക്ടർ) | വാർഡുകൾ |
|---|---|---|---|
| 1 | A | 417 | കൊട്ടറ,തച്ചക്കോട്,നാൽക്കവല ഭാഗികം |
| 2 | B | 271 | പൂയപ്പള്ളി ഈസ്റ്റ്, പൂയപ്പള്ളി ടൗൺ,മൈലോട് ഭാഗികം |
| 3 | C | 1217 | വെങ്കോട്, കോഴിക്കോട്,മരുതമൺപള്ളി,പുന്നക്കോട്, പയ്യക്കോട്,ചെങ്കുളം നാൽക്കവല ഭാഗികം |
| 4 | D | 318 | പയ്യക്കോട്, ചെങ്കുളം ഭാഗികം |

### 8.1.2 നീർത്തടങ്ങളുടെ പൊതുവിവരങ്ങൾ

1. നീർത്തടം A

പൂയപ്പള്ളി പഞ്ചായത്തിന്റെ വടക്ക് പടിഞ്ഞാറ് അതിരിനോട് ചേർന്ന് കൊട്ടറ വാർഡും, തച്ചക്കോട് വാർഡും, നാൽക്കവല വാർഡിന്റെ ഭാഗങ്ങളും ചേർന്നതാണ് ഈ നീർത്തടം. പഞ്ചായത്തിന്റെ താരതമ്യേന ഉയരം കുറഞ്ഞ പ്രദേശങ്ങളാണിവിടം. ഈ നീർത്തടത്തിന്റെ ആകെ വിസ്തൃതി 417 ഹെക്ടർ ആണ്. ഇവിടുത്തെ പ്രധാനപ്പെട്ട ഭൂവിനിയോഗം കൃഷി തന്നെയാണ്. പൂയപ്പള്ളി പഞ്ചായത്തിലെ മൊത്തം കാർഷിക മേഖലയിൽ 20.48% ഈ നീർത്തടത്തിൽ ഉൾപ്പെടുന്നു. നീർത്തടത്തിന്റെ വിസ്തൃതിയുടെ ഏകദേശം 61% പ്രദേശങ്ങളും കാർഷികവൃത്തിയ്ക്കാണുപയോഗിക്കപ്പെടുന്നത്. ഇതിൽ 14% നെൽവയലുകളും 47% മറ്റു കരകൃഷികളുമാണ്. നീർത്തടം A യുടെ ഭൂവിനിയോഗത്തിന്റെ ഒരു അനുപാതം ചിത്രം 8.2 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 8.2 നീർത്തടം A യിലെ ഭൂവിനിയോഗം*

ഈ നീർത്തടത്തിൽ ഏതാനും കുളങ്ങളും, കെ.ഐ.പി. യുടെ സബ് കനാലുകളും ജലസ്രോതസ്സുകളായി വർത്തിക്കുന്നു.

ഇവിടുത്തെ സാമൂഹിക സ്ഥിതി നോക്കിയാൽ നീർത്തടത്തിലെ മൊത്തം ജനസംഖ്യയുടെ 31% വരുന്ന ജനങ്ങൾ കാർഷിക വൃത്തി കൊണ്ടു ജീവിക്കുന്നവരാണ്. കശുവണ്ടി തൊഴിലാളികളും നല്ലൊരു ശതമാനം ഇവിടെയുണ്ട്. കാർഷിക മേഖലയിലെ തൊഴിലാളികളുടെ നല്ലൊരു ശതമാനം ഇവിടെയുണ്ട്.

2. നീർത്തടം B

പൂയപ്പള്ളി പഞ്ചായത്തിന്റെ വടക്ക് കിഴക്ക് അതിരിനോടു ചേർന്ന് മൈലോട് വാർഡിന്റെ ഭാഗവും, പൂയപ്പള്ളി വാർഡിന്റെ ഭാഗവും ചേർന്നതാണ് ഈ നീർത്തടം. പഞ്ചായത്തിലെ ഉയരം കൂടിയ പ്രദേശങ്ങളാണിവിടെ. ഈ നീർത്തടത്തിന്റെ ആകെ വിസ്തൃതി 271 ഹെക്ടർ ആണ്. ഇവിടുത്തെ പ്രധാനപ്പെട്ട ഭൂവിനിയോഗം കൃഷി തന്നെയാണ്. പൂയപ്പള്ളി പഞ്ചായത്തിലെ മൊത്തം കാർഷിക മേഖലയിൽ 17.01% ഈ നീർത്തടത്തിൽ ഉൾപ്പെടുന്നു. നീർത്തടത്തിന്റെ വിസ്തൃതിയുടെ ഏകദേശം 77% ഉം കൃഷിഭൂമി തന്നെയാണ്. ഇതിൽ 10% മാത്രമേ നെൽകൃഷിയുള്ളൂ. കരകൃഷിയാണ് ബാക്കി 67% വും. ഇതിൽ റബ്ബർ, തെങ്ങ്, മരച്ചീനി എന്നിവയാണ് പ്രധാനം.

വിളകളുടെ ഒരു അനുപാതം ചിത്രം 8.3 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 8.3 നീർത്തടം B യിലെ ഭൂവിനിയോഗം*

ജലലഭ്യത ഉണ്ടെങ്കിലും വേനൽക്കാലത്തെ വരൾച്ചയെ അതിജീവിക്കാനുള്ള സംരംഭങ്ങളൊന്നും തന്നെയിവിടെയില്ല.

ഇവിടുത്തെ സാമൂഹിക സ്ഥിതി പരിശോധിച്ചാൽ ഏകദേശം 11% ജനങ്ങൾ പാറപ്പണി, സിമന്റ് അധിഷ്ഠിത വ്യവസായം, കശുവണ്ടി വ്യവസായം എന്നിവയെ ആശ്രയിക്കുന്നു.

3. നീർത്തടം C

പൂയപ്പള്ളി പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തായി 6, 7, 10, 11 എന്നീ വാർഡുകളും, 2, 3, 5, 8, 9, 12 എന്നീ വാർഡുകൾ ഭാഗികമായും ഉൾപ്പെടുന്ന നീർത്തടമാണിത്. പഞ്ചായത്തിലെ ഏറ്റവും വലിയ നീർത്തടവും ഇതുതന്നെയാണ്. ഇതിന്റെ വിസ്തൃതി 1217 ഹെക്ടർ ആണ്. ചരിവുകളും ഉയർന്ന പ്രദേശങ്ങളും സമതലങ്ങളും ചേർന്നതാണിവിടുത്തെ ഭൂപ്രകൃതി. ഇവിടുത്തെ ഭൂവിനിയോഗത്തിൽ കാർഷിക മേഖലയും വാസമേഖലയും ഒപ്പം നിൽക്കുന്നു. പൂയപ്പള്ളി പഞ്ചായത്തിലെ മൊത്തം കാർഷിക മേഖലയിൽ 46.32% ഈ നീർത്തടത്തിൽ ഉൾപ്പെടുന്നു. മൊത്തം വിസ്തൃതിയുടെ 47% മാത്രമേ കാർഷിക പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കപ്പെടുന്നുള്ളൂ. അതിൽതന്നെ 15% നെൽകൃഷിയാണ്. കരകൃഷിയിൽ റബ്ബർ, തെങ്ങ്, പച്ചക്കറി എന്നിവയ്ക്കാണ് പ്രാമുഖ്യം. ഇവയുടെ അനുപാതം ചിത്രം 8.4 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 8.4 നീർത്തടം C യിലെ ഭൂവിനിയോഗം*

പൊതു സാമൂഹിക സ്ഥിതി പരിശോധിച്ചാൽ നീർത്തടം C യിലെ 48% ത്തോളം തൊഴിലാളികളും കാർഷിക പ്രവർത്തിയിലേർപ്പെട്ടിരിക്കുകയാണ്. കശുവണ്ടി തൊഴിലാളികളും കൈത്തറി തൊഴിലാളികളും ഇവിടെ ചെറിയതോതിലുണ്ട്.

4. നീർത്തടം D

പൂയപ്പള്ളി പഞ്ചായത്തിലെ പയ്യക്കോട്, ചെങ്കുളം എന്നീ വാർഡുകളുടെ ഭാഗങ്ങൾ ചേർന്നതാണീ ചെറു നീർത്തടം. ഇതിന്റെ വിസ്തൃതി 318 ഹെക്ടറാണ്. പൊതുവിൽ ഇടത്തരം ചരിവുകളും, കുന്നിൻപുറങ്ങളും ചേർന്നതാണിവിടുത്തെ ഭൂപ്രകൃതി.

പൂയപ്പള്ളി പഞ്ചായത്തിലെ മൊത്തം കാർഷിക മേഖലയിൽ 16.188% ഈ നീർത്തടത്തിൽ ഉൾപ്പെടുന്നു. ഭൂവിനിയോഗത്തിന്റെ ഒരു നില പരിശോധിച്ചാൽ ഇവിടെ നീർത്തടത്തിന്റെ ആകെ വിസ്തൃതിയുടെ 62%ത്തോളം കൃഷിഭൂമിയാണെന്നു കാണാം. ഇതിൽ തന്നെ 11% മാത്രമേ നെൽകൃഷിയുള്ളൂ. 43%ത്തോളം റബ്ബർ കൃഷിയാണ്. ഇവയുടെ അനുപാതം ചിത്രം 8.5 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 8.5 നീർത്തടം D യിലെ ഭൂവിനിയോഗം*

ഇവിടുത്തെ തൊഴിൽ ഘടന പരിശോധിച്ചാൽ ഏകദേശം 10% ജനങ്ങൾ മാത്രമേ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളൂ എന്നു കാണാം. മണൽവാരൽ തൊഴിലാളികളും ഇഷ്ടിക തൊഴിലാളികളും ആണ് അധികവും.

## 8.2 കർഷക തൊഴിലാളികളുടെ നീർത്തടാടിസ്ഥാനത്തിലെ അനുപാതം

തൊഴിലാളികളുടെ നീർത്തടാടിസ്ഥാനത്തിലെ അനുപാതം ചിത്രം 8.6 ൽ കാണിച്ചിരിക്കുന്നു. ഇതിൽ നിന്നു വ്യക്തമാകുന്നത് കാർഷിക മേഖലയിൽ തൊഴിലെടുക്കുന്നവരിൽ 48 ശതമാനവും നീർത്തടം C യിലാണ് ഉള്ളത് എന്നാണ്




*ചിത്രം 8.6 കർഷകതൊഴിലാളികളുടെ അനുപാതം*

## 8.3 പ്രധാനപ്പെട്ട നീർച്ചാലുകൾ, ജലാശയങ്ങൾ

### നീർച്ചാലുകൾ

1. നെയ്തോട് – കോളമത്ത് – ആലുമൂട് – മൂഴിയിൽക്കടവ് തോട്

നെയ്തോട് ഏലാ, കുളക്കോട് ഏലാ, കൊട്ടറ ഏലാ, മ്ണാക്കോട് ഏലാ എന്നിവയെ ബന്ധിപ്പിക്കുന്ന തോട്. വിസ്തൃതിയിൽ കാര്യമായ മാറ്റമൊന്നും വന്നിട്ടില്ല. പ്രസ്തുത തോട് നെടുമൺകാവ് ആറ്റിൽ മൂഴിയിൽക്കടവ് പാലത്തിന് സമീപം ചേരുന്നു. വെള്ളം ഏലാകളിലെ ജലസേചനത്തിനായി ഉപയോഗിക്കുന്നു. തോട് കാലാകാലങ്ങളിൽ മെയിന്റനൻസ് ചെയ്യുന്നുണ്ട്.

2. നെല്ലിപ്പറമ്പ് – വേങ്കോട് – മരുതമൺപള്ളി – ചെങ്കുളം തോട്

ഏറ്റവും നീളം കൂടിയ തോട്. നെല്ലിപ്പറമ്പ്, പാണയം, പൂയപ്പള്ളി, മരുതമൺപള്ളി, ചെങ്കുളം എന്നീ ഏലാകളിൽ കൂടി പോകുന്നു. പ്രസ്തുത തോട് വേനൽക്കാലത്ത് വറ്റുന്നതാണ്. കയ്യേറ്റം മൂലം തോടിന്റെ വിസ്തൃതിയിൽ മാറ്റം വന്നിട്ടുണ്ട്. കാലാകാലങ്ങളിൽ മെയിന്റനൻസ് ചെയ്യുന്നുണ്ട്. ഏലാകളിലേക്ക് ജലസേചനത്തിന് ഉപയോഗിക്കുന്നു.

3. മൈലോട് – ഇളവാംകോണം – താഴേമൂഴി – വെളിയം തോട്

ഇളവാംകോണം ഏലായുടെ തലയ്ക്കൽ കൂടിപോകുന്നു. വേനൽക്കാലത്ത് വറ്റുന്നതാണ്. ഏലായുടെ ജലസേചനത്തിന് വേണ്ടി ഉപയോഗിക്കുന്നു.

4. ഓട്ടുമല – കോഴിക്കോട് – കുറുമൺമൂല – ചെങ്കുളം തോട്

കോഴിക്കോട്, മത്യോട്, ചെങ്കുളം ഏലാകളിൽ ജലസേചനം നടത്താൻ വിനിയോഗിക്കുന്നു. വേനൽക്കാലത്ത് നീരൊഴുക്ക് കുറയുന്നു. യഥാസമയം മെയിന്റനൻസ് നടത്താത്തത് മൂലം വിസ്തൃതിയിൽ മാറ്റം വന്നിട്ടുണ്ട്.

### ജലാശയങ്ങൾ

കക്കാട് ചിറ : കൊട്ടറ വാർഡിലുള്ള കക്കാട്ട് ഏലായ്ക്ക് ഭാഗികമായി ജലസേചനം നടത്തുവാനുള്ള സൗകര്യമുണ്ട്. കോളനി പ്രദേശത്താണ് പ്രസ്തുത ചിറ. നാലുവശവും സംരക്ഷണഭിത്തി കെട്ടിയിട്ടുണ്ട്. ശുദ്ധജലമാണ്.

**മ്ണാക്കോട്ട് ചിറ: മ്ണാക്കോട്ട് ഏലായിലേക്ക് ജലസേചന സൗകര്യമുണ്ട്. വേനൽക്കാലത്ത് വറ്റുന്നില്ല. ശുദ്ധജലമാണ്.**

**പൂയപ്പള്ളി ചിറ: പൂയപ്പള്ളി ഏലായ്ക്ക് ജലസേചനത്തിന് ഉപയോഗിച്ചുകൊണ്ടിരുന്നതാണ്. ഇപ്പോൾ ഏലായിൽ നെൽകൃഷി ഇല്ലാത്തതിനാൽ ജലസേചനത്തിന് ഉപയോഗിക്കുന്നില്ല. ചിറയിലെ ജലം മലിനമാക്കപ്പെട്ടിട്ടില്ല.**

**മാക്രിയില്ലാകുളം: മരുതമൺപള്ളി വാർഡിലാണ് ഈ കുളം. കൃഷി ഡിപ്പാർട്ടുമെന്റിൽ നിന്ന് പമ്പ്സെറ്റ് വെച്ച് വെള്ളം കരകൃഷിക്ക് ജലസേചനത്തിന് വേണ്ടി വിനിയോഗിക്കുന്നു. കുളം**

**ഏണിയൂർമഠം ചിറ: കോഴിക്കോട് വാർഡിലെ പ്രധാനപ്പെട്ട ജലാശയമാണ് ഏണിയൂർമഠം ചിറ. ഈ ചിറ അടുത്തകാലത്ത് മെയിന്റനൻസ് നടത്തി പായൽ മാറ്റുകയും സൈഡ് കെട്ടുകയും ചെയ്തു. ചിറയുടെ തൊട്ടടുത്ത് കിടക്കുന്ന കോഴിക്കോട് ഏലായ്ക്ക് ജലസേചനത്തിന് ഉപ യോഗിക്കുന്നു.**

നീർച്ചാലുകൾ

I. **മുടിയൂർക്കോണം തോട്**

II. **മത്യോട് ഏലാതോട്**

III. **ഓട്ടുമല–കോഴിക്കോട്–കുറുമൺമൂല–ചെങ്കുളം തോട്**

IV. **നെല്ലിപ്പറമ്പ്–വേങ്കോട്–മരുതമൺപള്ളി–ചെങ്കുളം തോട്**

V. **പൊങ്ങോട്–ആലുംമൂട്–മൂഴിയിൽകടവ് തോട്**

VI. **പാലംകോണം–മിന്നുക്കുളം തോട്**

VII. **മൈലോട്–ഇളവാംകോണം–താഴേമൂഴി–വെളിയം**

ജലാശയങ്ങൾ

1. **കക്കാട് ചിറ**
2. **മഠത്തിൽ വാതുക്കൽ ചിറ**
3. **കുളക്കോട് ചിറ**
4. **മ്ണാക്കോട് ചിറ**
5. **പാലൂർക്കോണം ചിറ**
6. **മാക്രിയില്ലാക്കുളം**
7. **പൂയപ്പള്ളി ചിറ**
8. **ഏണിയൂർ മഠം ചിറ**
9. **ചെങ്കുളം ചിറ**

## 8.3 അനുമാനം

*ഇവിടെ നടത്തിയ പഠനത്തിൽ നിന്നും വ്യക്തമാകുന്നത് നെൽകൃഷി ഏറ്റവും അധികം ഉള്ളത് നീർത്തടം C പ്രദേശത്താണെന്നും റബ്ബർ, തെങ്ങ് മുതലായവ മറ്റ് മൂന്ന് നീർത്തടങ്ങളിലാണെന്നും ആണ്. കാർഷിക പ്രവർത്തനങ്ങളുമായി ജീവിതം നയിക്കുന്ന തൊഴിലാളികളും ഏറ്റവും കൂടുതൽ ഉള്ളത് നീർത്തടം C യിൽ തന്നെയാണ്.*

<<< previous | contents | next >>>

# അദ്ധ്യായം 9

# ഗതാഗതം

*ഏതൊരു വികസനത്തിനും അവശ്യം വേണ്ട പശ്ചാത്തല സൗകര്യമാണ് കാര്യക്ഷമമായ ഗതാഗത ശൃംഖല. പൂയപ്പള്ളി പഞ്ചായത്തിന്റെ ഗതാഗത മേഖലയെ സംബന്ധിക്കുന്ന വിശകല നങ്ങളാണ് ഈ പഠനത്തിൽ പ്രതിപാദിക്കുന്നത്.*

## 9.1 റീജിയണൽ റോഡ് ശൃംഖല

പൂയപ്പള്ളി പഞ്ചായത്തിലെ പ്രധാന ഗതാഗതമാർഗ്ഗം റോഡാണ്. പഞ്ചായത്തിൽ സാമാന്യം മെച്ചപ്പെട്ട റോഡ് ശൃംഖലയുണ്ട്. ഒരുവിധം എല്ലാ ഉൾപ്രദേശങ്ങളെയും പ്രധാന റോഡുകളു മായി ബന്ധിപ്പിച്ചിരിക്കുന്നു. പഞ്ചായത്തിലെ റോഡുകളുടെ മൊത്തം നീളം 138.68 കി.മീ. ആണ്. പഞ്ചായത്തിൽ 7 പി.ഡബ്ല്യൂ.ഡി. റോഡുകളുണ്ട്. അതിൽ 6 എണ്ണത്തിൽ കൂടി ബസ് സർവ്വീസ് ഉണ്ട്.

ജില്ലയിലെ വിവിധ ഭാഗങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്ന മൂന്ന് പ്രധാന റോഡുകൾ പൂയ പ്പള്ളി വഴി കടന്നുപോകുന്നു. കൊല്ലം കോർപ്പറേഷൻ പ്രദേശവും ആയൂരുമായി ബന്ധിപ്പിക്കു ന്ന, കൊല്ലം പട്ടണം–കണ്ണനല്ലൂർ–പൂയപ്പള്ളി–ആയൂർ റോഡ് ഇതുവഴി കടന്നുപോകുന്നു. കൂടാതെ ദേശീയപാതയെയും (എൻ.എച്ച്. 47), എം.സി.റോഡിനെയും ബന്ധിപ്പിക്കുന്ന ഇത്തിക്കര– കുരി ശുംമൂട്–ആയൂർ റോഡും, ദേശീയപാത 47 നെ, എൻ.എച്ച് 208 മായി ബന്ധിപ്പിക്കുന്ന ഇത്തി ക്കര–പൂയപ്പള്ളി–കൊട്ടാരക്കര റോഡും ആണ് മറ്റു പ്രധാനപ്പെട്ട റോഡുകൾ. കൊല്ലം ജില്ലയുടെ സംയോജിത വികസന രൂപരേഖയിൽ പറയുന്ന പ്രധാനപ്പെട്ട റോഡുകളിലൊന്ന് പൂയപ്പള്ളിയിലെ കുരിശുമൂട് ജംഗ്ഷനിലൂടെ കടന്നുപോകുന്ന ചാത്തന്നൂർ–ആയൂർ റോഡാണ്. ഇത് 21 മീറ്റർ വീതിയാക്കാനും സംയോജിത ജില്ലാ വികസന രൂപരേഖയിൽ നിർദ്ദേശിച്ചിരിക്കുന്നു. രൂപരേഖ യിൽ പറയുന്ന അടുത്ത ക്രമത്തിലുള്ള റോഡുകളിൽ രണ്ടെണ്ണം പൂയപ്പള്ളി വഴി കടന്നുപോകു ന്നു. കണ്ണനല്ലൂർ–പൂയപ്പള്ളി ആയൂർ റോഡും, കൊട്ടാരക്കര–പൂയപ്പള്ളി ഓയൂർ റോഡും ആണി വ. ഇവയുടെ വീതി 12 മീറ്റർ ആക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

ഈ റോഡുകൾ പൂയപ്പള്ളി പഞ്ചായത്തിനെ അടുത്തുള്ള ഉയർന്ന ക്രമത്തിലുള്ള ആവാസ കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്നു. ഉദാഹരണത്തിന് പൂയപ്പള്ളിയിൽ നിന്ന് ചാത്ത ന്നൂർ, വെളിനല്ലൂർ, കൊട്ടാരക്കര, കൊല്ലം എന്നീ സ്ഥലങ്ങളിലേക്കുള്ള യാത്ര ഈ റോഡുകൾ എളുപ്പമാക്കുന്നു. എല്ലാ ആധുനിക സൗകര്യങ്ങൾക്കായും പൂയപ്പള്ളി പഞ്ചായത്തിലെ ജന ങ്ങൾ മുകളിൽ പറഞ്ഞ കേന്ദ്രങ്ങളെയാണ് ആശ്രയിക്കുന്നത്. പൂയപ്പള്ളി വഴിയുള്ള പ്രധാന റോഡുകൾ ചിത്രത്തിൽ കാണിച്ചിരിക്കുന്നു (ചിത്രം 9.1)




*ചിത്രം 9.1 പൂയപ്പള്ളി വഴി കടന്നുപോകുന്ന പ്രധാന റോഡുകൾ*

മേൽ വിവരിച്ച റീജിയണൽ നെറ്റ്‌വർക്കിൽ പൂയപ്പള്ളിയിൽ കൂടി കടന്നുപോകുന്ന ഭാഗങ്ങൾ താഴെപ്പറയുന്നവയാണ് (ചിത്രം 9.2).

1. മീയണ്ണൂർ–പൂയപ്പള്ളി–ആയൂർ
2. പുളിമുക്ക്– കുരിശുമൂട്–പയ്യക്കോട്–ആയൂർ
3. കുരിശുമൂട്–മരുതമൺപള്ളി–പൂയപ്പള്ളി–കൊട്ടാരക്കര




*ചിത്രം 9.2 റീജിയണൽ ശൃംഖല – പൂയപ്പള്ളി*

## 9.2 ആഭ്യന്തര ഗതാഗത ശൃംഖല

ഇതുകൂടാതെ പൂയപ്പള്ളിയുടെ ആഭ്യന്തര ഗതാഗത ശൃംഖലയും മെച്ചപ്പെട്ടതാണ്. എല്ലാ പ്രദേശങ്ങളും റോഡുമാർഗ്ഗം എത്തിച്ചേരാൻ സാധിക്കുന്നവയാണ്.

പൂയപ്പള്ളിയുടെ ആഭ്യന്തര ഗതാഗത ശൃംഖലയിലെ പ്രധാനപ്പെട്ട റോഡുകൾ ഇനി പറയുന്നവയാണ്. റീജിയണൽ ശൃംഖലയിലെ കൊല്ലം-പൂയപ്പള്ളി-ആയൂർ റോഡ്, കൊല്ലം-കുരിശുംമൂട്-ആയൂർ റോഡ്, കൊട്ടാരക്കര-ഓയൂർ റോഡ് എന്നിവ ഏറ്റവും പ്രധാനപ്പെട്ട റോഡുകളും, മീയണ്ണൂർ-വായനശാല-സൗപർണ്ണിക-നെടുമൺകാവ് റോഡ്, പയ്യക്കോട്-കാറ്റാടി-അമ്പലംകുന്ന് റോഡ്, മൈലോട്-വെളിനല്ലൂർ റോഡ്, പഞ്ചായത്തിന്റെ പടിഞ്ഞാറതിരിലൂടെയുള്ള പുന്നക്കോട് -ചെപ്രമുക്ക്-നാൽക്കവല റോഡ് എന്നിവ ആഭ്യന്തര ശൃംഖലയിലെ പ്രൈമറി റോഡുകളും, മരുതമൺപള്ളി- കോഴിക്കോട്-കാറ്റാടി റോഡ്, പുളിമുക്ക്-മരങ്ങാട്-പയ്യക്കോട്, മീയണ്ണൂർ-നെടുമൺകാവ് റോഡിൽ നിന്നും അലിമുക്ക്-താന്നിമുക്ക് റോഡ്, കൊട്ടാരക്കര-ഓയൂർ റോഡിൽ നിന്നും കോഴിക്കോട് ജംഗ്ഷൻ വരെയുള്ള റോഡ് എന്നിവ ആഭ്യന്തര ശൃംഖലയിലെ സെക്കണ്ടറി റോഡുകളുമാണ്.

*പട്ടിക 9.1 പ്രധാന റോഡുകൾ ആഭ്യന്തര ശൃംഖല - പൂയപ്പള്ളി*

| ക്രമ നം. | റോഡ് | ഏകദേശ വീതി | റോഡ് തരം |
|---|---|---|---|
| 1 | മീയണ്ണൂർ-വായനശാല-നെടുമൺകാവ് | 4 മീ | ടാർ |
| 2 | പയ്യക്കോട്-കാറ്റാടി-അമ്പലംകുന്ന് | 4 മീ | ടാർ |
| 3 | മൈലോട്- വെളിനല്ലൂർ | 5 മീ | ടാർ |
| 4 | പുന്നക്കോട്-നാല്ക്കവല | 5 മീ | ടാർ |
| 5 | മരുതമൺപള്ളി-കോഴിക്കോട്-കാറ്റാടി | 4 മീ | ടാർ |
| 6 | പുളിമുക്ക്-മരങ്ങാട്-പയ്യക്കോട് | 4 മീ | ടാർ |
| 7 | മീയണ്ണൂർ-നെടുമൺകാവ് റോഡിൽ നിന്നും അലിമുക്ക്-താന്നിമുക്ക് റോഡ് | 4 മീ | ടാർ |
| 8 | കൊട്ടാരക്കര-ഓയൂർ റോഡിൽ നിന്നും കോഴിക്കോട് ജംഗ്ഷൻ വരെ | 3 മീ | ടാർ |

പ്രധാന റോഡുകളും ജംഗ്ഷനുകളും ചിത്രം 9.3 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 9.3 ആഭ്യന്തര ഗതാഗത ശൃംഖല - പൂയപ്പള്ളി*

ഈ റോഡുകൾ മുഴുവൻ ദൂരവും ടാർ ചെയ്തിട്ടുള്ളതാണെങ്കിലും ശോചനീയാവസ്ഥ മൂലവും വീതിക്കുറവു മൂലവും സഞ്ചാരയോഗ്യമല്ല. പഞ്ചായത്തിന് സ്വന്തമായി ഒരു ബസ്സ്റ്റാൻഡില്ല. കൂടുതൽ ബസ്സുകളും ഇതിലേ കടന്നുപോകുന്നവയാണ്. ഇവിടെ നിന്ന് ആരംഭിക്കുന്നതോ ഇവിടെ അവസാനിക്കുന്നതോ ആയ സർവീസുകൾ ഒന്നും ഇല്ലാത്തതിനാൽ ബസ് സ്റ്റാൻഡ് ഒരു അനിവാര്യതയല്ല. വെയിറ്റിംഗ് ഷെഡുകൾ സൗകര്യപ്രദമായി ഒരുക്കിയവയാണ്. ഓട്ടോ, ടാക്സി അംഗീകൃത സ്റ്റാൻഡുകൾ ഇല്ലാത്തതും മറ്റൊരു പ്രശ്നമാണ്. പഞ്ചായത്താസ്ഥാനമായ പൂയപ്പള്ളി ജംഗ്ഷനിൽ വാഹന പാർക്കിംഗ് ഒരു പ്രശ്നം തന്നെയാണ്.

## 9.3 ജലഗതാഗതം

പഞ്ചായത്തതിർത്തിയിലുള്ള ഇത്തിക്കരയാറ്റിലെ മരക്കുളം കടവിൽ പി.ഡബ്ല്യൂ.ഡി. വക ഒരു കടത്തുവള്ളം സമീപ പഞ്ചായത്തുകളായ ആദിച്ചനല്ലൂർ തുടങ്ങിയവയിലേക്ക് പോകാൻ ഉപയോഗിക്കുന്നു. ജലഗതാഗതത്തെ കൂടുതലായി ആശ്രയിക്കുന്നില്ല.

## 9.4 പ്രശ്നങ്ങൾ

1. കൊല്ലം ജില്ലയുടെ സംയോജിത ജില്ലാ വികസന രൂപരേഖയിലെ നിർദ്ദേശ പ്രകാരം പൂയപ്പള്ളിയിലെ കുരിശുംമൂട് ജംഗ്ഷനിലൂടെ കടന്നുപോകുന്ന 21 മീറ്റർ റോഡ് കുരിശുംമൂട് ജംഗ്ഷൻ മുതൽ പുളിമുക്ക് ജംഗ്ഷൻ വരെ വളവുകളും തിരിവുകളും നിറഞ്ഞതാണ്.
2. പൂയപ്പള്ളി, കുരിശുംമൂട് എന്നീ ജംഗ്ഷനുകൾ ആസൂത്രിതമല്ല.
3. മീയണ്ണൂർ, മരുതമൺപള്ളി, കുരിശുംമൂട്, പയ്യക്കോട് എന്നിവിടങ്ങളിൽ ബസ് സ്റ്റോപ്പുകളുടെ നവീകരണം ആവശ്യമാണ്.
4. റോഡുകൾ സമയബന്ധിതമായി അറ്റകുറ്റ പണി നടത്തുന്നില്ല. പല റോഡുകളുടെയും മെറ്റൽ ഇളകി വലിയ കുഴികൾ രൂപപ്പെട്ടിരിക്കുന്നു.
5. പൂയപ്പള്ളി ജംഗ്ഷനിൽ ഓട്ടോ, ടാക്സി പാർക്കിംഗ് സൗകര്യമില്ലാത്തത് ഗതാഗതക്കുരുക്ക് സൃഷ്ടിക്കുന്നു.
6. പഞ്ചായത്തിലെ പ്രധാനപ്പെട്ട ജില്ലാ പഞ്ചായത്ത് റോഡായ മരുതമൺപള്ളി–അമ്പലംകുന്ന് 7. രാത്രികാല സർവ്വീസുകൾ പര്യാപ്തമല്ല.

## 9.5 അനുമാനം

*പൂയപ്പള്ളി പഞ്ചായത്തിനെ ജില്ലയിലെ മറ്റു ഭാഗങ്ങളുമായി ബന്ധിപ്പിക്കുന്ന നല്ലൊരു ഗതാഗത ശൃംഖല ഇവിടെയുണ്ട്. റോഡുകൾക്ക് ഭാവിയിലുണ്ടായേക്കാവുന്ന വികസനങ്ങളെ ഉൾക്കൊള്ളാൻ തക്ക മാറ്റം കൊണ്ടു വരേണ്ടതും ശോചനീയാവസ്ഥ പരിഹരിക്കേണ്ടതും ആവശ്യമാണ്.*

<<< previous | contents | next >>>

# അദ്ധ്യായം 10

# വിദ്യാഭ്യാസ മേഖല

*പൂയപ്പള്ളി പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരവും, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥിതിവിവരവുമാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.*

## 10.1 മുൻകാലങ്ങളിലെ അവസ്ഥ

പണ്ട് കാലം മുതൽ തന്നെ വിദ്യാഭ്യാസത്തിന് പ്രാമുഖ്യം കൊടുത്തിരുന്ന ഒരു പഞ്ചായത്താണ് പൂയപ്പള്ളി. ചെങ്കുളത്തെ എൽ.എം.എസ്. പ്രൈമറി സ്കൂളും, പൂയപ്പള്ളി ഗവ.പ്രൈമറി സ്കൂളും, കൊട്ടറ പ്രൈമറി സ്കൂളുമാണ് ഈ രംഗത്ത് ആദ്യം സ്ഥാപിതമായത്. പൂയപ്പള്ളിയിൽ വിദ്യാഭ്യാസത്തിന് മുൻകൈ എടുത്തത് ലണ്ടൻ മിഷൻ സഭയാണ്.

ഈ പഞ്ചായത്തിലെയും സമീപ പഞ്ചായത്തുകളിലേയും കുട്ടികൾക്ക് ഇംഗ്ലീഷ് പഠിക്കാൻ ഉപകരിച്ചത് കൊല്ലവർഷം 1117–ൽ മൈലോട്ട് തുടങ്ങിയ ഇംഗ്ലീഷ് സ്കൂൾ ആണ്. ക്ഷേത്ര പ്രവേശന സ്മാരകമായാണ് മൈലോട് യു.പി.എസ്. തുടങ്ങിയ്. 1951 ൽ എച്ച്.എസ്.എസ്. ആയി ഉയർത്തിയ ഈ സ്ഥാപനമാണ് ഈ നാടിന്റെ പുരോഗതിക്ക് കളമൊരുക്കിയത്. ഇന്ന് വി.എച്ച്.എസ്.ഇ.യും ഈ സ്കൂളിൽ പ്രവർത്തിക്കുന്നു.

തുടർന്ന് ഓട്ടുമല, കൊട്ടറ, മാലയിൽ, കോഴിക്കോട്, പുന്നക്കോട്, കാഞ്ഞിരത്തിങ്കൽ എന്നീ എൽ.പി.സ്കൂളുകളും, ചെങ്കുളം, കൊട്ടറ, പൂയപ്പള്ളി, മരുതമൺപള്ളി എന്നീ യു.പി.എസ്. കളും ആരംഭിച്ചു.

## 10.2 വിദ്യാഭ്യാസ നിലവാരം

പൂയപ്പള്ളി പഞ്ചായത്തിന്റെ സാക്ഷരതാ നിരക്ക് 93.48% ആണ്. അതായത് ഇവിടെ 22387 പേർ പ്രാഥമിക വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരാണ്. കൊല്ലം ജില്ലയുമായി താരതമ്യം ചെയ്യുമ്പോൾ ഇത് കൂടുതലാണ് (ജില്ല–80.86%). കൊട്ടാരക്കര ബ്ലോക്കിന്റെ സാക്ഷരതാ നിലവാരം 94.25% ആണ്.

വിവിധ നിലവാരത്തിൽ വിദ്യാഭ്യാസം നേടിയവരുടെ ശതമാനം ഒരു പൈചാർട്ടായി കാണിച്ചിരിക്കുന്നു (ചിത്രം 10.1). ഇത് പരിശോധിച്ചാൽ മനസ്സിലാകുന്നത് ഇവിടെ 64% പേർ പന്ത്രണ്ടാം ക്ലാസ്സ് വിദ്യാഭ്യാസമുള്ളവരും 11% പേർ പത്താം ക്ലാസ്സ് വിദ്യാഭ്യാസം മാത്രമുള്ളവരും 17% പേർ ബിരുദധാരികളും 8% പേർ പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതകൾ ഉള്ളവരുമാണ് എന്നാണ്.




| വിദ്യാഭ്യാസ നിലവാരം | ജനങ്ങൾ (ശതമാനം) |
|---|---|
| പ്രൈമറി | 11 |
| പ്ലസ് ടു | 64 |
| ഡിഗ്രി | 17 |
| പ്രൊഫഷണൽ | 8 |

*ചിത്രം 10.1 വിവിധ നിലവാരത്തിൽ വിദ്യാഭ്യാസം നേടിയവരുടെ ശതമാനം*

പഞ്ചായത്തിലെ സ്ത്രീകളുടെ സാക്ഷരതാ നിരക്ക് 90.69% ആണ്. കൊല്ലം ജില്ലയുടെ സ്ത്രീ സാക്ഷരതാ നിരക്കിനേക്കാൾ ഇത് കൂടുതലാണ് (കൊല്ലം ജില്ല- 86.73%).

## 10.3 വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ തരവും എണ്ണവും

പൂയപ്പള്ളി പഞ്ചായത്തിൽ എൽ.പി., യു.പി. ഹൈസ്കൂൾ വിഭാഗങ്ങളിലായി 14 വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ട്. ഇവയിലെല്ലാം ചേർന്ന് 6098 വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തുന്നു. വിവിധ തലങ്ങളിൽ ഉള്ള വിദ്യാർത്ഥികളുടെ എണ്ണം താഴെ ചേർത്തിരിക്കുന്നു.

*പട്ടിക 10.1 വിവിധ തലങ്ങളിലുള്ള വിദ്യാർത്ഥികളുടെ എണ്ണം*

| ക്രമ നം. | വിഭാഗം | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|
| 1 | എൽ.പി.മാത്രം | 1144 |
| 2 | യു.പി.മാത്രം | 305 |
| 3 | എച്ച്.എസ് | 3173 |
| 4 | എച്ച.എസ്.എസ്. | 1476 |

പഞ്ചായത്തിലെ സ്കൂളുകളുടെ ഒരു പട്ടിക ചുവടെ ചേർക്കുന്നു (പട്ടിക 10.1).

*പട്ടിക 10.2 വിദ്യാഭ്യാസ സ്ഥാപനങ്ങൾ – പൂയപ്പള്ളി*

| ക്രമ നം. | പേര് |
|---|---|
| 1 | എൽ.എം.എസ്സ്. എൽ.പി.എസ്, ചെങ്കുളം |
| 2 | ഗവൺമെന്റ് എച്ച്.എസ്സ്., പൂയപ്പള്ളി |
| 3 | മാലയിൽ എൽ.പി.എസ്സ് |
| 4 | കോഴിക്കോട് എൽ.പി.എസ്സ്. |
| 5 | ഓട്ടുമല എൽ.പി.എസ്സ് |
| 6 | സെന്റ് തോമസ് എച്ച്.എസ്. പുന്നക്കോട് |
| 7 | ജി.എൽ.പി.എസ്സ്., കൊട്ടറ |
| 8 | എസ്.കെ.വി. എൽ.പി.എസ്സ്., കൊട്ടറ |
| 9 | ശങ്കരമംഗലം എച്ച്.എസ്സ്.എസ്സ്., കൊട്ടറ |
| 10 | എം.ജി.എം. എൽ.പി.എസ്സ്., പുന്നക്കോട് |
| 11 | എം.ഐ.എം.യു.പി.എസ്സ്. ചെങ്കുളം |
| 12 | വെൽഫെയർ എൽ പി എസ്, ഓട്ടുമല |
| 13 | എസ്.എൻ.വി. യു.പി.എസ്സ്., മരുതമൺപള്ളി |
| 14 | റ്റി.ഇ.എം. വി.എച്ച്.എസ്സ.എസ്സ., മൈലോട് |

പൂയപ്പള്ളി പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിതരണം മാപ്പിൽ കാണിച്ചിരിക്കുന്നു (ചിത്രം 10.2)




*ചിത്രം 10.2 വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥാനം*

## 10.4 സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ

സ്കൂളുകളുടെ പലതിന്റെയും ഭൗതിക സാഹചര്യങ്ങൾ ശോചനീയാവസ്ഥയിലാണ്. പ്രശ്നങ്ങൾ താഴെ പട്ടികയായി കൊടുത്തിരിക്കുന്നു (പട്ടിക 10.3).

*പട്ടിക 10.3 സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളുടെ അഭാവം*

| ക്രമ നം. | പേര് | പ്രശ്നങ്ങൾ |
|---|---|---|
| 1 | എൽ.എം.എസ്സ്. എൽ.പി.എസ്, ചെങ്കുളം | സെമി പക്ക സ്കൂൾ കെട്ടിടം |
| 2 | ഗവൺമെന്റ് എച്ച്.എസ്സ്. | സെമി പക്ക സ്കൂൾ കെട്ടിടം |
| 3 | മാലയിൽ എൽ.പി.എസ്സ് | സെമി പക്ക സ്കൂൾ കെട്ടിടം |
| 4 | കോഴിക്കോട് എൽ.പി.എസ്സ്. | സാനിട്ടേഷൻ സൗകര്യങ്ങളുടെ അഭാവം |
| 5 | ഓട്ടുമല എൽ.പി.എസ്സ് | കളിസ്ഥലത്തിന്റെ അഭാവം |
| 6 | സെന്റ് തോമസ് എച്ച്.എസ്. പുന്നക്കോട് | സെമി പക്ക സ്കൂൾ കെട്ടിടം |
| 7 | ജി.എൽ.പി.എസ്സ്., കൊട്ടറ | കളിസ്ഥലത്തിന്റെ അഭാവം |



*ഗവ.ഹൈസ്ക്കൂൾ–പൂയപ്പള്ളി*



*റ്റി.ഇ.എം.വി.എച്ച്.എസ്.എസ്.–മൈലോട്*

## 10.5 ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ

പ്ലസ്ടു തലം കഴിഞ്ഞുള്ള ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ ഒന്നും തന്നെ പൂയപ്പള്ളി പഞ്ചായത്തിലില്ല.

ഈ ആവശ്യങ്ങൾക്കായി ഇവിടുത്തെ വിദ്യാർത്ഥികൾ കൂടുതലും ആശ്രയിക്കുന്നത് ചാത്തന്നൂർ, വെളിനല്ലൂർ, കൊട്ടാരക്കര, കൊല്ലം കോർപ്പറേഷൻ എന്നീ പ്രദേശങ്ങളെയാണ്. ഇവയെല്ലാം തന്നെ 15 കി.മീ. ചുറ്റളവിൽ ലഭ്യമാകുന്ന സൗകര്യങ്ങളാണ്. ഇവയുടെ ഒരു വിന്യാസം ചിത്രം 10.3 ലും ഇവയുടെ ഒരു പട്ടിക 10.4 ലും കാണിച്ചിരിക്കുന്നു.




*ചിത്രം 10.3 ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങളുടെ വിന്യാസം*

*പട്ടിക 10.4 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ*

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | സ്ഥലം |
|---|---|---|
| 1 | എസ്.എൻ.കോളേജ് | ചാത്തന്നൂർ |
| 2 | എഞ്ചിനീയറിംഗ് കോളേജ് | വെളിനല്ലൂർ |
| 3 | റ്റി.റ്റി.ഐ. | വെളിനല്ലൂർ |
| 4 | ആർട്സ് ആന്റ് സയൻസ് കോളേജ് | കൊട്ടാരക്കര |
| 5 | ബി.എഡ് കോളേജ് | കൊട്ടാരക്കര |
| 6 | റ്റി.റ്റി.സി. | കൊട്ടാരക്കര |
| 7 | നഴ്സിംഗ് സ്കൂൾ (3 എണ്ണം) | കൊട്ടാരക്കര |

## 10.6 വിദ്യാഭ്യാസ സൗകര്യങ്ങൾ – ആസൂത്രണ സൂചികയു (Planning Standard) മായുള്ള താരതമ്യം

ആസൂത്രണ ഏകകം അനുസരിച്ച് ജനസംഖ്യയ്ക്ക് ആവശ്യമായ വിദ്യാഭ്യാസ സൗകര്യങ്ങളുടെ പട്ടിക (10.5) താഴെ നല്കിയിരിക്കുന്നു.

*പട്ടിക 10.5 ആസൂത്രണ ഏകകം – വിദ്യാഭ്യാസം*

| നമ്പർ | തരം | കുട്ടികളുടെ എണ്ണം | സൂചിക |
|---|---|---|---|
| 1 | ഹൈസ്കൂൾ | 700 കുട്ടികൾ | 13000 ജനങ്ങൾക്ക് ഒരു ഹൈസ്ക്കൂൾ |
| 2 | ഹയർസെക്ക റി സ്കൂൾ | 400 കുട്ടികൾ | 13000 ജനങ്ങൾക്ക് ഒരു ഹയർ സെക്ക റി സ്ക്കൂൾ |
| 3 | ആർട്സ് & സയൻസ് കോളേജ് | 500 കുട്ടികൾ | 80000 ജനങ്ങൾക്ക് ഒരു ആർട്സ് & സയൻസ് കോളേജ് |
| 4 | സാങ്കേതിക കോളേജ് | 250 കുട്ടികൾ | 250000 ജനങ്ങൾക്ക് ഒരു പ്രൊഫഷണൽ കോളേജ് |
| 5 | പോളിടെക്നിക് കോളേജ് | 150 കുട്ടികൾ | 36000 ജനങ്ങൾക്ക് ഒരു പോളി ടെക്നിക് |
| 6 | ഐ.ടി.സി /ഐ.ടി.ഐ | 300 കുട്ടികൾ | 35000 ജനങ്ങൾക്ക് ഒരു ഐ.റ്റി.ഐ / ഐ.റ്റി.സി. |
| 7 | റ്റി.റ്റി.സി | 120 കുട്ടികൾ | 120000 ജനങ്ങൾക്ക് ഒരു റ്റി.റ്റി.സി. |

*അവലംബം: സംയോജിത ജില്ലാവികസന രൂപരേഖയും പ്രാദേശിക വികസന രൂപരേഖകളും തയ്യാറാക്കുന്നതിനായി കണക്ക് കൂട്ടിയെടുത്ത സൂചികകൾ*

നാലാം ക്രമത്തിൽ വരുന്ന ഒരു പഞ്ചായത്തെന്ന നിലയിൽ ഇവിടെയുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ ആസൂത്രണ സൂചിക പ്രകാരം ആവശ്യത്തിനുതകുന്നവയാണ്.

## 10.7 പ്രശ്നങ്ങൾ

1. പല സ്കൂളുകളിലെയും ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല. ഉദാഹരണത്തിന് കെട്ടിടത്തിന്റെ ശോച്യാവസ്ഥയും ടോയിലറ്റ് സൗകര്യങ്ങളുടെ അഭാവവും എടുത്തു പറയത്തക്കതാണ്.

## 10.8 അനുമാനം

*അടിസ്ഥാന വിദ്യാഭ്യാസ മേഖലയിൽ പൂയപ്പള്ളിയിലെ സൗകര്യങ്ങൾ പര്യാപ്തമാണ്. ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ ഇവിടെയില്ല എങ്കിലും, ഇവിടുത്തെ വിദ്യാർത്ഥികൾക്ക് ഉപയോഗപ്രദമായ രീതിയിൽ 15കി.മീ. ചുറ്റളവിൽ സൗകര്യങ്ങൾ ലഭ്യമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാവശ്യമാണ്.*

<<< previous | contents | next >>>

# അദ്ധ്യായം 11

# ആരോഗ്യ മേഖല

*പൂയപ്പള്ളി പഞ്ചായത്തിൽ പൊതുജനാരോഗ്യ മേഖലയിലെ നിലവിലുള്ള സൗകര്യങ്ങളെക്കുറിച്ചാണ് ഈ അദ്ധ്യായത്തിൽ വിശദമാക്കിയിരിക്കുന്നത്.*

## 11.1 ആരോഗ്യമേഖല – നിലവിലെ സ്ഥിതി

പൊതുജനാരോഗ്യ സ്ഥാപനങ്ങളുടെ കാര്യത്തിൽ പൂയപ്പള്ളി പഞ്ചായത്ത് അത്ര സമ്പന്നമല്ല. പൊതുമേഖലയിൽ ഇവിടെയുള്ളത് മരുതമൺപള്ളിയിൽ പ്രവർത്തിക്കുന്ന ഒരു പ്രാഥമികാരോഗ്യ കേന്ദ്രം മാത്രമാണ്. ഇവിടെ രോഗികളെ കിടത്തി പരിശോധിക്കുന്ന വിഭാഗം പ്രവർത്തിക്കുന്നില്ല. ഒരു ഡോക്ടർ മാത്രമാണിവിടുള്ളത്. പഞ്ചായത്തിൽ കൊട്ടറ, പൂയപ്പള്ളി, ചെങ്കുളം എന്നിവിടങ്ങളിൽ ഓരോ സബ്സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ആശുപത്രിയോട് ചേർന്ന് ലാബ് സൗകര്യം ഇല്ല. ഇവിടെ ഡോക്ടുടെ മുഴുവൻ സമയ സേവനം ലഭ്യമല്ലാത്ത ഒരവസ്ഥയാണുള്ളത്. ആരോഗ്യ കേന്ദ്രത്തിലെ ജീവനക്കാരുടെ എണ്ണം പട്ടിക 11.1 ൽ കൊടുത്തിരിക്കുന്നു.

***പട്ടിക-11.1 ആരോഗ്യ കേന്ദ്രത്തിലെ ജീവനക്കാരുട എണ്ണം***

| ക്രമ നം. | സ്റ്റാഫ് | എണ്ണം |
|---|---|---|
| 1 | ഡോക്ടർ | 1 |
| 2 | ജൂനിയർ പി.എച്ച്.എൻ | 4 |
| 3 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 5 |
| 4 | എൽ.എച്ച്.ടള | 1 |
| 5 | ഹെൽത്ത് ഇൻസ്പെക്ടർ | 1 |
| 6 | സ്റ്റാഫ് നെഴ്സ് | 1 |
| 7 | ക്ലാർക്ക് | 1 |
| 8 | പ്യൂൺ | 1 |
| 9 | ഹോസ്പിറ്റൽ അറ്റന്റർ | 1 |
| 10 | ഫാർമസിസ്റ്റ് | 1 |
| 11 | പാർട്ട് ടൈം സ്വീപ്പർ | 1 |

തൊഴിൽ മേഖലയിലുള്ളവർക്കായി ഒരു ഇ.എസ്.ഐ. ആശുപത്രി പൂയപ്പള്ളിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ രോഗികളെ പരിശോധിക്കുന്നതല്ലാതെ കിടത്തി ചികിത്സിപ്പിക്കുന്ന വിഭാഗം പ്രവർത്തിക്കുന്നില്ല.

സ്വകാര്യമേഖലയിൽ പ്രധാനമായി അഞ്ച് സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. പയ്യക്കോട് പ്രവർത്തിക്കുന്ന രാജഗീൽ ആശുപത്രി, പൂയപ്പള്ളിയിലെ ലക്ഷ്മി നേഴ്സിംഗ് ഹോം, പൂയപ്പള്ളി സ്റ്റാർ ഹോസ്പിറ്റൽ, കിഴക്കേവീട്ടിൽ നഴ്സിംഗ് ഹോം പൂയപ്പള്ളി. ഇതിൽ കിഴക്കേവീട്ടിൽ നേഴ്സിംഗ് ഹോം ഒഴികെ എല്ലായിടത്തും അത്യാവശ്യം വേണ്ടുന്ന ഇൻ പേഷ്യന്റ് സൗകര്യം ലഭ്യമാണ്. ലാബ്, ഇ.സി.ജി, തുടങ്ങിയ സൗകര്യങ്ങൾ ഇവിടെയെല്ലാം തന്നെയുണ്ട്. ഈ സ്ഥാപനങ്ങളുടെ സ്ഥലപര വിന്യാസം ചിത്രം 11.1 ൽ കൊടുത്തിരിക്കുന്നു. പട്ടിക 11.2 ൽ ഈ സ്ഥാപനങ്ങളിലെ കിടക്കകളുടെ എണ്ണം രേഖപ്പെടുത്തിയിരിക്കുന്നു.




*ചിത്രം 11.1 ആരോഗ്യ സ്ഥാപനങ്ങളുടെ വിന്യാസം*

**പട്ടിക–11.2 സ്വകാര്യ മേഖലയിലെ ആശുപത്രികൾ**

| ക്രമ നം. | ആശുപത്രി | കിടക്കകളുടെ എണ്ണം |
|---|---|---|
| 1 | മദർ ആന്റ് ചൈൽഡ് കെയർ സെന്റർ | 1 |
| 2 | സ്റ്റാർ ഹോസ്പിറ്റൽ | _ |
| 3 | ലക്ഷ്മി നഴ്സിംഗ് ഹോം | 20 |
| 4 | രാജശീൽ ഹോസ്പിറ്റൽ | 8 |
| 5 | കിഴക്കേ വീട്ടിൽ നഴ്സിംഗ് ഹോം | _ |

ഇതുകൂടാതെ ആയുർവേദ ചികിത്സാ സൗകര്യമുള്ള ഒരു ആശുപത്രി ഇവിടെ പ്രവർത്തിക്കുന്നുണ്ട്. മാണി വൈദ്യൻ മെമ്മോറിയൽ എന്ന ഈ ആയുർവേദ ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങൾ ഇല്ല.

പൊതു മേഖലയിൽ ഒരു ആയുർവേദ ഡിസ്പെൻസറിയുടെയും, ഹോമിയോ ഡിസ്പെൻസറിയുടെയും അഭാവം എടുത്തു പറയത്തക്കതാണ്.

## 11.2 മെച്ചപ്പെട്ട ആരോഗ്യ സൗകര്യങ്ങൾ

ഉയർന്ന ചികിത്സാ സൗകര്യങ്ങൾക്കായി ഇവിടുത്തെ ജനങ്ങൾ തൊട്ടടുത്ത പഞ്ചായത്തുകളെയാണ് ആശ്രയിക്കുന്നത്. പൂയപ്പള്ളിയുടെ 15 കി.മീ. ചുറ്റളവിൽ ഈ സൗകര്യങ്ങളെല്ലാം ലഭ്യമാണ്. മീയണ്ണൂർ അസീസിയ ഹോസ്പിറ്റൽ, ചാത്തന്നൂരിലുള്ള സാഫാ ഹോസ്പിറ്റൽ, റോയൽ ഹോസ്പിറ്റൽ, കൊട്ടിയം ഹോളിക്രോസ് ആശുപത്രി, എന്നിവയെല്ലാം തന്നെ ഇത്തരത്തിലുള്ളതാണ്. സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ കൊല്ലം കോർപ്പറേഷൻ മേഖലയിൽ ലഭ്യമാണ്.

സമീപ പ്രദേശങ്ങളിലെ ഉയർന്ന ചികിത്സാ സൗകര്യങ്ങളുടെ വിന്യാസം ചിത്രം 11.2 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 11.2 സമീപ പഞ്ചായത്തുകളിലെ ആശുപത്രികൾ*

ആസൂത്രണ സൂചക പ്രകാരം 20,000–25,000 ത്തിനുമിടയിൽ ജനസംഖ്യയുള്ളിടത്ത് ഒരു പ്രാഥമികാരോഗ്യ കേന്ദ്രം മതിയാകും. അതുപോലെ 10,000 ജനസംഖ്യയ്ക്ക് നാല് പേരെ കിടത്തി ചികിത്സിക്കുന്ന പ്രാഥമിക സൗകര്യം പര്യാപ്തമാണ്. ആ നിലയിൽ ഇവിടെ പ്രാഥമിക ആരോഗ്യ സംവിധാനം പര്യാപ്തമാണ്. അവയുടെ നിലവിലെ സ്ഥിതി മെച്ചപ്പെടുത്തുക മാത്രമാണാവശ്യം.

## 11.3 പ്രശ്നങ്ങൾ

1. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നില്ല. ആവശ്യമായ മരുന്നുകളുടെ ആഭാവം, കിടത്തി ചികിത്സ ഇല്ല എന്നീ പ്രശ്നങ്ങൾ നിലനിൽക്കുന്നു.
2. പകർച്ചപ്പനി പോലുള്ള രോഗങ്ങൾ പിടിപെടുന്ന ഈ സാഹചര്യത്തിൽ പോലും രോഗം വരാതിരിക്കാൻ വേണ്ടുന്ന ബോധവത്ക്കരണമോ ആരോഗ്യ പരിശോധനകളോ നടത്തുവാനുള്ള സംവിധാനമില്ല.
3. വിദഗ്ദ്ധ ചികിത്സ നൽകുന്ന ആശുപത്രികളൊന്നും തന്നെ പഞ്ചായത്തിലില്ല.
4. മാതൃ–ശിശു സംരക്ഷണ കേന്ദ്രം പ്രവർത്തിക്കുന്നില്ല.
5. ഇ.എസ്.ഐ.യുടെ ആശുപത്രിയുടെ പ്രവർത്തനം തൃപ്തികരമല്ല.
6. ഹോമിയോ, ആയുർവേദ ഡിസ്പെൻസറികൾ ഇല്ല.

## 11.4 അനുമാനം

*പൂയപ്പള്ളി പഞ്ചായത്തിൽ ആസൂത്രണ സൂചിക പ്രകാരം ആവശ്യമുള്ള സൗകര്യങ്ങളെല്ലാം ലഭ്യമാണ്. അത്യാവശ്യ സന്ദർഭങ്ങളിൽ മെച്ചപ്പെട്ട ചികിത്സ ലഭിക്കാൻ മികച്ച ആശുപത്രികൾ സമീപ പ്രദേശങ്ങളിലുണ്ട്. അവയിലേക്കുള്ള യാത്രാ സൗകര്യങ്ങളുമുണ്ട്. എന്നിരുന്നാലും സാധാരണ ജനങ്ങൾക്ക് ലഭിക്കത്തക്കവിധം സേവനങ്ങൾ സർക്കാർ മേഖലയിൽ ഇവിടെ ലഭ്യമാകുന്നതിനായി ആരോഗ്യ കേന്ദ്രത്തിന്റെ സൗകര്യങ്ങളും, സേവനങ്ങളും മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്.*

# അദ്ധ്യായം 12

# കുടിവെള്ളവും, ശുചിത്വവും, മാലിന്യ നിർമ്മാർജ്ജനവും

*ജീവന്റെ നിലനിൽപ്പിനുതന്നെ അത്യന്താപേക്ഷിതമായ ഒന്നാണ് ശുദ്ധജലം. പൂയപ്പള്ളിയിൽ പൊതുവിലും ഉയർന്ന പ്രദേശങ്ങളിൽ പ്രത്യേകിച്ചും ശുദ്ധജലക്ഷാമം ഉണ്ട്. ഈ പഞ്ചായത്തിലെ ജലസ്രോതസ്സുകളെക്കുറിച്ചു, ജലവിതരണത്തിന്റെ നിലവിലെ അവസ്ഥയെക്കുറിച്ചുമാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.*

## 12.1 നിലവിലെ സ്ഥിതി

പൂയപ്പള്ളി പഞ്ചായത്തിന്റെ പ്രധാന ജലസ്രോതസ്സ് കിണർ തന്നെയാണ്. പഞ്ചായത്തിന്റെ വികസന രേഖ പ്രകാരം ആകെ 8070 കിണറുകളുണ്ടിവിടെ. ഇതിൽ 2028 എണ്ണം വറ്റാത്തവയാണ്. പഞ്ചായത്തിന്റെ എല്ലാ വാർഡുകളും പൊതുവിൽ കിണറിനെ തന്നെയാണ് കുടിവെള്ളത്തിനായ് ആശ്രയിക്കുന്നത് (94.85%). ശുദ്ധജലത്തിനായി ജനങ്ങൾ ഉപയോഗിക്കുന്ന സ്രോതസ്സുകൾ കാണിക്കുന്ന ഒരു ചിത്രം താഴെ കൊടുത്തിരിക്കുന്നു.




*ചിത്രം 12.1 ജലസ്രോതസ്സുകളുടെ ഉപയോഗത്തിന്റെ വാർഡുതല വിതരണം*




*ജലസ്രോതസ്സുകളുടെ പഞ്ചായത്തുതല ഉപയോഗം*

കൊട്ടറ, ചെങ്കുളം വാർഡുകളിൽ മാത്രമാണ് പൈപ്പ് വെള്ളത്തിനെ ജനങ്ങൾ ചെറിയ തോതിൽ ആശ്രയിക്കുന്നത്.

കിണറുകളെ പരിപോഷിപ്പിക്കുന്ന രീതിയിൽ കെ.ഐ.പി. കനാലുകളുടെ നല്ലൊരു ശൃംഖല ഇവിടെയുണ്ട്. ഇതുമൂലം ചില പ്രദേശങ്ങളിൽ ജലക്ഷാമം രൂക്ഷമല്ല. കെ.ഐ.പി. കനാലുകളെ പോലെതന്നെ ശുദ്ധജലത്തിന് ജനങ്ങൾക്ക് ആശ്രയിക്കത്തക്കതായ നിരവധി ഉപരിതല സ്രോതസ്സുകൾ പഞ്ചായത്തിലുണ്ട്. അവയുടെ ഒരു വിതരണം ചിത്രം 12.2 ലും പട്ടിക 12.1 ലും കാണിച്ചിരിക്കുന്നു.




*ചിത്രം 12.2 പഞ്ചായത്തിൽ കുളങ്ങളുടെ സ്ഥാനം*

*പട്ടിക 12.1 പഞ്ചായത്തിൽ കുളങ്ങളുടെ സ്ഥാനം*

| ക്രമ നം. | സ്കൂൾ | വാർഡ് നം |
|---|---|---|
| 1 | കക്കാട് ചിറ | 1 |
| 2 | മടത്തിൽ വാതുക്കൽ ചിറ | 1 |
| 3 | കുളക്കോട് ചിറ | 2 |
| 4 | മ്ണാക്കോട് ചിറ | 2 |
| 5 | പാലൂർക്കോണം ചിറ | 12 |
| 6 | മാക്രിയില്ലാക്കുളം | 10 |
| 7 | പൂയപ്പള്ളി ചിറ | 3 |
| 8 | ഏണിയൂർ മഠം ചിറ | 7 |
| 9 | ചെങ്കുളം ചിറ | 9 |

## 12.2 കുടിവെള്ള പദ്ധതികൾ

വാട്ടർ അതോറിറ്റിയുടെ രണ്ടു ചെറുകിട കുടിവെള്ള പദ്ധതികളുടെ പ്രയോജനം ഈ പഞ്ചായത്തിനു ലഭിക്കുന്നുണ്ട്. പള്ളിമൺ നിന്നുള്ള പദ്ധതിയും ഓട്ടുമലയിൽ നിന്നുള്ള പദ്ധതിയും.

പള്ളിമൺ നിന്നുള്ള പദ്ധതിയിൽ നിന്ന് ഈ പഞ്ചായത്തിൽ മൂന്ന് വാർഡുകളിൽ ഭാഗികമായി വെള്ളം ലഭ്യമാകുന്നുണ്ട്. ഇതിൽ നിന്ന് 12 പൊതു ടാപ്പുകളും 20 ഹൗസ് കണക്ഷനുകളും നൽകിയിട്ടുണ്ട്. ഓട്ടുമലയിൽ സ്ഥാപിച്ചിരിക്കുന്ന കുടിവെള്ള പദ്ധതിയുടെ പ്രയോജനം പൂയപ്പള്ളി ഈസ്റ്റ്, മൈലോട്, വെങ്കോട്, കോഴിക്കോട്, എന്നീ വാർഡുകളിൽ ലഭ്യമാണ്. കുടിവെള്ള പദ്ധതികളുടെ പ്രയോജനം ലഭിക്കുന്ന പ്രദേശങ്ങൾ ചിത്രം 12.3 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 12.3 കുടിവെള്ള പദ്ധതിയുടെ പ്രയോജനം ലഭിക്കുന്ന പ്രദേശങ്ങൾ*

ഓട്ടുമല ശുദ്ധജല പദ്ധതി അഞ്ചാം വാർഡിലാണ് സ്ഥിതി ചെയ്യുന്നത്. പമ്പ് ഹൗസിനോട ചേർന്നുള്ള കിണറിൽ നിന്നും ആണ് വെള്ളം പമ്പ് ചെയ്യുന്നത്. 25000 ലിറ്ററാണ് ഈ പമ്പ് ഹൗസിന്റെ ശേഷി. ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത് 70 കുടുംബങ്ങൾക്കാണ്. രാവിലെ 8 മുതൽ ഉച്ചയ്ക്ക് 3 മണിവരെ പ്രവർത്തിക്കുന്നു. ഇതിനോടനുബന്ധിച്ച് 35 പൊതുടാപ്പുകളുമുണ്ട്.



*ഓട്ടുമല ശുദ്ധജല പദ്ധതി*

ഇതുകൂടാതെ കെ.ഐ.പി. കനാലിന്റെ സാന്നിദ്ധ്യം കൊണ്ടു കൊട്ടറ, നാൽക്കവല, പൂയപ്പള്ളി ടൗൺ, പൂയപ്പള്ളി ഈസ്റ്റ്, മൈലോട്, വെങ്കോട്, കോഴിക്കോട് എന്നിവിടങ്ങളിലെ കിണറുകളും രൂക്ഷമായ ഭീഷണി നേരിടുന്നില്ല.

ഈ ഒരു പഠനത്തിൽ നിന്നും വ്യക്തമാകുന്നത് ചെങ്കുളം, പയ്യക്കോട്, പുന്നക്കോട്, മരുതമൺപള്ളി, തച്ചക്കോട് എന്നീ പ്രദേശങ്ങൾ കിണറുകളെ മാത്രമാണ് ആശ്രയിക്കുന്നതെന്നും വേനൽക്കാലത്ത് ജലനിരപ്പ് താഴുന്നതുമൂലം രൂക്ഷമായ ജലക്ഷാമം നേരിടുന്നു എന്നതുമാണ്. ജലക്ഷാമം നേരിടുന്ന പ്രദേശങ്ങൾ ചിത്രം 12.4 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 12.4 ജലക്ഷാമം നേരിടുന്ന പ്രദേശങ്ങൾ*

### 12.3 മാലിന്യ നിർമ്മാർജ്ജനം – നിലവിലെ സ്ഥിതി

ആരോഗ്യ സംരക്ഷണത്തിന് രോഗ പ്രതിരോധം, പോഷകാഹാരം എന്നിവപോലെ പ്രധാനമാണ് ശുചിയായ പരിസരം. പരിസര ശുചീകരണത്തിൽ സാനിട്ടറി ലാട്രിനിന്റെ ആവശ്യകതയാണ് ഏറ്റവും ശ്രദ്ധേയമായത്. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 32% കുടുംബങ്ങൾക്കേ സാനിട്ടറി ലാട്രിൻ ഉള്ളൂ. വിവിധ കോളനികളിൽ ശുചിത്വ പ്രശ്നങ്ങൾ നിലനിൽക്കുന്നു. വാർഡ് 4 ലെ ജയന്തി കോളനി, കോണത്ത് കോളനി (വാർഡ് –3) വേടർ കോളനി, മുടിയൂർക്കോണം കോളനി (വാർഡ് –9), കുന്നുവിളാകം കോളനി (വാർഡ് – 10) എന്നിവിടങ്ങളിൽ ശുചിത്വ പ്രശ്നങ്ങളുണ്ട്.

ഇതുകൂടാതെ പൂയപ്പള്ളിയിലെ മാർക്കറ്റ് സ്ഥിതി ചെയ്യുന്ന് പൂയപ്പള്ളി ടൗൺ വാർഡ്, മരുതമൺപള്ളി വാർഡ് എന്നിവിടങ്ങളിൽ പ്ലോട്ട് സൈസ് താരതമ്യേന കുറവായതിനാൽ മാലിന്യ നിർമ്മാർജ്ജന സൗകര്യം കുറവാണ്. പ്രസ്തുത വാർഡുകളിൽ ജനസാന്ദ്രത കൂടുതലുമാണ്. വാണിജ്യ വിപണന പ്രവർത്തനങ്ങളും ഈ വാർഡുകളിൽ കൂടുതൽ നടക്കുന്നതിനാൽ ഖരമാലിന്യ നിർമ്മാർജ്ജനം ഇവിടെ പരിഹരിക്കപ്പെടേണ്ട ഒരു പ്രശ്നമാണ്.

നിലവിലുള്ള പഞ്ചായത്ത് മാർക്കറ്റ് കെ.ഐ.പി. കനാൽ അക്വാഡക്ടിന്റെ താഴെയാണ് പ്രവർത്തിക്കുന്നത്. ഇവിടെയും പ്രവർത്തനങ്ങൾ സജീവമാകുമ്പോൾ ഖരമാലിന്യ നിർമ്മാർജ്ജനം ഒരു പ്രശ്നമാണ്.

പുരയിട വിസ്തൃതി കുറഞ്ഞതിനാലും വാണിജ്യ പ്രവർത്തനങ്ങൾ അധികമായതിനാലും ജനസാന്ദ്രത കൂടിയിരിക്കുന്നതിനാലും ഖരമാലിന്യം ഒരു ശുചിത്വ പ്രശ്നമാകുന്ന വാർഡുകൾ ചിത്രം 12.5 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 12.5 ശുചിത്വ പ്രശ്നം ഉള്ള വാർഡുകൾ*

### 12.4 പ്രശ്നങ്ങൾ

1. വേനൽക്കാലത്ത് തച്ചക്കോട്, പയ്യക്കോട്, ചെങ്കുളം, മരുതമൺപള്ളി, പുന്നക്കോട് വാർഡുകളിലും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.
2. പൊതു കിണറുകൾ പലതും ഉപയോഗ ശൂന്യമാണ്.
3. ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികളുടെ അഭാവം

### 12.5 അനുമാനം

*പഞ്ചായത്തിലെ നിലവിൽ ഉപയോഗിക്കത്തക്കതായ ശുദ്ധജല സ്രോതസ്സുകൾ ഇത്തിക്കര ആറുൾപ്പെടെ നിരവധിയുണ്ട്. അവയുടെ ഒരു വിതരണം താഴെ കാണിച്ചിരിക്കുന്നു. ഇവയിൽ ചിലതെങ്കിലും കുടിവെള്ള സ്രോതസ്സുകളായി മാറ്റിയെടുക്കാവുന്നതാണ്.*

# അദ്ധ്യായം 13

# വാണിജ്യ മേഖല

*സംയോജിത കൊല്ലം ജില്ലാ വികസന രൂപരേഖയിൽ പൂയപ്പള്ളി പഞ്ചായത്ത് നാലാം ക്രമ വാണിജ്യ കേന്ദ്രങ്ങളിൽ ഒന്നായാണ് കാണിച്ചിരിക്കുന്നത്. ഇവിടെ നിലവിലുള്ള വാണിജ്യ പ്രവർത്തനങ്ങളാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.*

## 13.1 നിലവിലെ സ്ഥിതി

പഞ്ചായത്തിന്റെ ഭൂവിനിയോഗ വിശകലനത്തിൽ നിന്ന് വ്യക്തമാകുന്നത് പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 1.3% മാത്രമാണ് വാണിജ്യ ആവശ്യത്തിനായി വിനിയോഗിച്ചിരിക്കുന്നത് എന്നാണ്. സംയോജിത ജില്ലാ വികസന രൂപരേഖ പ്രകാരം പൂയപ്പള്ളി നാലാംക്രമത്തിൽ വരുന്ന വാണിജ്യ കേന്ദ്രമാണ്. പൂയപ്പള്ളിയുടെ സമീപത്തുള്ള ഉയർന്ന ക്രമത്തിലെ വാണിജ്യ കേന്ദ്രങ്ങൾ ഇനി പറയുന്നവയാണ്.

കൊല്ലം പട്ടണം (ഒന്നാം ക്രമം)
കൊട്ടാരക്കര, പാരിപ്പള്ളി (രണ്ടാം ക്രമം)
ഓയൂർ (മൂന്നാംക്രമം). ഇവയെ ചിത്രം 13.1 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 13.1 പൂയപ്പള്ളിക്കു ചുറ്റുമുള്ള ഉയർന്ന ക്രമത്തിലെ വാണിജ്യ കേന്ദ്രങ്ങൾ*

## പ്രധാന വിപണന കേന്ദ്രങ്ങൾ

സംയോജിത ജില്ലാ വികസന രൂപരേഖ പ്രകാരം പൂയപ്പള്ളി ഒരു നാലാംക്രമ പഞ്ചായത്താണ്. ഇതിന്റെ പരിധിയിൽ വരുന്നത് ഈ പഞ്ചായത്ത് മാത്രമാണ്. പഞ്ചായത്തിലെ ഒന്നാം ക്രമ വാണിജ്യ കേന്ദ്രം പൂയപ്പള്ളി തന്നെയാണ്. രണ്ടാം ക്രമത്തിൽപ്പെടുന്നവ മരുതമൺപള്ളി, മീയണ്ണൂർ, പയ്യക്കോട് എന്നിവയാണ്. പഞ്ചായത്തിന്റെ വിപണന ആവശ്യങ്ങളെല്ലാം തന്നെ ഈ മൂന്നു കേന്ദ്രങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. ഈ കേന്ദ്രങ്ങളെല്ലാം തന്നെ പഞ്ചായത്തിന്റെ പ്രധാനപ്പെട്ട റോഡുകളോട് ചേർന്നാണുള്ളത്. ഒരു നാലാംക്രമ വാണിജ്യ കേന്ദ്രത്തിനുതകുന്ന തരത്തിലുള്ള എല്ലാ സൗകര്യങ്ങളും ഇവിടെ സജ്ജമാണ്. ഈ മൂന്നു കേന്ദ്രങ്ങളിലും ലഭ്യമായ സൗകര്യങ്ങളുടെ ഒരു പട്ടിക താഴെ ചേർത്തിരിക്കുന്നു (പട്ടിക 13.1). വാണിജ്യ വിപണന പ്രധാനമായ പ്രദേശങ്ങൾ ചിത്രം 13.2 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 13.2 പ്രധാന വാണിജ്യ കേന്ദ്രങ്ങൾ*

*പട്ടിക 13.1 വാണിജ്യ കേന്ദ്രങ്ങളിൽ ലഭ്യമായ സൗകര്യങ്ങൾ*

| മീയണ്ണൂർ | | |
|---|---|---|
| ക്രമ നം. | പേര് | എണ്ണം |
| 1 | ഫാൻസി ഷോപ്പ് | 1 |
| 2 | മുറുക്കാൻ കട | 10 |
| 3 | പച്ചക്കറിക്കട | 2 |
| 4 | പലവ്യഞ്ജനം | 2 |
| 5 | തയ്യൽക്കട | 4 |
| 6 | ചായക്കട | 5 |
| 7 | നെല്ലുകുത്തു മിൽ | 1 |
| 8 | ടെക്സ്റ്റൈൽസ് | 1 |
| 9 | ഫൈനാൻസ് | 1 |
| 10 | ചെരുപ്പുകട | 1 |
| 11 | റബ്ബർ സൊസൈറ്റി | 2 |
| 12 | വർക്ക് ഷോപ്പ് | 1 |
| 13 | ഫർണിച്ചർ ഷോപ്പ് | 1 |
| 14 | സ്റ്റുഡിയോ | 2 |
| 15 | അരിഷ്ടക്കട | 1 |
| 16 | ബുക്സ് സ്റ്റാൾ | 2 |
| 17 | സ്റ്റേഷനറി | 4 |
| 18 | വൈദ്യശാല | 1 |
| 19 | ഹാർഡ്‌വെയേഴ്സ് | 1 |
| 20 | ബാർബർ ഷോപ്പ് | 3 |
| 21 | ബേക്കറി | 3 |
| 22 | ഇംഗ്ലീഷ് മരുന്നുകട | 2 |
| 23 | കാലിത്തീറ്റക്കട | 1 |
| 24 | ടെലഫോൺ ബൂത്ത് | 2 |
| 25 | ഹോട്ടൽ | 2 |
| 26 | പൊതുവിതരണ കേന്ദ്രം | 2 |
| 27 | നീതി സ്റ്റോർ | 1 |
| 28 | ജ്വല്ലറി | 1 |

| **മരുതമൺപള്ളി** | | |
|---|---|---|
| ക്രമ നം. | പേര് | എണ്ണം |
| 1 | ചായക്കട | 4 |
| 2 | സ്റ്റേഷനറി | 1 |
| 3 | ബേക്കറി | 2 |
| 4 | മുറുക്കാൻ കട | 2 |
| 5 | തടി ശാല | 1 |
| 6 | സൂപ്പർ മാർക്കറ്റ് | 2 |
| 7 | ലബോറട്ടറി | 1 |
| 8 | തയ്യൽക്കട | 1 |
| 9 | സ്റ്റുഡിയോ | 1 |
| 10 | ഇംഗ്ലീഷ് മരുന്നുകട | 1 |
| 11 | വെയിറ്റിംഗ് ഷെഡ് | 1 |



*മരുതമൺ പള്ളി*



*മീയണ്ണൂർ*

പൂയപ്പള്ളി

| ക്രമ നം. | പേര് | എണ്ണം |
|---|---|---|
| 1 | രജിസ്ട്രാർ ഓഫീസ് | 4 |
| 2 | ബേക്കറി | 6 |
| 3 | ബാർബർ ഷോപ്പ് | 3 |
| 4 | ടെക്സ്റ്റൈൽസ് | 3 |
| 5 | ഹോട്ടൽ | 2 |
| 6 | റബ്ബർ കട | 2 |
| 7 | ബുക്സ് സ്റ്റാൾ | 2 |
| 8 | മനോരമ ഏജൻസി | 1 |
| 9 | ടെലഫോൺ ബൂത്ത് | 3 |
| 10 | ഇലക്ട്രോണിക്സ് ഷോപ്പ് | 1 |
| 11 | അരിഷ്ടക്കട | 1 |
| 12 | ചായക്കട | 4 |
| 13 | മുറുക്കാൻ കട | 8 |
| 14 | ഗ്ലാസ്സ് കട | 1 |
| 15 | മാവേലി സ്റ്റോർ | 2 |
| 16 | ജ്വല്ലറി | 2 |
| 17 | ലോട്ടറി | 1 |
| 18 | നീതി സ്റ്റോർ | 1 |
| 19 | വാച്ച് കട | 1 |
| 20 | ബസ് സ്റ്റാൻഡ് & വെയിറ്റിംഗ് ഷെഡ് | 1 |

| ക്രമ നം. | പേര് | എണ്ണം |
|---|---|---|
| 21 | പലവ്യഞ്ജനം | 3 |
| 22 | നെല്ലുകുത്തു മിൽ | 2 |
| 23 | ഫാൻസി ഷോപ്പ് | 6 |
| 24 | തയ്യൽക്കട | 1 |
| 25 | ഇൻസിസ്റ്റ്യൂട്ട് | 1 |
| 26 | ഫർണിച്ചർ ഷോപ്പ് | 1 |
| 27 | പ്രസ്സ് | 1 |
| 28 | ഇംഗ്ലീഷ് മരുന്നുകട | 4 |
| 29 | കോട്ടക്കൽ ആര്യവൈദ്യശാല | 1 |
| 30 | ബസ് ട്രാവത്സ് | 1 |
| 31 | എയർ ട്രാവത്സ് ആന്റ് ഫോട്ടോസ്റ്റാറ്റ് | 1 |
| 32 | പച്ചക്കറിക്കട | 1 |
| 33 | പൂക്കട | 1 |
| 34 | ചന്ത | 2 |
| 35 | സ്റ്റുഡിയോ | 1 |
| 36 | ഫൈനാൻസ് | 2 |
| 37 | സ്റ്റേഷനറി | 1 |
| 38 | തപാലാപ്പീസ് | 1 |
| 39 | ലബോറട്ടറി | 1 |



*പൂയപള്ളി*

പഞ്ചായത്തിലെ പ്രധാന വിപണന കേന്ദ്രമായ പൂയപ്പള്ളി ജംഗ്ഷൻ പാർക്കിംഗ് സൗകര്യങ്ങളുടെ അഭാവം കൊണ്ട് ബുദ്ധിമുട്ടുകയാണ്. അംഗീകൃത പാർക്കിംഗ് ഏരിയ ഇല്ലാത്തത് പരിഹരിക്കപ്പെടേണ്ട ഒരു പ്രശ്നം തന്നെയാണ്.

പഞ്ചായത്തിലെ ഒരു മാർക്കറ്റ് പൂയപ്പള്ളിയിൽ ആണ് ഉള്ളത്. പാർക്കിംഗ് സൗകര്യവും മറ്റു അടിസ്ഥാന സൗകര്യങ്ങളും ഉണ്ടങ്കിലും ഇത് ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നില്ല. ഒരു മാംസവില്പന സ്റ്റാൾ മാത്രമാണ് ഇവിടെ പ്രവർത്തിക്കുന്നത്. വൃത്തിഹീനമായ അന്തരീക്ഷമാണ് ഇവിടെയുള്ളത്. ഈ മാർക്കറ്റിൽ ഖരമാലിന്യം വേണ്ടവിധം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സൗകര്യം ഇല്ല. അവശ്യം വേണ്ട സൗകര്യങ്ങൾ ഉള്ള ഈ മാർക്കറ്റിനെ ഉപയോഗപ്പെടുത്താതെ ജനങ്ങൾ വെളിയം പഞ്ചായത്തിലെ വിപണിയെയാണ് ആശ്രയിക്കുന്നത്. ഈ സ്ഥിതിക്കൊരു മാറ്റം വരുത്തേണ്ടതാവശ്യമാണ്.

## 13.3 അനുമാനം

*ജില്ലയിലെ നാലാം ക്രമത്തിൽ പെടുന്ന വാണിജ്യ കേന്ദ്രം എന്ന നിലയിൽ പൂയപ്പള്ളി പഞ്ചായത്തിലെ വാണിജ്യ കേന്ദ്രങ്ങളിലെ നിലവിലെ സൗകര്യങ്ങൾ താരതമ്യേന പര്യാപ്തമാണെങ്കിലും പൂയപ്പള്ളിയിൽ സ്ഥിതി ചെയ്യുന്ന മാർക്കറ്റ് പുനരുദ്ധരിച്ച് നവീനമായ രീതിയിൽ പ്രവർത്തിപ്പിക്കുക, ഖരമാലിന്യ നിർമ്മാർജ്ജന സൗകര്യം ഒരുക്കുക, പാർക്കിംഗ് സൗകര്യം ഒരുക്കുക എന്നിവ അത്യാവശ്യം ചെയ്യേണ്ട കാര്യങ്ങളാണെന്ന് കാണാം.*

<<< previous | contents | next >>>

# അദ്ധ്യായം 14

# സാമൂഹ്യ പിന്നോക്കാവസ്ഥ

*പൂയപ്പള്ളി പഞ്ചായത്തിലെ സാമൂഹികമായ പിന്നോക്കാവസ്ഥ ഇവിടുത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും, ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള ജനങ്ങളുടെയും പ്രാതിനിധ്യത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുകയാണ് ഈ അദ്ധ്യായത്തിൽ..*

## 14.1 എസ്.സി./ എസ്.റ്റി. ഇൻഡക്സും, ബി.പി.എൽ ഇൻഡക്സും

ഒരു പ്രദേശത്തിന്റെ സാമൂഹിക പിന്നോക്കാവസ്ഥ എസ്.സി./ എസ്.റ്റി. ജനസംഖ്യയുടെയും, ദാരിദ്ര്യരേഖയ്ക്കു താഴെ എത്ര ജനങ്ങളുണ്ട് എന്നതിന്റെയും അടിസ്ഥാനത്തിൽ വിശകലനം ചെയ്യുകയാണിവിടെ. സാമൂഹിക പിന്നോക്കാവസ്ഥ മനസ്സിലാക്കുന്നതിനു രണ്ടു തരത്തിലുള്ള ഇൻഡക്സ് പഠന വിധേയമാക്കിയിരിക്കുന്നു. എസ്.സി./ എസ്.റ്റി.ഇൻഡക്സും, ബി.പി.എൽ ഇൻഡക്സും.

ഒരു വാർഡിന്റെ എസ്.സി./ എസ്.റ്റി. ഇൻഡക്സ് എന്നത് ആ വാർഡിലെ എസ്.സി./ എസ്.റ്റി. ജനസംഖ്യയുടെ അനുപാതത്തെ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ മൊത്തം എസ്.സി./ എസ്.റ്റി. ജനസംഖ്യയുടെ അനുപാതം കൊണ്ട് ഹരിക്കുന്നതാണ്. ഒരു വാർഡിലെ ബി.പി.എൽ ഇൻഡക്സും ഇതേ രീതിയിൽ കണക്കാക്കുന്നു. വാർഡടിസ്ഥാനത്തിൽ കണക്കുകൂട്ടുന്ന ഇൻഡക്സിന്റെ വില ഒന്നോ, ഒന്നിൽ കൂടുതലോ, ഒന്നിൽ കുറവോ ആകാം. ഇൻഡക്സ് ഒന്നാണെങ്കിൽ, ആ വാർഡിലെ എസ്.സി./ എസ്.റ്റി. അനുപാതം, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എസ്.സി./ എസ്.റ്റി. അനുപാതത്തിനു തുല്യമാണെന്നു കാണാം. ഇൻഡക്സ് ഒന്നിൽ കൂടുതലാണെങ്കിൽ, ആ വാർഡിലെ എസ്.സി./ എസ്.റ്റി. അനുപാതം, തദ്ദേശ സ്വയംഭരണ സ്ഥാപനത്തേക്കാൾ കൂടുതലാണെന്നും അതു കൊണ്ടു തന്നെ എസ്.സി./ എസ്.റ്റി. ജനസംഖ്യയുടെ കേന്ദ്രീകരണം (ആ തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം) ഈ വാർഡിൽ ഉണ്ടെന്നും മനസ്സിലാക്കാം.

## 14.2 പട്ടികജാതി /പട്ടിക വർഗ്ഗ വിഭാഗം

2001 സെൻസസ് പ്രകാരം കൊല്ലം ജില്ലയുടെ ജനസംഖ്യയുടെ 12.4% എസ്.സി. യിൽ പെടുമ്പോൾ കൊട്ടാരക്കര ബ്ലോക്കിലിതു 14.48% വും പൂയപ്പള്ളി പഞ്ചായത്തിൽ 13.12% ശതമാനവുമാണ്. ബ്ലോക്കിൽ എഴുകോൺ, വെളിയം എന്നിവിടങ്ങളിൽ എസ്.സി. വിഭാഗത്തിൽ പെട്ട ജനങ്ങൾ കൂടുതലായി ഉള്ളതാണ് ബ്ലോക്കിലെ ശതമാനം കൂടിയിരിക്കാൻ കാരണം. ഇത് ചിത്രം 14.1 ൽ കാണിച്ചിരിക്കുന്നു.







*ചിത്രം 14.1 എസ്.സി./ എസ്.റ്റി ജനസംഖ്യയുടെ വ്യതിയാനം ശതമാനത്തിൽ – ജില്ലാ, ബ്ലോക്ക് പഞ്ചായത്തു തലങ്ങളിൽ*

പട്ടികവർഗ്ഗത്തിൽ പെട്ടവർ ജില്ലയിൽ തന്നെ 0.21% ശതമാനം മാത്രമേയുള്ളൂ. പഞ്ചായത്തിലിത് .003% മാത്രമാണ്. പട്ടികജാതിയിൽ പ്രധാനമായും 5 ഉപ ജാതിക്കാരാണ് ഇവിടുള്ളത്. കുറവർ, പറയർ, പുലയർ, വേടർ, വണ്ണാർ എന്നിവരാണവർ.

പൂയപ്പള്ളി ഉൾപ്പെടുന്ന കൊട്ടാരക്കര ബ്ലോക്കിന്റെ എസ്.സി.എസ്.റ്റി. ഇൻഡക്സിന്റെ വിതരണം ചിത്രം 14.2 ൽ കാണിച്ചിരിക്കുന്നു. എഴുകോൺ, വെളിയം എന്നീ പഞ്ചായത്തുകളേക്കാൾ കുറവാണ് പൂയപ്പള്ളിയിലെ എസ്.സി./എസ്.റ്റി. കേന്ദ്രീകരണം എന്ന് ചിത്രത്തിൽ നിന്ന് മനസ്സിലാക്കാം.




*ചിത്രം 14.2 എസ്.സി./ എസ്.റ്റി ഇൻഡക്സ്– കൊട്ടാരക്കര ബ്ലോക്ക്*

സമീപ പഞ്ചായത്തുകളുമായി താരതമ്യം ചെയ്യുമ്പോൾ പൂയപ്പള്ളി പഞ്ചായത്ത് സാമൂഹ്യമായി അത്ര പിന്നോക്കമല്ല എന്നു കാണാം. സമീപ പഞ്ചായത്തുകളുമായുള്ള പൂയപ്പള്ളിയുടെ എസ്.സി./എസ്.റ്റി. ജനസംഖ്യയുടെ ഒരു താരതമ്യം ചിത്രത്തിൽ കാണിച്ചിരിക്കുന്നു.




*ചിത്രം 14.3 എസ്.സി./എസ്.റ്റി. ജനസംഖ്യ– സമീപ പഞ്ചായത്തുകൾ (ശതമാനത്തിൽ)*

പൂയപ്പള്ളി പഞ്ചായത്തിൽ 13% ആണ് എസ്.സി/എസ്.റ്റി. ജനസംഖ്യ. എസ്.സി./എസ്.റ്റി. ഇൻഡക്സിന്റെ വാർഡ് തല വിതരണം ചിത്രത്തിൽ കാണിച്ചിരിക്കുന്നു.




*ചിത്രം 14.4 എസ്.സി./എസ്.റ്റി. ഇൻഡക്സ് – പൂയപ്പള്ളി*

എസ്.സി./എസ്.റ്റി. വിഭാഗങ്ങളുടെ കേന്ദ്രീകരണം കാണപ്പെടുന്നത് കൊട്ടറ, പൂയപ്പള്ളി ഈസ്റ്റ്, വേങ്കോട്, കോഴിക്കോട്, ചെങ്കുളം, മരുതമൺപള്ളി, പുന്നക്കോട് എന്നീ വാർഡുകളിലാണ്.

## 14.3 ബി.പി.എൽ. ജനവിഭാഗം

2001 സെൻസസ് പ്രകാരം പൂയപ്പള്ളി പഞ്ചായത്തിന്റെ 10% പേർ ദാരിദ്ര്യരേഖയ്ക്കു താഴെയാണ്. കൊല്ലം ജില്ലയിലിത് 18.4% ആണ്. പൂയപ്പള്ളി ഉൾപ്പെടുന്ന കൊട്ടാരക്കര ബ്ലോക്കിന്റെ ബി.പി.എൽ. ശതമാനം 26.33 ആണ്.

കൊട്ടാരക്കര ബ്ലോക്കിന്റെ ബി.പി.എൽ ഇൻഡക്സിന്റെ ഒരു വിതരണം ചിത്രം 14.5 ൽ കാണിച്ചിരിക്കുന്നു.




ചിത്രം 14.5 ബി.പി.എൽ ഇൻഡക്സ്-

കൊട്ടാരക്കര ബ്ലോക്ക്

സമീപ പഞ്ചായത്തുകളുമായുള്ള പൂയപ്പള്ളിയുടെ ബി.പി.എൽ ജനസംഖ്യയുടെ ഒരു താരതമ്യ പഠനം ചിത്രം 14.6 ൽ കാണിച്ചിരിക്കുന്നു. പഠനത്തിൽ നിന്നും പൂയപ്പള്ളി പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ ജനസംഖ്യ താരതമ്യേന കുറവാണെന്ന് കാണാം.




ചിത്രം 14.6 ബി.പി.എൽ ജനസംഖ്യ-

സമീപ പഞ്ചായത്തുകൾ (ശതമാനത്തിൽ)

പൂയപ്പള്ളി പഞ്ചായത്തിന്റെ ബി.പി.എൽ. ഇൻഡക്സിന്റെ വാർഡടിസ്ഥാനത്തിലുള്ള വിതരണം ചിത്രം 14.7 ൽ കാണിച്ചിരിക്കുന്നു.




ചിത്രം 14.7 ബി.പി.എൽ

ഇൻഡക്സ് - പൂയപ്പള്ളി

ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള ജനങ്ങളുടെ കേന്ദ്രീകരണം കാണപ്പെടുന്നത് കൊട്ടറ, തച്ചക്കോട്, പൂയപ്പള്ളി ഈസ്റ്റ്, മൈലോട്, വേങ്കോട്, പയ്യക്കോട്, ചെങ്കുളം എന്നീ വാർഡുകളിലാണ്.

പൂയപ്പള്ളി പഞ്ചായത്തിന്റെ എസ്.സി./എസ്.റ്റി. ഇൻഡക്സും ബി.പി.എൽ. ഇൻഡക്സും ചേർത്തുള്ള ഒരു വിതരണം ചിത്രം 14.8 ൽ കാണിച്ചിരിക്കുന്നു. ഇത് പരിശോധിച്ചാൽ മനസ്സിലാകുന്നത് വാർഡുകൾ കൊട്ടറ, പൂയപ്പള്ളി ഈസ്റ്റ്, വേങ്കോട്, ചെങ്കുളം എന്നിവ താരതമ്യേന പിന്നോക്കാവസ്ഥയിലാണെന്നാണ്. പഞ്ചായത്തിലെ 23 ഓളം വരുന്ന കോളനികളുടെ സ്ഥാനം പരിശോധിച്ചാൽ കൊട്ടറ, പൂയപ്പള്ളി ഈസ്റ്റ്, വേങ്കോട്, ചെങ്കുളം എന്നീ വാർഡുകളിൽ തന്നെയാണ് ഇവ കൂടുതലായി കാണപ്പെടുന്നത്. ഇത് ഈ വാർഡുകളുടെ പിന്നോക്കാവസ്ഥയ്ക്ക് കാരണമാണ്.




*ചിത്രം 14.8 പിന്നോക്കാവസ്ഥയിലുള്ള വാർഡുകൾ – പൂയപ്പള്ളി*

### 14.4 അനുമാനം

*പൂയപ്പള്ളി പഞ്ചായത്ത് സാമൂഹികമായി തീരെ പിന്നോക്കാവസ്ഥയിലല്ല എന്നാണ് പഠനങ്ങളിൽ നിന്ന് വ്യക്തമാകുന്നത്. താരമത്യേന പിന്നോക്കാവസ്ഥയിലുള്ള വാർഡുകളിൽ നിലവാരം കുറഞ്ഞ അധിവാസ കേന്ദ്രങ്ങളുടെ ഒരു കേന്ദ്രീകരണം കാണുന്നുണ്ടെന്നും മനസ്സിലാക്കാം.*

<<< previous | contents | next >>>

# അദ്ധ്യായം 15

# പാർപ്പിട മേഖല

*പൂയപ്പള്ളി പഞ്ചായത്തിലെ പാർപ്പിട മേഖലയിൽ നിലവാരം കുറഞ്ഞ അധിവാസ കേന്ദ്ര ങ്ങൾ ധാരാളമായി ഉണ്ട്. ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരും പട്ടികജാതി/പട്ടികവർഗ്ഗ വിഭാ ഗങ്ങളുമാണ് കൂടുതലായി ഇവിടെ വസിക്കുന്നത്. പാർപ്പിട മേഖലയെക്കുറിച്ചുള്ള പഠനങ്ങ ളാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.*

## 15.1 പാർപ്പിട മേഖല

പൂയപ്പള്ളിയിൽ 98.43% ജനങ്ങളും സ്വന്തം ഗൃഹങ്ങളിൽ വസിക്കുന്നവരാണ്. 56.08% ജനങ്ങൾക്കും പക്ക വീടുകൾ തന്നെയാണുള്ളത്. ഇതിന്റെ വാർഡടിസ്ഥാനത്തിലുള്ള ചിത്രം 15.1 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 15.1 വീടുകളുടെ നിലവാരം- വാർഡ് തലത്തിൽ*

വീടിന്റെ അവസ്ഥയുമായി ബന്ധപ്പെട്ട് ഒരു അസന്തുലിതാവസ്ഥ കാണുന്നത് കൊട്ടറ, പൂയപ്പള്ളി ഈസ്റ്റ്, വേങ്കോട്, പയ്യക്കോട്, ചെങ്കുളം വാർഡുകളിലാണ്. ഈ പ്രദേശങ്ങളിൽ തന്നെയാണ് പഞ്ചായത്തിലെ ഭൂരിപക്ഷം വരുന്ന കോളനികളും സ്ഥിതിചെയ്യുന്നത്.

## 15.2 നിലവാരം കുറഞ്ഞ അധിവാസ കേന്ദ്രങ്ങൾ അടിസ്ഥാന വിവരങ്ങൾ

പൂയപ്പള്ളി പഞ്ചായത്തിന്റെ ഭൂവിനിയോഗ വിശകലനത്തിൽ നിന്നും പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 2.7% മാത്രമാണ് നിലവാരം കുറഞ്ഞ അധിവാസ കേന്ദ്രങ്ങളുടെ വിസ്തൃതി എന്ന് മനസ്സിലാക്കാം. ഇതിന്റെ ഒരു വിതരണം ചിത്രത്തിൽ കാണിച്ചിരിക്കുന്നു.



*ചിത്രം 15.2 നിലവാരം കുറഞ്ഞ അധിവാസ കേന്ദ്രങ്ങൾ (ഭൂവിനിയോഗ മാപ്പ് പ്രകാരം*

പൂയപ്പള്ളി പഞ്ചായത്തിൽ ആകെ 23 കോളനികളിലായി 634 കുടുംബങ്ങൾ വസിക്കുന്നുണ്ട്. ഈ കോളനികളിൽ ലക്ഷംവീട് കോളനികളും, പട്ടികജാതി കോളനികളും, വേടർ കോളനികളും ഉൾപ്പെടുന്നു. കോളനികളുടെ ഒരു പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

*പട്ടിക 15.1 നിലവാരം കുറഞ്ഞ അധിവാസ കേന്ദ്രങ്ങൾ*

| | |
|---|---|
| 1 | ലക്ഷംവീട്-മൈലോട് |
| 2 | ജയന്തി |
| 3 | കപ്പുമാംവിള |
| 4 | കായില |
| 5 | കോണത്തുകോളനി |
| 6 | പറ യിൽ വേടർ കോളനി |
| 7 | ലക്ഷംവീട്-മരുതമൺപള്ളി |
| 8 | വേലംകോണം |
| 9 | മിഷൻവിള |
| 10 | വേങ്കോട് അംബദ്കർ |
| 11 | കുന്നുവിളാകം |
| 12 | പറേ ാട് |

| | |
|---|---|
| 13 | പൊയ്കവിള |
| 14 | മുടിയൂർക്കോണം സൗത്ത് |
| 15 | മുടിയൂർക്കോണം നോർത്ത് |
| 16 | നെല്ലിപ്പറമ്പ് വേടർ കോളനി |
| 17 | ഓട്ടുമല കോളനി |
| 18 | വാച്ചിക്കോണം കോളനി |
| 19 | ജയന്തികോളനി- പുന്നക്കോട് |
| 20 | കട്ടച്ചൽ കോളനി-പുന്നക്കോട് |
| 21 | നാല്ക്കവല പാലൂർക്കോണം കോളനി |
| 22 | നാല്ക്കവല പാലമുക്ക് കോളനി |
| 23 | കൊട്ടറ ലക്ഷംവീട് കോളനി |

## 15.3 നിലവാരം കുറഞ്ഞ അധിവാസ കേന്ദ്രങ്ങളുടെ തരംതിരിവ്

ഈ അധിവാസ കേന്ദ്രങ്ങളെ അവയുടെ വാസഗൃഹങ്ങളുടെ സ്ഥിതി, ജല ലഭ്യത, വൈദ്യുതി ലഭ്യത, വഴി സൗകര്യം, സാനിറ്റേഷൻ സൗകര്യം എന്നിവയുടെ അടിസ്ഥാനത്തിൽ മൂന്നായി തരം തിരിച്ചിരിക്കുന്നു. Grade C തീരെ മോശം അവസ്ഥ, Grade B ഇടത്തരം സൗകര്യങ്ങളുള്ള കുറച്ചു കൂടി മെച്ചപ്പെട്ട അവസ്ഥ. Grade A കൂടുതൽ മെച്ചമായ സ്ഥിതി എന്നിങ്ങനെയാണ് തിരിച്ചിരിക്കുന്നത്. ഇവയുടെ ഒരു വിതരണം ചിത്രം 15.3 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 15.3 ചേരി പ്രദേശങ്ങൾ*

ഇവയുടെ പട്ടിക താഴെ കാണിച്ചിരിക്കുന്നു (പട്ടിക 15.2).

*പട്ടിക 15.2 അധിവാസ കേന്ദ്രങ്ങളുടെ നിലവാരം*

| ക്രമ നം. | കോളനിയുടെ പേര് | ഗ്രേഡിംഗ് |
|---|---|---|
| 1 | ലക്ഷംവീട്-മൈലോട് | ബി |
| 2 | ജയന്തി | ബി |
| 3 | കപ്പുമാംവിള | ബി |
| 4 | കായില | എ |
| 5 | കോണത്തുകോളനി | ബി |
| 6 | പറ യിൽ വേടർ കോളനി | ബി |
| 7 | ലക്ഷംവീട്-മരുതമൺപള്ളി | ബി |
| 8 | വേലംകോണം | എ |
| 9 | മിഷൻവിള | എ |
| 10 | വേങ്കോട് അംബദ്കർ | എ |
| 11 | കുന്നുവിളാകം | സി |
| 12 | പറ ാട് | ബി |
| 13 | പൊയ്കവിള | എ |
| 14 | മുടിയൂർക്കോണം സൗത്ത് | ബി |
| 15 | മുടിയൂർക്കോണം നോർത്ത് | ബി |
| 16 | നെല്ലിപ്പറമ്പ് വേടർ കോളനി | സി |
| 17 | ഓട്ടുമല കോളനി | എ |
| 18 | വാച്ചിക്കോണം കോളനി | ബി |
| 19 | ജയന്തികോളനി- പുന്നക്കോട് | ബി |
| 20 | കട്ടച്ചൽ കോളനി-പുന്നക്കോട് | ബി |
| 21 | നാല്ക്കവല പാലൂർക്കോണം കോളനി | എ |
| 22 | നാല്ക്കവല പാലമുക്ക് കോളനി | ബി |
| 23 | കൊട്ടറ ലക്ഷംവീട് കോളനി | ബി |

ഈ അധിവാസ കേന്ദ്രങ്ങളെ തരംതിരിച്ചിരിക്കുന്ന വിവരങ്ങൾ പട്ടിക 15.3 ൽ കാണിച്ചിരിക്കുന്നു.

*പട്ടിക 15.3 അധിവാസ കേന്ദ്രങ്ങളെ തരംതിരിക്കുന്ന രീതി*

| ക്രമ നം. | കോളനിയുടെ പേര് | വീടുകളുടെ തരം | കുടിവെള്ള ലഭ്യത | സാനിട്ടേഷൻ | വഴി സൗകര്യം | വൈദ്യുതി | വീടുകളുടെ എണ്ണം | മാർക്ക് |
|---|---|---|---|---|---|---|---|---|
| 1 | ലക്ഷംവീട്-മൈലോട് | 0 | 0 | + | + | 0 | 16 | 8 |
| 2 | ജയന്തി | 0 | 0 | 0 | + | 0 | 45 | 9 |
| 3 | കപ്പുമാംവിള | 0 | 0 | + | + | 0 | 11 | 8 |
| 4 | കായില | + | 0 | + | + | 0 | 11 | 7 |
| 5 | കോണത്തുകോളനി | 0 | 0 | 0 | + | 0 |  | 9 |
| 6 | പറ യിൽ വേടർ കോളനി | 0 | 0 | 0 | + | 0 | 7 | 9 |
| 7 | ലക്ഷംവീട്-മരുതമൺപള്ളി | 0 | 0 | 0 | + | 0 | 35 | 9 |
| 8 | വേലംകോണം | + | 0 | + | + | 0 | 21 | 7 |
| 9 | മിഷൻവിള | + | 0 | + | + | + | 31 | 6 |
| 10 | വേങ്കോട് അംബദ്കർ | 0 | 0 | + | + | + | 31 | 7 |
| 11 | കുന്നുവിളാകം | - | 0 | - | + | 0 | 7 | 10 |
| 12 | പറ ാട് | 0 | 0 | + | 0 | + | 20 | 8 |
| 13 | പൊയ്കവിള | + | 0 | + | + | 0 | 32 | 7 |
| 14 | മുടിയൂർക്കോണം സൗത്ത് | 0 | 0 | 0 | + | + | 70 | 8 |
| 15 | മുടിയൂർക്കോണം നോർത്ത് | 0 | 0 | 0 | + | + | 25 | 8 |
| 16 | നെല്ലിപ്പറമ്പ് വേടർ കോളനി | - | 0 | - | + | - | 4 | 12 |
| 17 | ഓട്ടുമല കോളനി | 0 | 0 | + | + | + | 91 | 7 |
| 18 | വാച്ചിക്കോണം കോളനി | 0 | 0 | + | + | 0 | 16 | 8 |
| 19 | ജയന്തികോളനി- പുന്നക്കോട് | 0 | 0 | + | - | + | 19 | 9 |
| 20 | കട്ടച്ചൽ കോളനി-പുന്നക്കോട് | 0 | 0 | 0 | + | 0 | 30 | 9 |
| 21 | നാല്ക്കവല പാലൂർക്കോണം കോളനി | 0 | 0 | + | + | + | 25 | 7 |
| 22 | കൊട്ടറ പാലമുക്ക് കോളനി | 0 | 0 | + | + | 0 | 60 | 8 |
| 23 | കൊട്ടറ ലക്ഷംവീട് കോളനി | 0 | 0 | 0 | + | 0 | 14 | 9 |

പൂയപ്പള്ളി പഞ്ചായത്തിൽ A Grade ൽ പ്പെടുന്ന നിലവാരം കുറഞ്ഞ അധിവാസ കേന്ദ്ര ങ്ങൾ കായില കോളനി, ഓട്ടുമല കോളനി, പാലൂർക്കോണം കോളനി, വേലംകോണം കോളനി, മിഷൻവിള കോളനി, വേങ്കോട് അംബേദ്കർ കോളനി, പൊയ്കവിള കോളനി എന്നിവയാണ്. ഇവയിലെല്ലാം പൊതുവിൽ കുടിവെള്ള ലഭ്യത ഒഴികെ മേൽവിവരിച്ചിട്ടുള്ള എല്ലാ സൗകര്യങ്ങളും ലഭ്യമാണ്. ഈ ഗണത്തിൽപ്പെടുന്ന ഒരു കോളനിയാണ് ചിത്രത്തിൽ കാണിച്ചിരിക്കുന്നത്.



*ഐ.എച്ച്.ഡി.പി. കോളനി, മൈലോട് –എ ഗ്രേഡ്*

B Grade ൽ പ്പെടുന്ന കോളനികളിൽ, ലഭ്യമാകേണ്ട അവശ്യസൗകര്യങ്ങളിൽ ഏതെങ്കിലും ഒന്നിന്റെ കുറവുണ്ടാകും. പലതും വീടിന്റെ ശോച്യാവസ്ഥമൂലവും കുടിവെള്ളക്ഷാമം മൂലവും, ഭാഗികമായി വൈദ്യുതി ഇല്ലാത്തതു മൂലവും കഷ്ടപ്പെടുന്നവയാണ്. ഇത്തരത്തിലുള്ള കോളനി കൾ ലക്ഷംവീട് കോളനി–മൈലോട്, ജയന്തികോളനി, കപ്പുമാംവിള കോളനി, കോണത്ത് കോളനി, പറണ്ടയിൽ കോളനി, ലക്ഷംവീട് കോളനി–മരുതമൺപള്ളി, പറണ്ടോട് കോളനി, മുടി യൂർക്കോണം സൗത്ത്, മുടിയൂർക്കോണം നോർത്ത് കോളനി, വാച്ചിക്കോണം കോളനി, ജയന്തി കോളനി–പുന്നക്കോട്, കട്ടച്ചൽ കോളനി, പാലമുക്ക് കോളനി, കൊട്ടറ ലക്ഷംവീട് കോളനി എന്നി വയാണ്.



*ലക്ഷംവീട് കോളനി, മൈലോട്– ബി ഗ്രേഡ്*

C Grade ൽ പ്പെടുന്ന കോളനികൾ മാലിന്യ നിർമ്മാർജ്ജന സൗകര്യക്കുറവും കുടിവെള്ള ക്ഷാമവും വൈദ്യുതിയുടെ അഭാവവും വീടിന്റെ ശോച്യാവസ്ഥകൊണ്ടും താഴേക്കിടയിലുള്ളവ യാണ്. ഈ കൂട്ടത്തിൽപ്പെടുന്നവയാണ് കുന്നുവിളാകം കോളനി, നെല്ലിപ്പറമ്പ് വേടർ കോളനി.



*വേടർ കോളനി, വേങ്കോട്– സി ഗ്രേഡ്*

വിവിധ ഗ്രേഡുകളിൽ പെടുന്ന നിലവാരം കുറഞ്ഞ അധിവാസ കേന്ദ്രങ്ങളുടെ പ്രധാന പ്രശ്നങ്ങൾ പട്ടിക 15.4ൽ കാണിച്ചിരിക്കുന്നു.

*പട്ടിക 15.4 നിലവാരം കുറഞ്ഞ അധിവാസ കേന്ദ്രങ്ങളുടെ പ്രധാന പ്രശ്നങ്ങൾ*

| ക്രമ നം. | ഗ്രേഡ് | കോളനിയുടെ പേര് | പ്രധാന പ്രശ്നങ്ങൾ |
|---|---|---|---|
| 1 | A | കായില<br>വേലംകോണം<br>മിഷൻവിള<br>പൊയ്കവിള<br>ഓട്ടുമല കോളനി<br>നാല്ക്കവല പാലൂർക്കോണം കോളനി<br>വേങ്കോട് അംബേദ്കർ | കുടിവെള്ളം |
| 2 | B | ലക്ഷംവീട്–മൈലോട്<br>ജയന്തി<br>കപ്പുമാംവിള<br>കോണത്തുകോളനി<br>പറ    യിൽ വേടർ കോളനി<br>ലക്ഷംവീട്–മരുതമൺപള്ളി<br>പറേ    ാട്<br>മുടിയൂർക്കോണം സൗത്ത്<br>മുടിയൂർക്കോണം നോർത്ത്<br>വാച്ചിക്കോണം കോളനി<br>ജയന്തികോളനി– പുന്നക്കോട്<br>കട്ടച്ചൽ കോളനി–പുന്നക്കോട്<br>കൊട്ടറ പാലമുക്ക് കോളനി<br>കൊട്ടറ ലക്ഷംവീട് കോളനി | കുടിവെള്ളം, വീടിന്റെ ശോച്യാവസ്ഥ, വൈദ്യുതിയുടെ അഭാവം ഭാഗികമായി |
| 3 | C | കുന്നുവിളാകം<br>നെല്ലിപ്പറമ്പ് വേടർ കോളനി | കുടിവെള്ളം, വീടിന്റെ ശോച്യാവസ്ഥ, സാനിട്ടേഷൻ സൗകര്യങ്ങളുടെ അഭാവം, വൈദ്യുതിയുടെ അഭാവം ഭാഗികമായി |

## 15.4 അനുമാനം

*പഞ്ചായത്തിലാകെ 634 കുടുംബങ്ങളാണ് പാർപ്പിട മേഖലയിലെ പലവിധങ്ങളായ സൗകര്യക്കുറവുകൾ അനുഭവിക്കുന്നത്. കുടിവെള്ള പ്രശ്നമാണ് ഏറ്റവും രൂക്ഷമായത്. വീടിന്റെ സ്ഥിതി, വൈദ്യുതിയുടെ ദൗർലഭ്യം, സാനിട്ടേഷൻ സൗകര്യങ്ങളുടെ അഭാവം എന്നിവയാണ് മറ്റു പ്രധാന പ്രശ്നങ്ങൾ.*

<<< previous    contents    next >>>

# അദ്ധ്യായം 16

# കാവുകളും പൈതൃക പ്രാധാന്യമുള്ള പ്രദേശങ്ങളും

*കാവുകളാലും പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങളാലും സമ്പന്നമാണ് പൂയപ്പള്ളി പഞ്ചായത്തിന്റെ ഭൂപ്രകൃതി. ഇവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുകയാണ് ഈ അദ്ധ്യായത്തിൽ.*

നാനാവിധത്തിലുള്ള വൃക്ഷങ്ങളും, ചെടികളും മറ്റും തിങ്ങിനിറഞ്ഞ കാവുകളും, കുളങ്ങളും പരിസ്ഥിതിക്കു വളരെയേറെ പ്രാധാന്യമുള്ള സ്ഥലങ്ങളാണ്. പൂയപ്പള്ളി പഞ്ചായത്തിൽ ഇത്തരത്തിലുള്ള പ്രദേശങ്ങൾ വളരെയേറെയുണ്ട്. പൈതൃക പ്രാധാന്യമുള്ള ക്ഷേത്രങ്ങളും പഞ്ചായത്തിൽ കാണപ്പെടുന്നുണ്ട്. ചെറുതും വലുതുമായ 18 ഓളം കാവുകൾ ഇവിടെ കാണപ്പെടുന്നു. ക്ഷേത്രങ്ങളോട് ചേർന്ന് ആണ് കൂടുതൽ കാവുകളും കാണപ്പെടുന്നത്. ഒട്ടുമിക്ക കാവുകളും വളരെക്കുറച്ചു വൃക്ഷങ്ങൾ മാത്രമുള്ളതോ, അഥവാ നശിച്ചു കൊണ്ടിരിക്കുന്നതോ ആണ്. പൂയപ്പള്ളി പഞ്ചായത്തിലുള്ള കാവുകളുടെ പേരും, സ്ഥലവും പട്ടിക 16.1 ൽ കാണിച്ചിരിക്കുന്നു.

*പട്ടിക 16.1 കാവുകൾ– പൂയപ്പള്ളി*

| ക്രമ നം. | പേര് | സ്ഥലം |
|---|---|---|
| 1 | കുളത്തൂർകാവ് | കൊട്ടറ |
| 2 | തച്ചർക്കാവ് | കൊട്ടറ |
| 3 | ക്ഷേത്രക്കര കാവ് – നാൽക്കവല | മരുതമൺപള്ളി |
| 4 | പാലൂർകോണം കാവ് – നാൽക്കവല | നാൽക്കവല |
| 5 | ചിറക്കൽ കാവ് | മരുതമൺപള്ളി |
| 6 | മൂർത്തികാവ് – കോണത്ത് | പൂയപ്പള്ളി |
| 7 | മാമനാർ കാവ് | കാഞ്ഞിരംപാറ |
| 8 | മാടൻകാവ് – പാണയം | പൂയപ്പള്ളി |
| 9 | പുത്താവ് കാവ് | മരുതമൺപള്ളി |
| 10 | ചുേ  ലഴികം കാവ് | മരുതമൺപള്ളി |
| 11 | വേലംകോണത്ത് രക്തേശ്വരി മൂർത്തികാവ് | |
| 12 | വെളുത്തേടത്ത് വാതുക്കൽ കാവ് (പൈങ്ങാലിൽ കാവ്) | കോഴിക്കോട് |
| 13 | ഏണിയൂർ മഠം കാവ് | കോഴിക്കോട് |
| 14 | മൂർത്തിക്കാവ് | പയ്യക്കോട് |
| 15 | തിരിച്ചൻ കാവ് | പയ്യക്കോട് |
| 16 | പള്ളത്ത് കാവ് | ചെങ്കുളം |
| 17 | മുടിയൂർകോണം കാവ് | |
| 18 | ഐരൂർത്തോട്ടം കാവ് | പുന്നക്കോട് |

## 16.1 പ്രധാനപ്പെട്ട കാവുകൾ

### 1. കുളത്തൂർകാവ് – കൊട്ടറ

നൂറ്റാണ്ടുകൾ പഴക്കമുള്ളതും അതിപ്രസിദ്ധവുമായ ഒരു കാവാണ് കുളത്തൂർകാവ്. ഈ കാവ് ഒരേക്കർ വിസ്തീർണ്ണത്തിലാണ് സ്ഥിതിചെയ്യുന്നത്. വൃക്ഷങ്ങളും ചെടികളും മറ്റും തിങ്ങി നിറഞ്ഞ ഈ കാവിൽ സസ്യങ്ങളുടെ വേരുകളും വള്ളികളും കണ്ടാൽ പാമ്പുകൾ കിടക്കുന്നതായി തോന്നും. കാവിലെ വൻമരങ്ങളിൽ നിറയെ വവ്വാലുകൾ കാണപ്പെടുന്നു. ഈ കാവിനോട് ചേർന്ന് ഒരു കുളവും ഒരു ദേവീക്ഷേത്രവും ഉണ്ട്. വിസ്തൃതമായ വയലിനോട് ചേർന്നാണ് ഈ കാവും കുളവും കാണപ്പെടുന്നത്. ക്ഷേത്രത്തിന്റെ ചരിത്രം ഇപ്രകാരമാണ്. ചേപ്പാട് നിന്നുള്ള ഒരു ബ്രാഹ്മണൻ പൂജാദികർമ്മങ്ങൾക്കായി തെക്കൻ തിരുവിതാംകൂറിലേക്ക് വരികയും കൊട്ടറ എന്ന സ്ഥലത്തെ ഒരു നായർ കുടുംബത്തിലെ സ്ത്രീയെ മംഗല്യം കഴിച്ച് സ്ഥിര താമസമാക്കുകയും ചെയ്ത ഈ സ്ഥലത്തിന് ചേക്കോട് എന്ന പേര് ലഭിച്ചതായി കരുതുന്നു. ഈ പ്രദേശത്തെ പ്രധാനപ്പെട്ട നാല് കുടുംബക്കാരുടെ വകയായിരുന്നു ഇത്. ഇപ്പോൾ ട്രസ്റ്റ് രജിസ്റ്റർ ചെയ്ത് പ്രദേശത്തെ എല്ലാ ഹിന്ദുക്കൾക്കും പ്രാതിനിത്യമുള്ള ഭരണ സമിതി ക്ഷേത്രകാര്യങ്ങൾ നോക്കുന്നു. കാവിന് മുൻവശത്തുള്ള നെൽവയലിൽ കൃഷി നടത്തുന്നവർ ജാതിമതഭേദമന്യേ കറ്റയും നെല്ലും കാവിനും ക്ഷേത്രത്തിനുമായി നൽകി വരുന്നു. ക്ഷേത്രക്കുളം നാല് വശവും മതിൽ കെട്ടി ആഴം കൂട്ടിയാൽ വയലിലേക്ക് ജലം ലഭിക്കുന്നതിനും പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും സഹായകമാകും. പരിസ്ഥിതിക്ക് വളരെയേറെ പ്രാധാന്യമുള്ള ഈ പ്രദേശം ക്ഷേത്രം കൂടി ഉൾപ്പെടുത്തി പൈതൃകപ്രാധാന്യമുള്ള പ്രദേശങ്ങളുടെ പട്ടികയിൽപ്പെടുത്തി സംരക്ഷിക്കേണ്ടതാണ്.

### 2. തച്ചർകാവ് – കൊട്ടറ

പഴക്കം ചെന്ന ഒരു കാവാണ് ഇത്. വർഷങ്ങൾക്ക് മുമ്പ് വൃക്ഷങ്ങൾ നിറഞ്ഞതായിരുന്നു ഈ കാവ് എങ്കിലും ഇപ്പോൾ അതെല്ലാം നശിച്ചു. ഏകദേശം 10 വർഷങ്ങക്കു മുമ്പ് കാവിനെ പുനരുദ്ധരിച്ച് അമ്പലമായി മാറ്റിയിരുന്നു. കോളമത്ത് ഭഗവതി ക്ഷേത്രം എന്ന പേരിലാണ് അറിയപ്പെടുന്നത്. കോളമത്ത് ഭഗവതി ക്ഷേത്രം എന്ന പേരിലുള്ള ഒരു ട്രസ്റ്റ് ആണ് ഈ കാവിനെ സംരക്ഷിക്കുന്നത്. ഇതിനോട് ചേർന്ന് ഒരു കുളവും ഉണ്ട്. അര ഏക്കറിനടുത്ത് വരും ഇതിന്റെ വിസ്തീർണ്ണം. ഈ ക്ഷേത്രവും അതിനോടു ചേർന്ന പ്രദേശങ്ങളും പൈതൃകപ്രാധാന്യമുള്ള പ്രദേശങ്ങളുടെ പട്ടികയിൽപ്പെടുത്തി സംരക്ഷിക്കേണ്ടതാണ്.



കുളത്തൂർ കാവ്



തച്ചർകാവ്

**3. ക്ഷേത്രക്കരകാവ് – നാല്ക്കവല–മരുതമൺപള്ളി**

മരുതമൺപള്ളി പെരുമൺ ഭഗവതി ക്ഷേത്രത്തോട് ചേർന്ന് ആണ് ഈ കാവ് സ്ഥിതി ചെയ്യുന്നത്. നിറയെ മരങ്ങൾ ഇല്ലാ എങ്കിലും പഴക്കം ചെന്ന മരങ്ങൾ ഉണ്ട്. ക്ഷേത്രത്തോട് ചേർന്നുള്ള സർപ്പക്കാവായി ഇതിനെ നിലനിർത്തി പൂജാ കർമ്മങ്ങൾ നടത്തിവരുന്നു. കാവിന്റെയും ക്ഷേത്രത്തിന്റെയും കൂടി വിസ്തീർണ്ണം അര ഏക്കർ വരും.

**4. ചിറയ്ക്കൽ കാവ്– മരുതമൺപള്ളി**

ദേവീക്ഷേത്രത്തോടനുബന്ധിച്ച് മൂന്ന് കാവുകൾ ചേർന്നതാണ് ഇത്. മാടൻകാവ്, സർപ്പക്കാവ്, ക്ഷേത്രക്കാവ് എന്നിവയാണിവ. മാടൻകാവിന്റെ വിസ്തീർണ്ണം 50 സെന്റ് വരും. സർപ്പക്കാവ്, ക്ഷേത്രക്കാവ് എന്നിവ 10 സെന്റിനകത്തു വരും. സർപ്പക്കാവ് നിറയെ മരങ്ങളും സസ്യങ്ങളും വള്ളികളും നിറഞ്ഞതാണ്. 500 വർഷ പഴക്കം വരും. ആചാര പ്രകാരം ഈ അമ്പലത്തിന്റെ ഉൽപത്തിയെ കുറിച്ച് പറയുന്നത് ഇപ്രകാരമാണ്. പട്ടാമ്പിയിൽ ഉള്ള സ്ഥലമാണ് ചിറയ്ക്കൽ. അവിടെ നിന്നും താമസം മാറി മരുതമൺപള്ളി എന്ന സ്ഥലത്തിന്റെ ഒരു ഭാഗത്ത് താമസമാക്കിയ ഒരു ബ്രാഹ്മണ സ്ത്രീ ആയിരുന്നു ഇന്നുള്ള ദേവീ ക്ഷേത്രത്തിന്റെ സ്ഥാപക. അന്ന് അവരോടൊപ്പം ജന്മദേശമായ പട്ടാമ്പിയിൽ നിന്നും സങ്കല്പിച്ച് കൂടെ കൊണ്ടുപോന്ന ദേവിയാണ് ഇപ്പോൾ ഈ അമ്പലത്തിൽ കുടികൊള്ളുന്നത്. മാടൻ കാവിനോട് ചേർന്ന് ഒരു ചിറ കൂടി സ്ഥിതി ചെയ്യുന്നു. ഈ ചിറ അധികൃതരുടെ ശ്രദ്ധ വേണ്ടവിധം ഇല്ലാത്തതിനാൽ ഉപയോഗപ്രദമല്ലാത്ത അവസ്ഥയാണ്. ഇതിനെവേണ്ട വിധം പരിഗണിച്ചാൽ 100 ഹെക്ടറോളം വരുന്ന മാടവന പാടശേഖരത്തിലേക്ക് ആവശ്യമായ ജലസേചനം നടത്താവുന്നതാണ്.

**5. മാമനാർകാവ് – കാഞ്ഞിരംപാറ**

വർഷങ്ങൾ പഴക്കമുള്ള ഒരു മാവ് മാത്രമാണ് ഈ കാവിലുള്ളത്. കാവിന് 30 സെന്റ് വിസ്തീർണ്ണം വരും. ഇതിനോട് ചേർന്ന് ഒരു കുളവുമുണ്ട്. ഈ പ്രദേശത്തെ ജലാശയങ്ങളെ നിയന്ത്രിക്കുന്നത് ഈ കുളമാണ്. ഇപ്പോൾ ഈ കാവ് മാമനാർ ശിവക്ഷേത്രമായാണ് അറിയപ്പെടുന്നത്.

**6. മാടൻകാവ് – പാണയം – പൂയപ്പള്ളി**

ഈ കാവിൽ ഒരു വലിയ ആൽമരവും ഒരു കൂവളവും ചെറിയ മൂന്ന് കാഞ്ഞിരവുമാണ് ഉള്ളത്. മുൻകാലത്ത് സസ്യങ്ങൾ നിറഞ്ഞതായിരുന്നു. ഇതെല്ലാം വെട്ടിതെളിച്ച് ഇപ്പോൾ അമ്പലം പണിതുയർത്തി. 90 സെന്റ് വിസ്തീർണ്ണത്തിലാണ് ഈ കാവ് സ്ഥിതി ചെയ്യുന്നത്. ദിവസേന വിളക്ക് തെളിക്കുകയും ഞായറാഴ്ചകളിലും, മലയാള മാസം 1–ാം തീയതികളിലും പൂജ നടത്തുകയും ചെയ്തു വരുന്നു. കൂടാതെ വർഷം തോറും ഉത്സവവും നടത്തി വരുന്നുണ്ട്. ഇപ്പോൾ ക്ഷേത്രം പണി നടന്നുകൊണ്ടിരിക്കുകയാണ്. ഇതിന്റെ സമീപത്തായി ബ്ലോക്ക് പഞ്ചായത്തിന്റെ വകയായി ഒരു കുളവും ഉണ്ട്.

**7. പുത്താറ്റ് കാവ്- മരുതമൺപള്ളി**

ഏകദേശം 20 സെന്റ് വരും ഇതിന്റെ വിസ്തീർണ്ണം. നിറയെ മരങ്ങളും സസ്യങ്ങളും നിറഞ്ഞ ഈ കാവിന് 50 വർഷത്തിന് മുകളിൽ പഴക്കം വരും. ഇതിനോട് ചേർന്ന് പുത്താറ്റ് ക്ഷേത്രവും സ്ഥിതി ചെയ്യുന്നു. കാവിലേക്ക് പോകാൻ ഇടുങ്ങിയ ഒരു നടവഴി മാത്രമാണുള്ളത്. ആയതിനാൽ കാവ് സംരക്ഷിക്കാൻ പറ്റാത്ത അവസ്ഥയിലാവുകയാണ്. സർപ്പദോഷങ്ങൾക്കായി പ്രത്യേക പൂജകൾ നടത്തിവരുന്നു. കൂടാതെ ദിവസേന കാവിൽ വിളക്ക് കത്തിക്കുന്നുണ്ട്.

**8. വേലം കോണത്ത് രക്തേശ്വരി മൂർത്തിക്കാവ്**

65 വർഷത്തിൽപരം പഴക്കമുള്ള ഒരു കാവാണ് ഇത്. വർഷങ്ങൾ പഴക്കമുള്ള മരങ്ങളാണ് ഇതിലുള്ളത്. കോളനിയോട് ചേർന്നുള്ള കാവാണ്. വേലൻ സമുദായത്തിൽപ്പെട്ടവരാണ് ഈ കാവിനെ സംരക്ഷിക്കുന്നത്. അവരുടെ ആരാധനാ മൂർത്തിയാണ് ഈ കാവിൽ കുടികൊള്ളുന്നത്. ഇതിനോട് ചേർന്ന് പഞ്ചായത്തിന്റെ ഒരു കുളം ഉണ്ട്. ഒരു വയലിന് കരയ്ക്കായിട്ടാണ് ഈ കാവ് സ്ഥിതി ചെയ്യുന്നത്. 30 സെന്റ് സ്ഥലം കാവും കൂടാതെ 10 സെന്റ് പാടവുമാണ്. ചിങ്ങമാസത്തിലെ തിരുവോണനാളിൽ പുത്തരി ഊട്ടും മകം മാസം 27-ന് ഊട്ടും നടത്തി വരുന്നു.

**9. ഏണിയൂർ മഠം കാവ് - കോഴിക്കോട്**

ഏകദേശം 20 സെന്റ് സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഈ കാവ് ഏണിയൂർ മഠം ബ്രാഹ്മണ കുടുംബത്തിന്റെ വകയാണ്. ഇതിനോട് ചേർന്ന് മഠം വക ഒരു ക്ഷേത്രവും കുളവും ഉണ്ട്. ഇപ്പോഴും ഈ മഠത്തിലുള്ളവരാണ് ഈ കാവിനെ സംരക്ഷിക്കുന്നത്. സർപ്പ ദൈവങ്ങൾക്കായി പ്രത്യേക പൂജാദികർമ്മങ്ങളും നടത്തി വരുന്നുണ്ട്. ഇടതിങ്ങിയല്ലാതെ വൃക്ഷങ്ങളും സസ്യങ്ങളും നിറഞ്ഞതാണ് ഈ കാവ്.

**10. തിരിച്ചൻകാവ് - പയ്യക്കോട്**

ഏകദേശം 50 സെന്റ് വിസ്തൃതിയുള്ള ഈ കാവ് നിറയെ മരങ്ങളും ചെടികളും വള്ളികളും നിറഞ്ഞതാണ്. വർഷങ്ങൾ പഴക്കമുള്ള മരങ്ങളാണുള്ളത്. ഇതിനോട് ചേർന്ന് ഒരു ദേവീ ക്ഷേത്രവും കുളവുമുണ്ട്. ഈ കാവ് യാത്രക്കാർക്ക് കാണാവുന്ന വിധം റോഡിന്റെ അരികിലായിട്ടാണ് സ്ഥിതി ചെയ്യുന്നത്.

**11. പള്ളത്ത് കാവ്- ചെങ്കുളം**

വള്ളികളും സസ്യങ്ങളും കൊണ്ട് നിറഞ്ഞ ഈ കാവിൽ വൃക്ഷമായി ഒരു പാല മാത്രമാണുള്ളത്. കാവിനുള്ളിൽ ചെറിയ രണ്ട് ആൽത്തറ ഉണ്ട്. ഏകദേശം 100 വർഷം പഴക്കമുള്ള ഈ കാവിന് 30 സെന്റ് വിസ്തീർണ്ണം വരും. മുടിയൂർകോണം സിദ്ധനാർ സർവ്വീസ് സൊസൈറ്റിയുടെ ഒരു ശാഖയിലെ ഒരാളിന്റെ പേരിൽ പതിച്ച് കിട്ടിയിട്ടുണ്ട് ഈ കാവ് നിൽക്കുന്ന സ്ഥലം.

ഈ കാവുകൾ കൂടാതെ, പണ്ട് ഇടതൂർന്ന കാവായിരുന്നതും എന്നാൽ ഇപ്പോൾ രണ്ടോ മൂന്നോ മരങ്ങൾ മാത്രമുള്ളതുമായ ചെറിയ കാവുകളും കാണപ്പെടുന്നു. അവ നാല്ക്കവലയിലുള്ള പാലുകോണം കാവ്, മൂർത്തിക്കാവ്–കോണത്ത് പൂയപ്പള്ളി, ചുണ്ടേലഴികം കാവ്, വെളുത്തേടത്ത് വാതുക്കൽ കാവ് (പൈങ്ങാലിൽകാവ്), പയ്യക്കോട് മൂർത്തിക്കാവ്, മുടിയൂർക്കോണം കാവ്, പുന്നക്കോട് ഐരൂർത്തോട്ടം കാവ് എന്നിവയാണ്.

ഈ കാവുകളോടൊപ്പം തന്നെ 11–ാം വാർഡിലുള്ള പുരാതനമായ മഹാവിഷ്ണു ക്ഷേത്രവും പൈതൃകപ്രാധാന്യമുള്ള പ്രദേശമായി കരുതി സംരക്ഷിക്കേണ്ടതാണ്.



*മഹാവിഷ്ണു ക്ഷേത്രം*

**16.2 അനുമാനം**

*പൂയപ്പള്ളി പഞ്ചായത്തിൽ സംരക്ഷിക്കപ്പെടേണ്ടതായ പല കാവുകളും പൈതൃക പ്രാധാന്യമുള്ള ക്ഷേത്രങ്ങളും ഉണ്ട്. ഇവയുടെ പരിസ്ഥിതി പൈതൃക പ്രാധാന്യം കണക്കിലെടുത്ത് സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.*

<<< previous | contents | next >>>

# അദ്ധ്യായം 17

# കണ്ടെത്തലുകളും നിഗമനങ്ങളും

*പൂയപ്പള്ളി പഞ്ചായത്തിന്റെ വിവിധ മേഖലകളെ സംബന്ധിക്കുന്ന വിശകലനങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞിട്ടുള്ള കണ്ടെത്തലുകളും നിഗമനങ്ങളുമാണ് ഈ അദ്ധ്യയത്തിൽ വിവരിക്കുന്നത്.*

## 17.1 സംയോജിത ജില്ലാ വികസനരൂപരേഖ പ്രകാരം പൂയപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ സ്ഥാനം

1) കൊല്ലം ജില്ലാ സംയോജിത വികസന രൂപരേഖ പ്രകാരം പൂയപ്പള്ളി ഗ്രാമ പഞ്ചായത്ത് കാർഷിക വികസന മേഖലയിലാണ് പെടുന്നത്. അതുപോലെതന്നെ നാലാംക്രമത്തിൽ പെടുന്ന ഒരു പഞ്ചായത്ത് കൂടിയാണ് പൂയപ്പള്ളി.

2) സംയോജിത ജില്ലാ വികസന രൂപരേഖയനുസരിച്ച് പൂയപ്പള്ളി പഞ്ചായത്തിന് ഒരു ഗ്രാമീണ (Rural) പ്രവർത്തന സ്വഭാവമാണുള്ളത്. അതായത് പൂയപ്പള്ളിയെ കാർഷിക പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ പ്രദേശമായിട്ടാണ് കണ്ടെത്തിയിരിക്കുന്നത്.

## 17.2 പൊതു കണ്ടെത്തലുകൾ

3) ഭൂപ്രകൃതിയുടെ വിശകലനം സൂചിപ്പിക്കുന്നത് പൂയപ്പള്ളിയിലെ 85% പ്രദേശങ്ങളുടെയും ചരിവ് 30% ത്തിൽ താഴെയാണെന്നാണ്. അതിനാൽ കാർഷിക പ്രവർത്തനങ്ങൾക്ക് ഇവിടം അനുയോജ്യമാണെന്ന് കാണിക്കുന്നു.

4) പൂയപ്പള്ളിയുടെ ഭൂവിനിയോഗം പരിശോധിച്ചാൽ 55% ഭൂമിയും കൃഷിക്കാണുപയോഗിക്കുന്നത് എന്ന് കാണാം. സമീപ ഗ്രാമപഞ്ചായത്തുകളിലെ ഭൂവിനിയോഗവുമായ് താരതമ്യം ചെയ്യുമ്പോൾ ആദിച്ചനല്ലൂർ, ചാത്തന്നൂർ തുടങ്ങിയ പഞ്ചായത്തുകളിൽ കാർഷിക പ്രവർത്തനങ്ങൾ പൂയപ്പള്ളിയേക്കാൾ കുറവും, കിഴക്കോട്ട് നീങ്ങിയുള്ള ഇളമാട്, വെളിനല്ലൂർ എന്നിവിടങ്ങളിൽ കൃഷിപ്രദേശം, പൂയപ്പള്ളിയേക്കാൾ കൂടുതലുമുള്ളതുമായി കാണാം. ഇതു സൂചിപ്പിക്കുന്നത് ചുറ്റുമുള്ള പഞ്ചായത്തുകളുമായി താരതമ്യം ചെയ്യുമ്പോഴും കാർഷികമേഖലയ്ക്കു പ്രാധാന്യമുള്ള ഒരു പ്രദേശമാണ് പൂയപ്പള്ളി എന്നാണ്. അതുപോലെ കൊട്ടാരക്കര ബ്ലോക്കിലെ മറ്റുള്ള പഞ്ചായത്തുകളുമായി താരതമ്യം ചെയ്തു നോക്കുമ്പോഴും പൂയപ്പള്ളി കാർഷിക പ്രാധാന്യമുള്ള പ്രദേശമാണെന്ന് കാണാം.

5) പഞ്ചായത്തിന്റെ 29% പ്രദേശങ്ങളും മിശ്രിത കൃഷി (കൃഷിമേഖല/വാസമേഖല)ക്കനുയോജ്യമായ വാസമേഖലയിൽ പെടുന്നു.

6) പഞ്ചായത്തിൽ 18 ഓളം കാവുകളിൽ ചിലവ പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങളായി സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ഒൻപതോളം വെള്ളം വറ്റാത്ത ചിറകളും, വാട്ടർ റീചാർജിന് കൂടി ഉതകുന്ന വിധം വലിയ പാടശേഖരങ്ങളും ഇവിടുണ്ട്.

7) പൂയപ്പള്ളി പഞ്ചായത്തിന്റെ നിലവിലെ ജനസംഖ്യ 23924 ആണ്. ഇത് ജില്ലയുടെ തീരദേശ പഞ്ചായത്തുകളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണ്. കൊട്ടാരക്കര ബ്ലോക്കിലെ ഏറ്റവും കുറഞ്ഞ ജനസംഖ്യ പൂയപ്പള്ളിയിലാണ്. ഇവിടുത്തെ ശരാശരി ജനസാന്ദ്രത 1081

ആണ്, പഞ്ചായത്തിന്റെ ജനസംഖ്യാ വളർച്ചാ നിരക്ക് നിലവിൽ 9.71% ആണ്. ജനസാന്ദ്രത കുറഞ്ഞിരിക്കുന്നതിനാൽ പൂയപ്പള്ളി കാർഷിക പ്രവർത്തനങ്ങൾക്കനുയോജ്യമാണ്.

8) തൊഴിലാളികളുടെ സംഖ്യ വർദ്ധിക്കുന്നെങ്കിലും, തൊഴിൽ പങ്കാളിത്ത നിരക്കിൽ നേരിയ കുറവാണ് കാണുന്നത്. 35.04% എന്ന ഉയർന്ന തൊഴിൽ പങ്കാളിത്ത നിരക്ക് തൊഴിൽ സ്ഥിരതയെ കാണിക്കുന്നു. നല്ലൊരു ശതമാനം തൊഴിലാളികളും കർഷകരും, കാർഷിക തൊഴിലാളികളുമാണെന്നതും കാർഷിക മേഖലയുടെ ശക്തമായ സാന്നിദ്ധ്യമാണ് കാണിക്കുന്നത്.

## 17.3 കാർഷിക മേഖല

9) പൂയപ്പള്ളിയിലെ പ്രധാന കാർഷികോല്പന്നങ്ങൾ നെല്ല്, നാളികേരം, റബ്ബർ, മരച്ചീനി എന്നിവയാണ്. മൊത്തം കൃഷി ഭൂമിയുടെ 16, 36, 34, 10 ശതമാനം വിസ്തൃതിയാണ് യഥാക്രമം ഈ വിളകൾക്കുള്ളത്. ചുറ്റുമുള്ള പ്രദേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നാളികേരം, നെല്ല് എന്നീ വിളകൾ മെച്ചപ്പെട്ട രീതിയിൽ ഇവിടെ കൃഷി ചെയ്യപ്പെടുന്നുണ്ട്. ഇത് സൂചിപ്പിക്കുന്നത് കാർഷിക മേഖലയിൽ ഈ വിളകൾക്ക് പൂയപ്പള്ളിയിൽ പ്രത്യേക പ്രധാന്യമുണ്ട് എന്നാണ്.

10) കൊല്ലം ജില്ലയുടെ മൊത്തം നെല്ലുല്പാദനത്തിന്റെ 2.6% ഉം നാളീകേര ഉത്പാദനത്തിന്റെ 1.07% ഉം പൂയപ്പള്ളിയിൽ നിന്നാണ്. ഇതുകൂടാതെ റബ്ബർ, മരച്ചീനി എന്നിവയും നല്ല രീതിയിൽ കൃഷി ചെയ്യപ്പെടുന്നതായി കാണുന്നു.

11) പൂയപ്പള്ളി പഞ്ചായത്തിന്റെ ഉപഭോഗ രീതിയിൽ നിന്നു മനസ്സിലാകുന്നത് കാർഷിക മേഖലയിലെ ഉല്പന്നങ്ങളും മൃഗസംരക്ഷണ മേഖലയിലെ ഉത്പന്നങ്ങളും നല്ല രീതിയിൽ ഇവിടെ ഉപയോഗിക്കപ്പെടുന്നുണ്ട് എന്നാണ്.

## 17.4 വ്യവസായ മേഖല

12) വ്യവസായ മേഖല പൂയപ്പള്ളിയിൽ അത്ര ശക്തമല്ലെങ്കിലും, 11 ഓളം കശുവണ്ടി ഫാക്ടറികൾ ഉണ്ട്, രണ്ടു കൈത്തറി യൂണിറ്റുകളും ഇവിടെ പ്രവർത്തിക്കുന്നു. ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എല്ലാവിധ പശ്ചാത്തല സൗകര്യങ്ങളോടുകൂടി തയ്യാറാക്കപ്പെട്ടിട്ടുണ്ട്. സ്വകാര്യ മേഖലയിൽ പ്രസിദ്ധമായ ഒരു ഔഷധ നിർമ്മാണ യൂണിറ്റ് കൂടി ഇവിടെ പ്രവർത്തിക്കുന്നു.

13) ചെറിയ തോതിലെങ്കിലും കരിങ്കൽ ക്വാറി പ്രവർത്തനങ്ങളും പൂയപ്പള്ളിയിൽ നടക്കുന്നുണ്ട്. ഏകദേശം 5 ക്വാറികളാണിവിടെ സജീവമായി പ്രവർത്തിക്കുന്നത്.

## 17.5 ഗതാഗതവും വാണിജ്യവും

14) പൂയപ്പള്ളി സമീപ പ്രദേശങ്ങളുമായി നിരവധി പ്രധാന റോഡുകൾ മൂലം ബന്ധിക്കപ്പെട്ടിരിക്കുന്നു. റോഡുകളുടെ വീതികുറവും ശോച്യാവസ്ഥയും എടുത്തു പറയേണ്ടതാണ്.

15) പൂയപ്പള്ളിയിലെ പ്രധാന വാണിജ്യകേന്ദ്രം പൂയപ്പള്ളി ജംഗ്ഷൻ തന്നെയാണ്. മരുതമൺപള്ളി, മീയണ്ണൂർ, പയ്യക്കോട് എന്നിവ രണ്ടാം ക്രമത്തിൽപ്പെടുന്നു.

16) 21 മീറ്റർ വീതിയിലേക്കുയർത്തുന്ന റോഡിന്റെ വളവുകൾ

17) ജംഗ്ഷനുകളും ബസ് സ്റ്റോപ്പുകളും നവീകരിക്കേണ്ടതിന്റെ ആവശ്യകത

18) ജംഗ്ഷനുകൾക്ക് വിശദമായ ആസൂത്രണ പദ്ധതികളുടെ ആവശ്യകത

19) ഒരു നാലാംക്രമ പഞ്ചായത്തിനു വേണ്ട വാണിജ്യ സൗകര്യങ്ങൾ ഇവിടെ ഉണ്ട്. ഒരു പൊതു മാർക്കറ്റ് പൂയപ്പള്ളിയിലുണ്ടെങ്കിലും അത് പ്രവർത്തനക്ഷമമല്ല.

### 17.6 കുടിവെള്ളവും ആരോഗ്യവും

20) പൂയപ്പള്ളിയിലെ 94.85% ആൾക്കാരും കുടിവെള്ളത്തിനായി ആശ്രയിക്കുന്നത് കിണറിനെയാണ്. കുടിവെള്ള ക്ഷാമം പഞ്ചായത്തിന്റെ പലഭാഗങ്ങളിലും രൂക്ഷമാണ്. കിണറുകൾ ധാരാളമുണ്ടെങ്കിലും വെള്ളമില്ലാത്ത അവസ്ഥയാണ്.

21) മൈലോടു നിന്നുള്ള കുടിവെള്ള പദ്ധതിയും, പള്ളിമൺ നിന്നെത്തുന്ന വിതരണവും ഒരു പരിധിവരെ പൂയപ്പള്ളിയിൽ കുടിവെള്ളമെത്തിക്കുന്നുണ്ട്. കെ.ഐ.പി. കനാലുകളുടെ സാന്നിദ്ധ്യം ചില പ്രദേശങ്ങളിൽ കിണറുകളെ വരൾച്ചയിൽ നിന്ന് സംരക്ഷിക്കുന്നു.

22) ആരോഗ്യ മേഖലയിൽ പൂയപ്പള്ളിയിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പര്യാപ്തമാണ്. ഉയർന്ന സൗകര്യങ്ങൾ സമീപ പ്രദേശങ്ങളിൽ 15 കിലോ മീറ്ററിനുള്ളിൽ ലഭ്യമാണ്.

23) സർക്കാർ മേഖലയിൽ ഹോമിയോ / ആയുർവേദ ഡിസ്പെൻസറികൾ നിലവിലില്ലാത്ത ഒരു ഗ്രാമ പഞ്ചായത്താണ് പൂയപ്പള്ളി

### 17.7 വിദ്യാഭ്യാസം

24) വിദ്യാഭ്യാസ മേഖലയിൽ സ്ഥാപനങ്ങൾ ആവശ്യത്തിനുണ്ടെങ്കിലും അവയിൽ പലതിനും അത്യാവശ്യ പശ്ചാത്തല സൗകര്യങ്ങളില്ല.

25) ഉയർന്ന വിദ്യാഭ്യാസ സൗകര്യങ്ങൾ, കൊട്ടാരക്കര, ചാത്തന്നൂർ എന്നിവിടങ്ങളിൽ 15 കി.മീ. ചുറ്റളവിൽ ലഭ്യമാണ്.

### 17.8 പശ്ചാത്തലമേഖല

26) മറ്റുള്ള അവശ്യ സൗകര്യങ്ങൾ – സർക്കാർ ഓഫീസുകൾ മുതലായവ പഞ്ചായത്തിൽ ലഭ്യമാണ്.

27) പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവർ വസിക്കുന്ന ഉയർന്ന ജനസാന്ദ്രതയുള്ള പ്രദേശങ്ങൾ പലതും കുടിവെള്ളം, മാലിന്യ സംസ്ക്കരണം, വഴിസൗകര്യം, വൈദ്യുതി എന്നീ സൗകര്യങ്ങളിൽ പിറകോട്ടാണ്.

28) പഞ്ചായത്തിൽ ശ്മശാനങ്ങളുണ്ടെങ്കിലും അതെല്ലാം മതസ്ഥാപനങ്ങളുമായി ബന്ധപ്പെട്ടതാണ്. ഒരു പൊതു ശ്മശാനം ഇവിടെ നിലവിലില്ല.

29) പഞ്ചായത്തിൽ വാണിജ്യ സ്ഥാപനങ്ങൾ ധാരാളമുള്ളതും, ജനസാന്ദ്രത കൂടിയതുമായ പൂയപ്പള്ളി ടൗൺ, മരുതമൺപള്ളി എന്നീ വാർഡുകളിൽ മാലിന്യ സംസ്ക്കരണം ഒരു പ്രധാന പ്രശ്നമാണ്. ആയതിനാൽ പഞ്ചായത്തു തലത്തിൽ ഒരു ഖരമാലിന്യ നിർമ്മാർജ്ജന യൂണിറ്റ് ആവശ്യമാണ്.

30) ഒരു പാർക്ക്, കാർഷിക, വിപണന മേളകൾ നടത്താനുതകുന്ന ഒരു സൗകര്യം പഞ്ചായത്തിന്റേതായി ഒരു ആഡിറ്റോറിയം എന്നിവയാണ് പഞ്ചായത്തിൽ ആവശ്യമായ മറ്റ് പശ്ചാത്തല സൗകര്യങ്ങൾ.

### 17.10 പൈതൃക സംരക്ഷണം

പ്രദേശത്തിന്റെ പുരാതനമായ സാംസ്ക്കാരിക പൈതൃകത്തിന്റെ അടയാളങ്ങളായി സംരക്ഷിക്കപ്പെടേണ്ട മൂന്ന് ക്ഷേത്രങ്ങൾ ഈ പഞ്ചായത്തിലുണ്ട്. കൊട്ടറ ഭഗവതി ക്ഷേത്രം, കുളത്തൂർക്കാവ് ക്ഷേത്രം, മരുതമൺ പള്ളി, മഹാവിഷ്ണു ക്ഷേത്രം എന്നിവയാണത്.

# അദ്ധ്യായം 18

# വികസന ലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളും

*ഈ അദ്ധ്യായത്തിൽ ആസൂത്രണ കാലയളവിൽ (2021 വരെ) നേടേണ്ട വികസന ലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളും വ്യക്തമാക്കിയിരിക്കുന്നു.*

## 18.1 വികസന ലക്ഷ്യങ്ങൾ

വിവിധ മേഖലകളുടെ വിശകലനത്തിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന നിഗമനങ്ങളും, കണ്ടെത്തലുകളും അടിസ്ഥാനമാക്കിയാണ് വികസന ലക്ഷ്യം രൂപപ്പെടുത്തിയിരിക്കുന്നത്. സംയോജിത കൊല്ലം ജില്ലാ വികസന രൂപരേഖ പ്രകാരം പൂയപ്പള്ളി പഞ്ചായത്ത് ജില്ലയുടെ കാർഷിക മേഖലയിൽ വരുന്ന പ്രദേശമാണ്. കൂടാതെ കിഴക്കൻ മേഖലയിൽ ഉള്ള റബ്ബർ കൃഷിയുടെ തുടർച്ചയിൽ നിന്നും നെൽകൃഷിയിലേക്കു മാറുന്നതായ ഒരു പ്രദേശം കൂടിയാണ് പൂയപ്പള്ളി. റബ്ബർ, നെൽകൃഷി, മറ്റു കരകൃഷി ഇവ ഏറിയും കുറഞ്ഞും ഒരേപോലെ കാണുന്ന പ്രദേശം ആണിത്. പഞ്ചായത്തിന്റെ ഏറ്റവും പ്രാധാന്യമുള്ള സാമ്പത്തിക മേഖല കാർഷിക മേഖലയായിട്ടാണ് വിശകലനങ്ങൾ സൂചിപ്പിക്കുന്നത്. എന്നാൽ കൃഷിഭൂമിയുടെ ഉചിതമായ ഉപയോഗം നടപ്പിൽ വരുന്നില്ല എന്നാണ് വിശകലനങ്ങളിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്. കാർഷിക മേഖലയുടെ ആസൂത്രിതമായ വികസനത്തിലൂടെ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയ്ക്ക് കൂടുതൽ ശക്തിപകരാൻ സാധിക്കും. ഇത് വികസന രൂപരേഖയുടെ മുഖ്യമായ ഒരു ലക്ഷ്യമാണ്.

സംയോജിത ജില്ലാ വികസന രൂപരേഖയിലെ നിർദ്ദേശങ്ങൾ പ്രകാരം ജില്ലയിലെ പ്രധാനപ്പെട്ട മൂന്നു റോഡുകൾ പൂയപ്പള്ളിയിലൂടെ കടന്നു പോകുന്നു. 21 മീറ്റർ വീതിയിൽ വിഭാവനം ചെയ്തിരിക്കുന്ന കൊല്ലം–കുരിശുംമൂട്–ആയൂർ റോഡ്, 12 മീറ്റർ വീതിയിൽ വിഭാവനം ചെയ്തിരിക്കുന്ന കണ്ണനല്ലൂർ–ആയൂർ റോഡ്, 12 മീറ്റർ വീതിയുള്ള കൊട്ടാരക്കര – ഓയൂർ ജംഗ്ഷൻ റോഡ് എന്നിവയാണ് ഇവ. ഈ പ്രധാന റോഡുകളും, മറ്റു ചെറു റോഡുകളും ഉൾപ്പെടുന്ന മെച്ചപ്പെട്ട ഒരു ഗതാഗത ശൃംഖല രൂപപ്പെടുത്തുകയും, അതിലൂടെ കാർഷിക മേഖലക്ക് ഉന്നമനം നൽകുക എന്നതും വികസന രൂപരേഖയുടെ ലക്ഷ്യമാണ്.

പരിസ്ഥിതിക്ക് വളരെയേറെ പ്രാധാന്യം കൊടുക്കേണ്ട പ്രദേശങ്ങൾ (കാവുകൾ, കുളങ്ങൾ, വയലുകൾ തുടങ്ങിയവ) പഞ്ചായത്തിൽ ധാരാളം ഉണ്ട്. ഈ പ്രദേശങ്ങളുടെ സംരക്ഷണവും വികസന രൂപരേഖയുടെ ഒരു ലക്ഷ്യമാണ്.

ഉല്പാദന മേഖലയിൽ കഴിയുന്നിടത്തോളം സ്വയംപര്യാപ്തത കൈവരിക്കുക, അടിസ്ഥാന സൗകര്യങ്ങളിലുള്ള കുറവ് നികത്തുക എന്നിവയും വികസന രൂപരേഖയുടെ ലക്ഷ്യങ്ങളിൽപ്പെടുന്നു. പൊതുവിൽ പറഞ്ഞാൽ, പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ പൂയപ്പള്ളിയുടെ സാമൂഹിക സാമ്പത്തിക രംഗങ്ങളിലുള്ള ആസൂത്രിതമായ ഉന്നമനമാണ് വികസന രൂപരേഖയുടെ ലക്ഷ്യം.

വികസന ലക്ഷ്യങ്ങളെ താഴെപ്പറയുന്ന രീതിയിൽ ചുരുക്കിപ്പറയാം

1. കാർഷിക മേഖല, കാർഷിക അനുബന്ധ മേഖല, ചെറുകിട വ്യവസായ മേഖല എന്നിവയുടെ ആസൂത്രിതമായ വികസനത്തിലൂടെ പഞ്ചായത്തിന്റെ സാമ്പത്തിക മേഖലയ്ക്ക് ശക്തി പകരുകയും ഒരു നാലാംക്രമ പഞ്ചായത്തിനനുസൃതമായ അടിസ്ഥാന സൗകര്യങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുക.

2. പഞ്ചായത്തിന്റെ ഭൂവിനിയോഗം ബോധപൂർവ്വമായ ശ്രമത്തിലൂടെ കാർഷിക മേഖലയ്ക്കനുയോജ്യമാക്കുക.

3. പരിസ്ഥിതി / പൈതൃക പ്രാധാന്യമുള്ള പ്രദേശങ്ങൾ സംരക്ഷിക്കുക.

## 18.2 വികസന ഉദ്ദേശ്യങ്ങൾ

പൂയപ്പള്ളിയിലെ വിഭവങ്ങളുടെ ഉചിതമായ വിനിയോഗം സാധ്യമാക്കുമ്പോൾ പഞ്ചായത്തിന് മെച്ചപ്പെട്ട സാമ്പത്തിക അടിത്തറ ഉണ്ടാക്കുകയും അതുവഴി ജനങ്ങളുടെ ഉന്നമനത്തിന് കാരണമാവുകയും ചെയ്യും.

പൂയപ്പള്ളിയുടെ മൊത്തം വിസ്തീർണ്ണത്തിന്റെ ഏതാണ്ട് 55% വും കൃഷി ഭൂമികളാണ്. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 16% കർഷകരും 21% കൃഷിക്കാരുമാണ് ഉള്ളത്. മൊത്തം കൃഷി സ്ഥലത്തിന്റെ 16% നെൽ വയലുകളാണ്. നെൽ വയലുകളുടെ മെച്ചപ്പെട്ട ഒരു തുടർച്ചതന്നെ ഭൂവിനിയോഗ മാപ്പിൽ കാണാവുന്നതാണ്. മൊത്തം കൃഷി സ്ഥലത്തിന്റെ 60% ത്തോളം, റബ്ബർ, തെങ്ങ് തുടങ്ങിയ കരകൃഷിയാണ് വാസഗൃഹങ്ങളോടു ചേർന്നുള്ള തെങ്ങു കൃഷിയും വ്യാപകമാണ്, (ശരാശരി പുരയിട വിസ്തീർണ്ണം- 70 സെന്റ്) പച്ചക്കറി കൃഷിയ്ക്കും വളരെ അനുയോജ്യമായ ഭൂപ്രകൃതിയാണ് പൂയപ്പള്ളിയിലുള്ളത്. ഇപ്പോൾത്തന്നെ, കരഭൂമിയിലും, വയലുകളിലുമായി പച്ചക്കറികൃഷി ചെറിയ തോതിൽ ചെയ്തു വരുന്നുണ്ട്.

കുളങ്ങൾ, തോടുകൾ, കനാൽ, ആറ് തുടങ്ങിയ ജലസ്രോതസ്സുകളുടെ സാന്നിദ്ധ്യം കാർഷിക മേഖലയുടെ വളർച്ചക്ക് ആക്കം കൂട്ടുന്ന സാധ്യതകളാണ്.

സംസ്ഥാന തലത്തിൽ അറിയപ്പെടുന്ന ഔഷധ നിർമ്മാണ ഫാക്ടറി പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു. ഇത് ഒരു സ്വകാര്യ സംരംഭമാണ്. ഇവിടേയ്ക്കാവശ്യമായ ഔഷധ സസ്യങ്ങൾ ഇപ്പോൾ മറ്റു സംസ്ഥാനങ്ങളിൽ നിന്നാണ് കൊണ്ടു വരുന്നത്. പഞ്ചായത്തിലെ ഉപയോഗിക്കാതെ കിടക്കുന്ന കൃഷിഭൂമികളിൽ ഔഷധ സസ്യ കൃഷി നടത്താവുന്നതാണ്. അതോടൊപ്പം പ്രധാന വിളകളുടെ ഇടവിളകളായും, പുരയിടത്തിന്റെ അതിരുകളിലും ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കുവാൻ സാധ്യതയുണ്ട്. ഇതൊക്കെ സൂചിപ്പിക്കുന്നത് കാർഷിക മേഖലയിൽ ഒരു ബഹുമുഖ കർമ്മപരിപാടിയാണാവശ്യം എന്നാണ്. നെല്ല്, റബ്ബർ, തെങ്ങ് എന്നിവ പ്രധാന വിളകളെന്ന നിലയ്ക്കു പ്രോത്സാഹിപ്പിക്കുമ്പോൾ പച്ചക്കറി, ഔഷധകൃഷി, പുൽകൃഷി മുതലായവ ഇടവിളയായി പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്.

സ്റ്റേക്കുഹോൾഡറുമാരുമായുള്ള ചർച്ചയിൽ നിന്നും മനസ്സിലായ ഒരു കാര്യം, കാർഷിക മേഖലയെ പിന്നോട്ടടിക്കുന്ന പ്രധാനപ്പെട്ട ഒരു ഘടകമെന്നത് കർഷകരും, കൃഷി ഉദ്യോഗസ്ഥരും, പ്രാദേശിക ഭരണകൂടവും തമ്മിലുള്ള ഏകോപനമില്ലായ്മയാണെന്നാണ്. ഇതുമൂലം കർഷകർക്കാവശ്യമുള്ളപ്പോൾ, കൃഷി വകുപ്പിന് വിത്തായോ വളമായോ സഹായം നൽകാൻ പറ്റുന്നില്ല, പ്രാദേശിക ഭരണ കൂടത്തിന് സഹായം നൽകാനും പറ്റുന്നില്ല, പ്രാദേശിക ഭരണ കൂടത്തിന്റെ സഹായം പലപ്പോഴും സമയം തെറ്റിയാണ് ലഭ്യമാകുന്നത്. അതുകൊണ്ട് തന്നെ കർഷകർ, കൃഷി ഉദ്യോഗസ്ഥർ, പഞ്ചായത്ത് തുടങ്ങിയവരെ ഏകോപിപ്പിച്ചു പ്രവർത്തിക്കാൻ വേണ്ട ഒരു സംവിധാനം കാർഷിക മേഖലയുടെ ഉന്നമനത്തിനായി കൊണ്ടുവരേണ്ടതുണ്ട്.

പൂയപ്പള്ളിയിലെ ശരാശരി പുരയിട വിസ്തീർണ്ണം (average plot size) 70 സെന്റിൽ കൂടുതലാണ് എന്നത് ഇവിടെ പുരയിട കൃഷിയോടൊപ്പം തന്നെ മൃഗസംരക്ഷണത്തിനുള്ള സാധ്യതയും ഉണ്ടെന്നാണ് കാണിക്കുന്നത്. കാർഷിക മേഖലയും മൃഗസംരക്ഷണ മേഖലയും പരസ്പര പൂരകമായി പ്രവർത്തിക്കുന്നതിനുള്ള സാധ്യത പൂയപ്പള്ളിയിലുണ്ട്. പാൽ, പാലുൽപ്പന്നങ്ങൾ, മുട്ട, ഇറച്ചി എന്നിവയുടെ എക്കാലത്തുമുള്ള ആവശ്യകത മൃഗസംരക്ഷണ മേഖലയുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. മൃഗസംരക്ഷണം, കാർഷിക വൃത്തിയിൽ ഏർപ്പെടുന്നവർക്ക് അധിക വരുമാനം നൽകുകയും ചെയ്യുന്നു.

പശു, ആട് തുടങ്ങിയവയെ ചെറിയതോതിലും, കൂട്ടായും വളർത്തുന്നതിനാവശ്യമായ സാഹചര്യം പഞ്ചായത്തിലുണ്ട്. പഞ്ചായത്തിലുള്ള കുളങ്ങൾ, ചിറകൾ തുടങ്ങിയവ ജലസേചനത്തോടൊപ്പം തന്നെ മത്സ്യകൃഷിയ്ക്കും ഉപയുക്തമാക്കാവുന്നതാണ്. വയലുകളുടെയും തോടുകളുടെയും സാന്നിദ്ധ്യം താറാവു വളർത്തലിനും ഉള്ള സാധ്യതയാണ് കാണിക്കുന്നത്. അനുയോജ്യമായ ഘടകങ്ങളുടെ ശരിയായ ഉപയോഗത്തിലൂടെ പഞ്ചായത്തിന്റെ സാമ്പത്തിക അടിത്തറ പുഷ്ടിപ്പെടുത്താനുള്ള മേഖലകളിലൊന്നായി മൃഗസംരക്ഷണ മേഖല കാർഷിക മേഖലയ്ക്കനുബന്ധമായി വരേണ്ടതാണ്. കാർഷിക മേഖലയുടെയും മൃഗസംരക്ഷണ മേഖലയുടെയും ഉന്നമനം സ്വാഭാവികമായും ഇതുമായി ബന്ധപ്പെട്ട മൂല്യവർദ്ധിത സാധനങ്ങളുടെ ഉല്പാദനത്തിന് സാധ്യതയേകുന്നു.

ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഒരു ചെറുകിട വ്യവസായ എസ്റ്റേറ്റ് പൂയപ്പള്ളി പഞ്ചായത്തിൽ നിലവിലുണ്ടെങ്കിലും അവിടെ പ്രവർത്തനങ്ങളൊന്നും തന്നെ നടക്കുന്നില്ല. കൃഷി, മൃഗസംരക്ഷണ മേഖലകളുമായി ബന്ധപ്പെട്ട മൂല്യവർദ്ധിത ഉല്പന്ന യൂണിറ്റുകൾ ഇവിടെ തുടങ്ങാവുന്നതാണ്. പഞ്ചായത്തിൽ, സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ഒരു ഔഷധ നിർമ്മാണ ഫാക്ടറി നിലവിലുണ്ട്. കൂടാതെ 11–ഓളം കശുവണ്ടി ഫാക്ടറികളും 5 അംഗീകൃത ക്വാറികൾ ഉൾപ്പെടെ 17–ഓളം ക്വാറികളും ഇവിടെ പ്രവർത്തിക്കുന്നു. ഈ ഫാക്ടറികളിലായി 6400 ഓളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. ഇവയിൽ ഭൂരിഭാഗവും സ്ത്രീ തൊഴിലാളികളുമാണ്. സ്ത്രീകൾ ഉൾപ്പെടെയുള്ള തൊഴിലാളികൾക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒ

ട്ടുമിക്ക ഫാക്ടറികളിലും കുറവായിട്ടാണ് കാണുന്നത്. 23 നിലവാരം കുറഞ്ഞ അധിവാസ കേന്ദ്ര ങ്ങളാണ് പൂയപ്പള്ളി പഞ്ചായത്തിലുള്ളത്. ഏകദേശം 632 കുടുംബങ്ങൾ ഇവിടെയുണ്ട്. സ്ത്രീതൊഴിലാളികൾ കൂടുതലുള്ളതും, നിലവാരം കുറഞ്ഞ അധിവാസ കേന്ദ്രങ്ങളുടെ സാന്നി ദ്ധ്യവും സൂചിപ്പിക്കുന്നത് സാമൂഹികമായും സാമ്പത്തികവുമായും പിന്നോക്കം നിൽക്കുന്നവ രുടെ അടിസ്ഥാന സൗകര്യങ്ങൾ (ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം) ഉറപ്പാക്കേണ്ടതാണെ ന്നാണ്.

സാമ്പത്തിക അടിത്തറ ബലപ്പെടുത്തുന്നതിനാവശ്യം വേണ്ടുന്ന ഘടകമാണ് നല്ലൊരു ഗതാഗത ശൃംഖല. സംയോജിത ജില്ലാ വികസന രൂപരേഖ പ്രകാരം ജില്ലയിലെ പ്രധാനപ്പെട്ട മൂന്ന് റോഡുകൾ മീയണ്ണൂർ–പൂയപ്പള്ളി–ആയൂർ, പുളിമുക്ക്– കുരിശുമൂട്–പയ്യക്കോട്–ആയൂർ, കുരിശുമൂട്–മരുതമൺപള്ളി–പൂയപ്പള്ളി–കൊട്ടാരക്കര ജംഗ്ഷൻ വരെയുള്ള റോഡ് എന്നിവ പൂയപ്പള്ളിയിൽ കൂടി കടന്നുപോകുന്നു. ഇതിനനുസൃതമായ പ്രാദേശിക റോഡ് ശൃംഖല പൂയ പ്പള്ളിയിൽ കൊണ്ടുവരേണ്ടതാണ്. പൂയപ്പള്ളി പഞ്ചായത്ത്, തൊട്ടടുത്ത വികസിത കേന്ദ്രങ്ങ ളായ കൊല്ലം പട്ടണം, കൊട്ടാരക്കര, ചാത്തന്നൂർ, കൊട്ടിയം എന്നിവയുമായി റോഡുമാർഗ്ഗം ബന്ധപ്പെട്ടു കിടക്കുന്നു. ചാത്തന്നൂർ വഴി എൻ.എച്ചുമായും, ആയൂർ വഴി എസ്സ്.എച്ചുമായും പൂയപ്പള്ളിയ്ക്ക് ബന്ധമുണ്ട്. ഒട്ടുമിക്ക വാർഡുകളിലും മെച്ചപ്പെട്ട റോഡ് നെറ്റ്‌വർക്ക് ആണുള്ള ത്. എന്നിരുന്നാലും പൂയപ്പള്ളി ടൗൺ, പൂയപ്പള്ളി ഈസ്റ്റ്, പുന്നക്കോട്, നാൽക്കവല എന്നീ വാർഡുകളിൽ നല്ല റോഡുകളുടെ അഭാവം എടുത്തു പറയേണ്ടതാണ്. ഇവകൂടി കണക്കിലെ ടുത്തുകൊണ്ട് പ്രാദേശിക റോഡ് ശൃംഖല രൂപപ്പെടുത്തേണ്ടതാണ്.

പരിസ്ഥിതി സംരക്ഷണത്തോടു കൂടിയുള്ള വികസനമാണ് പൂയപ്പള്ളിയിൽ ലക്ഷ്യമാ ക്കുന്നത്. പൂയപ്പള്ളിയിലെ പാടശേഖരങ്ങളും കുളങ്ങളും മറ്റും ഭൂഗർഭ ജലത്തിനുള്ള റീച്ചാർജിംഗ് (Ground water recharging) പ്രദേശങ്ങളായി വർത്തിക്കുന്നു. വാട്ടർഷെഡ്, കോണ്ടൂർ മാപ്പ് എന്നിവ യുടെ വിശകലനത്തിൽ നിന്നും, പൂയപ്പള്ളിയുടെ തെക്കേ അറ്റത്തുള്ള 9–ാം വാർഡ് പ്രദേശത്തെ 20 സെന്റോളം സ്ഥലം മഴവെള്ള സംഭരണത്തിനായി ഉപയോഗപ്പെടുത്താവുന്നതാണ് എന്ന് കണ്ട ത്തിയിട്ടുണ്ട്. പരിസ്ഥിതി പ്രാധാന്യം കണക്കിലെടുത്ത് ഇവിടം ഭൂഗർഭ ജല റീച്ചാർജിംഗ് പ്രദേ ശമായി മാറ്റാവുന്നതാണ്. ഇത്തിക്കരയാറിനോട് ചേർന്ന പ്രദേശമാണിത്. ഉയർന്ന സ്ഥലങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനും, ജലക്ഷാമം കുറയ്ക്കുന്നതിനുമായി മണ്ണ് ജല സംരക്ഷണ പ്രവർത്തി കൾ നടത്തേണ്ടതാണ്. തലക്കുളങ്ങൾ വൃത്തിയാക്കി സംരക്ഷിച്ച് ജലസേചനത്തിനും മറ്റ് ആവ ശ്യങ്ങൾക്കുമായി പ്രയോജനപ്പെടുത്തേണ്ടതാണ്.

പരിസ്ഥിതി പ്രാധാന്യമുള്ള സ്ഥലങ്ങളിൽ, പൂയപ്പള്ളിയിലെ വയലേലകളെയും ഉൾപ്പെ ടുത്തിയിരിക്കുന്നു. പുരാതന ക്ഷേത്രങ്ങളെ പൂയപ്പള്ളിയിലെ പൈതൃക പ്രാധാന്യമുള്ള സ്ഥല ങ്ങളെന്ന് കരുതി സംരക്ഷിക്കേണ്ടതാണ്. സാമ്പത്തിക പ്രവർത്തനങ്ങൾ പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ സ്ഥാന നിർണ്ണയം ചെയ്യേണ്ടതാണ്. അതുകൊണ്ടുതന്നെ പരസ്പര പൂരക മായ ഭൂവിനിയോഗം വരുന്ന തരത്തിൽ പഞ്ചായത്ത് പ്രദേശത്തെ വിവിധ പ്രവർത്തനങ്ങൾ സജ്ജീ കരിക്കേണ്ടതാണ്.

പൂയപ്പള്ളി പഞ്ചായത്തിലെ കോളനി പ്രദേശങ്ങൾ സാമൂഹികമായും സാമ്പത്തികമായും വളരെ പിന്നോക്കാവസ്ഥയിലാണ്. സാമ്പത്തിക അടിത്തറ വൈവിധ്യവത്ക്കരണത്തോടെ ശക്തി പ്പെടുത്തുമ്പോൾ കൂടുതൽ തൊഴിലവസരങ്ങൾ ഇവിടെ സൃഷ്ടിക്കപ്പെടും. ഇത് പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ആശ്രയമാവുകയും ചെയ്യും. എങ്കിലും ഇവിടുത്തെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് പരിഹരിക്കപ്പെടേണ്ടതാണ്.

ആയതിനാൽ വികസന ഉദ്ദേശ്യങ്ങളെ താഴെപ്പറയുന്ന രീതിയിൽ ചുരുക്കിപ്പറയാം.

1. നെല്ല്, റബ്ബർ, തെങ്ങ് എന്നിവ പ്രധാന വിളകളെന്ന നിലയ്ക്കു പ്രോത്സാഹിപ്പിക്കുമ്പോൾ പച്ചക്കറി, ഔഷധകൃഷി, പുൽകൃഷി മുതലായവ ഇടവിളയായി പ്രോത്സാഹിപ്പിക്കുക.

2. കർഷകർ, കൃഷി ഉദ്യോഗസ്ഥർ, പഞ്ചായത്തധികൃതർ തുടങ്ങിയവരെ ഏകോപിപ്പിച്ചു പ്രവർത്തി പ്പിക്കാൻ ഒരു സംവിധാനം വികസിപ്പിക്കുക.

3. പഞ്ചായത്തിന്റെ സാമ്പത്തിക അടിത്തറ പുഷ്ടിപ്പെടുത്താനുള്ള മേഖലകളിലൊന്നായ മൃഗസംരക്ഷണമേഖല, ചെറുകിട വ്യവസായ മേഖല എന്നിവ കാർഷിക മേഖലയ്ക്കനുബ ന്ധമായി കൊണ്ടുവരുക.

4. പിന്നോക്ക വിഭാഗങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത ഉറപ്പാക്കുക.

5. മെച്ചപ്പെട്ട പ്രാദേശിക റോഡു ശൃംഖല രൂപപ്പെടുത്തുക.

6. ഉയർന്ന സ്ഥലങ്ങളിൽ മണ്ണൊലിപ്പു തടയുന്നതിനും, ജലക്ഷാമം കുറയ്ക്കുന്നതിനുമായി മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക.

<<< previous | contents | next >>>

# അദ്ധ്യായം 19

# വികസന സങ്കല്പം

*ഒരു പ്രദേശത്തിന്റെ വികസന സങ്കല്പം രൂപീകരിക്കുന്നത് ആ പ്രദേശത്തിന്റെ പ്രത്യേക തകളും വിവിധ വിശകലനങ്ങളിൽ നിന്നുരുത്തിരിയുന്ന കണ്ടെത്തലുകളും സംയോജിപ്പിച്ചു കൊണ്ടാണ്. പൂയപ്പള്ളി പഞ്ചായത്തിന്റെ വികസന സങ്കല്പം എന്തായിരിക്കണമെന്ന് ഈ അദ്ധ്യായത്തിൽ വിശദീകരിക്കുന്നു.*

വികസന ഉദ്ദേശ്യങ്ങളിൽ വ്യക്തമാക്കിയിരിക്കുന്നതുപോലെ പൂയപ്പള്ളി ഗ്രാമ പഞ്ചായ ത്തിന്റെ സാമ്പത്തിക അടിത്തറ നെൽകൃഷിയെയും അനുബന്ധ മേഖലകളെയും അടിസ്ഥാനമാ ക്കിയാണ്.

സംയോജിത ജില്ലാ വികസന രൂപരേഖ പ്രകാരം പൂയപ്പള്ളി ഗ്രാമ പഞ്ചായത്ത് കാർഷിക വികസന മേഖലയിലാണ് ഉൾപ്പെടുന്നത്. അതിനാൽ തന്നെ സാമ്പത്തിക അടിത്തറ കൃഷിയിലൂ ന്നിയാണിരിക്കുന്നത്. കാർഷിക മേഖലയെ നശിപ്പിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങളൊന്നും തന്നെ ഇവിടെ ഉണ്ടാകാൻ പാടില്ലാത്തതാണ്. കൊല്ലം ജില്ലയിലെ ആകെയുള്ള നെല്ലിന്റേയും നാളികേരത്തിന്റെയും നല്ലൊരു പങ്ക് പൂയപ്പള്ളിയിലും സമീപ പഞ്ചായത്തുകളിലുമായാണ് ഉൽപ്പാ ദിപ്പിക്കപ്പെടുന്നത്. ജില്ലയുടെ വികസന രൂപരേഖയുടെ ഭാഗമായി ഓരോ പ്രദേശത്തിന്റെയും പ്രവർത്തന സ്വഭാവം നിർണ്ണയിച്ചതിൽ പൂയപ്പള്ളി ഒരു ഗ്രാമ (rural) പ്രദേശമായാണ് തിരിച്ചിരി ക്കുന്നത്.

ആയതിനാൽ കാർഷിക മേഖലയെ പരിപോഷിപ്പിക്കുന്ന, പരിസ്ഥിതി പ്രാധാന്യമുള്ള സ്ഥലങ്ങളെ സംരക്ഷിക്കുന്ന രീതിയിലുള്ള ഒരു വികസനമാണ് പൂയപ്പള്ളിയിൽ സാധ്യമാക്കേ ണ്ടത്. പൂയപ്പള്ളിയുടെ സ്ഥലപര ഘടനയ്ക്കനുസൃതമായി വികസന സങ്കല്പം വിശദീകരി ക്കാനാണ് ഇനിയുള്ള ഖണ്ഡികകളിൽ ശ്രമിക്കുന്നത്.

## 19.1 സ്ഥലപര ഘടന

സ്ഥലപര ഘടനയുടെ നിർണ്ണയത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ആ പ്രദേശത്തെ ഭൂപ്ര കൃതി, നിലവിലെ പ്രവർത്തനങ്ങളുടെ വിതരണം, ഗതാഗത ശൃംഖല, പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങൾ മുതലായവയാണ്.

### 19.1.1 ഭൂപ്രകൃതി

ഒരു പ്രദേശത്ത് വരാവുന്ന പ്രവർത്തനങ്ങളെ നിർണ്ണയിക്കുന്ന പ്രധാന ഘടകമാണ് ആ പ്രദേശത്തിന്റെ ഭൂപ്രകൃതി. ഭൂപ്രകൃതിയുടെ ഒരു സൂചകമാണ് പ്രദേശത്തിന്റെ ചരിവ്. ഒരു പ്രദേ ശത്തിന്റെ ചരിവിനനുസരിച്ച് കൊണ്ടു വരാവുന്ന പ്രവർത്തനങ്ങൾ ഇനി പറയും പ്രകാരമാണ്.

ചരിവ് 0–15$^0$ ഇടയ്ക്കാണെങ്കിൽ പ്രധാനമായും മനുഷ്യ ആവാസ വ്യവസ്ഥയ്ക്ക് അനുയോജ്യം. 15$^0$–30$^0$ നും ഇടയ്ക്കാണെങ്കിൽ പ്രധാനമായും കൃഷിയ്ക്കനുയോജ്യം. 30$^0$–50$^0$ നും ഇടയ്ക്കാണെങ്കിൽ ഹോൾട്ടികൾച്ചർ പ്രവർത്തനങ്ങൾക്കാണ് യോജിച്ചത്. ചരിവ് 50$^0$ ക്കു മുകളിലാണെങ്കിൽ വനപ്രദേശം. പൂയപ്പള്ളി പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളുടെ ചരിവ് വ്യക്തമാക്കുന്ന ഭൂപടം ചിത്രം 19.1. ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 19.1 ചരിവ് ശതമാനത്തിൽ*

ചിത്രത്തിൽ നിന്ന് പഞ്ചായത്തത്തിലെ ഏകദേശം 85% പ്രദേശങ്ങളും 0–15$^0$ ചരിവിനുള്ളിലാണെന്ന് കാണാം. അതായത് 85% പ്രദേശങ്ങളും മനുഷ്യന്റെ ആവാസ വ്യവസ്ഥയ്ക്കും മറ്റു വികസന പ്രവർത്തനങ്ങൾക്കും അനുയോജ്യമാണ്.

### 19.1.2 നിലവിലെ പ്രവർത്തനങ്ങളുടെ സ്ഥലവിതരണം

പഞ്ചായത്തിലെ കൃഷിഭൂമിയുടെയും വാസാവശ്യത്തിനായി ഉപയോഗിക്കുന്ന ഭൂമിയുടെയും വിന്യാസം പഠിക്കുമ്പോൾ ഊർജ്ജിതമായി കൃഷി നടക്കുന്ന പ്രദേശങ്ങളും വാസഗൃഹങ്ങളും മറ്റു പ്രവർത്തനങ്ങളും കേന്ദ്രീകരിക്കുന്ന പ്രദേശങ്ങളും പരസ്പരം ഒഴിവാക്കിയ രീതിയിലാണ് കാണപ്പെടുന്നത്. ചിത്രം 19.2 ഉം ചിത്രം 19.3 ഉം കാണുക.




*ചിത്രം 19.2 വാസമേഖലയുടെ കേന്ദ്രീകരണം*




*ചിത്രം 19.3 കൃഷിമേഖലയുടെ കേന്ദ്രീകരണം*

വാസ മേഖലയിൽ തന്നെ ഏറ്റവും ജനസാന്ദ്രതയുള്ള പ്രദേശങ്ങൾ പ്രധാന റോഡുകളോടു ചേർന്നുള്ളവയാണെന്നു കാണാം. വാസമേഖലയുടെ കേന്ദ്രീകരണം കാണപ്പെടുന്നത് പൂയപ്പള്ളി ടൗൺ, നാൽക്കവല, മരുതമൺപള്ളി, പയ്യക്കോട്, പുന്നക്കോട് എന്നീ വാർഡുകളിലാണ്. അതുപോലെ കാർഷിക മേഖലയുടെ കേന്ദ്രീകരണം കാണപ്പെടുന്നത് പഞ്ചായത്തിന്റെ അതിരുകളോട് ചേർന്നുള്ള കൊട്ടറ, തച്ചക്കോട്, പൂയപ്പള്ളി ഈസ്റ്റ്, മൈലോട്, ചെങ്കുളം എന്നീ വാർഡുകളിലാണ്.

ഹൃദയഭാഗത്തായി പ്രധാന റോഡുകളോടു ചേർന്ന് തന്നെയാണ് വാണിജ്യ മേഖലയും വിന്യസിക്കപ്പെട്ടിരിക്കുന്നത് (ചിത്രം 19.4).




*ചിത്രം 19.4 വാണിജ്യമേഖലയുടെ കേന്ദ്രീകരണം*

ഭാവിയിലെ സ്ഥലപര ഘടന നിർണ്ണയിക്കുന്നതിൽ ഈ സ്ഥലവിതരണം ഒരു നിർണ്ണായക പങ്കു വഹിക്കുന്നുണ്ട്.

### 19.1.3 പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങളും പൈതൃക സ്ഥലങ്ങളും

പൂയപ്പള്ളി പഞ്ചായത്തിലെ പരിസ്ഥിതി പ്രാധാന്യമുള്ള വയലുകളും ജലാശയങ്ങളും പുരാതന ക്ഷേത്രങ്ങളും, കാവുകളും ഈ ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വയലേലകളെ ഊർജ്ജിതമായ കൃഷി രീതികളിലൂടെ നിലനിർത്തുകയും, നെൽകൃഷിയ്ക്കുപയുക്തമല്ലാത്ത വയെ മറ്റുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കുപയോഗിക്കാതെ, കാർഷികാവശ്യത്തിനു തന്നെ ഉപയോഗിക്കുകയും ചെയ്യേണ്ടതാണ്. ഭൂഗർഭജല പോഷണത്തിനും ഇത് സഹായകമാകും. നെൽ വയലുകൾ ചിത്രം 19.5 ൽ കാണിച്ചിരിക്കുന്നു.



*ചിത്രം 19.5 നെൽ വയലുകൾ*

പഞ്ചായത്തിലെ പുരാതനമായ കാവുകളും ക്ഷേത്രങ്ങളും ക്ഷേത്രക്കുളങ്ങളും വികസന നിർമ്മാണ പ്രവർത്തനങ്ങളൊന്നും കൊണ്ടുവരാതെ സംരക്ഷിക്കപ്പെടുകയും വേണം. ഇവയുടെ സ്ഥാനങ്ങൾ ചിത്രം 19.6 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 19.6 പ്രധാന കാവുകൾ, ക്ഷേത്രങ്ങൾ, കുളങ്ങൾ*

**19.1.4 ജനസംഖ്യാ വിതരണം**

12 വാർഡുകളുള്ള പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2001 ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യ 23,924 ആണ്. പഞ്ചായത്തിലെ പ്രധാന റോഡുകളായ കൊല്ലം–ആയൂർ, കൊല്ലം–ഓയൂർ, കൊട്ടാരക്കര–ഓയൂർ എന്നിവയോട് ചേർന്ന് കൊട്ടറ, പൂയപ്പള്ളി ടൗൺ, വേങ്കോട്, പയ്യക്കോട്, മരുതമൺപള്ളി, നാൽക്കവല എന്നീ വാർഡുകളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. ജനസംഖ്യാ വിതരണം ഭാവിയിൽ കൊണ്ടു വരാവുന്ന വികസന പ്രവർത്തനങ്ങളുടെ സ്ഥലപരവിന്യാസവുമായി നേരിട്ട് ബന്ധപ്പെട്ടാണിരിക്കുന്നത്. വാർഡടിസ്ഥാനത്തിലുള്ള ജനസാന്ദ്രതാ വ്യതിയാനം ചിത്രം 19.7 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 19.7 വാർഡടിസ്ഥാനത്തിലുള്ള ജനസാന്ദ്രതാ വ്യതിയാനം*

### 19.1.5 നിർദ്ദിഷ്ഠ പ്രധാന റോഡ് ശൃംഖല

നിർദ്ദിഷ്ഠ വികസനങ്ങൾക്കും, ജനസംഖ്യയുടെ വിതരണത്തിനും അനുസൃതമായാണ് റോഡ് ശൃംഖലകൾ രൂപപ്പെടുത്തുന്നത്. കൊല്ലം ജില്ലാ സംയോജിത വികസന രേഖയിൽ പറഞ്ഞിരിക്കുന്ന റോഡുകൾ കൂടി കണക്കിലെടുത്താണ് പ്രാദേശിക റോഡ് ശൃംഖല രൂപകല്പന ചെയ്തിരിക്കുന്നത്. ഇത് ചിത്രം 19.8 ൽ കാണിച്ചിരിക്കുന്നു. പ്രധാനപ്പെട്ട റോഡുകളുടെ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.




*ചിത്രം 19.8 റോഡ് ശൃംഖല– പൂയപ്പള്ളി*

കൊല്ലം ജില്ലാ സംയോജിത വികസന രൂപരേഖയിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രകാരം ദേശീയപാത 47 നെയും എം.സി.റോഡിനേയും ബന്ധിപ്പിച്ചുകൊണ്ട് ഇത്തിക്കര മുതൽ ആയൂർ വരെയുള്ള റോഡ്, 21 മീ വീതിയാക്കാൻ നിശ്ചയിച്ചിട്ടുണ്ട് അതു പൂയപ്പള്ളിയിൽ പുളിമുക്ക്, കുരിശുമ്മൂട്, പയ്യക്കോട് എന്നീ ജംഗ്ഷനുകളിലൂടെ കടന്നുപോകുന്നു. പൂയപ്പള്ളിയുടെ ആഭ്യന്തര ഗതാഗത ശൃംഖലയിൽ ഒന്നാം ക്രമത്തിൽ വരുന്ന റോഡാണിത്. കൊല്ലത്തുനിന്നു കണ്ണനല്ലൂർ –പൂയപ്പള്ളി വഴി ആയൂർ വരെയുള്ള റോഡും, കൊട്ടാരക്കര–ഓയൂർ റോഡും 12 മീ വീതിയായാണ് നിശ്ചയിച്ചിട്ടുള്ളത്. പൂയപ്പള്ളിയിലൂടെ കടന്നുപോകുന്ന പ്രധാനപ്പെട്ട റോഡുകളാണിവ.

## സ്ഥലപരഘടന

മേൽ വിവരിച്ച ഘടകങ്ങളെല്ലാം സംയോജിപ്പിച്ച് കൊണ്ട് നിർണ്ണയിച്ചിട്ടുള്ള സ്ഥലപര ഘടന ചിത്രം 19.9 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 19.9 സ്ഥലപര ഘടന*

ചിത്രത്തിൽ നിന്നും ഓരോ പ്രദേശത്തിന്റെയും പ്രവർത്തനങ്ങൾ ഏതു വിഭാഗത്തിൽ പെടുന്നു എന്നു വ്യക്തമാകുന്നു. പൂയപ്പള്ളി പഞ്ചായത്തിന്റെ കൊട്ടറ, തച്ചക്കോട്, പൂയപ്പള്ളി ഈസ്റ്റ്, മൈലോട്, വേങ്കോട്, ചെങ്കുളം എന്നീ വാർഡുകളിലാണ് കാർഷിക മേഖല കേന്ദ്രീകരിച്ചിരിക്കുന്നത്. ജനവാസമേഖല കേന്ദ്രീകരിച്ചിരിക്കുന്നത് പ്രധാന റോഡുകളുടെ ഇരുവശവുമായി പൂയപ്പള്ളി ടൗൺ, നാൽക്കവല, വേങ്കോട്, മരുതമൺപള്ളി എന്നീ വാർഡുകളിലാണ്.

ഇതിൽ നിന്നും പഞ്ചായത്തിന്റെ കാട്ടറ, തച്ചക്കോട്, പൂയപ്പള്ളി ഈസ്റ്റ്, മൈലോട്, വേങ്കോട്, ചെങ്കുളം എന്നീ വാർഡുകളുൾപ്പെടുന്ന പ്രദേശങ്ങളെ ചേർത്ത് കൃഷിയ്ക്കു പ്രാധാന്യമുള്ള പ്രദേശമെന്നും, ഹൃദയഭാഗത്തായി പ്രധാന റോഡുകളോട് ചേർന്നു കിടക്കുന്ന പൂയപ്പള്ളി ടൗൺ, നാൽക്കവല, പുന്നക്കോട്, മരുതമൺപള്ളി, പയ്യക്കോട് എന്നീ വാർഡുകളെ ജനവാസത്തിനും, കൃഷിക്കും മറ്റുള്ള വികസന പ്രവർത്തനങ്ങൾക്കുമുള്ള മേഖലയെന്നും രണ്ടായി തിരിച്ചിരിക്കുന്നു. പരിസ്ഥിതി പ്രാധാന്യമുള്ള 13 ഏലാ പ്രദേശങ്ങൾ പ്രത്യേകമായി കാണിച്ചിരിക്കുന്നു.

ഈ സ്ഥലപരഘടന സാമ്പത്തിക അടിത്തറ മെച്ചപ്പെടുത്താനുള്ള വിവിധ പ്രവർത്തനങ്ങളുടെ സ്ഥാന നിർണ്ണയത്തിനു സഹായിക്കുന്നു. ഇതോടൊപ്പം നിർദ്ദിഷ്ഠ ഗതാഗത ശൃംഖലയും കാണിച്ചിരിക്കുന്നു.

## 19.2 വികസന സങ്കല്പം

സ്ഥലപര ഘടനയ്ക്കനുസൃതമായി വികസന സങ്കല്പത്തിന്റെ രൂപീകരണത്തിൽ കണക്കിലെടുക്കേണ്ട മേഖലകളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് സങ്കല്പം അന്തിമമാക്കുകയും, സ്ഥാനാധിഷ്ഠിതമാക്കുകയും വേണം. പൂയപ്പള്ളിയെ സംബന്ധിച്ച് വികസന സങ്കല്പ രൂപീകരണത്തിൽ സ്വാധീനിക്കുന്ന പ്രധാന വികസന മേഖലകൾ, കൃഷി, മൃഗസംരക്ഷണം, ഇവയുടെ അനുബന്ധ പ്രവർത്തനങ്ങൾ, ചെറുകിട വ്യവസായങ്ങൾ മുതലായവയാണ്. അനുബന്ധ മേഖലയായ വാണിജ്യ മേഖലകൂടി കണക്കിലെടുക്കേണ്ടതാണ്.

പൂയപ്പള്ളിയുടെ കാർഷിക മേഖല പഞ്ചായത്താകമാനം വ്യാപിച്ചു കിടക്കുന്നുണ്ടങ്കിലും ഊർജ്ജിതമായ കാർഷിക പ്രവർത്തനങ്ങൾക്കു സാധ്യതയുള്ള പ്രദേശങ്ങളായി സ്ഥലപര ഘടന സൂചിപ്പിക്കുന്നത് ചിത്രത്തിൽ കാണിച്ചിരിക്കുന്ന വിധം 1, 2, 3 എന്നീ മേഖലകളാണ് ചിത്രം 19.10)




*ചിത്രം 19.10 കാർഷിക മേഖല*

കാർഷിക മേഖലയായി തിരിച്ചിരിക്കുന്നതൊഴികെയുള്ള പൂയപ്പള്ളി ടൗൺ, കോഴിക്കോട്, പയ്യക്കോട്, മരുതമൺപള്ളി, പുന്നക്കോട്, നാൽക്കവല എന്നീ വാർഡുകളിലാണ് പൂയപ്പള്ളി പഞ്ചായത്തിന്റെ പ്രധാന വാസ മേഖല നിലവിൽ കേന്ദ്രീകരിച്ചിരിക്കുന്നതും ഭാവിയിൽ കേന്ദ്രീകരിക്കേണ്ടതും. എന്നാൽ ശരാശരി പുരയിട വിസ്തൃതി കൂടുതലുള്ളതുകൊണ്ട് തന്നെ ഈ പ്രദേശങ്ങളും കാർഷിക വൃത്തിയ്ക്കനുയോജ്യമാണ്. കൂടാതെ മൃഗസംരക്ഷണവും അനുബന്ധ പ്രവർത്തനങ്ങളും ഇവിടെ സാധ്യമാണ്. പഞ്ചായത്തിലെ ചെറുകിട വ്യവസായങ്ങളെല്ലാം തന്നെ ഈ മേഖലയിലാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ മുതലായവയെല്ലാം ഇവിടെയാണുള്ളത്. വാണിജ്യപരമായ പ്രവർത്തനങ്ങളും ഈയൊരു മേഖലയിൽ തന്നെയാണ്. പഞ്ചായത്തിന്റെ പശ്ചാത്തല സൗകര്യങ്ങൾ സജ്ജമാക്കുന്നതിന്റെ ഭാഗമായി വിവിധ സൗകര്യങ്ങൾ കൊണ്ടുവരുന്നത് ഈ മേഖലയിലായിരിക്കുന്നത് കാർഷിക പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കുകയും അതേസമയം ജനങ്ങൾക്ക് സൗകര്യപ്രദവുമാകുന്നതാണ്. ഈ പ്രദേശം വിസ്തൃത ഭൂവിനിയോഗ മേഖലയായി തുടരുമെന്ന് അനുമാനിക്കുന്നു. ഈ മേഖല ചിത്രം 19.11 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 19.11 മിശ്രിത ഭൂവിനിയോഗ മേഖല*

സംയോജിത ജില്ലാ വികസന രൂപരേഖയിൽ 21 മീറ്റർ റോഡായി നിർദ്ദേശിച്ചിരിക്കുന്ന ഇത്തിക്കര –കുരിശുംമൂട്– ആയുർ റോഡിന്റെ (ദേശീയപാത 47 നെ എം.സി. റോഡുമായി ബന്ധിപ്പിക്കുന്ന) ഫലമായി കുരിശുംമൂട് ജംഗ്ഷൻ, പയ്യക്കോട് ജംഗ്ഷൻ എന്നിവയുടെ പ്രാധാന്യം ഉയരുന്നതാണ്. ഒരു പുതിയ വാണിജ്യ മേഖല ഈ ജംഗ്ഷനുകളെ കേന്ദ്രീകരിച്ചു രൂപപ്പെട്ടു വരാനുള്ള സാധ്യതയുണ്ട്. വാണിജ്യ പ്രവർത്തനങ്ങൾക്ക് മാത്രമായി ഇവിടെ സാധ്യതയില്ലാത്തതിനാൽ വാണിജ്യ പ്രവർത്തനങ്ങളും വാസമേഖലയും ഉൾപ്പെടുന്ന ഒരു മിശ്രിതമേഖലയായാണ് ഇത് രൂപപ്പെടുക.

പൂയപ്പള്ളി പഞ്ചായത്തിലെ നെൽകൃഷിയിടങ്ങളും, പഞ്ചായത്തിന്റെ അതിർത്തിയാകുന്ന ഇത്തിക്കരയാറിന്റെ ഭാഗവും, പഞ്ചായത്തിലെ സംരക്ഷിക്കപ്പേടേണ്ട കാവുകളും മൂന്ന് പ്രധാനപ്പെട്ട അമ്പലങ്ങളുമാണ് ഈ മേഖലയിലുൾപ്പെടുത്തിയിരിക്കുന്നത്. ചിത്രം 19.12 കാണുക.




*ചിത്രം 19.12 സംരക്ഷിത മേഖല*

പൂയപ്പള്ളി പഞ്ചായത്തിന്റെ നിർദ്ദിഷ്ഠ സ്ഥലപര ഘടനയ്ക്കനുസൃതമായി വിവിധ വികസന മേഖലകളെ സംയോജിപ്പിച്ചുകൊണ്ട് രൂപീകരിച്ചിരിക്കുന്ന വികസന സങ്കല്പം ചിത്രം 19.13 ൽ കാണിച്ചിരിക്കുന്നു.












ചിത്രം 19.13 വികസന സങ്കല്പം-പൂയപ്പള്ളി

ചിത്രത്തിൽ കാണിച്ചിരിയ്ക്കുന്നത് പ്രകാരം പൂയപ്പള്ളി പഞ്ചായത്തിൽ 2021 –ൽ കാർഷിക പ്രവർത്തനങ്ങൾ, ഊർജ്ജിതമായി നടക്കുന്ന ഒരു മേഖലയും, ഉയർന്ന ക്രമത്തിലേയ്ക്കാകുന്ന റോഡുകളുടെ പ്രാധാന്യം മൂലം വരാവുന്ന ഒരു മിശ്രിത മേഖലയും ഉണ്ടാകുന്നതാണ്. സംര ക്ഷിയ്ക്കപ്പെടേണ്ട മേഖലയിൽ നെൽവയലുകളും പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങളും ഉൾപ്പെടും. പൂയപ്പള്ളി ജംഗ്ഷനോടൊപ്പം തന്നെ പ്രാധാന്യമുള്ളതായി മാറും കുരിശുമൂട് ജംഗ്ഷ നും. മെച്ചപ്പെട്ട ഒരു ഗതാഗത ശൃംഖല പഞ്ചായത്തിൽ നിലവിൽ വരും.

<<< previous | contents | next >>>

# അദ്ധ്യായം 20

# വികസന നയവും തന്ത്രങ്ങളും

## 20.1 പൊതുവികസന നയം

ജില്ലയുടെ കാർഷിക മേഖലയുടെ ഭാഗമെന്ന നിലയിൽ പൂയപ്പള്ളി പഞ്ചായത്തിലെ കാർഷിക പ്രവർത്തനങ്ങളെ പരമാവധി ഊർജിതപ്പെടുത്തി, ഉയർത്തിക്കൊണ്ടുവരുകയും, മൃഗ സംരക്ഷണ, പാലുൽപാദന മേഖലയിൽ കഴിയുന്നിടത്തോളം സ്വയം പര്യാപ്തത കൈവരിക്കുകയും ചെയ്യുക എന്നതാണ് പഞ്ചായത്തിന്റെ പൊതു വികസന നയം.

## 20.2 വികസന നയങ്ങളും തന്ത്രങ്ങളും

### 20.2.1 കാർഷിക മേഖല

കാർഷിക മേഖലയെ ശക്തിപ്പെടുത്തുക വഴി സാമ്പത്തിക അടിത്തറ ശക്തമാക്കുക എന്നതാണ് നയം. ഈ നയത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്നവയാണ് മേഖലാ വികസന തന്ത്രങ്ങൾ.

- നിലവിലുള്ള ഏലാകളിൽ ഏറ്റവും കൂടുതൽ വിള ലഭിക്കാനുതകുന്ന കൃഷി രീതികൾ അവലംബിക്കുക
- നാളികേര കൃഷിയെ സംരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും നടപടിയെടുക്കുക
- ധാരാളം പ്രദേശങ്ങളിൽ കൃഷിചെയ്യപ്പെടുന്ന റബ്ബർ കൃഷിയിടങ്ങളിൽ വരുമാനം വർദ്ധിപ്പിക്കുന്ന മറ്റു പദ്ധതികൾ കൂടി സംയോജിപ്പിച്ച് നടപ്പിലാക്കുക.
- ഇടവിളകൃഷി (പച്ചക്കറി, വാഴ, പയറുവർഗ്ഗങ്ങൾ, കിഴങ്ങ് വർഗ്ഗങ്ങൾ, ഔഷധസസ്യം) പ്രോത്സാഹിപ്പിക്കുക

### 20.2.2 മൃഗസംരക്ഷണ മേഖല

കാർഷിക മേഖലയും, മൃഗസംരക്ഷണ മേഖലയും സംയോജിപ്പിക്കുന്നതിലൂടെയാണ് മൃഗസംരക്ഷണം ലാഭകരമാക്കുകയും പഞ്ചായത്തിനാവശ്യമായ പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിൽ ഭാഗികമായി എങ്കിലും സ്വയംപര്യാപ്തത കൈവരിക്കുകയും ചെയ്യുക എന്നതാണ് മേഖലാ വികസന നയം. ഇതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്നവയാണ് മേഖലാ വികസന തന്ത്രങ്ങൾ.

- വളരെ വ്യാപകമായി ഡയറിഫാമുകൾ സ്ഥാപിക്കുകയും ശാസ്ത്രീയമായ രീതികളവലംബിച്ച് പാലുൽപാദനം വർദ്ധിപ്പിക്കുകയും ചെയ്യുക

- തീറ്റപ്പുൽകൃഷി പുരയിടകൃഷിയായും നടപ്പിലാക്കുക
- മുട്ടക്കോഴികൾക്കായുള്ള ഫാമുകൾ സ്ഥാപിച്ച് മുട്ടയുൽപ്പാദനം വർദ്ധിപ്പിക്കുക.
- ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുകയും ഫാമുകൾ സ്ഥാപിക്കുകയും ചെയ്യുക
- ഈ പ്രവത്തനങ്ങൾക്കാവശ്യമായ എല്ലാ സഹകരണങ്ങളും പഞ്ചായത്തധികൃതരും, മറ്റു സർക്കാർ വകുപ്പുകളും ലഭ്യമാക്കുക.

**20.2.3 ഗതാഗത-വാണിജ്യ മേഖലകൾ**

വികസന സങ്കല്പത്തിന് അനുപൂരകമായ രീതിയിൽ പ്രാദേശിക-റീജിയണൽ റോഡു ശൃംഖലക്ക് രൂപം കൊടുക്കുകയും വാണിജ്യ മേഖലയുടെ സ്ഥാനം നിർണ്ണയിക്കുകയും ചെയ്യുക എന്നതാണ് ഈ മേഖലകളുടെ വികസന നയം. ഇതിനനുസൃതമായി രൂപം കൊടുത്തിരിക്കുന്ന വികസന തന്ത്രങ്ങൾ താഴെ കൊടുക്കുന്നു.

- നിലവിൽ ആവശ്യത്തിനുള്ള റോഡുകളുണ്ടെങ്കിലും അവയുടെ ശോച്യാവസ്ഥ പരിഹരിക്കേണ്ടതാണ്.
- റോഡുകളുടെ പ്രാധാന്യം കണക്കിലെടുത്ത് എല്ലാ പ്രദേശങ്ങളെയും ബന്ധിപ്പിക്കുന്ന തരത്തിൽ ഒരു ഗതാഗത ശൃംഖല രൂപപ്പെടുത്തുക
- റോഡുകളുടെ പ്രാധാന്യത്തിനനുസരിച്ച് ഒരു ക്രമം നിശ്ചയിക്കുക
- സംയോജിത ജില്ലാ രൂപരേഖയിൽ നിർദ്ദേശിച്ചിരിക്കുന്നതു പ്രകാരം റോഡുകളുടെ വീതി നിശ്ചിയിക്കാനുള്ള നടപടികളെടുക്കുക.
- റോഡുകളുടെ വികസനത്തോടെ ഉണ്ടാകുന്ന വാണിജ്യ മേഖലയുടെ കുതിച്ചുചാട്ടം കുരിശുമൂട്, പുളിമുക്ക്, പയ്യക്കോട് ജംഗ്ഷനുകളിലായും 21 മീ റോഡിനിരുവശവുമായി നിജപ്പെടുത്തുക.
- വാണിജ്യ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ മുകളിൽ പറഞ്ഞിട്ടുള്ള ജംഗ്ഷനുകളിലും, പൂയപ്പള്ളി ജംഗ്ഷനിലും ഭൂവിനിയോഗം പുതുക്കി നിശ്ചയിക്കുക.
- പൂയപ്പള്ളി പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന ഒരു പ്രാദേശിക റോഡ് ശൃംഖലയ്ക്ക് രൂപംകൊടുക്കുക.

**20.2.4 വ്യവസായ മേഖല**

പ്രാദേശിക വിഭവങ്ങളുടെ മൂല്യവർദ്ധനവിനുതകുന്ന വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നതാണ് മേഖലാ വികസന നയം. ഇതിനനുസൃതമായി രൂപം കൊടുത്തിരിക്കുന്ന വികസന തന്ത്രങ്ങൾ താഴെ പറയുന്നവയാണ്.

- നിലവിലുള്ള വ്യവസായങ്ങൾ അതേപടി തുടരുക
- കരിങ്കൽ ക്വാറി പ്രവർത്തനങ്ങൾ പഞ്ചായത്തിനുകൂടി ഫലവത്താകുന്ന വിധത്തിൽ വിപുലീകരിക്കുക.
- സജീവമാകുന്ന കാർഷിക രംഗത്തിന് ഉപകരിക്കുന്ന വിധത്തിലുള്ള ചെറുകിട യൂണിറ്റുകൾ (ഉദാ: റൈസ് മിൽ) തുടങ്ങുക
- മൃഗസംരക്ഷണ/ക്ഷീര വികസന, കാർഷിക മേഖലകൾക്കനുയോജ്യമായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള യൂണിറ്റുകൾ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ കൊണ്ടുവരിക.

**20.2.5 മറ്റ് പശ്ചാത്തല സൗകര്യങ്ങൾ**

പഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും സൗകര്യങ്ങളുടെ മെച്ചപ്പെട്ട ലഭ്യത ഉറപ്പുവരുത്തുന്നതിലൂടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുക എന്നതാണ് ഈ മേഖലയിലെ വികസന നയം.

- പശ്ചാത്തല സൗകര്യങ്ങൾ സജ്ജമാക്കുന്നതിന്റെ ഭാഗമായി പൊതു ശ്മശാനം മാലിന്യ നിർമ്മാർജ്ജന പദ്ധതി, ഒരു വാണിജ്യ കേന്ദ്രം തുടങ്ങിയവ കൊണ്ടുവരികയും മാർക്കറ്റ് പുനരുദ്ധരിക്കുകയും ചെയ്യുക.
- വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും കോളനികളുടെയും ശോച്യാവസ്ഥ പരിഹരിക്കുക എന്നിവയാണ് ഈ മേഖലയിലെ വികസന തന്ത്രങ്ങൾ

**20.2.6 പരിസ്ഥിതി – പൈതൃക സംരക്ഷണം**

പ്രദേശത്തിന്റെ സുസ്ഥിര വികസനം ഉറപ്പുവരുത്തുന്നതിനായി ഇവിടുത്തെ പരിസ്ഥിതി – പൈതൃക പ്രാധാന്യമുള്ള പ്രദേശങ്ങളെ സംരക്ഷിക്കുക എന്നതാണ് ഈ മേഖലയിലെ വികസന നയം.

- പഞ്ചായത്തിലെ 13 ഏലാകളോളം വരുന്ന പാടശേഖരങ്ങളെ സംരക്ഷിക്കുക.
- പൈതൃക പ്രാധാന്യമുള്ള പരിസ്സരങ്ങളെ അതുപടി നിലനിർത്തുക.
- പരിസ്ഥിതി പ്രാധാന്യമുള്ള കാവുകളും ചിറകളും ഇത്തിക്കര ആറും സംരക്ഷിക്കുക എന്നിവയാണ് വികസന തന്ത്രങ്ങൾ

<<< previous | contents | next >>>

# അദ്ധ്യായം 21

# ജനസംഖ്യയിലും തൊഴിലവസരങ്ങളിലും പ്രതീക്ഷിക്കുന്ന മാറ്റം

*പൂയപ്പള്ളി ഗ്രാമ പഞ്ചായത്തിൽ കാർഷിക, മൃഗസംരക്ഷണ മേഖലകൾ സജീവമാകുന്നതോടെ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. ഇതിനനുസൃതമായി പദ്ധതിക്കാലയളവിൽ തൊഴിൽ ഘടനയിലും ജനസംഖ്യയിലും ഉണ്ടായേക്കാവുന്ന മാറ്റങ്ങളെയാണ് ഈ അദ്ധ്യായത്തിൽ വിലയിരുത്തുന്നത്.*

## 21.1 തൊഴിൽ ഘടനയിൽ പ്രതീക്ഷിക്കുന്ന മാറ്റം

ഒരു പ്രദേശത്തിന്റെ തൊഴിൽ ഘടനയുടെ വ്യതിയാനം അവിടെ കൊണ്ടുവരാൻ സാധിക്കുന്ന സാമ്പത്തിക പ്രവർത്തനങ്ങളെ ആശ്രയിച്ചാണിരിക്കുക. പൂയപ്പള്ളി ഗ്രാമ പഞ്ചായത്ത് കാർഷിക വികസന മേഖലയിൽപ്പെടുന്ന പ്രദേശം ആയതുകൊണ്ട് അവിടെ കൃഷിയും അനുബന്ധ പ്രവർത്തനങ്ങളുമാണ് പ്രോത്സാഹിപ്പിക്കേണ്ടത്. നെൽകൃഷിക്കു പുറമേ, തെങ്ങ്/പച്ചക്കറി / ഔഷധ സസ്യ കൃഷികൾക്കും ഊന്നൽ കൊടുക്കുന്നതിനും മൃഗസംരക്ഷണ മേഖല ഊർജ്ജിതപ്പെടുത്തുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതുകൂടാതെ ഇവയിൽ ണ്ടിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങളും ലക്ഷ്യമിടുന്നു. അതുകൊണ്ട് തന്നെ തൊഴിൽഘടനയിൽ കാര്യമായ ഒരു മാറ്റം പ്രതീക്ഷിക്കുന്നില്ല, തൊഴിൽ പ്രാതിനിധ്യത്തിൽ നേരിയ ഒരു വർദ്ധനവു വരുകയും നിലവിലുള്ള കർഷക തൊഴിലാളികൾക്കു കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭിക്കുകയും ചെയ്യും. അതായത് മാർജിനൽ വർക്കേഴ്സ് മിക്കവരും മെയിൻ വർക്കേഴ്സ് ആയി മാറും.

## 21.2 തൊഴിൽ അവസരങ്ങൾ

നെൽകൃഷി ഊർജ്ജിതമായി നടപ്പിലാക്കുകയും ഘട്ടംഘട്ടമായി പതിമൂന്ന് ഏലാകളിലും നെൽകൃഷി വ്യാപിപ്പിക്കുകയും ചെയ്യുമ്പോൾ 10 സെന്റിന് 8 ദിനങ്ങൾ എന്ന നിരക്കിൽ 504 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടും.

നാളീകേര സംരക്ഷണവും, ഊർജ്ജിത കൃഷി രീതികളും നടപ്പിലാക്കുന്നതിലൂടെ ഏകദേശം 300 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടും.

പുരയിട കൃഷി വ്യാപകമാക്കുന്നതിലൂടെ 0.25 ഹെക്ടറിന് 102 ദിവസം (ഇക്കണോമിക് റിവ്യൂ 2003 ലെ കണക്കനുസരിച്ച്) എന്ന തോതിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനാകും. ഇതുപ്രകാരം 1860 പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടും.

ഇത്തരത്തിൽ കാർഷിക 2664 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടും. തന്മൂലം നിലവിൽ മാർജിനൽ വർക്കേഴ്സ് എന്ന വിഭാഗത്തിൽ പെടുന്ന 717 തൊഴിലാളികളും മുഴുവൻ സമയം തൊഴിൽ ലഭിക്കുന്നവയായി മാറുകയും 1947 പുതിയ കാർഷിക തൊഴിലാളികൾ ചേർക്കപ്പെടുകയും ചെയ്യും.

കുടിൽ വ്യവസായത്തിന്റെ പരിധിയിൽ വരുന്ന മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ ഉൽപ്പാദനത്തിലൂടെ കുടിൽ വ്യവസായ മേഖലയിലും ശ്രദ്ധേയമായ തൊഴിൽ വർദ്ധനവ് പ്രതീക്ഷിക്കുന്നു.

മറ്റ് മേഖലകൾ (കശുവണ്ടി വ്യവസായങ്ങളും, ക്വാറി പ്രവർത്തനങ്ങളും, കൈത്തറി വ്യവസായങ്ങളും) മാറ്റമില്ലാതെ തുടരും.

## 21.3 തൊഴിൽ പങ്കാളിത്ത നിരക്ക്

2021 ആകുമ്പോഴേക്കും പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ പങ്കാളിത്ത നിരക്ക് 35.69% ആയിരിക്കും. 1981 മുതൽ 2001 വരെ ക്രമമായ തോതിൽ 32.1% ത്തിൽ നിന്ന് 35.04% ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. ഈ നിരക്കിൽ 2011 ൽ തൊഴിൽ പങ്കാളിത്ത നിരക്ക് 35.49% വും, 2021 ലേത് 35.69% ആകുന്നു. ചിത്രം 21.1 പരിശോധിക്കുക.




*ചിത്രം 21.1 തൊഴിൽ പങ്കാളിത്ത നിരക്ക്*

പുതുതായി സൃഷ്ടിക്കപ്പെടുന്ന തൊഴിൽ അവസരങ്ങളിലൂടെ തൊഴിൽ ഘടനയിൽ പ്രതീക്ഷിക്കുന്ന മാറ്റം മാർജിനൽ വർക്കേഴ്സ് – മെയിൻ വർക്കേഴ്സ് അനുപാതത്തിൽ മാത്രമാണ്. നിലവിൽ 75% മാത്രം മെയിൻ വർക്കേഴ്സ് ഉള്ളിടത്ത് 2021 ഓടെ 87% തൊഴിലാളികളും മെയിൻ വർക്കേഴ്സ് വിഭാഗത്തിൽ ആയിരിക്കും. ഇതോടൊപ്പം മാർജിനൽ വർക്കേഴ്സിന്റെ ശതമാനം 25 ൽ നിന്ന് 13 ആയി കുറയുകയും ചെയ്യും. ചിത്രം 21.2 കാണുക.




*ചിത്രം 21.2 മെയിൻ– മാർജിനൽ വർക്കേഴ്സ്*

## 21.4 ജനസംഖ്യയിൽ പ്രതീക്ഷിക്കുന്ന മാറ്റം

ജനസംഖ്യയിൽ ഉണ്ടാകുന്ന മാറ്റം ഒരു പ്രദേശത്തിന്റെ സാമ്പത്തിക പുരോഗതിയുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. സാമ്പത്തിക അടിത്തറ ശക്തമാക്കുന്ന പ്രവർത്തനങ്ങൾ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും, തൊഴിൽ തേടിയെത്തുന്നവരും അവരുടെ കുടുംബാംഗ ങ്ങളും കുടിയേറി പാർക്കുന്നതോടെ സ്വാഭാവിക വളർച്ചയേക്കാൾ കൂടിയ തോതിൽ ജനസംഖ്യ വർദ്ധനവുണ്ടാകുകയും ചെയ്യുന്നു. ഭാവിയിലെ ജനസംഖ്യ നിർണ്ണയിക്കുന്നതിൽ തൊഴിൽ പങ്കാ ളിത്ത നിരക്ക് ഒരു പ്രധാന ഘടകമാണ്.

പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2021 ലെ തൊഴിൽ പങ്കാളിത്ത നിരക്ക് – 35.69%

കാർഷിക, മൃഗസംരക്ഷണ മേഖലകളിലുണ്ടാകുന്ന വളർച്ചയിലൂടെ പുതുതായി സൃഷ്ടി ക്കപ്പെടുന്ന തൊഴിൽ അവസരങ്ങൾ ഉൾപ്പെടെ 2021 ൽ
പ്രതീക്ഷിക്കുന്ന തൊഴിലാളികളുടെ എണ്ണം – 10359 ഇതിൽ നിന്നും

പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൽ 2021 ൽ പ്രതീക്ഷിക്കുന്ന ജനസംഖ്യ – 29628 ആണെന്നു കണക്കാക്കാം. ചിത്രം 21. 3 കാണുക.




*ചിത്രം 21.3 ജനസംഖ്യയിൽ 2021 ൽ പ്രതീക്ഷിക്കുന്ന മാറ്റം*

നിലവിലെ വിതരണത്തിൽ ഒരു ചെറിയ വ്യതിയാനം 2021 ൽ പ്രതീക്ഷിക്കുന്നുണ്ട്. പഞ്ചാ യത്തിലെ കുരിശുംമൂട് ജംഗ്ഷൻ വഴി കടന്നുപോകുന്ന റോഡ് 21 മീറ്റർ വീതിയിലേക്ക് കൊണ്ടു വരുമ്പോൾ ഉണ്ടാകുന്ന വ്യത്യാസം കണക്കിലെടുക്കുന്നതിനാലാണിത്. ഈ ഒരു പാത സാക്ഷാ ത്ക്കരിക്കപ്പെടുമ്പോൾ കുരിശുംമൂട് ജംഗ്ഷൻ, പുന്നക്കോട് ജംഗ്ഷൻ, പയ്യക്കോട് ജംഗ്ഷൻ എന്നിവ കൂടുതൽ വികസനം കൈവരിക്കും. അതോടെ സ്വാഭാവികമായും ഈ പ്രദേശങ്ങളിൽ ജനസാന്ദ്രത വർദ്ധിക്കാനിടയാകും. ചിത്രത്തിൽ കാണുന്നതുപോലെ 3, 7, 8, 10, 11 എന്നീ വാർഡു കളാണ് അധിക ജനസംഖ്യ വിന്യസിക്കാൻ ഉദ്ദേശിക്കുന്നത്. കൂടാതെ കൃഷിക്കു പ്രാധാന്യം നൽകുന്ന പ്രദേശങ്ങളിലെ ജനസാന്ദ്രതയിൽ– വികസന രൂപരേഖ അനുസരിച്ച്– കാര്യമായ മാറ്റം പ്രതീക്ഷിക്കുന്നില്ല.

ഈ അടിസ്ഥാനത്തിൽ 2021 ലെ ജനസംഖ്യയുടെ വാർഡടിസ്ഥാനത്തിൽ പ്രതീക്ഷിക്കാവുന്ന ഒരു വിതരണം ചിത്രം 21.4 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 21.4 ജനസംഖ്യ 2021– വാർഡടിസ്ഥാനത്തിലുള്ള വിന്യാസം*

## 21.5 അനുമാനം

*പൂയപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ തൊഴിൽ പങ്കാളിത്ത നിരക്കിൽ നേരിയ വർദ്ധനവും തൊഴിൽ ഘടനയിൽ ഒരു ചെറിയ മാറ്റവും പദ്ധതി കാലയളവിൽ –2021 ൽ പ്രതീക്ഷിക്കുന്നു. അതിനനുസൃതമായി ജനസംഖ്യയിലും ഒരു വളർച്ച പ്രതീക്ഷിക്കുന്നു.*

<<< previous    contents    next >>>

# അദ്ധ്യായം 22

# ഭൂവിനിയോഗം

*പൂയപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ വികസന സങ്കല്പത്തിനനുസൃതമായി പഞ്ചായത്തിനെ വിവിധ മേഖലകളാക്കി തിരിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വിവിധ മേഖലകളിൽ വരുന്ന ഭൂവിനിയോഗത്തെക്കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.*

## 22.1 കാർഷിക മേഖല

പൂയപ്പള്ളി പഞ്ചായത്തിന്റെ മിക്കവാറും എല്ലാ പ്രദേശങ്ങളും കൃഷിക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും അനുയോജ്യമാണ്. പുരയിട കൃഷിയായി പച്ചക്കറിയും തെങ്ങും കാർഷിക വാസ മേഖലകളിൽ പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിക്കുന്നു. അതേസമയം നിലവിലുള്ള കൃഷി ഭൂമികളെ– അതായത് പ്രധാന ഭൂവിനിയോഗം കൃഷി ആയ പ്രദേശങ്ങളെ പഞ്ചായത്തിന്റെ കാർഷിക മേഖലയായി നിലനിർത്താൻ ഉദ്ദേശിക്കുന്നു. സംരക്ഷിത മേഖലയിൽ ഉൾപ്പെടുന്ന നെൽ വയലുകളും മൂന്നു ഉപമേഖലകളിലുള്ള റബ്ബർ തോട്ടങ്ങളും ഈ മേഖലയിൽ പെടുത്തിയിരിക്കുന്നു (ചിത്രം 22.1 കാണുക).




*ചിത്രം 22.1 പൂയപ്പള്ളി ഗ്രാമ പഞ്ചായത്ത്*
*–നിർദ്ദിഷ്ട കാർഷിക മേഖല*

ഇതിൽ റബ്ബർ കൃഷിക്കായി നീക്കിവച്ചിരിക്കുന്ന 488 ഹെക്ടർ വ്യാപിച്ചു കിടക്കുന്ന റബ്ബർ തോട്ടങ്ങൾ ചിത്രം 22.2 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 22.2 റബ്ബർ പ്ലാന്റേഷൻസ്*

സംരക്ഷിത മേഖലയിൽ ഉൾപ്പെട്ടിട്ടുള്ള 13 ഏലാകളും കാർഷിക മേഖലയ്ക്ക് പ്രാധാന്യമുള്ള ഭൂപ്രദേശങ്ങളാണ്. ഇവയിലെല്ലാം തന്നെ ചെറിയ തോതിലെങ്കിലും നെൽകൃഷിയും നടക്കുന്നുണ്ട്. ഇത്തരത്തിൽ 210 ഹെക്ടർ വരുന്ന നെൽവയലുകൾ അതുപടി നിലനിർത്തേണ്ടതാണ് (ചിത്രം 22.3).



*ചിത്രം 22.3 നെൽപാടങ്ങൾ*

ഇത്തരത്തിൽ 698 ഹെക്ടർ ഭൂമിയാണ് പൂയപ്പള്ളി പഞ്ചായത്തിൽ കാർഷിക മേഖലയിൽ നിലനിർത്താൻ നിർദ്ദേശിച്ചിട്ടുള്ളത്.

## 22.2 പബ്ലിക് & സെമി പബ്ലിക് മേഖല

കാര്യമായ ഒരു ഭൂവിനിയോഗ വ്യതിയാനം ഈ മേഖലയിൽ വരുന്നില്ല എങ്കിലും പശ്ചാത്തല സൗകര്യങ്ങൾ സജ്ജമാക്കുന്നതിന്റെ ഭാഗമായി പുതുതായി കൊണ്ടുവരേണ്ട സൗകര്യങ്ങൾ ഇനി പറയുന്നവയാണ്.

### 22.2.1 കമ്മ്യൂണിറ്റി സെന്റർ

പഞ്ചായത്തു തലത്തിൽ കാർഷിക വിപണനമേള, പ്രദർശനം മുതലായവ സംഘടിപ്പിക്കുന്നതിനും, സർക്കാർ ഓഫീസുകൾ, ജനസേവന കേന്ദ്രം മുതലായവ പ്രവർത്തിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങളാണ് ഇവിടെ ഒരുക്കേണ്ടത്. കൂടാതെ പൊതു ചടങ്ങുകളും മറ്റും നടത്തുന്നതിനായി ഒരു ഓഡിറ്റോറിയവും ഇവിടെ ഉണ്ടാകും. പൊതു ജനങ്ങൾക്കും ഇതുപയോഗപ്പെടുത്താവുന്നതാണ്. ഈ സൗകര്യങ്ങളോടൊപ്പം ഒരു പാർക്കുകൂടി കമ്മ്യൂണിറ്റി സെന്ററിനോട് ചേർന്ന് വിഭാവനം ചെയ്തിട്ടുണ്ട്. കമ്മ്യൂണിറ്റി സെന്ററിന്റെ നിർദ്ദിഷ്ട സ്ഥാനം 22.4 ൽ രേഖപ്പെടുത്തിയിരിക്കുന്നു. ആറാം വാർഡിൽ (വേങ്കോട്) കൊട്ടാരക്കര-ഓയൂർ റോഡിന്റെ സൈഡിലുള്ള 0.5 ഹെക്ടർ സ്ഥലമാണ് ഈ ആവശ്യത്തിനായി നിർദ്ദേശിച്ചിരിക്കുന്നത്.



*ചിത്രം 22.4 കമ്മ്യൂണിറ്റി സെന്ററിനുള്ള സ്ഥലം*

### 22.2.2 പൊതു മാർക്കറ്റ്

നിലവിൽ പ്രവർത്തനരഹിതമായ പൂയപ്പള്ളി മാർക്കറ്റിനെ പച്ചക്കറി, മാംസ, പലവ്യഞ്ജന മാർക്കറ്റായി പ്രവർത്തനക്ഷമമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഏകദേശം 18 ഹെക്ടർ ഭൂമിയാണ് ഇതിനായി ലഭ്യമാക്കിയിട്ടുള്ളത്.

### 22.2.3 പൊതു ശ്മശാനം

പഞ്ചായത്തിൽ പൊതു ഉപയോഗത്തിനുള്ള ഒരു ശ്മശാനത്തിനായി ചിത്രത്തിൽ കാണിച്ചിരിക്കുന്നതു പ്രകാരം സ്ഥലം മാറ്റിവച്ചിരിക്കുന്നു. പഞ്ചായത്തിലെ 5–ാം വാർഡായ മൈലോട് വാർഡിലാണിത് (ചിത്രം 22.5).



*ചിത്രം 22.5 പൊതുശ്മശാനത്തിനായുള്ള സ്ഥലം*

കൊല്ലം–ആയൂർ റോഡിൽ മൈലോട് ജംഗ്ഷനിൽ നിന്ന് വെളിനല്ലൂർ പോകുന്ന റോഡിന്റെ വശത്തായ് സർവ്വെ നം.34/193 പെടുന്ന 1.2 ഹെക്ടർ സ്ഥലമാണിത്. പ്രധാന റോഡിൽ നിന്നും 150 മീ. നീളത്തിലുള്ള വഴി ഇതിനായ് നിർമ്മിക്കേണ്ടതുണ്ട്. ഇത്തരത്തിൽ പുതുതായി പൊതു ആവശ്യങ്ങൾക്കായി കണ്ടെത്തിയിരിക്കുന്ന സ്ഥലങ്ങൾ കൂടി ചേർക്കുമ്പോൾ പൂയപ്പള്ളി പഞ്ചായത്തിൽ പബ്ലിക്–സെമി പബ്ലിക് മേഖലയുടെ വിസ്തൃതി 13.8 ഹെക്ടറിൽ നിന്ന് 15.4 ഹെക്ടർ ആകുന്നതാണ്.

## 22.3 പൈതൃക പ്രാധാന്യമുള്ള പ്രദേശങ്ങൾ

പൂയപ്പള്ളി പഞ്ചായത്തിലെ പുരാതനമായതും സംരക്ഷിക്കപ്പെടേണ്ടതുമായ മൂന്ന് ക്ഷേത്രങ്ങളാണ് മഹാവിഷ്ണു ക്ഷേത്രം, മരുതമൺപള്ളി, കൊട്ടറ ഭഗവതി ക്ഷേത്രം, കുളത്തൂർക്കാവ് കൊട്ടറ എന്നിവ. മൂന്നു ക്ഷേത്രങ്ങളും ചേർന്ന് 6.2 ഹെക്ടർ വിസ്തൃതിയാണുള്ളത്.

## 22.4 ഗതാഗത മേഖല

പൂയപ്പള്ളി പഞ്ചായത്തിന്റെ പ്രധാന റോഡുകളിലൊന്നായ കൊല്ലം–ഓയൂർ റോഡ് 21 മീറ്ററായി ഉയർത്തപ്പെടുന്നതോടെ പഞ്ചായത്തിലെ ഏറ്റവും പ്രധാന റോഡ് ആയി അതു മാറും. മറ്റു രണ്ടു റോഡുകളായ കൊല്ലം–ആയൂർ റോഡും, കൊട്ടാരക്കര–ഓയൂർ റോഡും 12 മീ വീതിയിലേക്കും ഉയർത്തുന്നതാണ്. ഗതാഗത മേഖലയിലേക്ക് കൂട്ടിചേർക്കപ്പെടുന്ന പുതിയ ഒരു റോഡ് മൈലോട്–അമ്പലംകുന്ന് റോഡിൽ നിന്നും പൊതു ശ്മശാനത്തിലേക്കു വേണ്ടി വരുന്ന 150 മീ റോഡാണ്. നിലവിൽ ഗതാഗത ആവശ്യങ്ങൾക്കുപയോഗിക്കുന്നത് ഉൾപ്പെടെ ഏകദേശം 29.045 ഹെക്ടർ വിസ്തൃതിയുള്ള ഭൂമിയാണ് ഗതാഗത മേഖലയിൽ പെടുത്തിയിരിക്കുന്നത്.

## 22.5 വാണിജ്യ വാസ മിശ്രിത മേഖല

പൂർണ്ണമായും വാണിജ്യ മേഖലയായി ഒരു പ്രദേശം വികസിക്കാനുള്ള സാഹചര്യം പൂയപ്പള്ളിയിലില്ല. വീടുകളും കടകളും ഇടകലർന്ന് വികസിപ്പിക്കാവുന്ന ഒരു മിശ്രിത മേഖല ആണ് അതിനാൽ ഇവിടെ വികസിപ്പിക്കേണ്ടത്. പുതിയതായി രൂപം കൊള്ളുന്ന 21 മീ റോഡിനിരുവശവുമായി പുളിമുക്ക്, കുരിശുംമൂട്, പയ്യക്കോട് എന്നീ ജംഗ്ഷനുകൾ ഉൾപ്പെടുത്തിയുള്ള ഒരു പ്രദേശമാണ് ഇത്തരത്തിൽ നിർദ്ദേശിച്ചിരിക്കുന്നത്. ഇതുകൂടാതെ പൂയപ്പള്ളി ജംഗ്ഷൻ, മീയണ്ണൂർ ജംഗ്ഷൻ, പയ്യക്കോട് ജംഗ്ഷൻ എന്നിവയ്ക്കു ചുറ്റും കുറച്ചു സ്ഥലം കൂടി മിശ്രിത മേഖലയായി നിർദ്ദേശിച്ചിട്ടുണ്ട്. ഇങ്ങനെ ആകെ 10.44 ഹെക്ടർ ഭൂമിയാണ് വാണിജ്യ–വാസ–മിശ്രിത മേഖലയായി വിഭാവനം ചെയ്തിരിക്കുന്നത് (ചിത്രം 22.6).

## 22.6 വാണിജ്യ മേഖല

നിലവിലുള്ള ഭൂവിനിയോഗം പരിശോധിക്കുമ്പോൾ വാണിജ്യ മേഖലയുടെ വിസ്തൃതി ഏതാണ്ട് 2.95 ഹെക്ടർ ആണെന്നും കാണാം. ഈ മേഖല ഭാവിയിലും പൂർണ്ണമായി വാണിജ്യ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതിന് ഉദ്ദേശിക്കുന്നു.

## 22.7 വ്യവസായ മേഖല

നിലവിൽ വ്യവസായ ആവശ്യങ്ങൾക്കായി ലഭ്യമായിട്ടുള്ള സ്ഥലങ്ങൾ ആ ഉപയോഗത്തിൽ തന്നെ തുടരുന്നതാണ്. ഈ മേഖലയിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ 40 സെന്റ് ഭൂമി ഉൾപ്പെടെ ഭൂവിനിയോഗം 7.25 ഹെക്ടർ ആണ്.




*ചിത്രം 22.6 വാണിജ്യ, വാസ, മിശ്രിത മേഖല*

## 22.8 മറ്റു മേഖലകൾ

ജലാശയങ്ങൾക്ക് നിലവിലുള്ള വിസ്തൃതിയായ 18.4 ഹെക്ടറും പുതിയ കൃത്രിമ കുളം .42 ഹെക്ടറും കൂടി ചേർത്ത് 18.83 ഹെക്ടർ വിസ്തൃതി ആകുന്നതാണ്.

പഞ്ചായത്തിന്റെ 2021 ലെ പഞ്ചായത്തിന്റെ നിർദ്ദിഷ്ട ഭൂവിനിയോഗം പട്ടിക 22.1 ൽ കാണിച്ചിരിക്കുന്നു.

*പട്ടിക 22.1 നിർദ്ദിഷ്ട ഭൂവിനിയോഗം 2021 –പൂയപ്പള്ളി ഗ്രാമ പഞ്ചായത്ത്*

| ക്രമ നം. | ഭൂവിനിയോഗം | വിസ്തൃതി (ഹെക്ടർ) | ശതമാനം |
|---|---|---|---|
| 1 | കാർഷിക മേഖല | 1341.43 | 60.59 |
| 2 | പബ്ലിക് ആന്റ് സെമി പബ്ലിക് മേഖല | 15.7 | 0.71 |
| 3 | വാണിജ്യ മേഖല | 3.75 | 0.17 |
| 4 | ഗതാഗത മേഖല | 28.02 | 1.27 |
| 6 | ജലാശയങ്ങൾ | 18.4 | 0.83 |
| 9 | പൈതൃകം | 6.2 | 0.28 |
| 10 | വാണിജ്യ, വാസ മിശ്രിത മേഖല | 21.5 | 0.97 |
| | ആകെ | 242 | 10.93 |
| | TOTAL | 537 | 24.25 |

**22.9** പഞ്ചായത്തിന്റെ 2021 ലെ നിർദ്ദിഷ്ട ഭൂവിനിയോഗം ചിത്രം 22.7ൽകാണിച്ചിരിയ്ക്കുന്നു.




*ചിത്രം 22.7പഞ്ചായത്തിന്റെ 2021 ലെ നിർദ്ദിഷ്ട ഭൂവിനിയോഗം*

## 22.10 അനുമാനം

*പൂയപ്പള്ളി പഞ്ചായത്തിന്റെ നിർദ്ദിഷ്ട ഭൂവിനിയോഗത്തിൽ നിന്ന് മനസ്സിലാകുന്നത് കാർഷിക മേഖലയിലെ 31% പ്രദേശങ്ങൾ ഉൾപ്പെടെ 72% ഭൂപ്രദേശങ്ങളും കൃഷിക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി മാറ്റി വച്ചിരിക്കുന്നു എന്നാണ്*

<<< previous | contents | next >>>

# അദ്ധ്യായം 23

# കാർഷിക മേഖല

*പൂയപ്പള്ളി പഞ്ചായത്തിന്റെ വികസന സങ്കല്പത്തിൽ വ്യക്തമാക്കിയിരിക്കുന്നതു പോലെ പൂയപ്പള്ളി ഒരു കാർഷിക പ്രധാനമായ ഒരു പഞ്ചായത്താണ്. കൃഷി ശക്തിപ്പെടുത്തുന്നതിനും, ഉത്പാദനവും ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനും ഉള്ള നിർദ്ദേശങ്ങളാണ് ഈ അദ്ധ്യായത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.*

പൂയപ്പള്ളി ഗ്രാമ പഞ്ചായത്തിലെ 210 ഹെക്ടറോളം വരുന്ന പാടശേഖരങ്ങൾ അതുപോലെ തന്നെ നിലനിർത്തുന്നതിനും, 780 ഹെക്ടറോളം വരുന്ന തെങ്ങ് കൃഷി, രോഗങ്ങളും കീടബാധയും അകറ്റി അത്യുത്പാദനത്തിലേക്ക് കൊണ്ടുവരുന്നതിനും, 480 ഹെക്ടറോളം വരുന്ന റബ്ബർ തോട്ടങ്ങൾ നിലനിർത്തുകയും, പുരയിട കൃഷി വ്യാപകമാക്കുകയും ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങളാണ് മുന്നോട്ടു വച്ചിരിക്കുന്നത്. ഇതോടൊപ്പം കാർഷിക ഉല്പന്നങ്ങളുടെ സംസ്ക്കരണ വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു.

കൊല്ലം ജില്ലയുടെ സംയോജിത വികസന രൂപരേഖയിലെ കാർഷിക വികസന മേഖലയിലുൾപ്പെടുന്ന ഒരു നാലാംക്രമ അധിവാസ കേന്ദ്രമാണ് പൂയപ്പള്ളി. കാർഷിക മേഖലയെ 2021 ലേക്ക ഒരു ഓർഗാനിക് മേഖലയാക്കി മാറ്റാനാണ് സംയോജിത വികസന രൂപരേഖയിൽ ലക്ഷ്യമിടുന്നത്. പൂയപ്പള്ളിയിലെ പ്രധാനപ്പെട്ട കാർഷിക വിളകളെ കുറിച്ച് വ്യക്തമായ ഒരു ചിത്രം ഇവിടെ പറയുന്നുണ്ട്.

സംയോജിത ജില്ലാ വികസന രൂപരേഖയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ നെൽകൃഷി അതേപടി നിലനിർത്താനാണുദ്ദേശിക്കുന്നത്. റബ്ബറിന്റെയും തെങ്ങിന്റെയും നിലവിലുള്ള വിസ്തൃതി അതേപോലെ തന്നെ തുടരാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. മരച്ചീനി, കുരുമുളക് എന്നിവ നിലവിലുള്ള വിസ്തൃതിയിൽ നിന്ന് ഉദ്പാദനക്ഷമത കൂടുതലുള്ള ഇനങ്ങൾ കൊണ്ട് ഉത്പാദനം വർദ്ധിപ്പിക്കാനും നിർദ്ദേശിക്കുന്നുണ്ട്. റബ്ബർ തോട്ടങ്ങളിൽ നിന്നുള്ള വരുമാന വർദ്ധനവിന് ഇടവിളകളായി മറ്റു കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിനായും നിർദ്ദേശിച്ചിരിക്കുന്നു. ഈ അടിസ്ഥാനത്തിൽ കാർഷിക മേഖലയിൽ പഞ്ചായത്തിൽ കൊണ്ടുവരാൻ സാധിക്കുന്ന വിവിധ വികസന പ്രവർത്തനങ്ങൾ ഇനി വിവരിക്കുന്നു.

## 23.1 നെൽകൃഷി

നെൽകൃഷി ലാഭകരമായി കൊണ്ടുവരുന്നതിനു വേണ്ടി കൂട്ടുകൃഷി സമ്പ്രദായം അഥവാ ഗ്രൂപ്പ് ഫാമിംഗ് രീതി പരീക്ഷിക്കാവുന്നതാണ്. ഒരു സമഗ്ര നെൽകൃഷി വികസന പദ്ധതി തയ്യാറാക്കി ഇതിന്റെ അടിസ്ഥാനത്തിൽ വേണം കൂട്ടുകൃഷി സമ്പ്രദായം നടപ്പിലാക്കാൻ. സമഗ്ര നെൽകൃഷി വികസന പദ്ധതിയിൽ ഒരു വർഷം നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളെ വിശദമാക്കിയിരിക്കുന്നു. പരീക്ഷണാടിസ്ഥാനത്തിൽ മൂന്ന് ഏലാകളിൽ ആദ്യ ഘട്ടത്തിൽ നടപ്പിലാക്കി തുടർന്ന് മറ്റ് ഏലാകളിലേക്ക് വ്യാപിപ്പിക്കുക എന്ന രീതിയാണ് ഉദ്ദേശിക്കുന്നത്.

ഇതിന് വേണ്ടി താഴെ പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ 3 ഏലാകൾ തിരഞ്ഞെടുത്തു.

- നിലവിലെ കൃഷിയുടെ സ്ഥിതി
- യന്ത്രവത്ക്കരണത്തിന് ഏറ്റവും അനുയോജ്യമായവ
- നിലവിലുള്ള ജലസേചന സൗകര്യങ്ങൾ
- ക്രിയാത്മകമായ പാടശേഖര സമിതികൾ നിലവിലുള്ളവ
- കൂട്ടുകൃഷി നടത്തുന്നതിനുള്ള താൽപര്യമുള്ള കർഷകർ

ഇവ 34 ഹെക്ടർ വരുന്ന മരുതമൺപള്ളി ഏലാ, 12 ഹെക്ടർ വരുന്ന മത്യോട് ഏലാ, 15 ഹെക്ടർ വരുന്ന കൊട്ടറ ഏലാ എന്നിവയാണ്. അവയുടെ സ്ഥാനം ചിത്രം 23.1 ലും വിശദാംശങ്ങൾ പട്ടിക 23.1 ലും കാണിച്ചിരിക്കുന്നു.



*ചിത്രം 23.1 സമഗ്ര നെൽ കൃഷി വികസന പദ്ധതിക്കായി തിരഞ്ഞെടുത്ത ഏലാകൾ*

*പട്ടിക 23.1 തിരഞ്ഞെടുത്ത ഏലാകൾ*

| ക്രമ നം. | ഏലായുടെ പേര് | വിസ്തൃതി (ഹെക്ടർ) | കൃഷിക്കാരുടെ എണ്ണം |
|---|---|---|---|
| 1 | മരുതമൺപള്ളി ഏല | 34 | 100 |
| 2 | മത്തിയോട് ഏല | 12 | 48 |
| 3 | കൊട്ടറ ഏല | 15 | 75 |

**23.1.1 സമഗ്ര നെൽ കൃഷി വികസന പദ്ധതി- കർമ്മ പദ്ധതി**

സമഗ്ര നെൽ കൃഷി വികസന പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി ഒരു കർമ്മ പദ്ധതി രൂപീകരിച്ചിരിക്കേണ്ടതാണ്. ഇതുപ്രകാരം ഓരോ സീസണിലും സമയബന്ധിതമായി നടത്തേണ്ട പ്രവർത്തികൾ പട്ടികപ്പെടുത്തണം. ഉദാ:-

1. 3 ഏലാകളിലെയും കർഷകർക്ക് ബോധവൽക്കരണ സെമിനാർ നടത്തുകയും ഗ്രൂപ്പ് സമിതികൾ രൂപീകരിക്കുകയും ചെയ്യുക — ഏപ്രിൽ ആദ്യവാരം
2. മണ്ണ് ശേഖരണം, പരിശോധന — ”
3. വിത്തു സംഭരണം — ഏപ്രിൽ രണ്ടാംവാരം
4. ഓരോ ഏലായിലും പൊതു ഞാറ്റടി തയ്യാറാക്കുക — ഏപ്രിൽ മൂന്നാംവാരം

| | | |
|---|---|---|
| 5. | പറിച്ചു നടീലിന് വേണ്ടി നിലം തയ്യാറാക്കൽ | ഏപ്രിൽ മൂന്നാംവാരം മുതൽ മെയ് 2–ാം വാരം വരെ |
| 6. | പറിച്ചു നടീൽ | മെയ് 2–ാം വാരം |
| 7. | കളപറിക്കൽ (25 ദിവസത്തിന് ശേഷം) | ജൂൺ 2 മുതൽ 3–ാം വാരം വരെ |
| 8. | വളപ്രയോഗം (പറിച്ചു നടീലിന് 30–40 ദിവസത്തിന് ശേഷം) | ജൂൺ 3–ാം വാരം |
| 9. | കൊയ്ത്ത് | ആഗസ്റ്റ് 2–3–ാം വാരം |

**23.1.2 ധനകാര്യ വിശകലനം**

ഗ്രൂപ്പ് ഫാമിംഗ് പദ്ധതി നടപ്പിലാക്കുന്ന പക്ഷം ഒരു ഹെക്ടർ സ്ഥലത്തിനു വേണ്ടി വരുന്ന ചിലവുകളും ഒരു ഹെക്ടർ സ്ഥലത്തുനിന്നുണ്ടാകുന്ന വരവുമാണ് താഴെ വിശദീകരിച്ചിരിക്കുന്നത് പട്ടിക 23.2 ഉം 23.3 ഉം കാണുക.

*പട്ടിക 23.2 ഒരു ഹെക്ടർ നിലത്തിന് വരുന്ന ചെലവ്*

| | | |
|---|---|---|
| 1. | വിത്ത് 15 രൂപ/കിലോ<br>60 X 15 | 900.00 |
| 2. | നിലം ഉഴുവൽ–ടില്ലർ, ട്രാക്ടർ എന്നിവ ഉപയോഗിച്ച് | 4000.00 |
| 3. | പൊതുഞാറ്റടി (നഴ്സറി) | 1000.00 |
| 4. | വളപ്രയോഗം, പറിച്ചുനടീൽ | 4000.00 |
| 5. | വളം<br>(5000 കി, 196 കി യൂറിയ 225 കി. സൂപ്പർ ഫോസ്ഫേറ്റ്, 75 കി. പൊട്ടാഷ്) | 4800.00 |
| 6. | ജൈവവളം 25 കി./ഹെക്ടർ | 250.00 |
| 7. | കളനശീകരണം | 3000.00 |
| 8. | കീടനാശിനി | 1000.00 |
| 9. | കൊയ്ത്ത് | 5000.00 |
| | **മൊത്തം** | **23950.00** |

ഗ്രൂപ്പ് ഫാമിംഗ് മൂലം 20% ചെലവ് കുറയ്ക്കാൻ സാധിക്കും.
ആയതിനാൽ ആകെ ചിലവ് 19160 രൂപ/–

ഒരു ഹെക്ടർ നെൽകൃഷിയിൽ നിന്ന് ലഭിക്കാവുന്ന പരമാവധി വരവിന്റെ വിശദാംശങ്ങൾ പട്ടിക 23.3 ൽ കൊടുത്തിരിക്കുന്നു.

*പട്ടിക 23.3 ഒരു ഹെക്ടർ പാടശേഖരത്തിൽ നിന്നുള്ള വരവ്*

| ക്രമ നം. | ഇനം | വരവ് |
|---|---|---|
| 1 | 6 രൂപ എന്ന നിരക്കിൽ 6000 കി.ഗ്രാം വിളവ് | 36000 |
| 2 | വൈക്കോൽ | 4000 |
| | **ആകെ വരുമാനം** | **40000** |

പട്ടിക 23.2 പ്രകാരം ആകെ ചിലവ് – 19,160

പട്ടിക 23.3 പ്രകാരം ആകെ വരവ് – 40,000

പ്രതീക്ഷിക്കുന്ന ലാഭം – 20,840 രൂപ നാല് മാസ കാലയളവിൽ

ഗ്രൂപ്പ് ഫാമിംഗ് അടിസ്ഥാനത്തിൽ സമഗ്ര നെൽ കൃഷി വികസന പദ്ധതി നടപ്പിലാക്കുമ്പോൾ ഒരു ഹെക്ടർ കൃഷിയിടം സ്വന്തമായുള്ള കർഷകന് ഇപ്പോഴത്തെ നിരക്കിൽ ഒരു മാസം ഏകദേശം 5000 ത്തോളം രൂപ വരുമാനം ഉണ്ടാക്കാൻ സാധിക്കുന്നു.

## 23.2 തെങ്ങ് കൃഷി

പഞ്ചായത്തിലെ മറ്റൊരു പ്രധാനപ്പെട്ട കാർഷിക വിളയാണ് തെങ്ങ്. കൃഷി വകുപ്പിൽ നിന്നുള്ള വിവരം അനുസരിച്ച് 10% ത്തിനടുത്ത് തെങ്ങുകൾ ഉല്പാദനക്ഷമമല്ല. ഉല്പാദനക്ഷമത കുറഞ്ഞ മരങ്ങൾ മുറിച്ച് കളഞ്ഞ് പുതിയ തൈകൾ നടുകയും, ബാക്കിയുള്ളവ ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തി ഉത്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങളാണ് ഇവിടെ പരാമർശിച്ചിട്ടുള്ളത്.

780 ഹെക്ടർ വിസ്തൃതി വരുന്ന തെങ്ങുകൃഷിയിൽ നിന്ന് 33 ലക്ഷം നാളീകേരം ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്(ഒരു ഹെക്ടറിൽ 170 തെങ്ങ് എന്ന കണക്കിൽ). ഇതിനായി തെങ്ങുകൃഷി ഊർജ്ജിതമാക്കുന്നതിനുള്ള ഒരു സമഗ്ര കേരകൃഷി പദ്ധതിയാണ് നിർദ്ദേശിക്കുന്നത്. പ്രവർത്തനങ്ങളെ 2 തട്ടുകളിലായി തിരിച്ചിരിക്കുന്നു. കമ്മ്യൂണിറ്റി തലത്തിലുള്ളവയുംവ്യക്തിഗത തലത്തിലുള്ളവയും. കമ്മ്യൂണിറ്റി തല പ്രവർത്തനങ്ങളുടെ പരിധിയിൽ വരുന്നത് 2.5 മുതൽ 5 ഹെക്ടർ വരെ കൃഷിയുള്ള പ്രദേശങ്ങളാണ്. 20 സെന്റ് മുതൽ 2.5 ഹെക്ടർ വരെ കൃഷിയുള്ള പ്രദേശങ്ങളെ വ്യക്തിഗത പ്രവർത്തനങ്ങളുടെ പരിധിയിലാണ് ഉൾപ്പെടുത്തുന്നത്.

സമഗ്ര കേരകൃഷി പദ്ധതിയിലെ ആദ്യ ഘട്ടം എന്ന നിലയിൽ 4 വാർഡുകളിലാണ് ഇതു നടപ്പിലാക്കുന്നത്. വാർഡുകൾ തിരഞ്ഞെടുത്തിരിക്കുന്നത് താഴെ പറയുന്ന മാനദണ്ഡങ്ങൾക്കനുസൃതമായാണ്.

1. നിലവിലെ കൃഷിയുടെ വിസ്തൃതി
2. ജലസേചന സൗകര്യങ്ങൾ
3. കീടബാധയുടെ തോത്
4. വികസന സങ്കല്പത്തിൽ കാർഷിക മേഖലയാണോ എന്നത്

മൈലോട്, കൊട്ടറ, ചെങ്കുളം, കോഴിക്കോട് എന്നിവയാണ് തെരഞ്ഞെടുക്കപ്പെട്ട വാർഡുകൾ. (ചിത്രം 23.2 കാണുക)



*ചിത്രം 23.2 സമഗ്ര കേരകൃഷി പദ്ധതിക്കായി തിരഞ്ഞെടുത്ത വാർഡുകൾ*

**23.2.1 സമഗ്ര കേരകൃഷി പദ്ധതി – കർമ്മ പരിപാടി**

1. തിരഞ്ഞെടുത്ത വാർഡുകളിലെ കേരകർഷകരുടെ മീറ്റിംഗ് വിളിച്ചു ചേർക്കുക
2. പദ്ധതി പ്രദേശത്തെ രോഗം ബാധിച്ചതും, കായ്ഫലമില്ലാത്തതുമായ തെങ്ങുകൾ, സർവ്വെ നടത്തി കണ്ടെത്തുക
3. കണ്ടെത്തിയ തെങ്ങുകൾ മുറിച്ചുമാറ്റുക
4. കമ്മ്യൂണിറ്റി, വ്യക്തിഗത സ്കീമിലുള്ള കിണറുകൾ കുഴിക്കുകയും കുളങ്ങൾ വൃത്തിയാക്കി സംരക്ഷിക്കുകയും ചെയ്ത് ജലസേചന സൗകര്യം ലഭ്യമാക്കുക.
5. തെങ്ങിൻ തൈകൾ, ജൈവവളം, രാസവളം, കീടനാശിനി എന്നിവ വിതരണം ചെയ്യുക
6. ഇടവിളകൃഷിക്കു വേണ്ട നടപടികൾ സ്വീകരിക്കുക
7. 2–ാം വളപ്രയോഗം നടത്തുക

### 23.2.2 നിർദ്ദേശങ്ങൾ

**മൂന്നു പദ്ധതികളാണ് തെങ്ങുകൃഷി വികസനത്തിനായി നിർദ്ദേശിക്കുന്നത്**

1. കമ്മ്യൂണിറ്റി ഇറിഗേഷൻ പ്രോജക്ട് (Providing Community Irrigation)

2.5 ഏക്കർ മുതൽ 5 ഏക്കർ വരെ തെങ്ങിൻതോപ്പുകൾ ഒരുമിച്ചു വരത്തക്ക രീതിയിൽ കർഷക ഗ്രൂപ്പുകളെ സംഘടിപ്പിച്ച് അവിടെ കമ്മ്യൂണിറ്റി ഇറിഗേഷൻ പ്രോജക്ട് വഴി ജലസേചന സൗകര്യം നൽകുകയും ചെയ്യുന്നു. അടുത്തടുത്തുള്ള 10 മുതൽ 25 വരെയുള്ള കർഷകരുടെ തോട്ടങ്ങൾ ഒരുമിച്ച് ഒരു പ്ലോട്ട് ആയി സങ്കല്പിച്ച് അതിന് പൊതുവായ ജലസ്രോതസ്സ് (കിണർ/കുളം) ഉണ്ടാക്കുകയും അതിൽനിന്നും ജലം എല്ലാ തെങ്ങിനും ലഭിക്കത്തക്കവിധം ജലസേചന സൗകര്യം വികസിപ്പിക്കുകയും ചെയ്യുന്ന പദ്ധതിയാണ് ഇത്. ജലസേചന സൗകര്യം നൽകുന്നതോടൊപ്പം ശാസ്ത്രീയമായ എല്ലാ പരിചരണ മുറകളും ഓരോ തെങ്ങിനും ലഭ്യമാകുന്നു. അങ്ങനെ ചെലവു കുറയ്ക്കുകയും ഉല്പാദനം കൂട്ടുകയും ചെയ്യുന്നതുവഴി തെങ്ങുകൃഷി ലാഭകരമാക്കാനാണ് ലക്ഷ്യമിടുന്നത്. 3 HP മുതൽ 5 HP വരെയുള്ള പമ്പുസെറ്റുകൾ ഇതിനുവേണ്ടി ഉപയോഗിക്കാവുന്നതാണ്. ഇതിന് ഏകദേശം 1.5 ലക്ഷം മുതൽ 3 ലക്ഷം രൂപവരെ ചെലവു പ്രതീക്ഷിക്കാവുന്നതാണ്.

| | ആദായം |
|---|---|
| ഇപ്പോഴുള്ള വിളവ് - 40 തേങ്ങ/ തെങ്ങ് | 40x5=200/- |
| ജലസേചനം നടത്തിയശേഷം -80/തെങ്ങ് | 80x5=400/- |
| ഒരു ഹെക്ടർ ജലസേചനത്തിന് മുമ്പ് | = 200x170 = 34000/- |
| ഒരു ഹെക്ടർ ജലസേചനത്തിന് ശേഷം | 400x170 = 68000/- |

2. 20 സെന്റുമുതൽ മുകളിലോട്ട് തെങ്ങുകൃഷി ഉള്ളവർക്കു കിണറും പമ്പുസെറ്റും നൽകൽ

| | മൊത്തം ചിലവ് | സബ്സിഡി |
|---|---|---|
| കിണർ | 15000 | 7500/- |
| പമ്പ്സെറ്റ് | 10000 | 5000/- |
| തൊണ്ടടുക്കൽ, രാസവളം, ജൈവവളം, കീടനാശിനി (ഒരു തെങ്ങിന്) ജലസേചനം | 100 | 50/- |

3. ഇരുപതു സെന്റിൽ താഴെ കൃഷിയുള്ളവർക്ക് തെങ്ങുകളെ ശാസ്ത്രീയമായി പരിചരിക്കുന്നതിന് തെങ്ങൊന്നിന് 50 രൂപ ക്രമത്തിൽ സബ്സിഡി നൽകുക.

മേൽ വിവരിച്ച 3 തലങ്ങളിലും മുറിച്ചു മാറ്റിയ തെങ്ങുകൾക്ക് പകരം നട്ട തെങ്ങിൻ തൈകൾക്കും, ഇപ്പോൾ നിലവിലുള്ള തൈതെങ്ങുകൾക്കും അവയ്ക്ക് വിളവു തരുന്നതുവരെയുള്ള കാലഘട്ടത്തിലെ പരിചരണത്തിന് 15 രൂപ മുതൽ സബ്സിഡി നൽകുക

**23.2.4 ജലസേചനം**

രണ്ടു തട്ടിലായാണ് ജലസേചന സൗകര്യങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

1. കമ്മ്യൂണിറ്റി തല ജലസേചനം
2. വ്യക്തിഗത തലത്തിലുള്ള ജലസേചനം

കമ്മ്യൂണിറ്റി ജലസേചന പദ്ധതിയിൽ 2.5 ഹെക്ടർ മുതൽ 5 ഹെക്ടർ വരെയുള്ള തെങ്ങിൻ തോട്ടങ്ങൾ തിരഞ്ഞെടുത്ത് അവിടുള്ള കേര കർഷകരെ ഒരുമിപ്പിക്കുന്നു. ഒരു പൊതു ജലസേചന പദ്ധതി അവിടെ രൂപപ്പെടുത്തുന്നു. അതിന് വേണ്ടി ആ പ്രദേശത്ത് നിലവിലുള്ള വലിയ ഒരു ചിറ വൃത്തിയാക്കിയെടുത്ത് 3HP-5HP പമ്പ്സെറ്റ് സ്ഥാപിക്കുകയും പൈപ്പ് ലൈനുകളിലൂടെ ജലസേചന സൗകര്യം ഏർപ്പെടുത്തുക ചെയ്യുക. ജലസേചനം കൂടാതെ മറ്റ് മാനേജ്മെന്റുകളിലൂടെയും ഇപ്പോഴുള്ള ഉത്പാദനം രണ്ടിരട്ടി ആക്കാൻ സാധിക്കും.

ചിത്രം 23. ൽ കാണിച്ചിരിക്കുന്ന പ്രദേശങ്ങൾക്ക് പ്രാദേശികമായി ഉപയോഗപ്പെടുത്താവുന്നവയാണ് കക്കാട് ചിറ, പാലൂർക്കോണം ചിറ, ചെങ്കുളം ചിറ എന്നിവ. ഇതിനു വേണ്ടി വരുന്ന ഏകദേശ ചിലവ് താഴെ ചേർക്കുന്നു.

ഏകദേശ ചിലവ് (2.5 ഹെക്ടറിന്)

| | | |
|---|---|---|
| കിണർ/കുളം വൃത്തിയാക്കൽ | – | 50,000 |
| പമ്പ്സെറ്റ്, പൈപ്പ്ലൈൻ, ഇലക്ട്രിക് കണക്ഷൻ എന്നിവ | – | 2,50,000 |
| ആകെ | – | 3,00,000 |

ഏകദേശ ചിലവ് (5 ഹെക്ടറിന്)

| | | |
|---|---|---|
| കിണർ/കുളം കുഴിക്കൽ | – | 50,000 |
| പമ്പ്സെറ്റ്, പൈപ്പ്ലൈൻ, ഇലക്ട്രിക് കണക്ഷൻ എന്നിവ | – | 4,50,000 |
| ആകെ | – | 5,00,000 |

വ്യക്തിഗത ജലസേചന പദ്ധതിയിൽ 20 സെന്റ് മുതൽ 2.5 ഹെക്ടർ വരെ കൃഷിഭൂമിയുള്ള കർഷകന് കിണർ വൃത്തിയാക്കി പമ്പ്സെറ്റ് സ്ഥാപിച്ച് ജലസേചന സൗകര്യം ഏർപ്പെടുത്തുന്നതാണ്. അതിനുവേണ്ടി വരുന്ന ചിലവ് ഇപ്രകാരമാണ്.

20 സെന്റ് മുതൽ 2 ഹെക്ടർ വരെ കൃഷിയുള്ള വ്യക്തികൾക്ക്

| | | |
|---|---|---|
| കിണർ | – | 15,000 |
| പമ്പ്സെറ്റ് | – | 10,000 |
| ആകെ | – | 25,000 |

ഇപ്രകാരം ഒരു സമഗ്ര കൃഷി പദ്ധതിയിലൂടെ തെങ്ങ് കൃഷിയുടെ നഷ്ടപ്പെട്ട പ്രതാപം വീണ്ടെടുക്കാനും പൂർവ്വാധികം ലാഭകരമായി നടത്തുവാനും സാധിക്കുന്നതാണ്.

## 23.3 പച്ചക്കറി വികസനം

പൂയപ്പള്ളി പഞ്ചായത്തിന്റെ ശരാശരി പുരയിട വിസ്തൃതി പുരയിട കൃഷിക്ക് എന്തുകൊണ്ടും അനുയോജ്യമാണ്. പുരയിടങ്ങളിൽ മാത്രമല്ല കുറേക്കൂടി വിപുലമായി പാടശേഖരങ്ങളിൽ മൂന്നാം വിളയായും പച്ചക്കറി കൃഷി ചെയ്യാവുന്നതാണ്. ഇവിടെയും കൃഷി വകുപ്പുമായി സഹകരിച്ച് ഒരു സമഗ്ര പദ്ധതി തന്നെയാണ് ലക്ഷ്യമിടുന്നത്.

തിരഞ്ഞെടുത്ത മൂന്ന് വാർഡുകളിൽ (മൈലോട്, തച്ചക്കോട്, മരുതമൺപള്ളി) ആദ്യം നടത്തുകയും പിന്നീട് ബാക്കി ഇടങ്ങളിലേക്ക് വ്യാപിപ്പിക്കുകയുമാണ് ചെയ്യുന്നത്. തിരഞ്ഞെടുത്ത വാർഡുകളുടെ സ്ഥാനം ചിത്രം 23.3 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 23.3 പച്ചക്കറി കൃഷിക്കായി തിരഞ്ഞെടുത്ത വാർഡുകൾ*

തെരഞ്ഞെടുത്ത 3 വാർഡുകളിലെ 5 സെന്റിലെങ്കിലും കൃഷി ചെയ്യാൻ തയ്യാറുള്ള എല്ലാ കുടുംബങ്ങളെയും പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നു. അവർക്ക് പച്ചക്കറി കൃഷി ചെയ്യുന്നതിനായി വിത്ത് സൗജന്യമായും ബാക്കി ഘടകങ്ങൾ 50% സബ്സിഡി നിരക്കിലും ലഭ്യമാക്കുന്നു. വീട്ടാവശ്യം കഴിഞ്ഞുള്ള പച്ചക്കറികളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ആക്കാൻ കഴിയുന്നവയും വിറ്റഴിക്കുന്നതിന് സംവിധാനമുണ്ടാക്കുന്നു.

പച്ചക്കറി കൃഷി- വരവു ചിലവ് കണക്ക്

| | ആകെ വില | സബ്സിഡി |
|---|---|---|
| വിത്ത് | 25 | 25 |
| രാസവളം | 35 | 20 |
| ജൈവവളം | 100 | 75 |
| കീടനാശിനി | 40 | 20 |
| ആകെ | 250 | 140 |

സബ്സിഡി കഴിച്ച് ആകെ ചിലവ് - 110 രൂപ.

5 സെന്റിൽ നിന്ന് ഏകദേശം 50 കിലോ ഉത്പാദിപ്പിക്കാം

എന്ന അനുമാനത്തിൽ കിലോക്ക് 8 രൂപ നിരക്കിൽ വരവ് - 400 രൂപ

## 23.4 പശ്ചാത്തല സൗകര്യങ്ങൾ

മേൽ വിവരിച്ച നിർദ്ദേശങ്ങൾ മികച്ച രീതിയിൽ നടപ്പിലാക്കാൻ ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ പല തലത്തിൽ നടപ്പാക്കേണ്ടവ ഇനി പറയുന്നു.

1. ബ്ലോക്കു തലത്തിൽ വിത്തും വളവും ലഭ്യമാകുന്ന ഒരു സെന്റർ. പുതിയ വിത്തുകളും കൃഷി രീതികളും പരീക്ഷിക്കാൻ ഇതിലൂടെ കർഷകർക്ക് അവസരം ലഭിക്കും.
2. മികച്ച രീതിയിലുള്ള ആധുനിക റൈസ് മിൽ (ബസുമതി അരിയ്ക്കു കൂടി പ്രയോജനപ്പെടത്തക്ക രീതിയിൽ).
3. കൃഷിക്കാർക്ക് പരിശീലനം നൽകാൻ ഉതകുന്ന സെന്ററുകൾ
4. വിപണന മേളകളും മറ്റും സംഘടിപ്പിക്കാനാവശ്യമായ സംവിധാനങ്ങൾ.
5. പഞ്ചായത്തു തലത്തിൽ

   a.സ്റ്റോറേജ് സൗകര്യങ്ങൾ

   b.വിപണന കേന്ദ്രങ്ങൾ

   c.ഉപകരണങ്ങൾ സൂക്ഷിക്കാനുള്ള സംവിധാനം

   d.ലേബർ ബാങ്ക്

നിലവിൽ കൊട്ടാരക്കരയിൽ എസ്.ഐ.ആർ.ഡി. (ട്രെയിനിംഗ് സെന്റർ) മുതലായവയുണ്ട്. മറ്റു സൗകര്യങ്ങൾ (റീജിയണൽ ലവലിൽ ആവശ്യമായവ) നെല്ലുല്പാദനത്തിൽ മികച്ചു നിൽക്കുന്ന ചാത്തന്നൂർ പഞ്ചായത്തിൽ കൊണ്ടുവരുന്നത് സൗകര്യപ്രദമായിരിക്കും.

കൊല്ലം ജില്ലയുടെ സംയോജിത ജില്ലാ വികസന രൂപരേഖയിൽ കാർഷിക മേഖലയ്ക്കു വേണ്ടി നടപ്പിലാക്കുന്ന പദ്ധതികളിൽ മുകളിൽ പറഞ്ഞിരിക്കുന്ന സംവിധാനങ്ങൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത് ചാത്തന്നൂർ, നെടുവത്തൂർ, കടയ്ക്കൽ, ഇടമുളയ്ക്കൽ, പുനലൂർ, ഇട്ടിവ എന്നിവിടങ്ങളിലാണ്. ഇത് ചിത്രം 23.4 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 23.4 കാർഷിക മേഖലയിൽ നടപ്പാക്കുന്ന പദ്ധതികൾ – ജില്ലാടിസ്ഥാനത്തിൽ*

### 23.5 തൊഴിൽ പ്രശ്നം

നെൽകൃഷി നേരിടുന്ന മറ്റൊരു പ്രധാന ഭീഷണി കർഷക തൊഴിലാളികളുടെ ലഭ്യതക്കുറവാണ്. ഭൂരിഭാഗം കർഷക തൊഴിലാളി സ്ത്രീകളും കശുവണ്ടി ഫാക്ടറികളിൽ പണിയെടുക്കാൻ പോകുന്നതിനാൽ കൊയ്ത്ത്, മെതി എന്നിവയ്ക്ക് രൂക്ഷമായ തൊഴിലാളി ക്ഷാമം അനുഭവപ്പെടുന്നു. ഇതിന് പരിഹാരം കണ്ടാൽ മാത്രമേ നെൽകൃഷി മുന്നോട്ട് കൊണ്ട് പോകാൻ കഴിയുകയുള്ളൂ. അതിനായി താഴെപറയുന്ന ചില നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിരിക്കുന്നു.

1. കൃഷിക്കാരേയും തൊഴിലാളി യൂണിയനുകളേയും ചേർത്ത് ലേബർ ബാങ്ക് രൂപീകരിക്കുക.

2. വാർഡ് തലത്തിൽ റിസോഴ്സ് സെന്റർ രൂപീകരിച്ച് പണിയായുധങ്ങൾ, വിത്ത്, വളം, എന്നിവ വിതരണം ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തുക.

പഞ്ചായത്തിലെ മറ്റു തൊഴിൽ മേഖലകളിലും ഈ ലേബർ ബാങ്കിന്റെ പ്രവർത്തനം ഉപയോഗിക്കാവുന്നതാണ്. ഇതുവഴി വർഷം മുഴുവനും തൊഴിൽ ലഭ്യമാക്കാം.

### 23.6 യന്ത്രവത്ക്കരണം

തൊഴിലാളികളുടെ അഭാവം മൂലം പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കാൻ യന്ത്രവത്ക്കരണം അനിവാര്യമാണ്. വിളവെടുപ്പിനും, പാറ്റുന്നതിനും മറ്റും യന്ത്രങ്ങൾ ഉപയോഗിക്കാവുന്നതാണ്. നിലവിൽ ടില്ലറും ട്രാക്ടറും മറ്റും ഇപ്പോൾ ഉപയോഗിക്കപ്പെടുന്നുണ്ട്.

1. തൊഴിലാളികളുടെ അഭാവം പലയിടത്തും വിളവെടുപ്പിനെ ബാധിക്കുന്ന ഒരു സ്ഥിതിയാണ് നിലവിലുള്ളത്. നെല്ലിന്റെ വിളവെടുപ്പിനാവശ്യമായ യന്ത്രങ്ങൾ പഞ്ചായത്തധികൃതരും കൃഷി വകുപ്പും യോജിച്ച് നടപ്പിലാക്കേണ്ടതാണ്.

2. തെങ്ങിനും, തൊഴിലാളികളുടെ അഭാവം മൂലം വിളവെടുപ്പ് പ്രശ്നമാകുന്ന സാഹചര്യമാണിപ്പോൾ. പഞ്ചായത്തിന്റെ നേതൃത്വത്തിൽ തെങ്ങുകയറ്റ യന്ത്രം ലഭ്യമാക്കേണ്ടതാണ്.

### 23.7 മറ്റ് നിർദ്ദേശങ്ങൾ

1. റബ്ബർ തോട്ടങ്ങളിൽ ഇടവിളയായി പൈനാപ്പിൾ കൃഷി വ്യാപകമാക്കുന്നതുവഴി വരുമാനം വർദ്ധിപ്പിക്കാം.

2. തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുന്നത് റബ്ബർ തോട്ടങ്ങളുടെ മെച്ചപ്പെട്ട ഉത്പാദനത്തിനും സാമ്പത്തിക ലാഭത്തിനും വഴിതെളിക്കും.

3. ഉത്പാദന ക്ഷമത കൂടുതലുള്ള കുരുമുളകിനങ്ങൾ കൃഷി ചെയ്യുന്നതിലൂടെ കുരുമുളക് കൃഷി കൂടുതൽ ആദായകരമാക്കാം.

4. വീട്ടുമുറ്റത്തെ ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിക്കുക

## 23.8 ധനകാര്യം

കാർഷിക മേഖലയിൽ കൊണ്ടുവരുന്ന പദ്ധതികളുടെ ചിലവ് പട്ടിക 23.4 ൽ കാണിച്ചിരിക്കുന്നു.

| ക്രമ നം. | ഇനം | ചിലവ് |
|---|---|---|
| 1 | കാർഷിക–അനുബന്ധ പ്രവർത്ത്ന വികസന കേന്ദ്രം, (കർഷക തൊഴിലാളി ബാങ്ക്, കർഷക കൂട്ടായ്മ, കാർഷിക യന്ത്രങ്ങൾ, കാർഷിക പണിയായുധങ്ങൾ, വിത്ത്, വളം മുതലായവ) | 1600000 |
| 2 | തെങ്ങി കൃഷി–ജലസേചനം | 400000 |
| 3 | തെങ്ങ്–മുറിക്കലും, പുതിയ തൈ വിതരണവും | 500000 |
| 4 | **നെല്ല്–ഗ്രൂപ്പ് ഫാമിംഗ് അടിസ്ഥാനത്തിൽ** | 2011800 |
| 5 | പച്ചക്കറി കൃഷി വികസനം | 168000 |

<<< previous | contents | next >>>

# അദ്ധ്യായം 24

# ജലസംരക്ഷണവും ജലസേചനവും

*കാർഷിക മേഖലയെ ആശ്രയിച്ചു കഴിയുന്ന, പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൽ ജലസംരക്ഷണവും ജലസേചനവും പ്രാധാന്യമർഹിക്കുന്ന വിഷയങ്ങൾ തന്നെയാണ്. ജലസംരക്ഷണത്തിനും ജലസേചനത്തിനുമായി ആശ്രയിക്കാവുന്ന മാർഗ്ഗങ്ങളാണ് ഈ അദ്ധ്യായത്തിൽ വിവരിക്കുന്നത്.*

## 24.1 ജലസംരക്ഷണ നിർദ്ദേശങ്ങൾ

പൂയപ്പള്ളി പഞ്ചായത്തിന്റെ ചരിവുകളും താഴ്ചകളും നിറഞ്ഞ ഭൂപ്രകൃതി ഉപയോഗപ്പെടുത്തി ജലസംരക്ഷണ പദ്ധതികൾ താഴെ പറയുന്ന രീതിയിൽ നടപ്പിലാക്കാം.

- കോണ്ടൂർ ബണ്ടുകൾ ഉപയോഗപ്പെടുത്തി
- ചിറകളുടെയും ആറിന്റെയും സൈഡ് ഭിത്തി കെട്ടി സംരക്ഷിക്കുന്നതു വഴി
- കോണ്ടൂറുകളുടെ അടിസ്ഥാനത്തിൽ ഏറ്റവും താഴ്ന്ന പ്രദേശം കണ്ടെത്തി അവിടെ വെള്ളം സംഭരിക്കുവാനുള്ള സജ്ജീകരണം ഒരുക്കുക.
- പുരയിടങ്ങളിൽ തന്നെ മഴവെള്ളം കിനിഞ്ഞിറങ്ങുന്നതിനുള്ള മഴക്കുഴികൾ നിർമ്മിച്ചുകൊണ്ട്

### 24.1.1 കോണ്ടൂർ ബണ്ടുകൾ

കോണ്ടൂർ ബണ്ടുകൾ രണ്ടു തട്ടിലായി കൊടുക്കാനാണുദ്ദേശിക്കുന്നത്. $30^0$ കോണ്ടൂർ വരുന്നിടത്തും $40^0$ കോണ്ടൂർ വരുന്നിടത്തും രണ്ടു ബണ്ടുകൾ കെട്ടുന്നതുവഴി പഞ്ചായത്തിലെ ചെറു നീർത്തടം C പെയ്യുന്ന മഴവെള്ളം മുഴുവൻ സംഭരിച്ച് ഭൂഗർഭജല നിരപ്പ് താഴാതെ സൂക്ഷിക്കും ഇതുവഴി കുടിവെള്ള ക്ഷാമവും ഒരു പരിധിവരെ നിയന്ത്രിക്കാം. കൂടാതെ ഭൂമിയുടെ ഫലഭൂയിഷ്ടത വർദ്ധിക്കപ്പെടും, മണ്ണൊലിപ്പ് തടയപ്പെടും. കോണ്ടൂർ ബണ്ടുകൾ വഴി ജലസംരക്ഷണം നടത്തുന്ന മേഖല ചിത്രം 24.1 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 24.1 കോണ്ടൂർ ബണ്ടുകൾ വഴി ജലസംരക്ഷണം*

ഇങ്ങനെ ചെയ്യുന്നത് വഴി 1215 ഹെക്ടർ പ്രദേശത്ത് നിന്ന് 40 ദശലക്ഷം ലിറ്റർ വെള്ളം ഒരു വർഷം ഭൂമിയിലേക്ക് താഴ്ത്തപ്പെടും. ഇപ്രകാരം കോണ്ടൂർ ബണ്ടുകൾ നിർമ്മിക്കുന്നതിന് ഏകദേശം 11 ലക്ഷം രൂപ ചിലവു വരുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിന്റെ വിശദാംശങ്ങൾ ചിത്രം 24.2 ലും പട്ടിക 24.1 ലും കാണിച്ചിരിക്കുന്നു.




*ചിത്രം 24.2 കോണ്ടൂർ ബണ്ടുകൾ*

*പട്ടിക 24.1 കോണ്ടൂർ ബണ്ടുകൾ*

| ക്രമ നം. | കോ ൂർ | നീർത്തടം | നീളം (കി. മീ) | ചിലവ് |
|---|---|---|---|---|
| 1 | 30 ഡിഗ്രി | നീർത്തടം C | 12 | 660000 |
| 2 | 40 ഡിഗ്രി | നീർത്തടം C, B | 8 | 440000 |

## 24.1.2 ഇത്തിക്കരയാറിന്റെ സംരക്ഷണം

പൂയപ്പള്ളി പഞ്ചായത്തിന്റെ പടിഞ്ഞാറ് അതിര് ചേർന്ന് 5.4 കി.മീ. നീളത്തിൽ ഉള്ള ഇത്തിക്കരയാർ മണ്ണിടിച്ചിലും മറ്റും മൂലം ശോചനീയാവസ്ഥയിലാണുള്ളത്. സൈഡ് ഭിത്തി കെട്ടിയും 50 മീ. ദൂരത്തേക്ക് നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രിച്ചും ആറിനെ സംരക്ഷിക്കാവുന്നതാണ്. പഞ്ചായത്തിൽ ഇത്തിക്കരയാറിന്റെ സ്ഥാനം ചിത്രം 24.3 ൽ കാണിച്ചിരിക്കുന്നു.






*ചിത്രം 24.3 ഇത്തിക്കരയാർ*

### 24.1.3 കൃത്രിമ തടാകം

പഞ്ചായത്തിന്റെ തെക്ക് ഭാഗത്തെ അതിരിനോട് ചേർന്ന് ഇത്തിക്കരയാറിന്റെ തീരത്തായി പ്രകൃത്യാ ഉള്ള ഒരു ചരിവ് (10° കോണ്ടൂർ) ഉപയോഗപ്പെടുത്തിയാണിത് സാധിക്കുന്നത്. ഏകദേശം 20 സെന്റ് സ്ഥലമാണിതിനുവേണ്ടി വരുന്നത്. ഇങ്ങനെ സംഭരിക്കുന്ന ജലം കാർഷികാവശ്യത്തിനുവേണ്ടി പമ്പ് ചെയ്യാവുന്നതാണ്. കമ്മ്യൂണിറ്റി തല ജലസേചനത്തിന് ഇതുപയോഗപ്പെടുത്താവുന്നതാണ്. നീർത്തടം D ആണിതുകൊണ്ട് പ്രയോജനം ലഭിക്കുന്ന പ്രദേശം. ഇതിന്റെ സ്ഥാനം ചിത്രം 24.4 ൽ കാണിച്ചിരിക്കുന്നു.



*ചിത്രം 24.4 കൃത്രിമ തടാകത്തിന്റെ സ്ഥാനം*

## 24.2 ജലസേചനം

ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്തിലെ തന്നെ ചിറകളെ ഉപയോഗപ്പെടുത്താവുന്നതാണ്. പഞ്ചായത്തിലെ നിരവധി ചിറകളിൽ പ്രധാനപ്പെട്ടതും വേനലിലും വറ്റാത്തതുമായ മൂന്നു ചിറകൾ സൈഡ് ഭിത്തി കെട്ടി സംരക്ഷിക്കുന്നതിലൂടെ ജലസേചനത്തിനും, ശുദ്ധജലത്തിനുമുള്ള സ്രോതസ്സായി ഉപയോഗിക്കാം. ചിറകളുടെ സ്ഥാനം ചിത്രം 24.5 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 24.5 ചിറകൾ*

നീർത്തടം A യിൽ വരുന്ന കക്കാട് ചിറ, നീർത്തടം C യിൽ വരുന്ന പാലൂർക്കോണം ചിറ, നീർത്തടം D യിൽ വരുന്ന ചെങ്കുളം ചിറ എന്നിവയാണ് ഈ ചിറകൾ. ഇവയെല്ലാം ഓരോ പാടശേഖരങ്ങളുടെ തലക്കുളങ്ങളായി വർത്തിക്കുവാൻ സാധിക്കുന്നവയാണ്.

## 24.3 ധനകാര്യം

ജലസംരക്ഷണ, ജലസേചന മേഖലകളിൽ കൊണ്ടുവരുന്ന പദ്ധതികളുടെ ചിലവ് പട്ടിക 24.2 ൽ കാണിച്ചിരിക്കുന്നു.

| ക്രമ നം. | ഇനം | ചിലവ് |
|---|---|---|
| 1 | കോ ൂർ ബ ് | 1100000 |
| 2 | ഇത്തിക്കര ആറ്– പാർശ്വസംരക്ഷണം | 1890000 |
| 3 | മഴവെള്ള സംഭരണം | 500000 |
| 4 | തെരഞ്ഞെടുത്ത ചിറകളുടെ പാർശ്വസംരക്ഷണം | 900000 |

<<< previous | contents | next >>>

# അദ്ധ്യായം 25

# മൃഗസംരക്ഷണം

*കാർഷിക പ്രധാനമായ പൂയപ്പള്ളി പഞ്ചായത്തിൽ മൃഗസംരക്ഷണ, ക്ഷീരവികസന പ്രവർത്ത നങ്ങൾക്ക് വലിയ സാധ്യതയുണ്ടെന്ന് വിശകലനങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. ശരാശരി പുരയിട വിസ്തീർണ്ണം സൂചിപ്പിക്കുന്നത് ഇവിടങ്ങളിൽ എല്ലായിടത്തും കാർഷിക വൃത്തിക്കൊപ്പം അനുബന്ധ പ്രവർത്തനമായി മൃഗസംരക്ഷണ പ്രവർത്തനങ്ങളും കൊണ്ടുപോകുന്നതിനുള്ള സാധ്യതയാണ്.*

## 25.1 മൃസംരക്ഷണ മേഖല- നിർദ്ദേശങ്ങൾ

കൃഷിയുടെ അനുബന്ധ മേഖലയായ മൃഗസംരക്ഷണം പരമാവധി പോഷിപ്പിക്കന്നതി നാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഒരു വീട്ടിൽ ഒരു പശു എന്നുള്ള ചിന്താഗതിയിൽ നിന്നു മാറി പശു വളർത്തലിനെ ഒരു വ്യവസായമായി കണ്ടുകൊണ്ട് കൂടുതൽ പശുക്കളെ വളർത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയാൻ മാത്രമേ ക്ഷീരമേഖലയിൽ കാര്യമായ വരുമാന വർദ്ധനവ് ഉണ്ടാ ക്കുവാൻ സാധിക്കുകയുള്ളൂ.

അതുപോല തന്നെ കഴിഞ്ഞ 5 വർഷങ്ങളിലായി ആടുകളുടെ എണ്ണം ഗണ്യമായി വർദ്ധി ച്ചിരിക്കുന്നതും ശ്രദ്ധേയമായ കാര്യമാണ്. വർദ്ധിച്ച ഇറച്ചി വിലയും ഒറ്റ പ്രസവത്തിൽ 2-3 കുട്ടി കളെ കിട്ടും എന്നുള്ളതും ഈ മേഖലയിലെ അനുകൂല ഘടകങ്ങളാണ്. ഇത്തരുണത്തിൽ കുറഞ്ഞ സമയത്തിനുള്ളിൽ കൂടുതൽ ഇറച്ചി ഉൽപ്പാദിപ്പിക്കാവുന്ന സങ്കരയിനം ആടുകളെ വളർത്തൽ കൂടിയ തോതിൽ ജനകീയമാക്കി കൊണ്ടുവരാനാകും

കോഴി വളർത്തലിന്റെ മേഖലയിൽ മുട്ടക്കോഴി വളർത്തലിന് ഊന്നൽ നൽകുന്നതാണ് കർഷകർക്ക് കുറച്ച് സമയത്തിൽ കൂടുതൽ വരുമാനം നൽകുന്നത്. എന്നാൽ നമ്മുടെ അടുക്കള മുറ്റത്തെ 5-10 വരെ കോഴികൾ എന്ന ചിന്താഗതിയിൽ നിന്നും മാറി 100-500 വരെ കോഴികളുടെ ചെറുകിട യൂണിറ്റുകൾ ഈ മേഖലയിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കും.

വിദ്യാഭ്യാസപരമായി കേരളം വളരെയധികം പുരോഗമിച്ചെങ്കിലും പലപ്പോഴും മൃഗസംര ക്ഷണവുമായി ബന്ധപ്പെട്ട് കർഷകർ വളരെ പരമ്പരാഗതമായി മാത്രമേ ചിന്തിച്ചു പ്രവർത്തിക്കാ റുള്ളൂ. ഇത്തരുണത്തിൽ കർഷകരുടെ ചിന്താഗതികൾ മാറ്റുകയും അതുവഴി നൂതനമായ ആവി ഷ്ക്കാരങ്ങൾ ഈ മേഖലയിൽ പ്രാവർത്തികമാക്കുകയും ചെയ്യണമെങ്കിൽ ചിട്ടയായ ബോധ വൽക്കരണം അനിവാര്യമാണ്. തിരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് മാസത്തിലൊരിക്കൽ ക്ലാസു കൾ നൽകുന്നത് വഴി വലിയ മാറ്റങ്ങൾ ഭാവിയിൽ ഉണ്ടാക്കുവാൻ സാധിക്കും.

മേൽ പറഞ്ഞ കാര്യങ്ങൾ പരിഗണിച്ചു കൊണ്ട് ഈ മേഖലയ്ക്കു സഹായകരമായേക്കും എന്നു തോന്നുന്ന ചില പദ്ധതികൾ താഴെ കുറിക്കുന്നു.

### 25.1.1 പശു വളർത്തൽ

ഓരോ വാർഡിൽ നിന്നും 5 കർഷകരെ ഉൾപ്പെടുത്തിയ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് 10 പശുക്കളുടെ ചെറിയ ഫാം യൂണിറ്റുകൾ നൽകുക. ബാങ്കുകളുമായി സഹകരിച്ച് ലോൺ സൗകര്യം ഏർപ്പെടുത്താവുന്നതാണ്. ഫാമിനു വേണ്ട സ്ഥലവും മറ്റു ഗുണഭോക്തൃ വിഹിതമായി എടുക്കാവുന്നതാണ്. ഒരു വാർഡിൽ 2 സംഘങ്ങൾ ഉണ്ടെങ്കിൽ തന്നെ 30 ഫാമുകളിൽ നിന്ന് (300 പശുക്കൾ) ഒരു ദിവസം ഏകദേശം 3000 ലിറ്റർ പാൽ ഉൽപാദിപ്പിക്കുവാൻ സാധിക്കും (മാസം 90000 ലിറ്റർ). അതായത് ഇപ്പോൾ ഈ പഞ്ചായത്തിൽ മൊത്തം ഉത്പാദിപ്പിക്കുന്ന അത്രയും തന്നെ പാൽ ഈ 30 ഫാമുകൾ വഴി അധികമായി ഉത്പാദിപ്പിക്കുവാൻ സാധിക്കുന്നു. ഒരു യൂണിറ്റിന് ഒരു ദിവസം 100 ലിറ്റർ പാൽ ഉത്പാദിപ്പിക്കുവാൻ സാധിക്കുന്നു. ഏകദേശം 1200/– രൂപയോളം ഈയിനത്തിൽ ദിവസ വരുമാനം ഉണ്ടാകുന്നു. 36000/– രൂപ മാസ വരുമാനത്തിൽ ഏകദേശം 21000/– രൂപയോളം തീറ്റക്കും മറ്റുമായി ചിലവാകും. ബാക്കി 15000/– രൂപയിൽ ലോൺ തിരിച്ചടവും കഴിഞ്ഞ് നല്ലൊരു തുക മിച്ചം പിടിക്കാൻ സാധിക്കുന്നു. കൂടാതെ ചാണകം, കന്നുകുട്ടികൾ വഴിയുണ്ടാകുന്ന വരുമാനം, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ മുതലായവയൊക്കെ ഈ പദ്ധതിയുടെ മറ്റു മെച്ചങ്ങളാകുന്നു.

പഞ്ചായത്തിൽ ഉത്പാദിപ്പിക്കുന്ന പാൽ ഇവിടെ തന്നെ വിപണനം ചെയ്യുന്നതിനു സൊസൈറ്റികൾ രൂപീകരിക്കുക വഴി പാലിന്റെ ഉപഭോഗത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ സാധിക്കുന്നു.

ഭാവിയിൽ വർദ്ധിച്ചു വരുന്ന മൃഗസമ്പത്തിന് വേണ്ട തീറ്റയും മറ്റും ശേഖരിക്കുന്നതിനും അതിന്റെ വിപണനത്തിനും ആയി സംഭരണ ശാലകളും അതിലേക്ക് സ്റ്റാഫുകളെയും വച്ച് വീണ്ടും തൊഴിലവസരങ്ങൾ സൃഷ്ടിക്കാവുന്നതാണ്.

ഇൻഷുറൻസ് പദ്ധതിയിലും നൂതനമായ കാഴ്ചപ്പാടുകൾ കൊണ്ടു വരേണ്ടതാണ്. കർഷകർക്ക് വളരെയധികം സാമ്പത്തിക ബാധ്യത വരുത്തുന്നത് ചികിത്സ ഇനത്തിലാണ്. ചികിത്സയ്ക്കുള്ള ചിലവ് കൂടി ഇൻഷുറൻസ് വഴി ലഭിക്കുന്ന തരത്തിലുള്ള പോളിസികൾ രൂപീകരിക്കുകയും അത് മേൽപറഞ്ഞ പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്താൽ കർഷകർക്ക് വളരെ സഹായകരമാകും.

**പദ്ധതിയുടെ മെച്ചങ്ങൾ**

1. 30 ഫാമുകളിൽ നിന്നായി 3000 ലിറ്റർ അധിക പാലുല്പാദനം
2. ഒരു യൂണിറ്റിൽ നിന്നുള്ള മാസവരുമാനം ഇന്നത്തെ നിരക്കിൽ 36000 രൂപ
3. കൂടുതൽ തൊഴിൽ അവസരങ്ങൾ
4. പാലുല്പാദനത്തിലെ സ്വയം പര്യാപ്തത

### 25.1.2 ആടു വളർത്തൽ

ആടുകളുടെ എണ്ണം ഗണ്യമായി വർദ്ധിക്കുന്നതായിട്ടാണ് കേരളത്തിലെ കണക്കുകകൾ സൂചിപ്പിക്കുന്നത്. ഇറച്ചിയുടെ കൂടിയ വിലയും, ഒരു പ്രസവത്തിൽ കൂടുതൽ കുട്ടികളെ കിട്ടുന്നതും താരതമ്യേന നോക്കി നടത്താൻ ഉള്ള എളുപ്പവുമാണ് ഈ മേഖലയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നത്. പാലിലും മുട്ടയിലും ഇറച്ചി കോഴിയിലും ഒക്കെയുള്ളതു പോലെ അയൽ സംസ്ഥാനങ്ങളുടെ കടന്നുകയറ്റവും ആടുകളുടെ കാര്യത്തിൽ ഇല്ല. മേൽപ്പറഞ്ഞ ഘടകങ്ങളെയെല്ലാം മുതലെടുക്കുകയാണെങ്കിൽ ഈ പഞ്ചായത്തിലെ മാത്രമല്ല കേരളത്തിലെ തന്നെ നിലവിലുള്ള അവസ്ഥ, ആടുവളർത്തലിനു ഏറ്റവും അനുയോജ്യമാണ്. ഇത്തരുണത്തിൽ നമ്മുടെ നാടൻ ആടുകളിൽ നിന്നു വ്യത്യസ്തമായി കുറഞ്ഞ സമയത്തിനുള്ളിൽ കൂടുതൽ ഇറച്ചിയും അതേസമയം ഒറ്റ പ്രസവത്തിൽ കൂടുതൽ കുട്ടികളെ നൽകുകയും ചെയ്യുന്ന സങ്കരയിനം ആടുകളെ വികസിപ്പിച്ച് എടുക്കുന്നത് ഏറെ ലാഭകരമായിരിക്കും.

ഇത്തരത്തിലുള്ള 10 ആടുകളുടെ ഒരു യൂണിറ്റ് വച്ച് ഓരോ വാർഡിലും നൽകുന്നത് തുടക്കമെന്ന നിലയ്ക്ക് യുക്തമായിരിക്കും. ഇതിൽ 1 മുട്ടനാടും ബാക്കിയുള്ളവ പെണ്ണാടുകളും ആയിരിക്കണം. മുട്ടനാട് ജമ്നാപാദി, ബീറ്റൻ, സിരോഹി മുതലായ ഇനങ്ങളായിരിക്കണം. പെണ്ണാടുകൾ നമ്മുടെ നാടൻ ആടുകളായാൽ മതി. കൂടും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഗുണഭോക്തൃ വിഹിതമായി ചെയ്യിക്കേണ്ടതാണ്. ഇത്തരം സങ്കരയിനം ആട്ടിൻ കുട്ടികൾ വളരെ വേഗം ഇറച്ചി വയ്ക്കുന്നവയാണ് എന്നതാണ് പ്രത്യേകത. നമ്മുടെ നാടൻ ആട്ടിൻകുട്ടികൾ 7–8 കിലോ ഭാരം ആകുമ്പോഴേക്കും സങ്കരയിനം കുട്ടികൾ 15–20 കിലോ വരെ ഭാരം എത്തുന്നു. അതായത് കർഷകന് ഏതാണ്ട് ഇരട്ടിയോളം ഇറച്ചി മൂല്യം ലഭിക്കുന്നു. കുട്ടികളെ വിൽക്കുക വഴി ക്രമേണ ഈ സങ്കരയിനങ്ങളെ നമ്മുടെ നാട്ടിൻപുറങ്ങളിലെ സ്ഥിരം കാഴ്ചയാക്കി മാറ്റുവാനും സാധിക്കുന്നു (കഴിഞ്ഞ 15 വർഷങ്ങൾ കൊണ്ട് കൃത്രിമ ബീജ സങ്കലനത്തിലൂടെ സങ്കരയിനം പശുക്കളെ നമ്മൾക്ക് ജനകീയമാക്കാൻ സാധിച്ചത് ഇതുമായി താരതമ്യം ചെയ്യാവുന്നതാണ്.) ഈ യൂണിറ്റുകളിൽ ഉണ്ടാവുന്ന കുട്ടികളെ തന്നെ വരും വർഷങ്ങളിലെ പുതിയ യൂണിറ്റുകൾക്ക് നൽകിക്കൊണ്ട് ഈ മേഖലയെ വളരെ കുറച്ച് സമയം കൊണ്ട് വികസിപ്പിക്കാവുന്നതാണ്.

ധനകാര്യ വിശകലനം

ചെലവ് ഒരു യൂണിറ്റിന്

| | |
|---|---|
| ആടുകളുടെ വില | – 50,000 |
| കൂടുണ്ടാക്കുന്ന ചിലവ് | – 15,000 |
| ആകെ ചിലവ് | – 65,000 |
| വരവ് ഒരു യൂണിറ്റിന് | – 1,05,000 |
| ലാഭം | – 40,000 |

ഒരു വർഷം 30–35 കുട്ടികൾ ഒരു യൂണിറ്റിൽ നിന്നു ഉണ്ടാകുന്നു. ഈ കുട്ടികൾ 6 മാസം പ്രായമാകുമ്പോൾ ഏകദേശം 20–24 കിലോ വരെ എത്തുന്നു. ഇപ്പോഴത്തെ ഇറച്ചി വില പ്രകാരം ഏകദേശം ഒരു കുട്ടിക്ക് 3000/ രൂപാ ക്രമത്തിൽ മൊത്തം 1,05,000/– വരുമാനം ലഭിക്കുന്നു. ഇതേ ക്രമത്തിൽ സ്ഥായിയായി ഏകദേശം 3 കൊല്ലത്തോളം വരുമാനം ലഭിക്കുമ്പോഴേക്കും ആദ്യത്തെ സ്റ്റോക്കിനെ മാറ്റി പുതിയത് കൊണ്ടുവരിക.

### 25.1.3 മുട്ടക്കോഴി വളർത്തൽ

നമ്മുടെ നാട്ടിൻപുറങ്ങളിൽ ഒട്ടുമിക്ക വീടുകളിലും 5–10 വരെ കോഴികളെ മുട്ടക്കായും ഇറച്ചിക്കായും വളർത്തുന്നുണ്ടെങ്കിലും, കോഴി വളർത്തൽ സ്ഥായിയായ വരുമാന മാർഗ്ഗമായി മാറിയിട്ടില്ല. എന്നാൽ കുറച്ചുകൂടി വലിയ യൂണിറ്റുകൾ നൽകുന്നത് വഴി സ്ഥിരമായ മാസവരുമാനം ഈ ഇനത്തിൽ ഉണ്ടാക്കുവാൻ സാധിക്കുന്നു എന്നതു മാത്രമല്ല കൂടുതൽ കൂടുതൽ പേരെ ഈ മേഖലയിലേക്ക് ആകർഷിക്കുവാനും കഴിയുന്നു.

100 കോഴികളുടെ യൂണിറ്റുകൾ 1 വാർഡിൽ 1 എന്ന നിരക്കിൽ തുടക്കമെന്ന നിലയ്ക്ക് നൽകാവുന്നതാണ്. കോഴികളുടെ വിലയിനത്തിൽ 5000/– രൂപയും മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്ക് 3000/–രൂപയും ചിലവാകും. 100 കോഴികളിൽ 75 എണ്ണം ഒരു ദിവസം മുട്ടയിടും എന്നു കണക്കുകൂട്ടിയാൽ തന്നെ ഒരു മാസം 2250 മുട്ടയോളം ലഭിക്കും. നാടൻ മുട്ടയാണെന്നതിനാൽ മുട്ടയൊന്നിന് $2^1/_2$ രൂപയോളം ലഭിക്കും. ഈയിനത്തിൽ മാസം 5625/– രൂപ വരുമാനം ലഭിക്കുന്നു. ഇതിൽ പകുതിയോളം തീറ്റയ്ക്കും മറ്റും ചിലവായാലും ഏകദേശം 2500/– രൂപയോളം മാസം വരുമാനം ലഭിക്കുന്നു. അങ്ങനെ വർഷത്തിൽ 30,000/– രൂപയോളം വരുമാനം ലഭിക്കുന്നു എന്നതിനുപരി നമ്മുടെ പഞ്ചായത്തിൽ തന്നെ 15 വാർഡുകളിലായി ഒരു വർഷം 4,05,000 മുട്ടകൾ ഉത്പാദിപ്പിക്കപ്പെടുന്നു. അന്യ സംസ്ഥാനങ്ങളിൽ നിന്നു മുട്ടയെ ആശ്രയിച്ചു കഴിയുന്ന ഇപ്പോഴത്തെ സ്ഥിതിയിൽ ഇങ്ങനെയൊരു പദ്ധതി വഴി അടുത്ത 5 കൊല്ലങ്ങൾ കൊണ്ടുതന്നെ മുട്ടയുടെ ഉത്പാദനത്തിൽ നമുക്ക് സ്വയംപര്യാപ്തത കൈവരിക്കുവാൻ സാധിക്കുന്നു.

## 25.2 പശ്ചാത്തല സൗകര്യങ്ങൾ

മൃഗസംരക്ഷണ മേഖലയിലെ മുകളിൽ വിവരിച്ച പ്രവർത്തനങ്ങൾ കാര്യക്ഷമമായി തടസങ്ങളില്ലാതെ നടക്കാൻ നിരവധി സൗകര്യങ്ങൾ ബ്ലോക്ക് തലത്തിലും പഞ്ചായത്ത് തലത്തിലും ലഭ്യമാക്കേണ്ടതുണ്ട്.

1. ബ്ലോക്കു തലത്തിൽ പരിശീലന കേന്ദ്രം, ലബോറട്ടറികൾ, നഴ്സറികൾ, കാലിത്തീറ്റ വിതരണ കേന്ദ്രങ്ങൾ മുതലായവ ഉണ്ടാകേണ്ടതുണ്ട്.
2. പഞ്ചായത്തു തലത്തിൽ ഡിസ്പെൻസറികൾ, സംയോജിത കാലിവളർത്തൽ സബ് സെന്റർ, ആധുനിക രീതിയിലുള്ള വിപണന മാർഗ്ഗങ്ങൾ, മേളകൾ നടത്താനുള്ള സൗകര്യങ്ങൾ, അധികം വരുന്ന ഉൽപ്പന്നങ്ങൾ സംഭരിച്ച് സൂക്ഷിക്കുന്നതിനോ അടുത്ത സംഭരണ ശാലയിലെത്തിക്കുന്നതിനോ ഉള്ള സൗകര്യം ഉണ്ടാകണം.

കൊല്ലം ജില്ലയുടെ സംയോജിത വികസന കാഴ്ചപ്പാടിൽ മൃഗസംരക്ഷണ മേഖലയിൽ കൊണ്ടുവരേണ്ട പശ്ചാത്തല സൗകര്യങ്ങൾ അവയുടെ സ്ഥാനം ഉൾപ്പെടെ നിർണ്ണയിച്ചിട്ടുണ്ട്. (ചിത്രം 25.1 കാണുക).




*ചിത്രം 25.1 മൃഗസംരക്ഷണ മേഖലയിലെ പശ്ചാത്തല സൗകര്യങ്ങൾ – സംയോജിത ജില്ലാ വികസന രൂപരേഖ പ്രകാരം*

ഇതുപ്രകാരം പൂയപ്പള്ളി പഞ്ചായത്തിൽ ഒരു ബീജസങ്കലന കേന്ദ്രം നിർദ്ദേശിച്ചിട്ടുണ്ട്. നിലവിലെ വെറ്റിനറി ആശുപത്രിയോടനുബന്ധിച്ച് അത് ആരംഭിക്കാവുന്നതാണ്. സമീപ പഞ്ചായത്തുകളായ കല്ലുവാതുക്കൽ, നെടുമ്പന, കരീപ്ര, വെളിയം, കൊട്ടാരക്കര, അഞ്ചൽ എന്നിവിടങ്ങളിൽ നിന്ന് തീറ്റപുൽകൃഷി നഴ്സറി, പാൽ സംസ്ക്കരണ പ്ലാന്റ്, കാലിത്തീറ്റ ഉല്പാദന കേന്ദ്രം, മാംസ സംസ്ക്കരണ പ്ലാന്റ് തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാകും.

## 25.3 ധനകാര്യം

മൃഗസംരക്ഷണ മേഖലയിൽ കൊണ്ടുവരുന്ന പദ്ധതികളുടെ ചിലവ് പട്ടിക 25.1 ൽ കാണിച്ചിരിക്കുന്നു.

| ക്രമ നം. | ഇനം | ചിലവ് |
|---|---|---|
| 1 | പശുവളർത്തൽ യൂണിറ്റുകൾ | 900000 |
| 2 | ആടു ഫാമുകൾ | 390000 |
| 3 | മുട്ടക്കോഴി വളർത്തൽ | 48000 |

<<< previous contents next >>>

# അദ്ധ്യായം 26

# വ്യവസായ മേഖല

*പ്രാദേശിക വിഭവങ്ങളുടെ മൂല്യ വർദ്ധനവിനുതകുന്ന വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് ഈ മേഖലയിൽ സ്വീകരിച്ചിരിക്കുന്നത്. നിലവിലുള്ള ചെറുകിട, കുടിൽ വ്യവസായങ്ങൾ അതേ രീതിയിൽ തുടർന്നു കൊണ്ടുപോകുകയും, പുതിയ ചെറുകിട സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയുമാണ് ചെയ്യേണ്ടത്.*

## 26.1 നിർദ്ദേശങ്ങൾ

1. നിലവിലെ കശുവണ്ടി ഫാക്ടറികളും, ഹോളോബ്രിക്സ് യൂണിറ്റുകളും അതേപടി തുടരും. അവയുടെ തൊഴിലാളികളുടെ തൊഴിൽ അന്തരീക്ഷം മെച്ചപ്പെടുത്താൻ ശ്രമിക്കാവുന്നതാണ്.

2. മറ്റൊരു പ്രധാനപ്പെട്ട പ്രവർത്തനമേഖല കരിങ്കൽ ഖനനമാണ്. പഞ്ചായത്തിന്റെ കിഴക്ക് ഭാഗത്തായി വരുന്ന പാറമടകളിൽ ഖനനം നടത്തുന്നുണ്ട്. പഞ്ചായത്തിന് വരുമാനം നൽകുന്ന മാർഗ്ഗമായ്, പൊതുജനങ്ങൾക്കു ദോഷമില്ലാത്ത രീതിയിൽ ഇവയെ വളർത്തിക്കൊണ്ടുവരാവുന്നതാണ്. കരിങ്കല്ല് ലോഡ് ഒന്നിന് ഒരു നിശ്ചിത തുക പഞ്ചായത്തിലേക്ക് വരുമാനമായി മുതൽക്കൂട്ടുകയും അത് അവിടെ പണിയെടുക്കുന്നവർക്ക് ആനുകൂല്യമായി നൽകുകയും അവരുടെ കുടുംബങ്ങളുൾപ്പെടെയുള്ളവരുടെ ആരോഗ്യ, വിദ്യാഭ്യാസ ഉന്നമനത്തിനായി ചില വഴിക്കുകയും വേണം.

3. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ടു കൈത്തറി യൂണിറ്റുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

പഞ്ചായത്തിൽ നാൽക്കവല വാർഡിൽ പ്രവർത്തന സജ്ജമായിരിക്കുന്ന ഏകദേശം 40 സെന്റോളം വിസ്തൃതിയുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്രവർത്തന ക്ഷമമാക്കാവുന്നതാണ്. കാർഷിക മേഖലയിലും, മൃഗസംരക്ഷണ മേഖലയിലും പ്രവർത്തനങ്ങൾ സജീവമാകുമ്പോൾ ഉണ്ടാകുന്ന അധിക ഉല്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കുന്ന വിവിധ യൂണിറ്റുകൾ ഇവിടെ ആരംഭിക്കാവുന്നതാണ്.

1. കാർഷിക മേഖലയിൽ നവീന കൃഷിരീതികളിലൂടെ കൂടുതൽ ഉത്പാദനം ഉണ്ടാകുമ്പോൾ കർഷകന് ഗുണകരമാകുന്ന രീതിയിൽ അത് വിപണനം ചെയ്യാൻ ഒരു സംരംഭം തുടങ്ങാവുന്നതാണ്. ഇതിനായി നെല്ല് സംഭരിച്ച് അരിയാക്കി പായ്ക്ക് ചെയ്ത് വിപണനം നടത്തുന്ന സൗകര്യങ്ങളോടുകൂടിയ ഒരു റൈസ് മിൽ ഇവിടെ തുടങ്ങാവുന്നതാണ്.

2. കീടബാധയും രോഗങ്ങളും മാറി തെങ്ങ് കൃഷി ഊർജ്ജിതമാക്കപ്പെടുന്ന സാഹചര്യത്തിൽ അധികമായി ഉത്പാദിപ്പിക്കപ്പെടുന്ന നാളീകേരം സംഭരിച്ച് വെളിച്ചെണ്ണയാക്കി വിപണനം ചെയ്യുന്ന ഒരു യൂണിറ്റ് തുടങ്ങാവുന്നതാണ്.

3. നാളികേരത്തിൽ നിന്നുല്പാദിപ്പിക്കാവുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഒരു യൂണിറ്റ് നാളീകേര വികസന ബോർഡിന്റെ സഹായത്തോടെ ആരംഭിക്കാവുന്നതാണ്.

4. തെങ്ങിൽ നിന്നും മറ്റും ലഭിക്കുന്ന പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് കൗതുക വസ്തുക്കൾ നിർമ്മിക്കുന്ന ഒരു യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

5. പച്ചക്കറി കൃഷി വിപുലമാകുന്ന സാഹചര്യത്തിൽ വിറ്റഴിക്കാനാകാതെ ബാക്കിവരുന്ന പച്ചക്കറികൾ കേടുവരാതെ സംഭരിച്ച് അവ കൊണ്ടുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന വനിതാ സഹകരണ യൂണിറ്റും ഇവിടെ തുടങ്ങാവുന്നതാണ്.

| ക്രമ നം. | ഇനം | ചിലവ് |
|---|---|---|
| 1 | അരി പായ്ക്കറ്റുകളിലാക്കി വിപണനം ചെയ്യുന്നത് ഉൾപ്പെടെയുള്ള നെല്ലു കുത്ത് മിൽ | 1000000 |
| 2 | തെങ്ങ്, പച്ചക്കറി എന്നിവയിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റ് | 1000000 |
| 3 | കൈത്തറി യുണിറ്റുകളുടെ വികസനം | 500000 |

<<< previous | contents | next >>>

# അദ്ധ്യായം 27

# ഗതാഗതം

*ഗതാഗത മേഖലയിൽ പൂയപ്പള്ളി പഞ്ചായത്തിൽ പദ്ധതി കാലയളവിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങളാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.*

കൊല്ലം ജില്ലയുടെ സംയോജിത ജില്ലാ വികസന രൂപരേഖയിൽ പൂയപ്പള്ളിക്ക് വളരെ പ്രയോജനപ്രദമായ നിർദ്ദേശങ്ങളുണ്ട്. റീജിയണൽ നെറ്റ്വർക്കിൽ പഞ്ചായത്തിന് പ്രയോജന പ്രദമായ മൂന്നു റോഡുകളാണുള്ളത്:

1. കൊല്ലം-ആയൂർ റോഡ്
2. കൊട്ടാരക്കര-ഓയൂർ റോഡ്
3. കണ്ണനല്ലൂർ-ആയൂർ റോഡ്

ഇതിൽ പഞ്ചായത്തിലെ കുരിശുംമൂട് ജംഗ്ഷൻ വഴി കടന്നുപോകുന്ന കൊല്ലം-ആയൂർ റോഡ് 21 മീറ്റർ വീതിയായും മറ്റു രണ്ടു റോഡുകളും 12 മീറ്റർ വീതിയായും ആണ് ഉയർത്തുന്നത്. പൂയപ്പള്ളി ഉൾപ്പെടുന്ന ഒരു റീജിയണൽ നെറ്റ്വർക്ക് ചിത്രം 27.1 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 27.1 റീജിയണൽ നെറ്റ്വർക്ക് -ജില്ലാ വികസന പദ്ധതി പ്രകാരം*

പഞ്ചായത്തിന്റെ ആഭ്യന്തര ഗതാഗത ശൃംഖലയിലെ റോഡുകളിൽ ഒന്നാംക്രമ റോഡുകളായി കണ്ടെത്തിയിട്ടുള്ളവയെ ലോക്കൽ പ്രൈമറി റോഡുകൾ എന്ന രീതിയിൽ 8 മീ വീതിയായും രണ്ടാം ക്രമ റോഡുകളായി കണ്ടെത്തിയിട്ടുള്ളവയെ ലോക്കൽ സെക്കണ്ടറി എന്ന രീതിയിൽ 5 മീ വീതിയായും ഉയർത്തേണ്ടതാണ്. പഞ്ചായത്തിലെ മംഗലത്ത് മുക്ക്, ചെപ്ര മുക്ക് എന്നീ രണ്ട് ജംഗ്ഷനുകളെ ബന്ധിപ്പിച്ചുകൊണ്ട് നിലവിലുള്ള റോഡിനെ ഒരു ലോക്കൽ സെക്കണ്ടറി റോഡായി 5 മീറ്റർ വീതിയിലേക്ക് കൊണ്ടുവരേണ്ടതുണ്ട്.

ഈ റോഡുകൾ ചിത്രം 27.2 ലും വിശദാംശങ്ങൾ പട്ടിക 27.1 ലും കാണിച്ചിരിക്കുന്നു.




*ചിത്രം 27.2 റോഡുകൾ- പൂയപ്പള്ളി പഞ്ചായത്ത്*

വികസനം ആവശ്യപ്പെടുന്ന ജംഗ്ഷനുകൾ

മേൽ പറഞ്ഞ റോഡുകളുടെ വികസനം പൂർത്തിയാകുമ്പോൾ ഇനി പറയുന്ന ജംഗ്ഷനുകളിൽ ഗതാഗത പരിഷ്ക്കരണം ഏർപ്പെടുത്തേണ്ടതാണ്.

1. മീയണ്ണൂർ ജംഗ്ഷൻ
2. പൂയപ്പള്ളി ജംഗ്ഷൻ
3. മൈലോട് ജംഗ്ഷൻ
4. മരുതമൺപള്ളി ജംഗ്ഷൻ
5. കുരിശുംമൂട് ജംഗ്ഷൻ

## ധനകാര്യം

ഗതാഗത മേഖലയിൽ കൊണ്ടുവരുന്ന പദ്ധതികളുടെ ചിലവ് പട്ടിക 27.1 ൽ കാണിച്ചിരിക്കുന്നു.

| ക്രമ നം. | ഇനം | ചിലവ് |
|---|---|---|
| 1 | ഒന്നാംക്രമ റോഡുകളുടെ വികസനം | 36445000 |
| 2 | ര ാംക്രമ റോഡുകളുടെ വികസനം | 25800000 |
| 3 | ജംഗ്ഷനുകളുടെ വികസനം | 1000000 |

# അദ്ധ്യായം 28

# കുടിവെള്ളം

*പൂയപ്പള്ളി പഞ്ചായത്തിലെ കുടിവെള്ള പ്രശ്നം തീർക്കാൻ പഞ്ചായത്തിലെ തന്നെ സ്രോതസ്സുകളെ ആശ്രയിക്കാനുള്ള നിർദ്ദേശങ്ങളാണ് ഈ അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നത്.*

വിശകലനങ്ങളിൽ നിന്ന് വ്യക്തമാകുന്നത് പൂയപ്പള്ളി ഗ്രാമ പഞ്ചായത്തിൽ തച്ചക്കോട് വാർഡിൽ ഭാഗികമായ കുടിവെള്ള ക്ഷാമവും പുന്നക്കോട്, മരുതമൺപള്ളി, ചെങ്കുളം, പയ്യക്കോട് എന്നീ വാർഡുകളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമവും ഉണ്ടെന്നാണ്. ഇവ പരിഹരിക്കാനുള്ള നിർദ്ദേശങ്ങളാണ് താഴെ പറഞ്ഞിരിക്കുന്നത്.

## 28.1 നിർദ്ദേശങ്ങൾ

1. കുടിവെള്ള ക്ഷാമം രൂക്ഷമായ ചെങ്കുളം, പയ്യക്കോട് എന്നീ വാർഡുകളുടെ അതിരു ചേർന്നാണ് ഇത്തിക്കര ആറ് ഒഴുകുന്നത്. ഇത്തിക്കര ആറിനെ ഉപയോഗപ്പെടുത്തി ഒരു പദ്ധതി ചെങ്കുളം വാർഡിൽ രൂപീകരിക്കാവുന്നതാണ്. നാലു വാർഡിലെ 8096 ഓളം വരുന്ന ജനങ്ങൾക്ക് ഉപയോഗപ്പെടുന്ന വിധത്തിൽ, ഏകദേശം 15 ലക്ഷം ലിറ്റർ വെള്ളം സംഭരിക്കാവുന്ന ഒരു സംഭരണി താരതമ്യേന ഉയർന്ന പ്രദേശമായ ചെങ്കുളം വാർഡിൽ സ്ഥാപിക്കാവുന്നതാണ്.

2. തച്ചക്കോട് വാർഡിലെ പ്രശ്നപരിഹാരത്തിന് അതേ വാർഡിലുള്ള മഠത്തിൽവാതുക്കൽ ചിറ ഉപയോഗപ്പെടുത്താവുന്നതാണ്. ഏകദേശം 2072 ഓളം വരുന്ന ജനങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്ന വിധത്തിൽ 6 ലക്ഷം ലിറ്റർ വെള്ളം സംഭരിച്ച് വിതരണം ചെയ്യാവുന്ന ഒരു സംവിധാനം തച്ചക്കോട് വാർഡിൽ സ്ഥാപിക്കാവുന്നതാണ്.

രണ്ടും പദ്ധതികൾക്കും ഉപയോഗിക്കുന്ന ജലസ്രോതസ്സുകളും ഉപയോഗം ലഭിക്കുന്ന വാർഡുകളും ചിത്രം 28.1 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 28.1 ജലസ്രോതസ്സുകളും വാർഡുകളും*

## 28.2 ധനകാര്യം

കുടിവെള്ള മേഖലയിൽ കൊണ്ടുവരുന്ന പദ്ധതികളുടെ ചിലവ് പട്ടിക 28.1 ൽ കാണിച്ചിരിക്കുന്നു.

| ക്രമ നം. | ഇനം | ചിലവ് |
|---|---|---|
| 1 | ഇത്തിക്കര കുടിവെള്ള പദ്ധതി | 1500000 |
| 2 | തച്ചക്കോട് കുടിവെള്ള പദ്ധതി | 600000 |

<<< previous contents next >>>

# അദ്ധ്യായം 29

# വിദ്യാഭ്യാസം

*പൂയപ്പള്ളിയിലെ വിദ്യാഭ്യാസ മേഖലയിൽ ആസൂത്രണ സൂചക പ്രകാരം ഒരു നാലാംക്രമ പഞ്ചായത്തെന്ന നിലയിൽ നിലവിലെ സൗകര്യങ്ങൾ പര്യാപ്തമാണ് എന്നു കണ്ടെത്തിയിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയാണ് വേണ്ടത്. അതിനു വേണ്ടിയുള്ള നിർദ്ദേശങ്ങളാണ് ഈ അദ്ധ്യായത്തിൽ വിവരിക്കുന്നത്.*

## 29.1 പരിഹരിക്കപ്പെടേ പ്രശ്നങ്ങളുള്ള സ്ഥാപനങ്ങൾ

പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങളുള്ള സ്ഥാപനങ്ങൾ ഏതാണെന്നും, പ്രശ്നങ്ങൾ എന്താണെന്നും ചിത്രം 29.1 ൽ കാണിച്ചിരിക്കുന്നു




*ചിത്രം 29.1 വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രശ്നങ്ങൾ*

വിശദാംശങ്ങൾ പട്ടിക 29.1 ൽ കാണിച്ചിരിക്കുന്നു.

*പട്ടിക 29.1 വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രശ്നങ്ങൾ*

| ക്രമ നം. | പേര് | പ്രശ്നങ്ങൾ |
|---|---|---|
| 1 | എൽ.എം.എസ്സ്. എൽ.പി.എസ്, ചെങ്കുളം | സെമി പക്ക സ്കൂൾ കെട്ടിടം |
| 2 | ഗവൺമെന്റ് എച്ച്.എസ്സ്. പൂയപ്പള്ളി | സെമി പക്ക സ്കൂൾ കെട്ടിടം |
| 3 | മാലയിൽ എൽ.പി.എസ്സ് | സെമി പക്ക സ്കൂൾ കെട്ടിടം |
| 4 | കോഴിക്കോട് എൽ.പി.എസ്സ്. | സാനിട്ടേഷൻ സൗകര്യങ്ങളുടെ അഭാവം |
| 5 | ഓട്ടുമല എൽ.പി.എസ്സ് | കളിസ്ഥലത്തിന്റെ അഭാവം |
| 6 | സെന്റ് തോമസ് എച്ച്.എസ്. പുന്നക്കോട് | സെമി പക്ക സ്കൂൾ കെട്ടിടം |
| 7 | ജി.എൽ.പി.എസ്സ്., കൊട്ടറ | കളിസ്ഥലത്തിന്റെ അഭാവം |

മുകളിൽ പറഞ്ഞിരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ താഴെ പറഞ്ഞിരിക്കുന്നു.

1. ശോച്യാവസ്ഥയിലുള്ള കെട്ടിടങ്ങളെ പുനരുദ്ധരിക്കുക.

2. പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും പ്രത്യേകം സാനിട്ടേഷൻ സൗകര്യങ്ങൾ ഉണ്ടാക്കുക.

3. കളിസ്ഥലങ്ങൾ ഇല്ലാതെ ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അവ കൊണ്ടുവരിക.

4. ചുറ്റുമതിൽ ഇല്ലാത്ത സ്കൂളുകൾക്ക് അവ നിർമ്മിക്കുക.

## 29.2 ധനകാര്യം

വിദ്യാഭ്യാസ മേഖലയിൽ കൊണ്ടുവരുന്ന പദ്ധതികളുടെ ചിലവ് പട്ടിക 29.2 ൽ കാണിച്ചിരിക്കുന്നു.

| ക്രമ നം. | ഇനം | ചിലവ് |
|---|---|---|
| 1 | കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾ | 400000 |
| 2 | സാനിട്ടേഷൻ | 50000 |
| 3 | കളിസ്ഥലം | 100000 |
| 4 | ചുറ്റുമതിൽ | 50000 |

<<< previous    contents    next >>>

# അദ്ധ്യായം 30

# നിലവാരം കുറഞ്ഞ അധിവാസ കേന്ദ്രങ്ങൾ

*പൂയപ്പള്ളി പഞ്ചായത്തിലെ 23 ഓളം വരുന്ന കോളനികൾ പലതും പലവിധ പ്രശ്നങ്ങൾ നേരിടുന്നവയാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്. പൊതുവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഈ അദ്ധ്യായത്തിൽ വിവരിക്കുന്നു.*

## 30.1 പ്രശ്നങ്ങൾ ഉള്ള അധിവാസ കേന്ദ്രങ്ങൾ

നിലവാരം കുറഞ്ഞ, പ്രശ്നങ്ങളുള്ള അധിവാസ കേന്ദ്രങ്ങളുടെ സ്ഥാനം ചിത്രം 30.1 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 30.1 നിലവാരം കുറഞ്ഞ അധിവാസ കേന്ദ്രങ്ങളുടെ സ്ഥാനം*

## വൈദ്യുതി ലഭ്യമല്ലാത്ത കോളനികളുടെ പട്ടിക

| | |
|---|---|
| 1 | ലക്ഷംവീട് കോളനി മൈലോട് |
| 2 | ജയന്തി കോളനി |
| 3 | കപ്പുമാംവിള കോളനി |
| 4 | കായില കോളനി |
| 5 | കോണത്ത് കോളനി |
| 6 | പറണ്ടയിൽ വേടർ കോളനി |
| 7 | ലക്ഷംവീട് മരുതമൺ പള്ളി |
| 8 | കുന്നുവിളാകം കോളനി |
| 9 | പൊയ്കവിള കോളനി |
| 10 | നെല്ലിപറമ്പ് വേടർ കോളനി |
| 11 | പാച്ചിക്കോണം കോളനി പുന്നക്കോട് |
| 12 | കട്ടച്ചൽ കോളനി പുന്നക്കോട് |
| 13 | കൊട്ടറ പാലമുക്ക് കോളനി |

## ശോച്യാവസ്ഥയിൽ വീടുകളുള്ള കോളനികളുടെ പട്ടിക

| | |
|---|---|
| 1 | കുന്നുവിളാകം കോളനി |
| 2 | നെല്ലിപ്പറമ്പ് വേടർ കോളനി |

## സാനിട്ടേഷൻ സൗകര്യം ഇല്ലാത്ത കോളനികളുടെ പട്ടിക

| | |
|---|---|
| 1 | മുടിയൂർ കോണം സൗത്ത് കോളനി |
| 2 | മുടിയൂർ കോണം നോർത്ത് കോളനി |
| 3 | നെല്ലപ്പറമ്പ് വേടർ കോളനി |
| 4 | കച്ചൽകോളനി പടന്നക്കോട് |
| 5 | ജയന്തി കോളനി |
| 6 | കോണത്ത് കോളനി |
| 7 | പറണ്ടയിൽ വേടർ കോളനി |
| 8 | ലക്ഷംവീട് മരുതമൺ പള്ളി |
| 9 | കുന്നുവിളാകം കോളനി |

## 30.2 പൊതു നിർദ്ദേശങ്ങൾ

- മാലിന്യ നിർമ്മാർജ്ജനത്തിനുതകുന്ന രീതിയിൽ ഓരോ ബയോഗ്യാസ് പ്ലാന്റുകൾ ഓരോ കോളനിയിലും സ്ഥാപിച്ച് അതിൽ നിന്നുള്ള ഊർജ്ജം ഉപയോഗപ്പെടുത്തുക.

- ഓരോ കോളനിയിലും മഴവെള്ള സംഭരണി സ്ഥാപിക്കുന്നതും കുഴൽ കിണറുകൾ കുഴിക്കുന്നതും കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണാനുപകരിക്കും.

- ഓരോ കോളനിയിലെയും ഓരോ വീടിനും സ്വന്തമായ കക്കൂസ് നിർമ്മിച്ചു നൽകുകയും പൊതുവായി ഒരു കോളനിയിൽ ഒരു സെപ്റ്റിക് ടാങ്ക് ഉപയോഗപ്പെടുത്തുകയും ചെയ്യുക. ഇപ്രകാരം ചെയ്യുന്നതുവഴി സ്വകാര്യതയുള്ള കക്കൂസുകൾ ഓരോ വീടിനും നൽകാനാവുകയും സെപ്റ്റിക് ടാങ്കുകൾ മൂലമുള്ള മലിനീകരണം തടയാനും സാധിക്കും.

- ആവശ്യമായ ട്രാൻസ്ഫോമറുകൾ സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ നൽകുകയും വോൾട്ടേജ് ക്ഷാമം പരിഹരിക്കുകയും ചെയ്യുക.

## 30.3 നിർദ്ദേശങ്ങൾ- കോളനികൾ തിരിച്ച്

എല്ലാ കോളനികളിലും പൊതുവിലുള്ള ഒരു പ്രശ്നമാണ് രൂക്ഷമായ കുടിവെള്ള ക്ഷാമം. അതിനുള്ള നിർദ്ദേശം മുകളിൽ പറഞ്ഞിരിക്കുന്നു. ഓരോ കോളനികളിലുമുള്ള മറ്റ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പട്ടിക 30.1 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 30.1 നിലവാരം കുറഞ്ഞ അധിവാസ കേന്ദ്രങ്ങൾ– നിർദ്ദേശങ്ങൾ

| ക്രമ നം. | കോളനിയുടെ പേര് | നിർദ്ദേശങ്ങൾ |
|---|---|---|
| 1 | **ലക്ഷംവീട്–മൈലോട്** | വീടിന്റെ ശോച്യാവസ്ഥ പരിഹരിക്കുക, വൈദ്യുതി എത്താത്തിടത്ത് ലഭ്യമാക്കുക |
| 2 | **ജയന്തി** | വീടിന്റെ ശോച്യാവസ്ഥ പരിഹരിക്കുക, വൈദ്യുതി എത്താത്തിടത്ത് ലഭ്യമാക്കുക |
| 3 | **കപ്പുമാംവിള** | വീടിന്റെ ശോച്യാവസ്ഥ പരിഹരിക്കുക, വൈദ്യുതി എത്താത്തിടത്ത് ലഭ്യമാക്കുക |
| 4 | **കായില** | വൈദ്യുതി എത്താത്തിടത്ത് ലഭ്യമാക്കുക |
| 5 | **കോണത്തുകോളനി** | വൈദ്യുതി എത്താത്തിടത്ത് ലഭ്യമാക്കുക |
| 6 | **പറ യിൽ വേടർ കോളനി** | വീടിന്റെ ശോച്യാവസ്ഥ പരിഹരിക്കുക, സാനിട്ടേഷൻ സൗകര്യങ്ങൾ നൽകുക, വൈദ്യുതി എത്താത്തിടത്ത് ലഭ്യമാക്കുക |
| 7 | **ലക്ഷംവീട്–മരുതമൺപള്ളി** | വീടിന്റെ ശോച്യാവസ്ഥ പരിഹരിക്കുക, സാനിട്ടേഷൻ സൗകര്യങ്ങൾ നൽകുക, വൈദ്യുതി എത്താത്തിടത്ത് ലഭ്യമാക്കുക |
| 8 | **വേലംകോണം** | |
| 9 | **മിഷൻവിള** | |
| 10 | **വേങ്കോട് അംബദ്കർ** | വീടിന്റെ ശോച്യാവസ്ഥ പരിഹരിക്കുക |
| 11 | **കുന്നുവിളാകം** | വീടിന്റെ ശോച്യാവസ്ഥ പരിഹരിക്കുക, സാനിട്ടേഷൻ സൗകര്യങ്ങൾ നൽകുക, വൈദ്യുതി എത്താത്തിടത്ത് ലഭ്യമാക്കുക |
| 12 | **പറ ാട്** | വീടിന്റെ ശോച്യാവസ്ഥ പരിഹരിക്കുക, വൈദ്യുതി എത്താത്തിടത്ത് ലഭ്യമാക്കുക |
| 13 | **പൊയ്കവിള** | വൈദ്യുതി എത്താത്തിടത്ത് ലഭ്യമാക്കുക |
| 14 | **മുടിയൂർക്കോണം സൗത്ത്** | വീടിന്റെ ശോച്യാവസ്ഥ പരിഹരിക്കുക, സാനിട്ടേഷൻ സൗകര്യങ്ങൾ നൽകുക |
| 15 | **മുടിയൂർക്കോണം നോർത്ത്** | വീടിന്റെ ശോച്യാവസ്ഥ പരിഹരിക്കുക, സാനിട്ടേഷൻ സൗകര്യങ്ങൾ നൽകുക |
| 16 | **നെല്ലിപ്പറമ്പ് വേടർ കോളനി** | വീടിന്റെ ശോച്യാവസ്ഥ പരിഹരിക്കുക, സാനിട്ടേഷൻ സൗകര്യങ്ങൾ നൽകുക, വൈദ്യുതി എത്താത്തിടത്ത് ലഭ്യമാക്കുക |
| 17 | **ഓട്ടുമല കോളനി** | വീടിന്റെ ശോച്യാവസ്ഥ പരിഹരിക്കുക |
| 18 | **വാച്ചിക്കോണം കോളനി** | വീടിന്റെ ശോച്യാവസ്ഥ പരിഹരിക്കുക, വൈദ്യുതി എത്താത്തിടത്ത് ലഭ്യമാക്കുക |
| 19 | **ജയന്തികോളനി– പുന്നക്കോട്** | വീടിന്റെ ശോച്യാവസ്ഥ പരിഹരിക്കുക |
| 20 | **കട്ടച്ചൽ കോളനി–പുന്നക്കോട്** | വീടിന്റെ ശോച്യാവസ്ഥ പരിഹരിക്കുക, വൈദ്യുതി എത്താത്തിടത്ത് ലഭ്യമാക്കുക |
| 21 | **നാല്ക്കവല പാലൂർക്കോണം കോളനി** | വീടിന്റെ ശോച്യാവസ്ഥ പരിഹരിക്കുക |
| 22 | **കൊട്ടറ പാലമുക്ക് കോളനി** | വീടിന്റെ ശോച്യാവസ്ഥ പരിഹരിക്കുക, വൈദ്യുതി എത്താത്തിടത്ത് ലഭ്യമാക്കുക |
| 23 | **കൊട്ടറ ലക്ഷംവീട് കോളനി** | വീടിന്റെ ശോച്യാവസ്ഥ പരിഹരിക്കുക, വൈദ്യുതി എത്താത്തിടത്ത് ലഭ്യമാക്കുക |

## 30.4 ധനകാര്യം

നിലവാരം കുറഞ്ഞ അധിവാസ മേഖലയിൽ കൊണ്ടുവരുന്ന പദ്ധതികളുടെ ചിലവ് പട്ടിക 30.2 ൽ കാണിച്ചിരിക്കുന്നു.

| ക്രമ നം. | ഇനം | ചിലവ് |
|---|---|---|
| 1 | നിലവാരം കുറഞ്ഞ അധിവാസ കേന്ദ്രങ്ങളിലെ കുടിവെള്ള സൗകര്യം | 500000 |
| 2 | നിലവാരം കുറഞ്ഞ അധിവാസ കേന്ദ്രങ്ങളിലെ സാനിട്ടേഷൻ സൗകര്യം | 2100000 |
| 3 | നിലവാരം കുറഞ്ഞ അധിവാസ കേന്ദ്രങ്ങളിലെ വൈദ്യുതീകരണം | 53000 |
| 4 | നിലവാരം കുറഞ്ഞ അധിവാസ കേന്ദ്രങ്ങളിലെ കച്ച വീടുകളുടെ പുനരുദ്ധാരണം | 1100000 |

<<< previous    contents    next >>>

# അദ്ധ്യായം 31

# മറ്റ് പശ്ചാത്തല സൗകര്യങ്ങൾ

*പൂയപ്പള്ളി പഞ്ചായത്തിന്റെ പശ്ചാത്തല മേഖലയിൽ പൊതുവിലുള്ള ചില പ്രശ്നങ്ങൾക്കു പരിഹാരം കാണാനുള്ള നിർദ്ദേശങ്ങളാണ് ഈ അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നത്.*

## 31.1 നിർദ്ദേശങ്ങൾ

1. മാലിന്യ നിർമ്മാർജ്ജന പദ്ധതി

മാലിന്യ നിർമ്മാർജ്ജനത്തിനും സംസ്ക്കരണത്തനും ഉതകുന്ന രീതിയിൽ ഒരു മാലിന്യ നിർമ്മാർജ്ജന കേന്ദ്രം പഞ്ചായത്തിന്റെ കിഴക്ക് അതിരിനോടു ചേർന്നുള്ള കോഴിക്കോട് വാർഡിൽ കരിങ്കൽ ക്വാറികളുള്ള സ്ഥലത്തായി 10 സെന്റ് സ്ഥലം മൈലോട് വാർഡിൽ സർവേ നമ്പർ 34/216 ൽ നീക്കി വച്ചിട്ടുണ്ട്. ഇവിടേക്കുള്ള വഴി സൗകര്യവും ചിത്രത്തിൽ കാണിച്ചിരിക്കുന്നു. വിശകലനത്തിൽ കണ്ടെത്തിയിട്ടുള്ള പ്രകാരം ഏകദേശം 1000 കി.ഗ്രാം ഖരമാലിന്യമാണ് ഒരു ദിവസം സംസ്കരിക്കേണ്ടി വരുന്നത്. ഇതിൽ തന്നെ സംസ്കരണ സാധ്യതയുള്ളത് 60% മാത്രമാണ്. ബാക്കിവരുന്ന ഖരമാലിന്യം ഇൻസിനറേറ്റർ സൗകര്യം ഉപ യോഗപ്പെടുത്തി നിർമ്മാർജ്ജനം ചെയ്യേണ്ടതാണ്. ഇവിടെ ഒരു ട്രീറ്റ്മെന്റ് പ്ലാന്റ് ആണുദ്ദേ ശിക്കുന്നത്. ഈ പ്ലാന്റിന് ഏകദേശം 9 ലക്ഷം രൂപ ചിലവ് പ്രതീക്ഷിക്കുന്നു. ഈയൊരു സംവിധാനം നടപ്പിൽ വരുത്തുവാൻ വീടുകളിൽ നിന്നും കളക്ഷൻ പോയിന്റുകളിൽ നിന്നും മാലിന്യം സംഭരിക്കാൻ ഒരു കളക്ഷൻ സംവിധാനം, അത് പ്രസ്തുത സ്ഥലത്തേക്കെത്തി ക്കാൻ ട്രാൻസ്പോർട്ടേഷൻ സൗകര്യങ്ങൾ ഒക്കെ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഉണ്ടാ കേണ്ടതാണ്. ഇതിൽ നിന്ന് ഉല്പാദിപ്പിക്കാവുന്ന ഊർജ്ജം വഴിവിളക്കുകൾക്കും മറ്റും ഉപ യോഗിക്കാവുന്നതാണ്. ഇതിന്റെ സ്ഥാനം ചിത്രം 31.1 ൽ കാണിച്ചിരിക്കുന്നു.



*ചിത്രം 31.1 മാലിന്യ സംസ്ക്കരണ കേന്ദ്രം*

2. മാർക്കറ്റ്

പഞ്ചായത്തിൽ നിലവിലുള്ള മാർക്കറ്റിനെ ഉദ്ധരിക്കാനുള്ള നിർദ്ദേശമാണടുത്തത്. അതിനുവേണ്ടിയുള്ള ഒരു പ്ലാൻ ചിത്രത്തിൽ കാണിച്ചിരിക്കുന്നു. മത്സ്യ, മാംസ സ്റ്റാളുകളും പച്ചക്കറി സ്റ്റാളുകളും ഇവിടെത്തന്നെയാണ് ഉദ്ദേശിക്കുന്നത്. മാർക്കറ്റിന്റെ സൗകര്യാർത്ഥം അവിടെയുള്ള അകിഡക്ടിന് താഴെയുള്ള സ്ഥലം ഒരു ആട്ടോ സ്റ്റാൻഡ് ആയി ഉപയോഗപ്പെടുത്താവുന്നതാണ്. മാർക്കറ്റിന്റെ സ്ഥാനവും വിശദമായ പ്ലാനും ചിത്രം 31.2 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 31.2 മാർക്കറ്റിന്റെ വിശദാംശങ്ങൾ*

*പട്ടിക 31.1 മാർക്കറ്റിന്റെ വിശദാംശങ്ങൾ*

| ക്രമ നം. | ഇനം | വിസ്തൃതി (ചതുരശ്ര മീ.) |
|---|---|---|
| 1 | മത്സ്യ സ്റ്റാൾ | 340 |
| 2 | മാംസ സ്റ്റാൾ | 218 |
| 3 | പച്ചക്കറി സ്റ്റാൾ | 1162 |
| 4 | ഓവർ ഹെഡ് ജലസംഭരണി | 10 |
| 5 | കിണർ | 18 |
| 6 | ആകെ | 1748 |

3. കമ്മ്യൂണിറ്റി സെന്റർ

പഞ്ചായത്തിന്റെ സാമ്പത്തിക വരുമാനം വർദ്ധിപ്പിക്കുന്നതിനു കൂടി ഉതകുന്ന ഒരു വാണിജ്യ കേന്ദ്ര സമുച്ചയം ആണ് അടുത്ത ഒരു നിർദ്ദേശം. പൊതു ജനങ്ങൾക്ക് ഉപയോഗപ്രദമാകുന്ന വിധത്തിൽ ഒരു പാർക്കും ഇതോടൊപ്പം വിഭാവനം ചെയ്തിരിക്കുന്നു. ആരോഗ്യ മേഖലയിൽ പ്രാധാന്യം ഏറിവരുന്ന ഹോമിയോ ചികിത്സാ രീതിയിലുള്ള ഒരു ആരോഗ്യ കേന്ദ്രം സർക്കാർ മേഖലയിൽ ഇവിടെ തുടങ്ങാവുന്നതാണ്.

പൂയപ്പള്ളി മരുതമൺപള്ളി റോഡിന്റെ ഇടതുവശം ചേരന്ന് ആറാം വാർഡിൽ പൂയപ്പള്ളി ചിറയിലേക്കിറങ്ങുന്ന റോഡിന്റെ വശത്തുള്ളസർവേ നമ്പർ 34/37 ഏകദേശം 1/2 ഹെക്ടർ സ്ഥലമാണിതിനായി നീക്കി വയ്ക്കേണ്ടത്. ഇതിന്റെ സ്ഥാനം ചിത്രം 31.3 ൽ കാണിച്ചിരിക്കുന്നു.



*ചിത്രം 31.3 വാണിജ്യ സമുച്ചയത്തിന്റെ സ്ഥാനം*

റോഡിനോടു ചേർന്നുള്ള 30 സെന്റ് സ്ഥലം വിപണന മേളകളൊക്കെ നടത്താനുതകുന്ന ഒരു ഗ്രൗണ്ടായും, പഞ്ചായത്തിന്റെ തന്നെ ഒരു ഷോപ്പിംഗ് കോംപ്ലക്സ് കൊണ്ടുവരുന്നതിനായും ഉപയോഗിക്കാം. ഒരു ഇൻഫർമേഷൻ സെന്റർ, ജനസേവനകേന്ദ്രം തുടങ്ങിയവയൊക്കെ ഇവിടെ തുടങ്ങാവുന്നതാണ്. അത്യാവശ്യമായേക്കാവുന്ന സർക്കാർ സ്ഥാപനങ്ങളും ഇങ്ങോട്ടു മാറ്റാവുന്നതാണ്. ഉദാഹരണത്തിന് കൃഷിഭവൻ. അതിനു പിറകിൽ സൈഡ് റോഡിനോട് ചേർന്നു കിടക്കുന്ന 50 സെന്റ് ഓളം സ്ഥലം ഒരു പാർക്കിനായി മാറ്റിവയ്ക്കാവുന്നതാണ്. റോഡിനപ്പുറത്തുള്ള പൂയപ്പള്ളി ചിറയും ഈ പദ്ധതിയിലുൾപ്പെടുത്താവുന്നതാണ്. പാർക്ക് വിഭാവനം ചെയ്യുമ്പോൾ പൂയപ്പള്ളി ചിറ വൃത്തിയാക്കി അതിരുകൾ കെട്ടി എടുക്കേണ്ടതാണ്.

പാർക്കിനോടനുബന്ധമായി ഒരു ആഡിറ്റോറിയം നിർമ്മിക്കുന്നത്, പഞ്ചായത്തിലെ ജനങ്ങൾക്ക് കുറഞ്ഞ ചിലവിൽ ആ സൗകര്യം ലഭ്യമാക്കുന്നതിനും, പഞ്ചായത്തിനു വരുമാനം വർദ്ധിപ്പിക്കുന്നതിനും ഉതകുന്നതാണ്.

വാണിജ്യ സമുച്ചയത്തിന്റെ ഒരു പ്ലാൻ ചിത്രം 31.4 ൽ കാണിച്ചിരിക്കുന്നു. ഇതിന്റെ വിശദാംശങ്ങൾ പട്ടിക 31.2 ലും കൊടുത്തിരിക്കുന്നു.




*ചിത്രം 31.4 പാർക്കും കമ്മ്യൂണിറ്റി സെന്ററും*

*പട്ടിക 31.2 പാർക്കും വാണിജ്യ കേന്ദ്രവും*

| ക്രമ നം. | പേര് | വിസ്തൃതി (സെന്റ്) | സ്വഭാവം |
|---|---|---|---|
| 1 | വിപണന കേന്ദ്രം | 28 | വാണിജ്യം |
| 2 | പാർക്ക് | 48 | ഓപ്പൺ സ്പെയ്സ് |
| 3 | ഹോമിയോ ഡിസ്പെൻസറി | 20 | പബ്ലിക് ആന്റ് സെമി പബ്ലിക് |
| | ആകെ | 96 | |

4. പൊതു ശ്മശാനം

പഞ്ചായത്തിൽ ഒരു പൊതുശ്മശാനത്തിന്റെ അഭാവം പരിഹരിക്കപ്പെടേണ്ടതാണ്. അതിനു വേണ്ടി മാലിന്യ നിർമ്മാർജ്ജന കേന്ദ്രത്തിനടുത്തായി ഏഴാം വാർഡിൽ സർവേ നമ്പർ 34/216 ൽ 10 സെന്റ് സ്ഥലം നീക്കിവയ്ക്കേണ്ടതാണ്. ഇതിന്റെ സ്ഥാനം ചിത്രത്തിൽ കാണിച്ചിരിക്കുന്നു.




*ചിത്രം 31.5 പൊതു ശ്മശാനത്തിന്റെ സ്ഥാനം*

## 31.2 ധനകാര്യം

പശ്ചാത്തല മേഖലയിൽ കൊണ്ടുവരുന്ന പദ്ധതികളുടെ ചിലവ് പട്ടിക 31.3 ൽ കാണിച്ചിരിക്കുന്നു.

| ക്രമ നം. | ഇനം | ചിലവ് |
|---|---|---|
| 1 | ഖരമാലിന്യ നിർമ്മാർജ്ജന യൂണിറ്റ് | 2110000 |
| 2 | മാർക്കറ്റ് പുനരുദ്ധാരണം | 1000000 |
| 3 | വാണിജ്യ കേന്ദ്രവും, പാർക്കും, ഹോമിയോ ആശുപത്രിയും | 6363000 |
| 4 | പൊതു ശ്മശാനം | 200000 |

# അദ്ധ്യായം 32

# പൈതൃക പ്രാധാന്യമുള്ള പ്രദേശങ്ങൾ

നിരവധി കാവുകളാലും അമ്പലങ്ങളാലും സമൃദ്ധമായ പൂയപ്പള്ളിയിലെ കൊട്ടറ വാർഡിലുള്ള കുളത്തൂർക്കാവ് ക്ഷേത്രം, കൊട്ടറ വാർഡിൽ തന്നെയുള്ള ഭഗവതി ക്ഷേത്രം, നാൽക്കവല വാർഡിലുള്ള മഹാവിഷ്ണു ക്ഷേത്രം എന്നിവയാണ് പൈതൃക പ്രാധാന്യമർഹിക്കുന്ന സ്ഥലങ്ങൾ ആയി കണ്ടെത്തിയിരിക്കുന്നത് (ചിത്രം 33.1).




*ചിത്രം 32.1 പൈതൃക പ്രാധാന്യമുള്ള സ്ഥലങ്ങൾ*

1. കൊട്ടറ വാർഡിലുള്ള കുളത്തൂർ കാവ് ക്ഷേത്രവും അതിനോടനുബന്ധിച്ചുള്ള കാവും മാറ്റങ്ങൾ വരുത്താതെ സംരക്ഷിക്കപ്പെടണം.



*കുളത്തൂർ കാവ് ക്ഷേത്രം*

2. കൊട്ടറ വാർഡിൽ തന്നെയുള്ള ഭഗവതി ക്ഷേത്രം. ഒരുപാട് പഴമയും പുരാണങ്ങളും ഇടകലർന്ന് കിടക്കുന്ന ഈ ക്ഷേത്രം മാറ്റങ്ങളില്ലാതെ സംരക്ഷിക്കപ്പെടണം.



*ഭഗവതി ക്ഷേത്രം*

3. നാൽക്കവല വാർഡിലുള്ള മഹാവിഷ്ണു ക്ഷേത്രവും സംരക്ഷിക്കപ്പെടേണ്ട പൈതൃക പ്രാധാന്യമർഹിക്കുന്ന ഒന്നാണ്.



*മഹാവിഷ്ണു ക്ഷേത്രം*

*പട്ടിക 32.1 പൈതൃക പ്രാധാന്യമുള്ള സ്ഥലങ്ങൾ*

| ക്രമ നം. | പേര് | വാർഡ് | വിസ്തൃതി | സ്വഭാവം |
|---|---|---|---|---|
| 1 | കുളത്തൂർ കാവ് ക്ഷേത്രം | കൊട്ടറ | 180 സെന്റ് | കാവും ക്ഷേത്രവും |
| 2 | ഭഗവതി ക്ഷേത്രം | കൊട്ടറ | 50 സെന്റ് | ക്ഷേത്രം |
| 3 | മഹാവിഷ്ണു ക്ഷേത്രം | നാൽക്കവല | 70 സെന്റ് | ക്ഷേത്രം |

<<< previous contents next >>>

# അദ്ധ്യായം– 33

# ധനകാര്യം, വികസന ഭരണം, വികസന ഘട്ടങ്ങൾ

*ഈ അദ്ധ്യായത്തിൽ വിവിധ വികസന നിർദ്ദേശങ്ങൾ നടപ്പിലാക്കുമ്പോൾ വരുന്ന ഏകദേശ ചിലവും, നടപ്പിലാക്കുന്നതിന് സഹകരിക്കേണ്ട വകുപ്പുകളെക്കുറിച്ചും, വിവിധ വികസന നിർദ്ദേശ ങ്ങൾ നടപ്പിൽ വരുത്തേണ്ട കാലയളവിനെക്കുറിച്ചും വിശദീകരിച്ചിരിക്കുന്നു.*

## 33.1 ധനകാര്യവും വികസന ഭരണവും

വിവിധ വികസന മേഖലകളിൽ നടപ്പിൽ വരുത്തേണ്ട പദ്ധതികളുടെ ചിലവും, പദ്ധതി നടത്തിപ്പിനായി സഹകരിക്കേണ്ട വകുപ്പുകളും പട്ടിക 33.1 ൽ നൽകിയിരിക്കുന്നു.

*പട്ടിക 33.1 – പദ്ധതി ചിലവും, നടപ്പിലാക്കേണ്ട വകുപ്പുകളും*

| ക്രമ നം. | പദ്ധതി നിർദ്ദേശങ്ങൾ | വിവിധ പ്രവർത്തനങ്ങൾക്കുള്ള ഏകദേശ ചിലവ് (രൂപ) | | | | | ആകെ (രൂപ) | വികസന പങ്കാളികൾ |
|---|---|---|---|---|---|---|---|---|
| | | സ്ഥലം ഏറ്റെടുക്കൽ | സ്ഥലം നന്നാക്കൽ | നിർമ്മാണം | പശ്ചാത്തല സൗകര്യങ്ങൾ | മറ്റുള്ളവ | | |
| I | കാർഷിക മേഖല | | | | | | | |
| 1 | കാർഷിക–അനുബന്ധ പ്രവർത്ത്ന വികസന കേന്ദ്രം, (കർഷക തൊഴിലാളി ബാങ്ക്, കർഷക കൂട്ടായ്മ, കാർഷിക യന്ത്രങ്ങൾ, കാർഷിക പണിയായുധങ്ങൾ, വിത്ത്, വളം മുതലായവ) | | | | | 1600000 | 1600000 | കൃഷി വകുപ്പ് ഗ്രാമ പഞ്ചായത്ത് |
| 2 | തെങ്ങി കൃഷി–ജലസേചനം | | | | | 400000 | 400000 | കൃഷി വകുപ്പ്, ഗ്രാമ പഞ്ചായത്ത്, വ്യക്തികൾ, സർക്കാരിതര സംഘടനകൾ (NGO) |
| 3 | തെങ്ങ്–മുറിക്കലും, പുതിയ തൈ വിതരണവും | | | | | 500000 | 500000 | കൃഷി വകുപ്പ്, ഗ്രാമ പഞ്ചായത്ത്, വ്യക്തികൾ, സർക്കാരിതര സംഘടനകൾ (NGO) |
| 4 | **നെല്ല്–ഗ്രൂപ്പ് ഫാമിംഗ് അടിസ്ഥാനത്തിൽ** | | | | | 2011800 | 2011800 | കൃഷി വകുപ്പ്, ഗ്രാമ പഞ്ചായത്ത്, വ്യക്തികൾ, സർക്കാരിതര സംഘടനകൾ (NGO) |
| 5 | പച്ചക്കറി കൃഷി വികസനം | | | | | 168000 | 168000 | കൃഷി വകുപ്പ് ഗ്രാമ പഞ്ചായത്ത് സ്വകാര്യ സംരംഭകർ |
| | **TOTAL** | | | | | | **4679800** | |

*തുടർച്ച..*

| | | | | | | | | |
|---|---|---|---|---|---|---|---|---|
| II | ജലസംരക്ഷണവും ജലസേചനവും | | | | | | | |
| 1 | കോ  ൂർ ബ  ് | | | 1100000 | | | 1100000 | ഇറിഗേഷൻ ഗ്രാമ പഞ്ചായത്ത് |
| 2 | ഇത്തിക്കര ആറ്– പാർശ്വ സംരക്ഷണം | | | 1890000 | | | 1890000 | ഇറിഗേഷൻ, ഗ്രാമ പഞ്ചായത്ത്, വ്യക്തികൾ, സർക്കാരിതര സ്ഥാപ നങ്ങൾ (NGO) |
| 3 | മഴവെള്ള സംഭരണം | | | | | 500000 | 500000 | ഇറിഗേഷൻ, ഗ്രാമ പഞ്ചായത്ത്, വ്യക്തികൾ, സർക്കാരിതര സ്ഥാപ നങ്ങൾ (NGO) |
| 4 | തെരഞ്ഞെടുത്ത ചിറക ളുടെ പാർശ്വസംരക്ഷണം | | | 900000 | | | 900000 | ഇറിഗേഷൻ, ഗ്രാമ പഞ്ചായത്ത്, വ്യക്തികൾ, സർക്കാരിതര സ്ഥാപ നങ്ങൾ (NGO) |
| | TOTAL | | | | | | **4390000** | |
| III | മൃഗസംരക്ഷണം | | | | | | | മൃഗസംരക്ഷണ വകുപ്പ് ഗ്രാമ പഞ്ചായത്ത് വ്യക്തികൾ, സർക്കാരിതര സ്ഥാപ നങ്ങൾ (NGO) |
| 1 | പശുവളർത്തൽ യൂണിറ്റു കൾ | | | | | | 900000 | മൃഗസംരക്ഷണ വകുപ്പ് ഗ്രാമ പഞ്ചായത്ത് വ്യക്തികൾ, സർക്കാരിതര സ്ഥാപ നങ്ങൾ (NGO) |
| 2 | ആടു ഫാമുകൾ | | | | | | 390000 | മൃഗസംരക്ഷണ വകുപ്പ് ഗ്രാമ പഞ്ചായത്ത് വ്യക്തികൾ, സർക്കാരിതര സ്ഥാപ നങ്ങൾ (NGO) |
| 3 | മുട്ടക്കോഴി വളർത്തൽ | | | | | | 48000 | മൃഗസംരക്ഷണ വകുപ്പ് ഗ്രാമ പഞ്ചായത്ത് വ്യക്തികൾ, സർക്കാരിതര സ്ഥാപ നങ്ങൾ (NGO) |
| | TOTAL | | | | | | 1338000 | |
| IV | വ്യവസായ മേഖല | | | | | | | |
| 1 | അരി പായ്ക്കറ്റുകളിലാക്കി വിപണനം ചെയ്യുന്നത് ഉൾപ്പെടെയുള്ള നെല്ലു കുത്ത് മിൽ | | | | | 1000000 | 1000000 | ഗ്രാമ പഞ്ചായത്ത് സ്വകാര്യ സംരംഭകർ |
| 2 | തെങ്ങ്, പച്ചക്കറി എന്നിവ യിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റ് | | | | | 1000000 | 1000000 | ഗ്രാമ പഞ്ചായത്ത് സ്വകാര്യ സംരംഭകർ |
| 3 | കൈത്തറി യൂണിറ്റുക ളുടെ വികസനം | | | | | 500000 | 500000 | ഗ്രാമ പഞ്ചായത്ത് സ്വകാര്യ സംരംഭകർ |
| | TOTAL | | | | | | **2500000** | |

തുടർച്ച.

| | | | | | | | | |
|---|---|---|---|---|---|---|---|---|
| V | ഗതാഗത മേഖല | | | | | | | |
| 1 | ഒന്നാംക്രമ റോഡുകളുടെ വികസനം | 25740000 | 858000 | 9847000 | | | 36445000 | പി.ഡബ്ല്യൂ.ഡി. റോഡ്സ് ഗ്രാമ പഞ്ചായത്ത് |
| 2 | ര ാംക്രമ റോഡുകളുടെ വികസനം | 11610000 | 387000 | 13803000 | | | 25800000 | പി.ഡബ്ല്യൂ.ഡി. റോഡ്സ് ഗ്രാമ പഞ്ചായത്ത് |
| 3 | ജംഗ്ഷനുകളുടെ വികസനം | | 1000000 | | | | 1000000 | ഗ്രാമ പഞ്ചായത്ത് |
| | **TOTAL** | | | | | | **63245000** | |
| VI | കുടിവെള്ളം | | | | | | | |
| 1 | ഇത്തിക്കര കുടിവെള്ള പദ്ധതി | | | | | 1500000 | 1500000 | വാട്ടർ അതോറിറ്റി ഗ്രാമ പഞ്ചായത്ത് |
| 2 | തച്ചക്കോട് കുടിവെള്ള പദ്ധതി | | | | | 600000 | 600000 | വാട്ടർ അതോറിറ്റി ഗ്രാമ പഞ്ചായത്ത് |
| | **TOTAL** | | | | | | **2100000** | |
| VII | വിദ്യാഭ്യാസം | | | | | | | |
| 1 | കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾ | | | 400000 | | | 400000 | ഗ്രാമ പഞ്ചായത്ത് |
| 2 | സാനിട്ടേഷൻ | | | 50000 | | | 50000 | ഗ്രാമ പഞ്ചായത്ത് |
| 3 | കളിസ്ഥലം | | 100000 | | | | 100000 | ഗ്രാമ പഞ്ചായത്ത് |
| 4 | ചുറ്റുമതിൽ | | | 50000 | | | 50000 | ഗ്രാമ പഞ്ചായത്ത് |
| | **TOTAL** | | | | | | **600000** | |
| VIII | പാർപ്പിട മേഖല | | | | | | | |
| 1 | നിലവാരം കുറഞ്ഞ അധിവാസ കേന്ദ്രങ്ങളിലെ കുടിവെള്ള സൗകര്യം | | | | | 500000 | 500000 | പട്ടികജാതി/പട്ടി കവർഗ്ഗ വികസന വകുപ്പ്, ഗ്രാമ പഞ്ചായത്ത് |
| 2 | നിലവാരം കുറഞ്ഞ അധിവാസ കേന്ദ്രങ്ങളിലെ സാനിട്ടേഷൻ സൗകര്യം | | | 2100000 | | | 2100000 | പട്ടികജാതി/പട്ടി കവർഗ്ഗ വികസന വകുപ്പ്, ഗ്രാമ പഞ്ചായത്ത് |
| 3 | നിലവാരം കുറഞ്ഞ അധിവാസ കേന്ദ്രങ്ങളിലെ വൈദ്യുതീകരണം | | | | | 53000 | 53000 | പട്ടികജാതി/പട്ടി കവർഗ്ഗ വികസന വകുപ്പ്, ഗ്രാമ പഞ്ചായത്ത് |
| 4 | നിലവാരം കുറഞ്ഞ അധിവാസ കേന്ദ്രങ്ങളിലെ കച്ച വീടുകളുടെ പുനരുദ്ധാരണം | | | 1100000 | | | 1100000 | പട്ടികജാതി/പട്ടി കവർഗ്ഗ വികസന വകുപ്പ്, ഗ്രാമ പഞ്ചായത്ത് |
| | **TOTAL** | | | | | | **3753000** | |

*തുടർച്ച.*

| | | | | | | | | |
|---|---|---|---|---|---|---|---|---|
| IX | പശ്ചാത്തല മേഖല | | | | | | | |
| 1 | ഖരമാലിന്യ നിർമ്മാർജ്ജന യൂണിറ്റ് | 100000 | 10000 | 1000000 | 1000000 | | 2110000 | ഗ്രാമ പഞ്ചായത്ത് |
| 2 | മാർക്കറ്റ് പുനരുദ്ധാരണം | | | 1000000 | | | 1000000 | ഗ്രാമ പഞ്ചായത്ത് |
| 3 | വാണിജ്യ കേന്ദ്രവും, പാർക്കും, ഹോമിയോ ആശുപത്രിയും | 3690000 | 123000 | 2550000 | | | 6363000 | ഗ്രാമ പഞ്ചായത്ത് |
| 4 | പൊതു ശ്മശാനം | 100000 | 100000 | | | | 200000 | ഗ്രാമ പഞ്ചായത്ത് |
| | TOTAL | | | | | | 9673000 | |

## 33.2 വികസന ഘട്ടങ്ങൾ

വികസന രൂപരേഖയിൽ നിർദ്ദേശിച്ചിരിക്കുന്ന വികസന പദ്ധതികൾ 20 വർഷം കാലയളവ് മുന്നിൽ കണ്ടുകൊണ്ടു തയ്യാറാക്കിയിരിക്കുന്നവയാണ്. ഇവ നടപ്പിൽ വരുത്തേണ്ട കാലയളവുകൾ പട്ടിക 33.2 ൽ നൽകിയിരിക്കുന്നു.

*പട്ടിക 33.2 – പദ്ധതി നടപ്പിലാക്കൽ – ഘട്ടങ്ങൾ*

| ക്രമ നം. | പദ്ധതി നിർദ്ദേശങ്ങൾ | ഘട്ടങ്ങൾ | | | |
|---|---|---|---|---|---|
| | | ആദ്യത്തെ 5 വർഷം | 5 മുതൽ 10 വർഷം | 10 മുതൽ 15 വർഷം | 15 മുതൽ 20 വർഷം |
| I | കാർഷിക മേഖല | | | | |
| 1 | കാർഷിക-അനുബന്ധ പ്രവർത്ത്ന വികസന കേന്ദ്രം, (കർഷക തൊഴിലാളി ബാങ്ക്, കർഷക കൂട്ടായ്മ, കാർഷിക യന്ത്രങ്ങൾ, കാർഷിക പണിയായുധങ്ങൾ, വിത്ത്, വളം മുതലായവ) | പൂർത്തിയാക്കുക | | | |
| 2 | തെങ്ങ് കൃഷി-ജലസേചനം | 3 വാർഡ് പൂർത്തിയാക്കുക | 3 വാർഡ് പൂർത്തിയാക്കുക | 3 വാർഡ് പൂർത്തിയാക്കുക | 3 വാർഡ് പൂർത്തിയാക്കുക |
| 3 | തെങ്ങ്-മുറിക്കലും, പുതിയ തൈ വിതരണവും | 3 വാർഡ് പൂർത്തിയാക്കുക | 3 വാർഡ് പൂർത്തിയാക്കുക | 3 വാർഡ് പൂർത്തിയാക്കുക | 3 വാർഡ് പൂർത്തിയാക്കുക |
| 4 | **നെല്ല്-ഗ്രൂപ്പ് ഫാമിംഗ് അടിസ്ഥാനത്തിൽ** | 3 ഏലാ പൂർത്തിയാക്കുക | 3 ഏലാ പൂർത്തിയാക്കുക | 3 ഏലാ പൂർത്തിയാക്കുക | 4 ഏലാ പൂർത്തിയാക്കുക |
| 5 | പച്ചക്കറി കൃഷി വികസനം | 4 വാർഡ് പൂർത്തിയാക്കുക | 4 വാർഡ് പൂർത്തിയാക്കുക | 4 വാർഡ് പൂർത്തിയാക്കുക | |

*തുടർച്ച.*

| | | | | | |
|---|---|---|---|---|---|
| II | ജലസംരക്ഷണവും ജലസേചനവും | | | | |
| 1 | കോ ൂർ ബ ് | പ്രാഥമിക പ്രവർത്തനങ്ങൾ | പദ്ധതി തുടർച്ച | പൂർത്തിയാക്കൽ | |
| 2 | ഇത്തിക്കര ആറ്- പാർശ്വസംരക്ഷണം | പ്രാഥമിക പ്രവർത്തനങ്ങൾ | പദ്ധതി തുടർച്ച | പൂർത്തിയാക്കൽ | |
| 3 | മഴവെള്ള സംഭരണം | പ്രാഥമിക പ്രവർത്തനങ്ങൾ | പദ്ധതി തുടർച്ച | പൂർത്തിയാക്കൽ | |
| 4 | തെരഞ്ഞെടുത്ത ചിറകളുടെ പാർശ്വസംരക്ഷണം | 1 പൂർത്തിയാക്കുക | 1 പൂർത്തിയാക്കുക | 1 പൂർത്തിയാക്കുക | |
| III | മൃഗസംരക്ഷണം | | | | |
| 1 | പശുവളർത്തൽ യൂണിറ്റുകൾ | പൂർത്തിയാക്കൽ | | | |
| 2 | ആടു ഫാമുകൾ | പൂർത്തിയാക്കൽ | | | |
| 3 | മുട്ടക്കോഴി വളർത്തൽ | പൂർത്തിയാക്കൽ | | | |
| IV | വ്യവസായ മേഖല | | | | |
| 1 | അരി പായ്ക്കറ്റുകളിലാക്കി വിപണനം ചെയ്യുന്നത് ഉൾപ്പെടെയുള്ള നെല്ലു കുത്ത് മിൽ | പ്രാഥമിക പ്രവർത്തനങ്ങൾ | പൂർത്തിയാക്കൽ | | |
| 2 | തെങ്ങ്, പച്ചക്കറി എന്നിവയിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റ് | പ്രാഥമിക പ്രവർത്തനങ്ങൾ | പൂർത്തിയാക്കൽ | | |
| 3 | കൈത്തറി യുണിറ്റുകളുടെ വികസനം | പൂർത്തിയാക്കൽ | | | |
| V | ഗതാഗത മേഖല | | | | |
| 1 | ഒന്നാംക്രമ റോഡുകളുടെ വികസനം | പ്രാഥമിക പ്രവർത്തനങ്ങൾ | പദ്ധതി പ്രവർത്തനങ്ങൾ | പൂർത്തിയാക്കൽ | |
| 2 | ര ാംക്രമ റോഡുകളുടെ വികസനം | പ്രാഥമിക പ്രവർത്തനങ്ങൾ | പദ്ധതി പ്രവർത്തനങ്ങൾ | പൂർത്തിയാക്കൽ | |
| 3 | ജംഗ്ഷനുകളുടെ വികസനം | പ്രാഥമിക പ്രവർത്തനങ്ങൾ | പദ്ധതി തുടർച്ച | പൂർത്തീകരണം ഒന്നാം ഘട്ടം | പൂർത്തീകരണം ര ാം ഘട്ടം |

*തുടർച്ച..*

| | | | | | |
|---|---|---|---|---|---|
| VI | കുടിവെള്ളം | | | | |
| 1 | ഇത്തിക്കര കുടിവെള്ള പദ്ധതി | പ്രാഥമിക പ്രവർത്തനങ്ങൾ | പദ്ധതി തുടർച്ച | പൂർത്തിയാക്കൽ | |
| 2 | തച്ചക്കോട് കുടിവെള്ള പദ്ധതി | പ്രാഥമിക പ്രവർത്തനങ്ങൾ | പദ്ധതി തുടർച്ച | പൂർത്തിയാക്കൽ | |
| VII | വിദ്യാഭ്യാസം | | | | |
| 1 | കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾ | പ്രാഥമിക പ്രവർത്തനങ്ങൾ | തുടർച്ച പൂർത്തിയാക്കൽ | | |
| 2 | സാനിട്ടേഷൻ | പൂർത്തിയാക്കൽ | | | |
| 3 | കളിസ്ഥലം | | പൂർത്തിയാക്കൽ | | |
| 4 | ചുറ്റുമതിൽ | പൂർത്തിയാക്കൽ | | | |
| VIII | പാർപ്പിട മേഖല | | | | |
| 1 | നിലവാരം കുറഞ്ഞ അധിവാസ കേന്ദ്രങ്ങളിലെ കുടിവെള്ള സൗകര്യം | പൂർത്തിയാക്കൽ | | | |
| 2 | നിലവാരം കുറഞ്ഞ അധിവാസ കേന്ദ്രങ്ങളിലെ സാനിട്ടേഷൻ സൗകര്യം | പൂർത്തിയാക്കൽ | | | |
| 3 | നിലവാരം കുറഞ്ഞ അധിവാസ കേന്ദ്രങ്ങളിലെ വൈദ്യുതീകരണം | പൂർത്തിയാക്കൽ | | | |
| 4 | നിലവാരം കുറഞ്ഞ അധിവാസ കേന്ദ്രങ്ങളിലെ കച്ച വീടുകളുടെ പുനരുദ്ധാരണം | പൂർത്തിയാക്കൽ | | | |
| IX | പശ്ചാത്തല മേഖല | | | | |
| 1 | ഖരമാലിന്യ നിർമ്മാർജ്ജന യൂണിറ്റ് | പ്രാഥമിക പ്രവർത്തനങ്ങൾ | പൂർത്തിയാക്കൽ | | |
| 2 | മാർക്കറ്റ് പുനരുദ്ധാരണം | പൂർത്തിയാക്കൽ | | | |
| 3 | വാണിജ്യ കേന്ദ്രവും, പാർക്കും, ഹോമിയോ ആശുപത്രിയും | പ്രാഥമിക പ്രവർത്തനങ്ങൾ | വാണിജ്യ കേന്ദ്രം ആശുപത്രി | പാർക്ക് വിക സനം | |
| 4 | പൊതു ശ്മശാനം | പ്രാഥമിക പ്രവർത്തനങ്ങൾ | പൂർത്തിയാക്കൽ | | |